59

# വേണീസംഹാരം

ഭാഷാനാടകം

കവിതിലകൻ

പന്തളത്തു കേരളവർമ്മത്തമ്പുരാൻ

Venisamharam

# വേണീസംഹാരം

(ഭാഷാനാടകം)

Drama

MY LADY'S AGENCIES,
21, 2nd CROSS STREET,
SEETHAMMA EXTENSION,
ALWARPET, MADRAS-600 018.
S. INDIA.

കവിതിലകൻ

പന്തളത്തു കേരളവർമ്മത്തമ്പുരാൻ

Pandalathu Keralavarma Thampuran

Notes by T. Krishnan Nair

D.B. 1878

©

(Copyright Publishers)

**The Educational Supplies Depot**

TRIVANDRUM—1

**1969**

*Rs. 2.25 ps*

...Commission

32D P
343042
032:2M789:11
K9

# പീഠിക

ഭാഷാസാഹിത്യമണ്ഡലം പരിപൂൎണ്ണാവസ്ഥയിലെത്തുന്നതിനു് അനേക സോപാനങ്ങളുള്ളതിൽ പാതിയിലധികം കടന്നുകേറിയിരിക്കുന്ന ഒരു കാലമാണു് ഈ ഇരുപതാം ശതവൎഷകം. പല കവനകുശലന്മാരും അതിനെ ഉയൎത്തുന്നതിനു സവിശേഷം ശ്രമിക്കുന്നുണ്ടു്. ആ കൂട്ടത്തിൽ ഒരു പദാതിപരമാണു പൂരകനായിട്ടു് ഞാനും കുറച്ചുകാലമായി ചിലതൊക്കെ ശ്രമിച്ചുവരികയാണു്. 'നാടകാന്തം കവിത്വം' എന്നുള്ള പേരിനെ മോഹിച്ചിട്ടല്ല എന്നു വരികിലും ഒരു നാടകമെഴുതണമെന്നു് ഞാൻ വിചാരിക്കുകയും അതു് ഒരു സ്വതന്ത്രകൃതിയാകയാൽ സഹൃദയ ഹൃദയസ്പൃക്കായിത്തീരുമോ എന്നു സംശയിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോഴാണു് സാഹിത്യകലാകുശലനും ചിരസുഹൃത്തുമായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ. ബി. എൽ. എം. ആർ. എ. എസ്. അഭിപ്രായപ്പെട്ടതനുസരിച്ചു് വീരരസപ്രധാനമായ വേണീസംഹാര നാടകം തൎജ്ജമചെയ്യാമെന്നു തീൎച്ചപ്പെടുത്തിയതു്. ഉടനെ തൎജ്ജമയ്ക്കു തുടങ്ങിയെങ്കിലും നിരന്തരമായി എഴുതുന്നതിനു് സൗകര്യം കിട്ടായ്കയാൽ രണ്ടുകൊല്ലംകൊണ്ടാണു് ഇപ്പോൾ ഇങ്ങനെ ഇപ്പുസ്തകം വെളിക്കിറങ്ങാനിടയായതു്. ഇതിലെ കഥാവസ്തു വിഖ്യാതമായ ഭാരതയുദ്ധമാണെന്നുവരികിലും ശ്രോതാക്കൾക്കു് ജിജ്ഞാസ ഉണ്ടാകത്തക്ക വിധത്തിൽ അശ്വത്ഥാമാവിന്റെ വീര്യാതിശയപ്രകടനം, ദ്രൗണീകൎണ്ണന്മാരുടെ കലഹം, ഗാന്ധാരീധൃതരാഷ്ട്രന്മാരുടെ സന്നിധിയിൽ ഭീമാൎജ്ജുനദുര്യോധനന്മാരുടെ സമ്മേളനം, ചാൎവ്വാകരാക്ഷസന്റെ ചതി ഇത്യാദികളെക്കൊണ്ടു് കഥയ്ക്കു നവ്യത്വം വരുത്തി വൎണ്ണിച്ചിട്ടുള്ളതിനാൽ ഇതിൽ വിശേഷപ്രതിപത്തി ജനങ്ങൾക്കു ഉണ്ടാകാതിരിക്കയില്ല. തൎജ്ജമയിൽ മൂലകവിയെ അനുസ

രിക്കയല്ലാതെ വിശേഷ സ്വാതന്ത്ര്യമൊന്നും ഞാൻ ചെയ്തിട്ടില്ല. പ്രായേണ പദ്യങ്ങളിൽ പ്രതിപദതർജ്ജമ എന്ന നിയമം സ്വീകരിച്ചിട്ടുമില്ല. ഈ ഭാഷാവിവർത്തനം എത്രകണ്ടു് വിജയകരമായിരിക്കുന്നു എന്നു് മഹാജനങ്ങളുടെ ശിരഃകമ്പനമോ ലലാടസങ്കോചനമോ കണ്ടുതന്നെ തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ പരിശ്രമത്തിൽ സഹൃദയന്മാരുടെ സമ്മതിലേശം സിദ്ധിക്കുന്ന പക്ഷം അടുത്ത അവസരത്തിൽതന്നെ മുദ്രാരാക്ഷസം തർജ്ജമ ചെയ്യണമെന്നാണു് ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

പണ്ഡിതമണ്ഡലാഗണ്ഡലനും സകല കലാസമ്പന്നമായ പ്രൊഫസർ ഏ. ആർ. രാജരാജവർമ്മക്കോയിത്തമ്പുരാൻ എം. ഏ., എം. ആർ. ഏ. എസ്സ്, അവിടുന്നു ഗുരുതരങ്ങളായ അനേകകാര്യങ്ങൾ നടത്തുന്നതിനിടയ്ക്കു് പ്രൌഢരമണീയമായ 'ഒരു വിമർശനത്തെ' ഈ തർജ്ജമയ്ക്കു് ശിരോമകുടമാക്കി ചേർത്തിട്ടുള്ളതിനു് എനിക്കു് അവിടത്തെ പേരിൽ അകൈതവമായ ഹാർദ്ദിദരാതിശയമുണ്ടെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

പി. കേരളവർമ്മാ

---

# ഒരു വിമർശനം

---

വേണീസംഹാരം ഭാഷാനാടകം പ്രസിദ്ധീകരിക്കും മുമ്പ് തൽകർത്താവിൻെറ ക്ഷണപ്രകാരം ഞാൻ ആ കൃതി മുഴുവനും ഒരാവൃത്തി വായിക്കുകയുണ്ടായി. ആ സംഗതിയുടെ ഓർമ്മക്കായി അഞ്ചാറുവരി താഴെ ചേർക്കുന്നു.

സംസ്കൃതത്തിൽ വീരരസപ്രധാനങ്ങളായ നാടകങ്ങളിൽ പ്രഥമഗണനീയമാണ് വേണീസംഹാരം. വേണീ എന്നാൽ അഴിച്ചിട്ട തലമുടി. അതിൻെറ സംഹാരം കൂട്ടിപ്പിടിച്ചുകെട്ടുക. ദ്യൂതസഭയിൽ ദുശ്ശാസനൻ പിടിച്ചു വലിച്ചിഴച്ച പാഞ്ചാലിയുടെ തലമുടി ഭീമൻ തൽക്കാരണഭൂതരായ കൗരവരെ സംഹരിച്ച് കെട്ടിക്കുന്നതുവരെ വേണിയായിത്തന്നെ കിടക്കയേ ഉള്ളുവെന്ന് ഒരു പ്രതിജ്ഞ നടന്നതു് ഏതുവിധം നിറവേറി എന്നാണ് ഈ നാടകത്തിൽ പ്രതിപാദ്യം, അതിനാൽ ഭാരതയുദ്ധമാണ് നാടകത്തിലെ കഥാവസ്തു. യുദ്ധം രംഗപ്രയോഗാർഹങ്ങളല്ലാത്ത സംഗതികളിൽ ഉൾപ്പെട്ടിരിക്കുന്നു. അങ്ങിനെയുള്ള ഇതിവൃത്തംകൊണ്ട് നാടകം ചമച്ചതിലാണ് കവി സ്വചാതുര്യം കാണിക്കുന്നതു്.

ഭാരതയുദ്ധത്തിൽ പഞ്ചപാണ്ഡവന്മാരും ഒന്നുപോലെ നായകസ്ഥാനത്തെ അർഹിക്കുന്നുവെങ്കിലും നൂററുവരെ ഓരോരുത്തരേയും വധിച്ചതു് ഭീമനാകയാൽ നാടകത്തിൽ ഭീമൻതന്നെ നായകൻ. പാഞ്ചാലി നായിക. ദുര്യോധനൻ പ്രതിനായകൻ. ഭീമനെ ആലംബിച്ചിരിക്കുന്ന രണോത്സാഹം പ്രഥമാങ്കത്തിൽ ഉൽബുദ്ധമായി ക്രമേണ പോഷിച്ച് ഒടുവിൽ ദുര്യോധനവധത്തിൽ പരമകാഷ്ഠയെ പ്രാപിച്ച് സഫലമായി പരിഗണിക്കുന്നതിനാൽ വീരരസം അംഗി. അശ്വത്ഥാമാദികളെ ആലംബിച്ച് രൌദ്രവും ഗാന്ധാരീധൃതരാഷ്ട്രന്മാരെ ആലംബിച്ചുള്ള കരുണവും അംഗങ്ങളായി നിന്ന് വീരരസത്തെ ഉത്തേജിപ്പിക്കുന്നു. നിർവ്വഹണത്തിൽ അത്ഭുതം വേണമെ

ന്നുള്ള വിധിയേയും കവി രാക്ഷസവൃത്താന്തംകൊണ്ടു് സരസമായി ഘടിപ്പിച്ചിട്ടുണ്ടു്. രണ്ടാമങ്കത്തിൽ യുദ്ധമദ്ധ്യേ ദുര്യോധനനേയും ഭാനുമതിയേയും ഉദ്യാനത്തിൽ പ്രവേശിപ്പിച്ചു് ശൃംഗാരം ഉണ്ടാക്കിത്തീർത്തതുമാത്രം ആവശ്യമില്ലായിരുന്നു. ദുര്യോധനൻ പ്രതിനായകനാണെങ്കിലും അയാളെ സ്വന്ത കഞ്ചുകിയായ വിനയന്ധരനുപോലും ആക്ഷേപിക്കത്തക്ക നിലയിൽ കൊണ്ടുചെന്നുവിട്ടതു് നന്നായില്ല.

ജേതാരം ലോകപാലാനാം സ്വമുഖൈരർച്ചിതേശ്വരം
രാമസ്തുലിതകൈലാസമരാതിംബഹ്വമന്യത.

എന്നാണു് കാളിദാസൻ പ്രതിനായകനെപ്പററി പ്രസ്താവിച്ചിരിക്കുന്നതു്. അസാമാന്യനായ ശത്രുവിനെ ജയിക്കയല്ലെ നായകന്നു മാഹാത്മ്യം. ആകെക്കൂടി നോക്കിയാൽ ദുര്യോധനൻ എന്ന പാത്രത്തെ ഒന്നുകൂടി നന്നാക്കേണ്ടതത്യാവശ്യമായിരുന്നു എന്നു് തോന്നും.

എന്നാൽ കവിയുടെ സങ്കടങ്ങളേയും നാം ഓക്ക്ണം. അടിമുതൽ മുടിവരെ പോരാളികളെക്കൊണ്ടു് പോരിനുവിളിപ്പിക്കയും അവർ നടത്തുന്ന പരാക്രമങ്ങളെ മററൊരുവനെക്കൊണ്ടു് വർണ്ണിപ്പിക്കുകയും യുദ്ധത്തിൽ മരിച്ചവരെ അവരുടെ പിതൃപുത്രബന്ധുക്കളെക്കൊണ്ടു് അനുശോചിപ്പിക്കയും വീരസ്വർഗ്ഗം പ്രാപിച്ച ശൂരന്മാരുടെ ശരീരശേഷങ്ങളെ കബളീകരിച്ചാനന്ദിക്കാനായി സമരാങ്കണത്തിൽ രാക്ഷസരെ പ്രവേശിപ്പിച്ചു അവരെക്കൊണ്ടു കഥാസംഘടന നിർവ്വഹിപ്പിക്കുയും ചെയ്യുന്ന ലഹളയിൽ അല്പനേരമെങ്കിലും വൈചിത്ര്യത്തിനും വിശ്രമത്തിനും വേണ്ടി ദ്രഷ്ടാക്കളെ പ്രശാന്തരമണീയമായ വിജനപ്രദേശത്തിലേയ്ക്കു് കൂട്ടികൊണ്ടുപോകേണ്ടതും കവിയുടെ കൃത്യമല്ലയോ ? അതിലേയ്ക്കാണു് രണ്ടാമങ്കത്തിലെ രംഗമുദ്യാനമാക്കിത്തീർത്തതു്. യുദ്ധത്തിന്റെ പര്യവസാനമിന്നതെന്നു മുൻകൂട്ടി സൂചിപ്പിക്കേണ്ടുന്ന ആവശ്യവുമുണ്ടു്:

പാത്രരചനാവിഷയത്തിൽ ഭീമൻ, ദുര്യോധനൻ, അശ്വത്ഥാമാവ്, കർണ്ണൻ ഇത്രയും പേർ പ്രത്യേകതയോടെ തെളിഞ്ഞു് പ്രകാശിക്കുന്നുണ്ട്. എന്നാൽ അവരുടെ ചിത്രം ശ്രീവേദവ്യാസമഹർഷി പഴയതോതിൽ കുറിച്ചിട്ടുള്ളതിൽനിന്നും പറയത്തക്ക ഭേദമൊന്നും നാടകകർത്താവു ചെയ്തിട്ടില്ല. ഭാരതയുദ്ധത്തിന്റെ ഭാരവാഹിയായ അർജ്ജുനനു് അല്പംകൂടി പ്രാധാന്യം കൊടുക്കാമായിരുന്നു. ശ്രീകൃഷ്ണഭഗവാനേയും 'ഇതിൽ കൂടുതലായി എന്തിഷ്ടത്തെയാണു് ഞാൻ സമ്പാദിക്കേണ്ടതു്' എന്നു് ഭാരതവാക്യത്തിനു് പീഠികയായി യുധിഷ്ഠിരനോടു പതിവുള്ള വാചകം ചോദിക്കാൻ മാത്രമേ പ്രവേശിപ്പിച്ചിട്ടുള്ളു.

ശ്രീമാൻ പന്തളത്തു കേരളവമ്മരാജാവു് അദ്യതനഭാഷാകവിസമുദായത്തിൽ പ്രധാനനായകന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ട ആളാണെന്നു് സവ്വജനസമ്മതമാണു്. സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ സാഹിത്യരസികത്വം സമ്പാദിച്ചിട്ടുള്ള താദൃശമഹാകവി ചെയ്തിട്ടുള്ളതാണു് ഈ ഭാഷാന്തരം എന്നുള്ളതിൽ പരമായി തജ്ജമക്കു് ഒരു പ്രത്യായനപാത്രമാവശ്യമില്ല മൂലത്തിലെ പാഠഭേദങ്ങളും വ്യാഖ്യാനഭേദങ്ങളും നിഷ്കർഷിച്ചു നോക്കിയിട്ടാണു് ഭാഷാന്തരം ചെയ്തിട്ടുള്ളതെന്നുള്ള സംഗതിപലേ പ്രധാന ഭാഗങ്ങളും സവിശേഷം ശ്രദ്ധിച്ചുനോക്കിയതിൽ എനിക്കു ബോധ്യപ്പെട്ടു. തർജ്ജമ മൂലത്തോടു് അധികം യോജിച്ചുപോയി എന്നാണു് എനിക്കു് ആവലാധി. അത്ഥം മാത്രമല്ല ശബ്ദവും വാക്യവും ശൈലിയുംകൂടി മൂലാനുസാരിയായി വരുന്നതു് ഭാഷാന്തരത്തിനു് ദോഷമെന്നാണെന്റെ മതം പ്രതിപാദാനുവാദം അനുവാദ്യഭാഷക്കു മൂലം പഠിക്കുന്നതിനുപയോഗപ്പെടുമെന്നല്ലാതെ സ്വയം ആ ഭാഷയുടെ സാഹിത്യാവലിയിൽ ഒരംഗമായി ചേരുകയില്ല ഇത്രയും പറഞ്ഞതുകൊണ്ടു് പ്രകൃതകൃതിയിൽ ശൈലീഭംഗദോഷം ഞാൻ ആരോപിക്കുന്നതായി വായനക്കാർ വിചാരിച്ചുപോകരുതെന്നു പ്രാത്ഥി

ച്ചുകൊള്ളുന്നു. ഗദ്യഭാഗങ്ങളിൽ ചിലേടത്തു് ഒരു സംസ്കൃതച്ചുവ കാണുന്നതുകൂടി നീക്കിയാൽ ഭാഷയ്ക്കു് ആസ്വാദ്യത കൂടുമെന്നുള്ള എൻെറ അനുഭവത്തെ ഞാൻ കവിയെ ഗ്രഹിപ്പിക്കുന്നതു മാത്രമേയുള്ളൂ. എനിക്കു് ഈവിധം തോന്നാനുള്ളതിൻെറ കാരണം ഈയിടെ ഞാനുണ്ടാക്കിയ 'ചാരുദത്തൻ' എന്ന നാടകത്തിൽ പൂർണ്ണസ്വാതന്ത്ര്യത്തോടെ ഒരുവക തർജ്ജമ രീതി സ്വീകരിച്ചതിനാലനുഭവിച്ച ദുർവ്വാസനയാണെന്നും വരാം. സംഭാഷണങ്ങൾ ചിലേടങ്ങളിൽ വളരെ നീണ്ടുപോയിട്ടുണ്ടെങ്കിൽ അതു് മൂലകവിയുടെ ദോഷമാണു്. ക്രിയാവൈചിത്ര്യം കുറയുന്നതിനാൽ വേണീസംഹാരം ദൃശ്യരീതിയിൽ പ്രണീതമായ ശ്രാവ്യകാവ്യമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ, യൂറോപ്പുരാജ്യങ്ങളിൽ അതിഭയങ്കരമായി നടന്നുവരുന്ന മഹായുദ്ധം ലോകമാസകലം ആകുലീകരിച്ചു് അഭൂതപൂർവമായ ഒരു ക്ഷോഭം ജനിപ്പിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ കുരുക്ഷേത്രയുദ്ധവർണ്ണനാരൂപമായ ഈ നാടകത്തിൻെറ അവതാരം അവസരോചിതമാകയാൽ കേരളീയർക്കു പൊതുവേ ഇതു് കൗതുകപ്രദമായിരിക്കുമെന്നു് ഞാൻ ആശംസിക്കുന്നു.

ഏ. ആർ. രാജരാജവർമ്മാ

# വേണീസംഹാരം

## ഭാഷാനാടകം

---

തടഞ്ഞിട്ടും നൽത്തേൻ ഭ്രമരനിരയാലാസ്വാദിതമായ്
കടന്നീട്ടോ തിങ്കൾക്കരമിതരം വിടന്നുല്ലസിതമായ്
സ്ഫുടകം കാർവണ്ണൻതൻ കുഴലിലെഴമീയച്ഛനസുമം
പടത്തട്ടേ നമ്മൾക്കിഹ സഭയിലീക്ഷാരസഫലം, 1

അതുമല്ല,

കാളിന്ദീപുളിനത്തിൽവെച്ചു കളിയിൽ
ക്കോപിച്ചു ബാഷ്പോൽഗമ-
ത്താലേ കണ്ണുകലങ്ങി സദ്രസഭരം
കൈക്കൊണ്ടെഴും രാധയേ
ചാലേ വിട്ടുതിരിച്ചു തൽച്ചുവടിലായ്
കാൽവെച്ചു രോമാഞ്ചമ-
ക്കാലേപൂണ്ടു വധുപ്രസാദമരുളും
കണ്ണൻ കടാക്ഷിക്കണം. 2

അത്രയുംപോര,

പ്രേമത്താൽ ഗൗരി, ദൈത്യപ്രണയിനികളിതെ-
ന്തെന്നു സംഭ്രാന്തിഭീതി-
സ്തോമത്താൽ, ശാന്തയോഗീശ്വരർ കരുണയൊടും,
കേശവൻ ഹാസമോടും,
ഓമൽക്കാന്താഭയം തീർത്തസുരവരർ വഹി-
ച്ചസ്രൂമൽഗ്ഗർവമോടും,
ദേവന്മാർ മോദമോടും ത്രിപുരഹൃതിയിലീ-
ക്ഷിച്ച ശർവ്വൻസഹായം 3

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ:—അധികം വിസ്തരിച്ചിട്ടാവശ്യമില്ല.

ശ്രോത്രദ്വയാഞ്ജലി പുടം വഴിയാസ്വദിക്കും
പീത്വാത്ഥഭാരതകഥാമൃതമാരു തീർത്തു
ശസ്താശയൻ വിഷയാസക്തി ഭേവിച്ചിടാത്തോ-
രസ്താഘനശ്ശുകപിതാവിനു കൈതൊഴുന്നേൻ 4

(ചുററും നോക്കിക്കൊണ്ട്)

പൂജ്യന്മാരായ സഭാവാസികളോട് ഞങ്ങൾക്ക് കുറച്ചു പറയേണ്ടതുണ്ട്.

വേറേ സുമാഞ്ജലീകണക്കൊരു കാവ്യബന്ധം
കൂറോടു ഞങ്ങളിവിടത്തുടരാമിതിങ്കൽ
മാറാതെ വണ്ടുകൾ മരന്ദകണങ്ങളെപ്പോ-
ലേറെക്കുറഞ്ഞൊരു ഗുണങ്ങളെയും ഭജിപ്പിൻ. 5

അതിനാൽ മൃഗരാജ ചിഹ്നത്തോടുകൂടിയ നാരായണഭട്ടനെന്ന കവിയുടെ കൃതിയായ വേണീസംഹാരമെന്ന നാടകത്തെ അഭിനയിക്കാനായിട്ട് ഞങ്ങൾ ആരംഭിക്കുന്നു. ഈ നാടകത്തിൽ ഗ്രന്ഥകർത്താവിന്റെ പരിശ്രമത്തെ അനുസരിച്ചോ, മഹത്തായ കഥാവസ്തുവിലുള്ള ഗൌരവംകൊണ്ടോ, പുതനായ നാടകത്തെ കാണ്മാനുള്ള കൌതുകത്താലോ, ഭവാന്മാർ മനസ്സിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(അണിയറയിൽ)

അല്ലയോ വിദ്വൻ, വേഗത്തിലാകട്ടെ, വേഗത്തിലാകട്ടെ. ഈ പുരുഷനാകട്ടെ ആര്യനാകുന്ന വിദുരന്റെ കല്പനയാൽ എല്ലാ നടന്മാരോടും പറഞ്ഞുകൊള്ളുന്നു:— " അവശ്യം വേണ്ടുന്നതായ വീണാവേണുമൃദംഗാദി വാദ്യഘോഷങ്ങൾ വേഗത്തിലാരംഭിക്കണം. കൌരവരാജാക്കന്മാരുടെ ഹിതത്തിനുവേണ്ടി താൻതന്നെ ദൌത്യത്തെ സ്വീകരിച്ച്, വേദവ്യാസൻ, നാരദൻ, തുംബുരു, പരശുരാമൻ തുടങ്ങിയ മുനിശ്രേഷ്ഠന്മാരോടുകൂടി ദുര്യോധനന്റെ പട വീട്ടിലേക്കു പുറപ്പെടാൻ ഭാവിക്കുന്ന ദേവകീപുത്രനായ ചക്രപാണിഭഗവാന്റെ യാത്രകാലമായി " എന്നു്.

സൂത്രധാരൻ—(കേട്ടിട്ട് സന്തോഷത്തോടെ) ആശ്ചര്യം തന്നെ. സകല ലോകങ്ങളുടേയും സൃഷ്ടിസ്ഥിതിസംഹാര

ങ്ങളിൽ ശക്തനായ വിഷ്ണുഭഗവാനാകുന്ന ശ്രീകൃഷ്ണൻ തന്നെ കുരുപാണ്ഡവ രാജാക്കന്മാരുടെ യുദ്ധമാകുന്ന പ്രളയകാലാഗ്നിയെ ശമിപ്പിക്കുന്നതിനുവേണ്ടി സന്ധിചെയ്യിപ്പിക്കുന്നതിലേയ്ക്കു് ദൂതനായി പുറപ്പെട്ടതുകൊണ്ടു് ഇപ്പോൾ ഭരതകുലവും സകല രാജസംഘവും അനുഗ്രഹീതമായിത്തീൻ. അതിനാൽ എടോ, പാരിപാർശ്വികാനടന്മാരോടുകൂടി സംഗീതമേളം എന്തുകൊണ്ടാണു് അങ്ങു് ആരംഭിക്കാത്തതു് ?

പാരിപാർശ്വികൻ—(പ്രവേശിച്ചു്) ആകട്ടെ, തുടങ്ങിക്കളയാം. ഏതു സമയത്തെക്കുറിച്ചാണു് പാടേണ്ടതു്?

സൂത്രധാരൻ—ചന്ദ്രരശ്മി, ഗ്രഹനക്ഷത്രങ്ങൾ, ക്രൌഞ്ചഹംസപക്ഷികൾ, സപ്തച്ഛദത്തിൻെറയും കുമുദത്തിൻെറയും പുണ്ഡരീകത്തിൻേറയും, കാശകുസുമത്തിൻേറയും, പരാഗങ്ങൾ ഇവകൊണ്ടു് ധവളമായിത്തീന്ന ദിങ്മണ്ഡലത്തോടും നിമ്മല തടാകങ്ങളോടും കൂടിയ ഈ ശരൽക്കാലത്തെക്കുറിച്ചുതന്നെ ഗാനമാരംഭിക്കു.

ഈ ശരല്ക്കാലത്തിലാകട്ടേ,

തൽപ്പക്ഷത്തോടു മധുരാ
ജല്പിച്ചുല്ലാസമാൻ കാലവശാൽ
ഇപ്പൃഥിവിയിൽ നീപതിപ്പു
ദർപ്പോർദ്ധതമായ ധാത്തരാഷ്ട്രകുലം 6

പാരിപാർശ്വികൻ— (സംഭ്രമിച്ചുകൊണ്ടു്) വിദ്വൻ, അങ്ങനെ പറയരുതു്. അമംഗളമില്ലാതാകട്ടേ,

സൂത്രധാരൻ—(ലജ്ജിച്ചു് അൽപം മന്ദഹാസത്തോടുകൂടി) മാരിഷാ, ശരല്ക്കാലത്തെ വർണ്ണിച്ചതാകയാൽ "ധാത്തരാഷ്ട്രകുല"മെന്നു ഹംസക്കൂട്ടത്തേയാണല്ലോ ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു്.

പാരിപാർശ്വികൻ—അങ്ങനെയല്ല; അതെനിക്കറിയാം. എന്നാൽ അങ്ങയുടെ ഈ വാക്കു് അമംഗളത്തോടുകൂടി ശാസിക്കുന്നതാകയാൽ സത്യമായിട്ടു് എൻെറ മനസ്സു് വല്ലാതെ പരിഭ്രമിക്കുന്നു,

സൂത്രധാരൻ—മാരിഷാ, ഇപ്പോൾ സന്ധിചെയ്യി ക്കുന്നതിനു ശ്രീകൃഷ്ണൻതന്നെ ദൌത്യംവഹിച്ചു പുറപ്പെട്ട തുകൊണ്ടു് ഏതുവിധത്തിലുള്ള അമംഗളവും ഇല്ലാതെ ആകുന്നു.

ഇതാ—

വൈരാഗ്നികെട്ടു രിപുസംഹൃതിയാൽ പ്രമോദ-
മേൽക്കട്ടെ പാണ്ഡുസുതർ മാധവനോടുകൂടി;
രക്താഞ്ചിതക്ഷിതികളായു് ക്ഷതവിഗ്രഹന്മാർ
സ്വാസ്ഥ്യം സഭൃത്യരൊടു കൌരവരാർന്നിടട്ടേ. 7

(അണിയറയിൽ അധിക്ഷേപത്തോടുകൂടി) എടാ, വൃഥാ

മംഗളപാഠംചെയ്യുന്ന നടാധമ—
അരക്കില്ലം കത്തിച്ചഹഹ ! വിഷമേകിക്കപടമായു്
പരം ചൂതിൽ തോല്പിച്ചുവമിലഴൽ ചേർത്തിട്ടു സഭയിൽ
ഹരിച്ചഹോ ! കൃഷ്ണാവസനകബരീഭാരമെഴമ-
ക്കരുക്കൾക്കോ സ്വാസ്ഥ്യംവരുമിവിടെ
ഞാൻ വാഴുമളവിൽ ? 8

പാരിപാർശ്വികൻ—വിദ്വാൻ, ഇതു് എവിടേനിന്നാകുന്നു ?

സൂത്രധാരൻ—(പുറകോട്ടു നോക്കീട്ടു്) ഓഹോ ! വാസുദേവൻ പോയതുകൊണ്ടു് കുരുക്കളുമായി സന്ധിയുണ്ടാകുന്നതു സഹിച്ചുകൂടാതെ, വിശാലമായ നെററിയിൽ ചേർത്തു വികടമാക്കിയ പുരികക്കൊടിയോടുകൂടിയ നോട്ടത്താൽ ഞങ്ങളെയൊക്കെയും സൂക്ഷിച്ചുനോക്കിക്കൊണ്ടു് കോപിച്ചിരിക്കുന്ന ഈ ഭീമസേനൻ സഹദേവനോടുകൂടി ഇവിടേയ്ക്കുതന്നെ വരുന്നു. അതിനാൽ ഇദ്ദേഹത്തിൻെറ മുമ്പിൽ നിൽക്കുന്നതു പന്തിയല്ല; നമുക്കു് ഇവിടെനിന്നും വേറെ വഴിക്കു പോകാം.

(എന്നു് രണ്ടുപേരും പോയി)

# പ്രസ്താവന

(അനന്തരം സഹദേവനോടുകൂടി കോപിച്ചിരിക്കുന്ന ഭീമസേനൻ പ്രവേശിക്കുന്നു)

ഭീമസേനൻ—എടാ, ദുഷ്ടാ വൃഥാ മംഗളപാഠം ചെയ്യുന്ന നടാധമ ("അരക്കില്ലം കത്തിച്ച" എന്ന ശ്ലോകം പിന്നെയും ചൊല്ലുന്നു)

സഹദേവൻ—[അനുനയിപ്പിച്ചുകൊണ്ടു്) ജ്യേഷ്ഠാ, ക്ഷമിക്കണേ ഈ ഭരതപുത്രന്റെ വാക്കു് നമ്മാംക്കു് സമ്മതം തന്നെ ആകുന്നു. കണ്ടാലും—. [" വൈരാഗ്നികെട്ടു്—എന്നു ശ്ലോകംചൊല്ലി മററൊരുവിധത്തിലാണു് അർത്ഥമെന്നു് അഭിനയിക്കുന്നു.]

ഭീമസേനൻ—(പരിഹാസമായി) അരുതു്; നിങ്ങാം കൌരവന്മാർക്കു് അമംഗളത്തെ ചിന്തിക്കരുതു്. നിങ്ങളുടെ സഹോദരന്മാരുമായി സന്ധിചെയ്യുതന്നെയാണുവേണ്ടതു്.

സഹദേവൻ—(കോപത്തോടെ) ജ്യേഷ്ഠാ—

അനുപദം പല തെററുകളാചരി-
ച്ചനയമാന്നൊരു കൌരവരേ സ്വയം
മനുജരാട്ടു ബലാൽതടയായ്കിൽനി-
ന്ദനുജരായി വീര, സഹിച്ചീടും ?

ഭീമസേനൻ—ഇതു് ഇങ്ങനെയാണെന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഇപ്പോഠംമുതൽക്കു് നിങ്ങളിൽനിന്നു് ഭേദിച്ചിരിക്കുന്നു. നോക്കുക:—

ബാല്യത്തിൽത്തന്നെ വൈരം കുരുനൃപനുവള-
ന്നുള്ളതെന്നോടുമാത്രം.
തെല്ലും തത്രാര്യനപ്പാർത്ഥനുമഭിമതരാം
നിങ്ങളും ഹേതുവല്ല;
കില്ലെന്ന്യേ പിന്നെയും ചേർന്നൊരു മഗധസുതൻ
തന്റെ വൻ മാറിടംപോൽ

കല്യൻ ഭീമൻ തകൎക്കും കലുഷതയൊട്ടമ-
സ്സുന്ധിയേ നിങ്ങൾ ചേർപ്പിൻ.

സഹദേവൻ—(അനുനയിപ്പിച്ചുകൊണ്ടു്) ജ്യേഷ്ഠാ, അവിടുന്ന ഇങ്ങനെ അധികം കോപിക്കുന്നതായാൽ ഒരിക്കൽ ധൎമ്മജനകനാകുന്ന ഗുരു ഖേദിച്ചു എന്നു വരാം.

ഭീമസേനൻ—എന്തു്! ഗുരു ഒരിക്കൽ ഖേദിച്ചേയ്ക്കാമെന്നോ? അദ്ദേഹം ഖേദത്തേയും അറിയുമോ? നോക്കുക-

പണ്ടാബ്ഭ്രപസദസ്സിലാവിധമെഴും
പാഞ്ചാലിതൻ ദൌസ്ഥ്യവും
തീണ്ടാടിപ്പല വേടരൊത്തടവിയിൽ,
തോൽചുററി നാം പാൎത്തതും,
വേണ്ടാതങ്ങു വിരാടഭൂമിയിലൊളി-
ച്ചാഹന്ത വൎത്തിച്ചതും,
കണ്ടാധീവ്യഥ പൂണ്ടുഞാൻ; ഗുരുവിനോ-
സന്താപമില്ലിപ്പൊഴും 11

അതിനാൽ സഹദേവാ, നീ തിരിച്ചുപോയി വളരെക്കാലമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കോപത്താൽ ജ്വലിച്ചിരിക്കുന്ന ഭീമൻ പറഞ്ഞതായിട്ടു് ഇപ്രകാരം രാജാവിനെ ധരിപ്പിക്കണം.

സഹദേവൻ—ജ്യേഷ്ഠാ എങ്ങിനെ?

ഭീമസേനൻ....

അങ്ങേദ്ദുശ്ശാസന കൈവെടിഞ്ഞൊരുമഹാ-
പാപത്തിൽ മുങ്ങട്ടെഞാൻ;
തിങ്ങും സ്ഥൈര്യമെഴും സഗർഭ്യരിവനേ-
പ്പുററിദ്ദുഷിച്ചോട്ടേ മേൽ;
എങ്ങും ചോരപിരണ്ട വൻഗദയെഴും-
കൌരവ്യഹന്താവുഞാ-
നങ്ങേക്കിപ്പൊഴധീനയല്ല; ഗുരുവ-
ല്ലങ്ങുന്നു, മിന്നേട്ടിനം. 12

എന്നു് ഉദ്ധതനായി ചുററിനടക്കുന്നു.

**സഹദേവൻ**—(ഭീമനെത്തന്നെ അനുഗമിച്ചുകൊണ്ടു് വിചാരിക്കുന്നു.) **ഓഹോ ജ്യേഷ്ഠൻ പാഞ്ചാലിയുടെ നാലുകെട്ടിലേയ്ക്കാണോ പോകുന്നതു് ആകട്ടെ, ഞാനിവിടെത്തന്നേ നിന്നുകൊള്ളാം.** (എന്നു് നിൽക്കുന്നു)

**ഭീമസേനൻ**—( തിരിഞ്ഞു നോക്കിയിട്ടു്) **സഹദേവാ, നീ പോയി ഗുരുവിനെ അനുവർത്തിക്കുക. ഞാനും ആയുധാഗാരത്തിൽ പ്രവേശിച്ചു് ആയുധമെടുക്കട്ടെ.**

**സഹദേവൻ—ജ്യേഷ്ഠാ ഇതായുധാഗാരമല്ല; പാഞ്ചാലിയുടെ നാലുകെട്ടാകുന്നു.**

**ഭീമസേനൻ**—(സംശയിച്ചു്) **എന്തു്? ഇതു് ആയുധാഗാരമല്ലേ?പാഞ്ചാലിയുടെനാലുകെട്ടാണോ?**(ആലോചിച്ചു സന്തോഷത്തോടുകൂടെ) **പാഞ്ചാലിയോടു യാത്ര പറയേണ്ടതു തന്നെയാണു്.** (സ്നേഹത്തോടെ സഹദേവന്റെ കൈ പിടിച്ചുകൊണ്ടു്) **വത്സ, വത്സ, ആര്യൻ കുരുക്കളുമായി സന്ധിചെയ്‌വാനിച്ഛിച്ചുകൊണ്ടു് നമ്മളെ ഉപദ്രവിക്കുന്നതു് അനുജനും അറിയുന്നുണ്ടല്ലോ.**

[രണ്ടുപേരും പ്രവേശത്തെ നടിക്കുന്നു, ഭീമസേനൻ കോപത്തോടുകൂടി നിലത്തു് ഇരിക്കുന്നു.]

**സഹദേവൻ**—(പരിഭ്രമിച്ചു്) **ജ്യേഷ്ഠാ, ഇതാ ആസനം തയാറായിരിക്കുന്നു. ജ്യേഷ്ഠൻ ഇതിലിരുന്നു് കൃഷ്ണാഗമനത്തേ കാത്തുകൊണ്ടാലും.**

**ഭീമസേനൻ**—(ഇരുന്നിട്ടു് ആലോചിച്ചു കൊണ്ടു്) **വത്സാ കൃഷ്ണാഗമനമെന്നു പറഞ്ഞതുകൊണ്ടു് ഓർമ്മവരുന്നു. ഭഗവാൻ ശ്രീകൃഷ്ണനെ എന്തു കരാറിന്മേലാണു് സന്ധിചെയ്‌വാനായി ദുര്യോധനന്റെ അടുക്കലേയ്ക്കു പറഞ്ഞയച്ചിരിക്കുന്നതു്?**

**സഹദേവൻ— അഞ്ചു ഗ്രാമങ്ങളെക്കൊണ്ടു്**

**ഭീമസേനൻ**—(ചെവികരം പൊത്തീട്ടു്) **കഷ്ടം! കഷ്ടം! അജാതശത്രുവായ രാജാവിനും തേജസ്സു് ഇത്രയും കുറഞ്ഞുപോയല്ലോ എന്നു് വാസ്തവമായി എന്റെ മനസ്സു് വിറയ്ക്കുന്നു.** (തിരിഞ്ഞിരുന്നിട്ടു്) **എന്നാൽ വത്സ നീ അക്കാര്യം പറഞ്ഞതുമില്ല. ഈ ഭീമൻ അതു കേട്ടതുമില്ല.**

അത്യുഗ്രമാകുമീരാട്ടിൻ ക്ഷാത്രതേജസ്സമന്നഹോ!
കള്ളച്ചൂതാടിയ ദുഷ്ടൻ കൊല്ലചെയ്യാനസംശയം. 13

(അണിയറയിൽ)

(സമാശ്വസിക്കണേ! ദേവി, സമാശ്വസിക്കണേ!)

സഹദേവൻ—(അണിയറയിലേയ്ക്കു നേരെനോക്കീട്ട് വിചാരിക്കുന്നു.) ഓഹോ! ധാരധാരയായി ഒഴുകിവരുന്ന കണ്ണുനീരുകളാൽ മറയ്ക്കപ്പെട്ട മിഴികളോടുകൂടി പാഞ്ചാലി ആര്യസമീപത്തിലേയ്ക്കു വരുന്നുവല്ലോ. ഇതു വളരെ ദുർഘടമായിട്ടാണു് വന്നുകൂടിയതു്.

ഇടിത്തീകണക്കേററമീയാര്യനിൽ സ്സം-
ഘടിക്കുന്ന കോപപ്രചണ്ഡാഗ്നിയിപ്പോൾ
തടിച്ചുള്ള വർഷാമതല്ലിക്കു തുല്യം
തടിൽഗ്ഗാത്രിയിക്കൃഷ്ണ പാടേ പടത്തും: 14.

(അനന്തരം മുമ്പിൽപറഞ്ഞതുപോലെ
പാഞ്ചാലിയും ചേടിയും പ്രവേശിക്കുന്നു)

(പാഞ്ചാലി കണ്ണീരോടുകൂടി ദീർഘശ്വാസം വിടുന്നു.

ചേടി—സമാശ്വസിക്കണേ, ദേവീ, സമാശ്വസിക്കണേ! കുരുക്കളിൽ എന്നും വൈരമുള്ള കുമാരഭീമസേനൻ ഭവതിയുടെ ഖേദത്തെ ശമിപ്പിക്കും.

പാഞ്ചാലി—എടീ ബുദ്ധിമതികേ, ഇതു്സംഭവിക്കുമായിരുന്നു; മഹാരാജൻ പ്രതികൂലനല്ലായിരുന്നു എങ്കിൽ എന്നാൽ നാഥനെ കാണുന്നതിനായി എന്റെ മനസ്സു് ബദ്ധപ്പെടുന്നു; അതിനാൽ നാഥന്റെ വാസസ്ഥലത്തേയ്ക്കു നീ വഴി കാണിയ്ക്കുക.

ചേടി—ദേവീ, എഴുന്നെള്ളുക, എഴുന്നെള്ളുക, (എന്നു രണ്ടുപേരും ചുററിനടക്കുന്നു)

ചേടി—ഇതാണു വാസസ്ഥലം; ഇവിടെ ദേവി പ്രവേശിച്ചാലും.

പാഞ്ചാലി—എടീ, നീ ചെന്നു് എന്റെ വരവു് നാഥനെ അറിയിക്കുക

ചേടി—കല്പനപോലെ (എന്നു് ചുററിനടന്നു് അടുത്തു ചെന്നിട്ടു്) ജയിക്കട്ടെ, കുമാരൻ ജയിക്കട്ടെ.

ഭീമസേനൻ—(അതു കേൾക്കാതെ, ''അത്യുഗ്രമാകും'' എന്ന ശ്ലോകത്തെ പിന്നെയും ചൊല്ലുന്നു.)

ചേടി—(തിരിച്ചുവന്നിട്ടു്) ദേവീ, അവിടുത്തെ അടുക്കൽ പ്രിയത്തെ ഞാൻ അറിയിക്കുന്നു; കുമാരൻ കോപിതനെന്ന പോലെ കാണപ്പെടുന്നു.

പാഞ്ചാലി—എടീ, അങ്ങനെയാണെങ്കിൽ നാഥന്റെ ഈ അവധീരണയും എനിക്കാശ്വാസത്തെത്തരുന്നതാണു്. അതിനാൽ വിജനത്തിൽ പോയിനിന്നു് നാഥന്റെ നിശ്ചയത്തെ കേൾക്കുകതന്നെ. (രണ്ടുപേരും അപ്രകാരം ചെയ്യുന്നു.)

ഭീമസേനൻ— (സഹദേവനോടായിട്ടു്) എന്തു് ! അഞ്ചു ഗ്രാമങ്ങളെക്കൊണ്ടാണോ സന്ധി ?

പോരാടിക്കോപമോടക്കുരുനൃവരശത-
ത്തേയുമർദ്ദിക്കയില്ലേ ?
ഘോരാപല്ലൂരി ദുശ്ശാസനനുടയ കടും
ചോരഭക്ഷിക്കയില്ലേ ?
പോരാ ദുര്യോധനൻതൻ തുടയിണ ഗദയാൽ
ചൂർണ്ണമായ്ത്തീർക്കയില്ലേ ?
പേരാളും ധർമ്മരാജൻ ചെറിയ തുകയുമായ്
സന്ധിചെയ്തോട്ടെ നോക്കാം. 15

പാഞ്ചാലി—(സന്തോഷത്തോടെ രഹസ്യമായിട്ടു്) നാഥാ അങ്ങയുടെ ഈ മാതിരിയുള്ള വാക്കു് കേട്ടിട്ടില്ലല്ലോ ? അതിനാൽ പിന്നെയും പിന്നെയും പറഞ്ഞാലും.

ഭീമസേനൻ—(കേൾക്കാതെതന്നെ ''പോരാടിക്കോപമോടു്....എന്ന ശ്ലോകം പിന്നെയും ചൊല്ലുന്നു.)

സഹദേവൻ—ജ്യേഷ്ഠാ; അറിവില്ലാത്തവനെപ്പോലെയാണല്ലോ അവിടുന്നു മഹാരാജാവിന്റെ സന്ദേശത്തെ മനസ്സിലാക്കിയതു്.

ഭീമസേനൻ—ഇവിടെ എന്തറിവാണു വേണ്ടതു്?

സഹദേവൻ—ഗുരു ഇങ്ങനെയാണു സന്ദേശിച്ചിട്ടുള്ളതു്.

ഭീമസേനൻ—ആർക്കു്?

സഹദേവൻ—സുയോധനനു്

ഭീമസേനൻ—എങ്ങനേ?

സഹദേവൻ—

"ഇന്ദ്രപ്രസ്ഥം വൃകപ്രസ്ഥം ജയന്തം വാരണാവതം
ഗ്രാമങ്ങൾ നാലു തന്നാലും മറേറതെങ്കിലുമൊന്നുമേ." 16

ഭീമസേനൻ—അതുകൊണ്ടെന്താണു്?

സഹദേവൻ—ഇങ്ങനെ നാലു ഗ്രാമങ്ങളുടെ പേരുപറഞ്ഞതുകൊണ്ടും അഞ്ചാമത്തേതു് പ്രത്യേകം പറയായ്കകൊണ്ടും, വിഷഭോജനം, ജതുഗൃഹദാഹം, കള്ളച്ചൂതു്, സഭാദുഷ്കൃത്യം ഇങ്ങിനേയുള്ളവയെ പ്രകാശിപ്പിച്ചതുതന്നെയാണെന്നു് ഞാൻ വിചാരിക്കുന്നു.

ഭീമസേനൻ—വത്സാ, അങ്ങനെ ചെയ്കതുകൊണ്ടു് എന്താണു വരാനുള്ളതു്?

സഹദേവൻ—ജ്യേഷ്ഠാ, അങ്ങനെ ചെയ്കതിനാൽ തൻെറ വംശക്കാരുടെ വിനാശത്തിൽ മടിയുള്ളതാണു മനസ്സു് എന്നു ലോകത്തിൽ ബോദ്ധ്യപ്പെടുന്നു. കുരുരാജാക്കന്മാരുമായി സന്ധിയുണ്ടാവുന്നതല്ലെന്നു് അപ്പോൾ തന്നെ തെളിഞ്ഞിരിക്കുന്നു.

ഭീമസേനൻ—മൂഢാ; ഇതൊക്കെയും അൎത്ഥമില്ലാത്തതാണു്. എപ്പൊഴോ വനത്തിലേയ്ക്കു പുറപ്പെട്ട ഞങ്ങളൊക്കെക്കൂടി കുരുവംശത്തെ നാശിപ്പിക്കാമെന്നു പ്രതിജ്ഞ ചെയ്തു; അപ്പോൾതന്നെ കുരുരാജനുമായി സന്ധിയുണ്ടാവുന്നതല്ലെന്നു തെളിവായി. ലോകത്തിൽ ധാൎത്തരാഷ്ട്രകുലക്ഷയവും നിങ്ങൾക്കു ലജ്ജാകരമാകുന്നോ? അത്രയുമല്ല—എടാ മൂഢാ.

ലോകത്തിലിന്നധമവൈരിവധം വിശേഷി-
ച്ചേകുന്നു നിങ്ങളിലഹോ! ബഹുലജ്ജ; കൊള്ളാം;

ഹാ! കഷ്ടമാസ്സഭയിലാത്മവധൂകചത്തി-
ന്നാകർഷണം ത്രപ വളർത്തുവതല്ലതാനും 17

പാഞ്ചാലി — (രഹസ്യമായി) നാഥാ, ഇവർ ലജ്ജിക്കുന്നില്ല, അങ്ങെങ്കിലുമിതു മറക്കരുതേ.

ഭീമസേനൻ— വത്സാ, പാഞ്ചാലി എന്താണു താമസിക്കുന്നതു്?

സഹദേവൻ— ജ്യേഷ്ഠാ, ദ്രൌപതി വന്നിട്ടു് എത്ര നേരമായി; ആര്യ വന്നിട്ടുള്ളതുകൂടി കോപംകേറി മറിഞ്ഞിരിക്കുന്നതിനാൽ ജ്യേഷ്ഠൻ കണ്ടില്ല, ഇല്ലേ?

ഭീമസേനൻ—(നോക്കി ആദരവോടുകൂടി) ഞങ്ങൾ അധികം കോപിച്ചിരുന്നതുകൊണ്ടു് ഭവതി വന്നിട്ടുകൂടി കണ്ടില്ല; അതിനാൽ ദ്വേഷ്യപ്പെടരുതേ.

പാഞ്ചാലി—നാഥാ, നിങ്ങൾ ഉദാസീനന്മാരായിരിക്കുമ്പോഴാണു് എനിക്കു ദ്വേഷ്യം ഉള്ളതു്; അല്ലാതെ കോപിച്ചിരിക്കുമ്പോഴല്ല.

ഭീമസേനൻ— അങ്ങിനെയാണെങ്കിൽ സ്വാത്മാവിന്റെ സങ്കടമൊക്കെ പോയി എന്നു മനസ്സിലാക്കിക്കൊള്ളണം. (കൈക്കുപിടിച്ചു അടുത്തിരുത്തി മുഖത്തുനോക്കീട്ടു്) എന്താണു ഭവതി പരിഭ്രമിച്ചിരിക്കുന്നതുപോലെ കാണുന്നതു്.

പാഞ്ചാലി—നാഥാ, ഭവാൻ അടുത്തിരിക്കുമ്പോൾ എനിക്കു കുറച്ചു പരിഭ്രമകാരണമില്ലാതെ ഇല്ല.

ഭീമസേനൻ— അതെന്താണു പറയാത്തതു്? (തലമുടി നോക്കീട്ടു്) അല്ലെങ്കിൽ എന്തിനു പറയുന്നു?

ജീവിച്ചു പാണ്ഡുസുതർ വിട്ടുപിരിഞ്ഞിടാതെ
മേവുമ്പൊഴും ദ്രുപദരാജകുമാരി കഷ്ടം!
ആവിഗ്നതാഗ്ഗ്യചമതല്ലിക കെട്ടിടാതെ-
യീവണ്ണമുള്ള ദശ ഹന്ത! വഹിക്കയല്ലേ? 18

പാഞ്ചാലി— എടീ ബുദ്ധിമതികേ, നീ നാഥനോടു പറയുക; വേറെ ആരാണു് എന്റെ പരിഭവത്തിൽ ഖേദിക്കുന്നുള്ളതു്?

ചേടി—കല്പനപോലെ. (എന്നു് ഭീമന്റെ അടുത്തു ചെന്നു തൊഴുതുകൊണ്ടു്) കുമാരൻ കേട്ടാലും; ഇപ്പോൾ ദേവിക്കു് ഇതിലും കൂടുതലായി സംഭ്രമകാരണമുണ്ടായി

ഭീമസേനൻ—എന്തു്! ഇതിലും കൂടുതലായിട്ടെന്നോ? ബുദ്ധിമതികേ പറയുക.

കെട്ടാൻ വേണിയെഴമിപ്രിയപത്നിയാളെ-
ത്തൊട്ടൊരു ധൂമശിഖയെപ്പരമെന്ന മട്ടിൽ
തട്ടാൻ കൌരവവനത്തിനു കാട്ടുതീ തൻ
മട്ടാളുമെന്നിൽ വെറുമീയലതായ് ഭവിപ്പൂ. — 19

ചേടി—കുമാരൻ കേട്ടാലും: ഇപ്പോഴാകട്ടെ ദേവി അംബയോടും സുഭദ്ര തുടങ്ങിയ സപത്നികളോടുംകൂടി ആര്യയായ ഗാന്ധാരിയെ വന്ദിക്കുന്നതിനായി പോയിരുന്നു.

ഭീമസേനൻ—അതു നന്നായി; ഗുരുക്കന്മാർ വന്ദ്യന്മാരാണല്ലോ. പിന്നെ.

ചേടി—അവിടെനിന്നും തിരിച്ചുവരുമ്പോൾ ഭാനുമതിയെ കാണാനിടയായി.

ഭീമസേനൻ—(കോപത്തോടെ) ആഹാ! ശത്രുവിന്റെ ഭാര്യ കണ്ടോ? കഷ്ടം! ദേവിക്കു കോപമുണ്ടായതു കുറവല്ല. പിന്നെ പിന്നെ—

ചേടി—ഉടനെ അവൾ ദേവിയെ നോക്കീട്ടു് സഖിജനങ്ങളുടെ മുഖത്തുനോക്കി പുഞ്ചിരിയിട്ടുകൊണ്ടു്. "അല്ലേ, പാഞ്ചാലി. ഇപ്പോഴും നിങ്ങളുടെ തലമുടി എന്തുകൊണ്ടാണു് കെട്ടാതെ ഇരിക്കുന്നതു്?" എന്നു് അഹങ്കാരത്തോടുകൂടി പറഞ്ഞു.

ഭീമസേനൻ—സഹദേവാ, കേട്ടോ!

സഹദേവൻ—ജ്യേഷ്ഠാ, അവൾക്കതു യോജിക്കുന്നതുതന്നെ. അവൾ ദുര്യോധനന്റെ കളത്രമല്ലയോ? നോക്കുക—

ഒരുമിച്ചു വസിക്കയാൽ ഭവിക്കും
തരുണീഹൃത്തിഹ ഭർത്തൃതുല്യമായി;
അരുളുന്നിതു സങ്കടം വിഷാഢ്യ-
ത്തരുവിൽച്ചുററിയ നല്ല വല്ലികൂടി. 20

ഭീമസേനൻ—ബുദ്ധിമതികേ, അതിനു ദേവി എന്തു ത്തരം പറഞ്ഞു ?

ചേടി—കുമാരാ, എൻെറ വാക്കു് കുറഞ്ഞുപോയെ ങ്കിലല്ലേ ദേവി പറയേണ്ടതുള്ളു ?

ഭീമസേനൻ—പിന്നെ, നീ എന്താണു പറഞ്ഞതു്.

ചേടി—ഉടനേ ഞാൻ ദേഷ്യത്തോടെ,—അല്ലയോ, ഭാനുമതീ, നിങ്ങൾ തലമുടി അഴിച്ചിടാതെ ഇരിക്കു മ്പോൾ ഞങ്ങളുടെ ദേവി തലമുടി എങ്ങനെയാണു് കെട്ടു ന്നതു് ?'' എന്നു പറഞ്ഞു.

ഭീമസേനൻ—നന്നായി; ബുദ്ധിമതികേ നന്നായി, ഞങ്ങളുടെ പരിജനങ്ങൾക്കു് ഉചിതമായിട്ടുള്ളതുതന്നേ നീ പറഞ്ഞു (പെട്ടെന്നു് ആസനത്തിൽനിന്നു എഴുന്നേററു്) പാഞ്ചാലരാജപുത്രി, ഭവതി കേട്ടാലും; താമസിക്കാതെ തന്നെ—

തിരിച്ചു പലവട്ടവും ബലമിയന്ന ഭീമൻ കനം
പെരുത്ത ഗദയാൽപ്പരം തുടയടിച്ചു പൊടിച്ചുടൻ
കുരുപ്രവരമെയ്യിൽനിന്നൊഴുകിടും കടും ശോണിതം
പിരണ്ട കരതാരിനാൽ സുതനു നിൻകചം
കെട്ടിടും, 21.

പാഞ്ചാലി—നാഥാ, കോപിച്ചിരിക്കുന്ന അങ്ങേയ്ക്കു് എന്താണു് ദുഷ്കരമായിട്ടുള്ളതു് ? എല്ലാ വിധത്തിലും അങ്ങയുടെ ഈ വ്യവസായത്തെ ഭ്രാതാക്കന്മാരും അനുവ ദിക്കട്ടേ.

സഹദേവൻ—ഞങ്ങൾ ഇതു സമ്മതിച്ചു കഴിഞ്ഞിരി ക്കുന്നു (അണിയറയിൽ വലുതായ കളകളശബ്ദം ഉണ്ടാകു ന്നു. എല്ലാവരും വിസ്മയത്തോടെ കേൾക്കുന്നു.)

ഭീമസേനൻ—

ക്ഷീരാംബോധി മറിഞ്ഞു വെള്ളമകമേ
പൂരിച്ച മന്ഥാദ്രിതൻ
ഘോരാരാവവുൽമുക്കടെസ്തനിതവും
തുര്യൌഘനിസ്വാനവും

നേരൊടൊത്തു മട്ടഹാസസനിഭമായ്
 കൃഷ്ണാതികോപോക്തി പോ—
ലാരോ ദുന്ദുഭികൊട്ടിടുന്ന കുരവം-
 ശാർങ്ഗികൾ ദുർവാതമായ്ം 24

കഞ്ചുകി — (സംഭ്രമത്തോടുകൂടി പ്രവേശിച്ചിട്ട്)

കുമാരാ; ഇതാ ! ഭഗവാൻ വാസുദേവൻ.

(എല്ലാവരും തൊഴുതുകൊണ്ട് എഴുന്നേൽക്കുന്നു.)

ഭീമസേനൻ — എവിടെ; ആ ഭഗവാൻ ?

കഞ്ചുകി — പാണ്ഡവന്മാരിൽ പക്ഷപാതമുള്ളതുകൊണ്ടു കോപിച്ച് ദുര്യോധനൻ പിടിച്ചുകെട്ടാനായിത്തുടങ്ങി;

(എല്ലാവരും സംഭ്രമത്തോടെ നടിക്കുന്നു.)

ഭീമസേനൻ — പിടിച്ചു കെട്ടിയോ ?

കഞ്ചുകി — ഇല്ല ഇല്ല, പിടിച്ചുകെട്ടാൻ തുടങ്ങി.

ഭീമസേനൻ — ഭഗവാൻ എന്തു പ്രവൎത്തിച്ചു ?

കഞ്ചുകി — ഉടനേ ആ മഹാത്മാവായ ഭഗവാൻ വിശ്വരൂപം കാണിച്ചുകൊണ്ട് ആ തേജസ്സിനാൽ മൂർഛിച്ചുപോയ കുരുകുലത്തെ ഉപേക്ഷിച്ചു ഞങ്ങളുടെ പടവീടിനകത്തുവന്ന് വേഗത്തിൽ കുമാരനേ കാണുന്നതിനാഗ്രഹിക്കുന്നു.

ഭീമസേനൻ — (ഉപഹാസത്തോടെ) എന്ത് ! ദുർബുദ്ധിയായ ദുര്യോധനൻ ഭഗവാനെ പിടിച്ചുകെട്ടുന്നതിനാഗ്രഹിക്കുന്നുവോ ? ( ആകാശത്തിൽ നോക്കിക്കൊണ്ട് ) എടാ ! ദുർബുദ്ധേ; കൗരവാധമാ, നീ ഇപ്രകാരം മര്യാദവിട്ടിരിക്കുന്നതിനാൽ പാണ്ഡവന്മാരുടെകോപം കേവലം ഒരു നിമിത്തമായിട്ട് തീരേണ്ടതേ ഉള്ളു.

സഹദേവൻ — ജ്യേഷ്ഠാ, ദുഷ്ടനായ ഈ സുയോധനൻ വാസുദേവനായ ഭഗവാനേയും വാസ്തവരൂപത്തിൽ അറിയുന്നില്ലല്ലോ.

ഭീമസേനൻ — വത്സാ, മൂഢനായ ഈ ദുർബുദ്ധി എങ്ങനെ അറിയും ? നോക്കുക —

തന്നത്താനേ രമിച്ചും കലുഷതയകലും
ധ്യാനമുറംക്കൊണ്ടുറച്ചും
പിന്നും ജ്ഞാനപ്രഭാവാദശ്രുഭഘനതമ
സ്സോക്കെയും വേർതിരിച്ചും
ധന്യശ്രീ സാത്വികന്മാർ കുതുകമൊടു താമോ –
ദീപ്തികറംക്കപ്പുറത്താ –
യെന്നും കാണുന്നൊരദ്ദേവനെയിവനിതിമോ–
ഹാന്ധനുണ്ടോ ഗ്രഹിപ്പു ? 23

ആര്യജയന്ധമാം. ഇപ്പോറം ഗുരു എന്തു നിശ്ചയിച്ചിരിക്കുന്നു ?

കഞ്ചുകി—തന്നത്താൻപോയി കുമാരൻ മഹാരാജാവിൻെറ പ്രവൃത്തിയെ അറിഞ്ഞാലും—

(എന്നു് പോയി)

(അണിയറയിൽ കളകള ശബ്ദത്തിൻെറ ശേഷം)

ഭോ, ഭോ, ദ്രുപദൻ-വിരാടൻ-വൃഷ്ണി-അന്ധകൻ-സഹദേവൻ തുടങ്ങിയിരിക്കുന്ന നമ്മുടെ സേനാപതികളേ, കൌരവ സേനയിലെ പ്രധാന യോധന്മാരേ, ഭവാന്മാർ കേട്ടാലും.

സത്യം തെററീടുമെന്നായ് ഭയമൊടു ബഹുയ–
ത്നിച്ചു ശാന്തിപ്പെടുത്തി:
പേത്തും വംശത്തെ നിത്താൻ ശമമൊടഖിലവും
വിസ്മരിപ്പാനുമന്നി,
പാലേ ചൂതാട്ടമായോരരണിയിലുളവായ്
ദ്രൌപദീവസ്ത്രമോക്ഷ-
ത്താലേവർദ്ധിച്ചീടുന്നു കുരുവനമതിലാ–
ധർമ്മജക്രോധവഹ്നി, 24

ഭീമസേനൻ—(കേട്ടിട്ടു് സന്തോഷത്തോടെ) തടവുകൂടാതെ ആര്യപുത്രൻെറ ക്രോധവഹ്നി വർദ്ധിക്കട്ടെ; വർദ്ധിക്കട്ടെ.

പാഞ്ചാലി—നാഥാ, എന്താണിപ്പോറം പ്രളയകാല

ത്തിലേ ഇടിശബ്ദംപോലെ ഗംഭീരമായിട്ടുള്ള സമരദുന്ദുഭികളുടെ മുഴക്കുന്നതു് ?

ഭീമസേനൻ—ദേവീ വേറിട്ടെന്താണു് ? യാഗം തുടങ്ങിയിരിക്കുന്നു.

പാഞ്ചാലി—(വിസ്മയത്തോടെ) ഇതെന്തു യാഗമാണു്?

ഭീമസേനൻ—രണയജ്ഞം; എങ്ങനെയെന്നാൽ—

നാലൃത്ത്വിക്കുകളാം ഞങ്ങ,ളാമുരഹരൻ
 കർമ്മോപദേഷ്ടാവു, ഭൂ—
പാലൻ സംഗരയജ്ഞദീക്ഷിതനലം,—
 തൽപത്നി നോയ്മ്പേൽക്കുവോൾ;
പാലേ യജ്ഞപശുക്കൾ കൌരവർ വധൂ-
 ക്ലേശോപനാശം ഫലം,
ഭൂലോകേശനിമന്ത്രണത്തിനു മുഴ—
 ങ്ങുന്നു യശഃകാഹളം, 25

സഹദേവൻ—ജ്യേഷ്ഠാ, ഗുരുജനാനുവാദത്തോടുകൂടി പരാക്രമത്തിനനുസരിച്ചു പ്രവർത്തിക്കുന്നതിനായി ഇപ്പോൾ നമുക്കു പോകാം.

ഭീമൻ—വത്സാ, ഈ ഞങ്ങൾ ആര്യൻെറ കല്പനയെ അനുഷ്ഠിക്കുന്നതിനു് ഇതാ പുറപ്പെട്ടു കഴിഞ്ഞു. (എഴുനേററു്) എന്നാൽ പാഞ്ചാലി, കുരുകുലത്തെ നശിപ്പിക്കാനായി ഞങ്ങളിപ്പോൾ പോകുന്നു.

പാഞ്ചാലി—[കണ്ണുനീരടക്കിയിട്ടു്] അസുരന്മാരുടെ നേരെ യുദ്ധത്തിനു പുറപ്പെട്ട മഹാവിഷ്ണുവിനു് എന്നതു പോലെ നിങ്ങൾക്കു മംഗളം ഭവിക്കട്ടെ. അംബയായ കുന്തീദേവി ആശിസ്സുചെയ്യുന്നതുപോലെയും ഫലം നിങ്ങൾക്കു സിദ്ധിക്കട്ടെ.

രണ്ടുപേരും—ഈ മംഗളവചനം ഞങ്ങൾ സ്വീകരിച്ചു.

പാഞ്ചാലി—അത്രയുമല്ല നാഥാ, പിന്നെയും നിങ്ങൾ യുദ്ധത്തിൽനിന്നു തിരിച്ചുവന്നു് എന്നെന്നുമാശ്വസിപ്പിക്കണേ.

കൂടങ്ങളുടെ പരിഭവേ--
കൂടത്തിൽ ക്ഷാന്തികൊണ്ടു ലജ്ജിതമായ്;
പാടേ കൌരവർ തൻഹതി=
കൂടാതെ കടന്നു ഭീമനിവിടെ വരാ. 26

പാഞ്ചാലി—നാഥാ, അരുതേ; പാഞ്ചാലിയുടെ പരിഭവംകൊണ്ടു വളൎന്നതായ കോപാഗ്നിയോടുകൂടി ശരീരത്തെ സൂക്ഷിക്കരുതേ. ശത്രുസേനകളിൽ കരുതലോടുകൂടി സഞ്ചരിക്കേണ്ടതാണെന്നല്ലേ കേട്ടിരിക്കുന്നതു്?

ഭീമൻ—അല്ലയോ, സുക്ഷത്രിയേ—
അന്യോന്യം കുത്തുമാനത്തലവരുടെ വസാ—
രക്തമാംസോഗ്രപങ്കം—
തന്നിൽ ത്താണുള്ള തേരിൽ ബ്ഭടരടികരം പണി—
പ്പെട്ടു പേക്കുന്നതായി;
പിന്നും രക്തം കുടിച്ചാശ്ശിവകളലരവേ
നൃത്തമാടും കബന്ധം
ചേൎന്നോരാ യുദ്ധഭൂവാം കടലിലിടപെടാൻ
പാത്ഥരേററം സമത്ഥർ,

(എന്നു എല്ലാവരും പോയി.)

(ഒന്നാമങ്കം കഴിഞ്ഞു)

## രണ്ടാമങ്കം

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി—മഹാരാജാവു ദുര്യോധനൻ എന്നോടു കല്പിച്ചിരിക്കുന്നു:— "വിനയംധരാ, നീ വേഗത്തിൽ പോയി ഭാനുമതീദേവി, അംബയുടെ പാദവന്ദനം കഴിഞ്ഞു് പുറപ്പെട്ടോ ഇല്ലയോ എന്നു് അന്വേഷിക്കണം, എന്തിനെന്നാൽ എനിക്കു ദേവിയെ കണ്ടിട്ടു് അഭിമന്യുവിനെ കൊന്നവരായ കർണ്ണൻ, ജയദ്രഥൻ തുടങ്ങിയ ഞങ്ങളുടെ സേനാപതികളെ യുദ്ധഭൂമിയിൽ ചെന്നു ബഹുമാനിക്കേണ്ടിയിരിക്കുന്നു."— എന്നു്. അതിനാൽ ഞാൻ വേഗത്തിൽ പോകേണ്ടതാണു്.

(എന്നു നടന്നിട്ടു്)

മഹാരാജാവിന്റെ പ്രഭാവം ആശ്ചര്യംതന്നെ. ജര വന്നാക്രമിച്ചിരിക്കുന്ന എനിക്കു് അന്തഃപുരത്തിലെ താമസം മര്യാദ നടിക്കുന്നതിനുതന്നേയായിരിക്കുന്നു. അല്ലെങ്കിൽ, ഞാനെന്തിനു ജരയെ നിന്ദിക്കുന്നു? എന്തെന്നാൽ അന്തഃപുരത്തിൽ സഞ്ചരിക്കുന്നവർക്കൊക്കെയും വാക്കും പ്രവൃത്തിയും വേഷവും എല്ലാം ഇതുതന്നെ.

എപ്രകാരമെന്നാൽ—

കാണാമെങ്കിലുമൊക്കെ നോക്കരുതഹോ !
കേൾക്കില്ല, കേട്ടീടിലും
വേണം വൻവടി ശക്തരാകിലുമിവ-
ർക്കാത്മാധികാരാങ്കിതം,
പ്രീണിക്കാൻ വഴിയില്ല, തെററുകളിലി-
ങ്ങെല്ലാം മനം വെക്കണം;
ക്ഷോണീന്ദ്രാശ്രിതനാമെനിക്കു ജരയാൽ
മറെറന്തു പറേറണ്ടതായു്? 28

(ചുററിനടന്നു നോക്കീട്ടു്)

(ആകാശത്തിൽ)—വിഹംഗികേ—ശ്വശ്രൂജന പാദങ്ങളെ വന്ദിച്ച് ഭാനുമതി തിരികെപ്പോയോ? (ചെവി കൊടുത്തിട്ട്) നീ എന്തു പറയുന്നു?

''ആര്യാ, ഈ ഭാനുമതീദേവി ഭർത്താവിൻെറ യുദ്ധവിജയത്തെ ആശംസിച്ചുകൊണ്ട് ഗുരുക്കന്മാരുടേയും ദേവന്മാരുടേയും പാദവന്ദനത്തെ നിവർത്തിച്ചതിൻെറ ശേഷം ഇപ്പോൾ തുടങ്ങി നിയമം ആരംഭിച്ച് ദേവഗൃഹത്തിലെ ബാലോദ്യാനത്തിൽ വസിക്കുന്നു.''—എന്നോ? എന്നാൽ ഭദ്രേ, നീ നിൻെറ പ്രവൃത്തിക്കായി പോയാലും, ഞാനും ദേവി എവിടെയാണെന്ന് മഹാരാജാവിനോട്ട ചെന്നു പറയാം. (എന്ന് ചുററിനടന്നിട്ട്.)

നന്നു—പതിവ്രതേ, നല്ലതു്. സ്ത്രീയായിരുന്നാലും വേതിതന്നെയാണ് മഹാരാജാവിനേക്കാൾ ശ്രേഷ്ഠയായിട്ടുള്ളവൾ. യാതൊരു മഹാരാജാവ് ബലവാനായി, അല്ലെങ്കിൽ ബലവാന്മാരെന്നുള്ളതെന്തിന്?—വാസുദേവൻ സഹായത്തിനുള്ളവരായ പാണ്ഡവന്മാരാകുന്ന ശത്രുക്കൾ സന്നദ്ധന്മാരായിരിക്കുമ്പോഴും, അന്തഃപുരജനങ്ങളുമായി ക്രീഡിക്കുന്ന സുഖത്തെ അനുഭവിക്കുന്നു, (വിചാരിച്ചിട്ട്) ഇതും സ്വാമിക്കു തെററായിട്ടുള്ള പ്രവൃത്തിയാകുന്നു. എന്തെന്നാൽ,

കേടകന്ന ജയമാദിതൊട്ട പരമാർന്നിടും
പരശുരാമനേ-
ക്കൂടി വെന്നകൃതി ഭീഷ്മനും രിപുശരങ്ങളേ-
ററു മൃതനായതിൽ
ആടലില്ല; പലരേജ്ജയിച്ചിടരിലാർത്തനായ്-
വിനതപാപനാം
പ്രൌഢബാലനഭിമന്യുതൻ മൃതിയിലീ മഹീ-
ശനഭിതുഷ്ടനായ്. 29

സകല പ്രകാരത്തിലും ദൈവം നമുക്കു നല്ലതുവരുത്തട്ടെ. ഇപ്പോൾ ദേവി ഇവിടെ ഇരിക്കുന്നുവെന്നു മഹാരാജാവിനോട്ട പറയാം. (എന്നുപോയി)

(വിഷ്കംഭം കഴിഞ്ഞു)

(അനന്തരം ആസനത്തിലിരുന്നുകൊണ്ടു് ഭാനുമതീ ദേവിയും സഖിയും ചേടിയും പ്രവേശിക്കുന്നു.)

സഖീ—ഭാനുമതി, നീ ഇപ്പോൾ സ്വപ്നത്തിൽ കണ്ടതുകൊണ്ടുമാത്രം അഭിമാനിയായ മഹാരാജാവു ദുര്യോധനന്റെ മഹിഷിയായി തീൎന്നിട്ടുകൂടി ധൈൎയ്യം തീരെ ഇല്ലാത്തവളായിട്ടു് ഇത്രയധികം വ്യസനിക്കുന്നതു് എന്തുകൊണ്ടാണു്?

ചേടി—ഭട്ടിനീ; സുവദന പറയുന്നതു ശരിയാണു്, ഉറക്കത്തിൽ ജനങ്ങൾ എന്തെല്ലാം പ്രലപിക്കുന്നു.

ഭാനുമതി—എടീ, അതങ്ങനെതന്നെ. ഈ സ്വപ്നം ഏററവും അശുഭത്തെ കാണിക്കുന്നതാണെന്നാണു് എനിക്കുതോന്നുന്നതു്.

സഖീ—അങ്ങനെയാണെങ്കിൽ പ്രിയസഖീ, അതെന്താണെന്നു പറയുക. അറിഞ്ഞാൽ ഞങ്ങളും തൽക്കഥനംകൊണ്ടും ദേവതാകീൎത്തനംകൊണ്ടും അശുഭഫലത്തെ ഇല്ലാതാക്കാം.

ചേടി—ദേവി, അതങ്ങനെയാണു്, അശുഭത്തെ കാണിക്കുന്ന സ്വപ്നവും കുറെ പറഞ്ഞുകഴിഞ്ഞാൽ അതിന്റെ ഫലം ഇല്ലാതെ ആകുമെന്നാണു് കേട്ടിട്ടുള്ളതു്.

ഭാനുമതി—അങ്ങനെയാണെങ്കിൽ ഞാൻ പറയാം. നിങ്ങൾ മനസ്സിരുത്തി കേൾക്കുക—

സഖീ—പ്രിയസഖീ, പറഞ്ഞാലും

ഭാനുമതി—അല്പനേരം നിൽക്കണം; ഞാൻ ഒക്കെ ഓർമ്മിക്കട്ടെ. (എന്നു വിഷാദഭാവത്തെ നടിക്കുന്നു)

(അനന്തരം ദുര്യോധനനും കഞ്ചുകിയും പ്രവേശിക്കുന്നു.)

ദുര്യോധനൻ—ഇതു് ഒരുത്തൻ പറഞ്ഞിട്ടുള്ള യഥാൎത്ഥവാക്കാണു്.—

പതിവിലോ, തടവററിഹ നേരെയോ,
ഹിതമെഴും വലുതോ, പരമല്പമോ;
അരികളിൽ സ്വയമോ, പരനോ, രചി-
പ്പൊരു വിപത്തു പരുത്തുമതിപ്രിയം. 30

എന്തെന്നാൽ ദ്രോണൻ, കർണ്ണൻ, ജയദ്രഥൻ തുടങ്ങിയവർ അഭിമന്യുവിനെ നിഗ്രഹിച്ചു എന്നു കേട്ടിട്ട് നമ്മുടെമനസ്സിനു് ഒരു പുതിയ ജീവൻ വീണതുപോലെ തോന്നുന്നു.

കഞ്ചുകി—ദേവാ, ആചാര്യരുടെ ശസ്ത്രപ്രഭാവം ആലോചിക്കുമ്പോൾ ഇതൊന്നും അത്ര ദുഷ്കരമല്ല; കർണ്ണജയദ്രഥന്മാരേയും ഇതിലെന്തിനു ശ്ലാഘിക്കുന്നു?

രാജാവ്—വിനയംധരാ, അങ്ങെന്തു പറയുന്നു? വില്ലു കൂടി മുറിഞ്ഞുപോയിരിക്കുന്ന ഒരു ബാലനേ പലർകൂടി കൊലചെയ്തു എന്നുള്ളതുകൊണ്ടു് കുരുശ്രേഷ്ഠന്മാർക്ക് എന്തുബഹുമാനമാണുള്ളതു്? എന്നാൽ ഇതിൽ ദോഷമൊന്നുമില്ലതാനും. മൂഢാ നോക്കൂ—

വയസ്സനാം ഭീഷ്മനെയാശ്ശിഖണ്ഡിയേ-
ജ്ജയത്തിനായ് മുന്നിലണച്ചു കൊന്നതിൽ
സ്വയം പൃഥാപുത്രരിലാന്ന കീർത്തിതാ-
നയതമീ-ഞങ്ങളിലും ഭവിച്ചിടും.

കഞ്ചുകി—(അബദ്ധമായ നാട്യത്തിൽ) ദേവാ, എനിക്കങ്ങനെ അഭിപ്രായമില്ല, എന്തെന്നാൽ നിങ്ങൾക്കു പൌരുഷത്തിനു കുറവുതട്ടുന്ന കാര്യം ഞങ്ങൾ മുമ്പിൽ ആലോചിച്ചിട്ടില്ലാത്തതാകയാൽ ഇങ്ങനെ ബോധിപ്പിക്കുന്നതാണു്.

രാജാവ്—ഇതങ്ങനെ തന്നേ,—

ഭൃത്യബാന്ധവസുഹൃജ്ജയങ്ങളോ-
ടൊത്തു പോരിലനുജാത്മജാനപിതം
ധാർത്തരാഷ്ട്രനെയുടൻ വധിച്ചിടും
പീൻവീര്യമൊടു പാണ്ഡുനന്ദനൻ. 32

കഞ്ചുകി—(ചെവി പൊത്തിക്കൊണ്ടു്) ഭയത്തോടുകൂടെ പാപം ശമിക്കട്ടെ, അമംഗളം ഇല്ലാതാകട്ടെ,

രാജാവ്—വിനയംധരാ, ഞാനെന്താണു പറഞ്ഞതു്

കഞ്ചുകി—ഭൃത്യബാന്ധവസുഹൃജ്ജനങ്ങളൊ-
ടൊത്തു പോരിലനുജാത്മജാനപിതം
ധാർത്തരാഷ്ട്രനുടനേ വധിച്ചിടും
പീൻവീര്യമൊടു പാണ്ഡുപുത്രനെ,

ഇതിന്ന വിപരീതമായിട്ടാണ്  തിരുമനസ്സുകൊണ്ടു കല്പിച്ചതു്.

രാജാ—വിനയംധരാ, ഇപ്പോഴാകട്ടെ ഭാനുമതി പതിവുപോലെ എന്നോടു യാത്ര പറയാതെകണ്ടു് വാസഭവനത്തിൽ നിന്നു് പ്രഭാതകാലത്തിൽ തന്നേ ഇറങ്ങിപ്പോയി എന്നുള്ളതുകൊണ്ടു് എന്റെ മനസ്സിന്നു സ്വാസ്ഥ്യമില്ലാതെയിരിക്കുന്നു. അതിനാൽ ഭാനുമതി ഇരിക്കുന്ന സ്ഥലത്തേയ്ക്കു വഴികാണിച്ചാലും.

(രണ്ടുപേരും ചുററിനടക്കുന്നു)

കഞ്ചുകി—(മുമ്പിലേയ്ക്കു നോക്കീട്ടു് ചുററും സൌരഭ്യത്തെ ആഘ്രാണിച്ചുകൊണ്ടു്) സ്വാമിൻ. കണ്ടാലും; കണ്ടാലും; മഞ്ഞുതുള്ളികളെക്കൊണ്ടു തണുത്തിരിക്കുന്ന കാററിനാൽ ഇളകുന്നതായ ഞെട്ടുകളോടുകൂടിയ പലമാതിരി വള്ളികളിൽ കലൎന്നിരിക്കുന്ന പൂക്കളോടും, അല്പംചെമന്നു സുന്ദരികളുടെ കവിൾത്തടംപോലെ വെളുത്തിരിക്കുന്ന പ്രിയംഗുപുഷ്പത്താൽ വളൎന്നതായ ശ്യാമലതയുടെ ഭംഗിയോടും, വിടൎന്നിരിക്കുന്ന അശോകം, കുരുക്കത്തിമുല്ല തുടങ്ങിയ പൂക്കളെക്കൊണ്ടുത്ഭവിച്ച സൌരഭ്യത്തോടും, തണുപ്പോടും ചേൎന്നിരിക്കുന്ന പ്രഭാതരമണീയമായ ഈ പെരിയ ഉദ്യാനം അവിടത്തെ മുന്നിലായിരിക്കുന്നു. ഇതു സ്വാമി കണ്ടാലും; എങ്ങിനെയെന്നാൽ—

ഹിമജലമൊടുകൂടിത്തേൻനിറഞ്ഞുള്ളിലേറെ-
സ്സുമമിരവിൽ വിടൎന്നിട്ടുള്ളതോടൊപ്പമിപ്പോൾ
ദ്യുമണിയുടെ കരത്താൽ ഭിന്നമായ്ഗന്ധമാളും
കമലനിരയിലാൎന്നിടുന്നു വണ്ടിൻകുലങ്ങൾ 34

രാജാവു്—(ചുററും നോക്കീട്ടു്) വിനയംധരാ; ഈ പ്രഭാതകാലത്തിൽ ഇതു മറെറാരുവിധത്തിൽ വളരെ ഭംഗിയുള്ളതാകുന്നു. നോക്കുക—

വിടൎന്നൊരു ദളങ്ങൾതൻ സുഷിരജാലമാൎഗ്ഗത്തിലായ്
കടന്ന രവിരശ്മിയേററരചർപോലുണൎന്നിക്ഷണം
പടൎന്നമണമേൽക്കയാലനുമിതാംഗരാഗത്തൊടും
വിടുന്നു വധുവോടുമീയളികൾ പത്മശയ്യാതലം. 35

കഞ്ചുകി—സ്വാമിൻ, ഇതാ ഈ ഭാനുമതി സുവദനാ

യോട്ടം തരളികയോടും കൂടി ചെന്നു്, ഇരിക്കുന്നു. അതി നാൽ ദേവൻ അടുത്തുചെന്നാലും.

രാജാവു്—(നോക്കീട്ടു്) ആര്യ വിനയംധരാ, അങ്ങു് എൻെറ യുദ്ധത്തിനുള്ള തേരു തയാറാക്കുന്നതിനു പോവുക. ഈ ഞാനും ദേവിയെ കണ്ടും വെച്ചു് പുറകേതന്നെ വന്നു കഴിഞ്ഞു.

കഞ്ചുകി—സ്വാമിയുടെ കല്പന ചെയ്തുകഴിഞ്ഞിരി ക്കുന്നു. (എന്നുപോയി)

സഖി—പ്രിയസഖീ, നീയോൎമ്മിച്ചു കഴിഞ്ഞോ?

ഭാനുമതി—സഖീ, ഞാനോൎത്തു, ഇതാ ഇപ്പോൾ ഈ ഉദ്യാനത്തിലിരിക്കുന്ന എൻെറ മുമ്പിൽവെച്ചുതന്നേ ദിവ്യരൂപത്തോടുകൂടിയ നകുലവീരൻ നൂറുസർപ്പത്തെ നിഗ്രഹിച്ചു.

(രണ്ടുപേരും അപവാരണം ചെയ്തു് ഉള്ളിൽവിചാരിക്കുന്നു)

പാപം ശമിക്കട്ടെ. അമംഗളമില്ലാതാകട്ടെ.

സഖി—(പ്രകാശമായിട്ടു്) പിന്നീടു് പിന്നീടു്?

ഭാനുമതി—അതിസന്താപത്താൽസംഭ്രമിച്ചിരിക്കുന്നു ഞാൻ മറന്നിരിക്കുന്നു, അതിനാൽ പിന്നെയും ഓർമ്മിച്ചു പറയാം.

രാജാവു്—ഓഹോ! ഭാനുമതീദേവി സുവദനയോടും തരളികയോടുംകൂടി എന്തോ മന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഇരിക്കട്ടെ ഈ വള്ളിക്കൂട്ടത്തിൽ മറഞ്ഞിരുന്നു് ഇവരുടെ വിസ്രംഭ സംഭാഷണം കേൾക്കുകതന്നെ (അപ്രകാരം ചെയ്യുന്നു)

സഖി-സഖീ, വ്യസനിക്കരുതു് പ്രിയസഖിപറയുക.

രാജാവു്—ഇവൾക്കു വ്യസനത്തിനു കാരണമെന്താ ണു്? അല്ലെങ്കിൽ, ഇവൾ ഇപ്പോൾ വാസഭവനത്തിൽ നിന്നു് എന്നോടു യാത്രപറയാതെ പോയതുകൊണ്ടുതന്നെ ഇവൾക്കു കോപമുണ്ടെന്നു ഞാൻ തീർച്ചപ്പെടുത്തിയിരി ക്കുന്നു. അല്ലയോ ഭാനുമതി, ഭവതിയുടെ കോപത്തിനു് ദുര്യോധനൻ വിഷയമാകുന്നതല്ലതന്നെ —

കണ്ഠത്തിൽ ചേർത്തുകെട്ടും കരലതമതിമോ—
ഹത്തിൽ ഞാനൊന്നയച്ചോ?

വേണ്ടുംവണ്ണം തിരിഞ്ഞതങ്ങുണരുമളവിൽ ഞാൻ
　　നിന്നെ മാനിച്ചതില്ലേ?
കണ്ടോ സ്വപ്നത്തിലീ, ഞാനപരവധുവുമായ്
　　സ്സല്ലപിക്കുന്നതായി-
കണ്ടിക്കാർവേണി, തെറ്റെന്തിവനീലപരഹാ-
　　സാസ്പദം കണ്ടിരിപ്പൂ? 6

(വിചാരിച്ചിട്ട്) അല്ലെങ്കിൽ—

ഇവൾ ഞങ്ങളെമാത്രമാശ്രയിച്ചി-
ട്ടുയരും പ്രേമനിബദ്ധമത്സരത്താൽ
ചെറു തെറ്റുകളെന്നിൽ വല്ലതും പാ-
ർത്തുരുകോപം പ്രണയത്തൊടുവഹിപ്പൂ. 37

എന്നാലും ഇവൾ എന്താണു പറയുന്നതെന്നു കേൾക്കുക തന്നെ

ഭാനുമതി— പിന്നീട് ഞാൻ ഏറ്റവും ദിവ്യരൂപിയായ ആ നകുലവീരന്റെ ദശ്നത്താൽ ഉൽസുകയായിട്ടുംമനസ്സു ഹരിക്കപ്പെട്ടവളായിട്ടും തീർന്നിട്ട് ഉയർന്നദിക്കിൽനിന്നും എഴുന്നേററ്ലതാമണ്ഡപത്തിലേയ്ക്കുപോകാനായിത്തുടങ്ങി

രാജാവ്—(വിസ്മയത്തോടെ) എന്താണു്! ഏറ്റവും ദിവ്യരൂപിയായ നകുലവീരന്റെ ദർശനത്താൽ ഉൽസുകയായിട്ടും മനസ്സു ഹരിക്കപ്പെട്ടവളായിട്ടും തീർന്നുവെന്നോ! പാപബുദ്ധിയായ ഇവൾ മാദ്രീസുതനിൽ ഭ്രമിച്ച് ഈ വിധത്തിൽ നമ്മെ വഞ്ചിച്ചു കളഞ്ഞോ! (ആലോചിച്ചിട്ട്—''ഇവൾ ഞങ്ങളെമാത്രം'' എന്ന ശ്ലോകത്തെ പഠിച്ചിട്ട്) അറിവില്ലാത്ത ദുര്യോധനകുലടയാൽ വഞ്ചിക്കപ്പെട്ടിരിക്കുന്ന ആത്മാവിനെ ബഹുമാനിക്കുന്ന നീ ഇപ്പോൾ എന്തു പറയും? (കണ്ഠത്തിൽ ചേർത്തുകെട്ടും എന്ന ശ്ലോകത്തെ പഠിച്ചിട്ടു ദിക്കുകളിലേയ്ക്കു നോക്കിക്കൊണ്ട് കഷ്ടം! ഇതിനുവേണ്ടിത്തന്നെയാണ് ഇവൾക്കു പ്രഭാതകാലത്തിലെ വിജനസ്ഥലത്തിൽ വന്നിരിക്കാനുള്ള ആഗ്രഹവും, സഖിയുമായിസംസാരിക്കുന്നതിൽ പ്രതിപത്തിയും ഉണ്ടായിട്ടുള്ളതു്. ദുര്യോധനനാകട്ടെ, മോഹത്താൽ കുലടയുടെ മനോഗതിയെ അറിയാതെ എവിടെയോ പരിഭ്രമി

ച്ചുനടക്കുന്നു. എടീ ദുഷ്ടേ, എന്നെ പരിഗ്രഹിച്ച് പാംസുല യായിത്തീന്നവളെ-

കാണിക്കും ഭയമെൻെറ മുമ്പിലയി, നീ;
ഹാ! ഗൂഢമിസ്സാഹസം,
പ്രീണിക്കും പരമെൻവപുസ്സി;—ലൊളി വായ്
ദുർവൃത്തിയിൽ കൌതുകം;
ആണല്ലാത്തവനാകുമെന്നിൽ വിനയം;
ദൌഷ്ട്യത്തിലാണാഗ്രഹം
വേണാന്നുള്ളൊരുസൽക്കുലത്തിലുളവാം
നീയോ വെറും ധൂത്തതാൻ

സഖി—പിന്നെപ്പിന്നെ,

ഭാനുമതി—ആ നകുലവീരനും എന്നെ അനുസരിച്ചു തന്നെ ലതാമണ്ഡപത്തിലേയ്ക്കു വന്നു.

രാജാവ്—അഹോ! പാപിയായ ഇവളുടെ ലജ്ജയി ല്ലായ്മയും കുലടോചിതമായിരിക്കുന്നു.

ചിരപ്രണയമൂലമായ് ദൃഢമുറച്ച രാഗത്തോടും
പരം മമ രതിസ്ഥലം വിജനമാകുമെട്ടിക്കിലോ,
തരത്തിലവിടത്തിൽവെച്ചയി, സഖിജനത്തൊടു ദു-
ശ്ചരിത്രമരുളുന്ന നീ കിമപി ലജ്ജയില്ലാ
ത്തവറ 89

രണ്ടുപേരും—പിന്നെ, പിന്നെ-

ഭാനുമതി—പിന്നീട് അവൻ സാമത്ഥ്യത്തോടുകൂടി കൈ നീട്ടി എൻെറ ഉത്തരീയവസ്ത്രത്തെ നീക്കി.

രാജാവ്—(ക്രോധത്തോടുകൂടി) ഇപ്പോറ ഇതിലധി കം കേറക്കണമെന്നില്ല. ഇരിക്കട്ടെ, പരസ്ത്രീയുടെ പാതി വ്രത്യലംഘനത്തിൽ പ്രവീണനായ ആ ദുർബുദ്ധി മാദ്രീ പുത്രൻെറ പ്രാണനേ നശിപ്പിച്ചു കളയാം. (കുറച്ചുനടന്ന് വിചാരിച്ചിട്ട്) അല്ലെങ്കിൽ, പാപശീലയായ ഇവളേ ത്തന്നെ മുമ്പിൽ ശിക്ഷിക്കാം. (എന്നു തിരിച്ചുവരുന്നു).

സഖികറ—പിന്നെ, പിന്നെ—

ഭാനുമതി—പിന്നീട്ട് പ്രഭാതകാലത്തിലുള്ള ആൎയ്യപുത്രന്റെ മംഗളതൂൎയ്യശബ്ദത്തോടുകൂടിയ വാരസുന്ദരികളുടെ സംഗീതംകൊണ്ടു് ഞാനുണൎന്നുപോയി.

രാജാവു് (സംശയത്തോടെ) എന്തു്! ഞാൻ ഉണൎന്നുപോയി എന്നോ? ഇവരം സ്വപ്നംകണ്ടതു പറഞ്ഞതായിട്ടു വന്നേക്കുമോ? അല്ലെങ്കിൽ, സഖികളുടെ വാക്കുകൊണ്ടു തന്നെ കാൎയ്യം വെളിപ്പെടും.

(രണ്ടുപേരും വിഷാദത്തോടുകൂടി പരസ്പരം നോക്കുന്നു)

സുവദന—ഇതിൽ വല്ല ആപത്തുകളും ഉണ്ടാകുമെങ്കിൽ ഭാഗീരഥി തുടങ്ങിയ നദികളിലെ ജലങ്ങരം അതില്ലാതാകട്ടേ, ബ്രാഹ്മണർ ഹോമിച്ചിരിക്കുന്ന ആഹുതിയുടെ സുഗന്ധത്തോടു കൂടിയിരിക്കുന്ന അഗ്നി ഇല്ലാതാകട്ടെ,

രാജാവു്—സംശയിച്ചതു മതി. സ്വപ്നത്തിൽ കണ്ടതു തന്നേയാണു് ഇവരം പറഞ്ഞതു്. മന്ദബുദ്ധിയായ ഞാനാകട്ടെ അതിനെ മറെറാരുവിധത്തിൽ വിചാരിച്ചുപോയി.

ചൊല്ലീടുന്നതു പാതികേട്ടു വെറുതേ
    കോപിച്ചുപോയില്ല, ഏ—
ച്ചില്യത്തോടിടയിൽ കടന്നു കലഹി—
    ച്ചൊന്നും കഥിച്ചില്ല ഞാൻ;
ഉല്ലാസത്തോടണച്ചു മൂൎദ്ധനിവനിൽ
    ബ്ബോധം കഥാശേഷവും,
തെല്ലും ദോഷമെഴാത്തൊരീസ്സതിയെയും
    കൊന്നില്ല ഞാൻ ഭാഗ്യമേ! 49

ഭാനുമതി—സഖീ, ഇതു നല്ലതോ അശുഭസൂചകമോ എന്നു നീ പറഞ്ഞാലും.

സഖിയും ചേടിയും—(പരസ്പരം നോക്കി സ്വകാൎയ്യമായിട്ടു്) ഇതിൽ ശുഭസൂചകമായി അല്പവും കാണുന്നില്ല. അതിനാൽ വ്യാജം പറഞ്ഞാൽ പ്രിയസഖിക്കു് അപരാധം ചെയ്തതായിട്ടു തീരും; ആരാണോ ചോദിച്ചാൽ നിഷ്ഠുരമാണെങ്കിലും വാസ്തവം പറയുന്നതു് സ്നേഹമുള്ളയാരം അവനാകുന്നു. (പ്രകാശമായിട്ടു്) സഖീ, ഇതൊ

ക്കെയും അശുഭത്തെ ബോധിപ്പിക്കുന്നതാകുന്നു. അതിനാൽ ദേവതകളുടെ നമസ്കാരം കൊണ്ടും, ബ്രാഹ്മണന്മർക്കു ദാനംചെയ്യും ഈ ദോഷത്തെ പരിഹരിക്കാം. ദംഷ്ട്രയുള്ള നകുലത്തിന്റെ ദർശനവും അഹിശതത്തിന്റെ വധവും സ്വപ്നത്തിലുണ്ടായതു് പണ്ഡിതന്മാർ നന്നെന്നു് പറയുന്നില്ല.

രാജാവു് — സുവദനെ പറഞ്ഞതു സത്യമാണു്. നകുലത്താൽ പന്നഗശതത്തിന്റെ വധവും ഉത്തരീയവസ്ത്രത്തിന്റെ ഹരണവും നിശ്ചയമായി അനിഷ്ടത്തെ ഉണ്ടാക്കുന്നതായി ഞാൻ വിചാരിക്കുന്നു,

ഉറക്കത്തിലഭീക്ഷിക്കുമോ സ്വപ്നവൃത്തം —
മുറയ്ക്കിഷ്ടദോഷങ്ങൾ ചേക്കുന്നിതാർക്കും
ശരിക്കിന്നു നൂറെന്നൊരിസംഖ്യപിന്നെ —
ക്കുറിക്കുന്നു സോദര്യരൊത്തീട്ടമെന്നേ. 41

(ഇടത്തെക്കണ്ണിളകുന്നതായിട്ടു നടിച്ചു്) ആഹാ? ദുര്യോധനനാകുന്ന എനിക്കും ദുർന്നിമിത്തങ്ങൾ ഹൃദയക്ഷോഭത്തെ ഉണ്ടാക്കുന്നോ? (ഗർവോടുകൂടി) അല്ലെങ്കിൽ, ഭീരുജനങ്ങളുടെ മനസ്സിളക്കുന്നതായ ഈമാതിരി ദുർലക്ഷണങ്ങളെ ദുര്യോധനൻ എന്തു വകവയ്ക്കും? അംഗിരസ്സു് ഈ കാര്യംതന്നെ ഇങ്ങനെ പറഞ്ഞിട്ടുമുണ്ടു്.

ഗ്രഹങ്ങൾക്കെഴും ദുർദ്ദശാഭേദമോരോ
മഹാസ്വപ്ന — മോക്കാത്തൊരുൽപ്പാതദോഷം;
ചിലപ്പോൾ ഫലിച്ചെന്നിരിക്കാമതിങ്കൽ
ചലിക്കില്ല ഭീമൂലമേതും ബുധന്മാർ. 42

അതിനാൽ സ്ത്രീസ്വഭാവത്താൽ ഉണ്ടായിട്ടുള്ള ഭാനുമതിയുടെ വെറുതേയുള്ള ശങ്ക ഇല്ലാതെയാകുന്നുണ്ടു്.

ഭാനുമതി — അല്ലയോ സുവദനനേ; കണ്ടാലും, ഉദയപർവ്വതത്തിന്റെ കൊടുമുടിക്കിടയിൽ വിട്ടിരിക്കുന്ന തേരോടുകൂടിയ ദിവസപതിയായ സൂര്യഭഗവാൻ പ്രഭാതകാലത്തിലെ ചെമപ്പുപോയി തെളിഞ്ഞ ദുന്നിരീക്ഷ്യമായമണ്ഡലത്തോടുകൂടിയവനായിത്തീന്നിരിക്കുന്നു.

സഖി—സഖി, നിർമ്മലമാക്കിത്തീർത്ത കനകപത്രത്തോടു തുല്യമായി ലതകളുടെ ഇടയിൽകൂടി കടന്നുവരുന്ന രശ്മി സമൂഹംകൊണ്ടു് ഉദ്യാന ഭൂമീഭാഗത്തെ മഞ്ഞനിറത്തിലാക്കിയ സഹസ്രരശ്മിയായ ഭഗവാൻ, പ്രതിജ്ഞയേ പൂരിപ്പിച്ചവൻ എന്നപോലെ ശത്രുക്കാംക്ക നോക്കാൻ പാടില്ലാത്തവനായിരിക്കുന്നു. അതിനാൽ പൂക്കളോടും ചന്ദനത്തോടുംകൂടിയ അർഘ്യത്താൽ പൂജിക്കുന്നതിനു നിനക്കു സമയമായി.

ഭാനുമതി—എടീ തരളികേ, എൻെറ പൂജാപാത്രം കൊണ്ടുവാ. സൂര്യഭഗവാൻെറ പൂജ നടത്തട്ടേ.

ചേടീ—ദേവിയുടെ കല്പനപോലെ. (എന്നുപോയി)

രാജാവു്—ഇതുതന്നെയാണു് ദേവിയുടെ അടുക്കൽ ചെല്ലുന്നതിനു് തക്കതായ അവസരം.

ചേടി—(പ്രവേശിച്ചിട്ടു്) അതാണു് പൂജാപാത്രം; ഇതുകൊണ്ടു് സൂര്യഭഗവാൻെറ പൂജ നടത്തിയാലും.

രാജാവു്—(അടുത്തുചെന്നിട്ടു് സൂചനകൊണ്ടു പരിജനത്തേ അകററി താൻതന്നെ അർഘ്യപാത്രത്തേ വാങ്ങികൊടുക്കുന്നു.)

സഖി—സ്വാഗതം, അല്ലാ, മഹാരാജാവു വന്നിരിക്കുന്നോ! കഷ്ടം! രാജാവു് ഈ പ്രിയസഖിയുടെ നിയമഭംഗം വരുത്തി!

ഭാനുമതി—(സൂര്യനെ നേരിട്ടുനിന്നു്) ഭഗവാൻ ആകാശമാകുന്ന മഹാസ്സരസ്സിൽ ഏകപങ്കജമായും, പൂർവ്വദിക്കാകുന്ന വധുവിൻെറ മുഖമണ്ഡലത്തിലെ കുങ്കുമപ്പൊട്ടായും, സകല ഭുവനാങ്കണത്തിനു ദീപമായും ഇരിക്കുന്ന ഭഗവാൻെറ നമസ്കാരംകൊണ്ടു് ഈ സ്വപ്നദർശനത്താലുണ്ടായിട്ടുള്ള ഏതുവിധമായ മഹാഭയവും നൂറനുജന്മാരോടുകൂടിയ ആര്യപുത്രനു ശുഭപര്യവസായിയായി തീരട്ടേ. (അർഘ്യപ്രദാനം ചെയ്തിട്ടു്) സഖീ, പൂക്കളെടുത്തുകൊണ്ടുവരൂ. മററുള്ള ദേവതകളേയും പൂജിക്കട്ടെ. (കൈനീട്ടുന്നു; രാജാവു് പൂക്കളെ കൊടുക്കുന്നു. സ്പർശസുഖത്തെ നടിച്ചിട്ടു് പൂക്കളെ താഴെ ഇടുന്നു.)

ഭാനുമതി—(കോപത്തോടെ) പരിജനത്തിന്റെ വിവരമില്ലായ്മ കഷ്ടംതന്നേ. (തിരിഞ്ഞു നോക്കീട്ടു് സംഭ്രമത്തോടെ) ആര്യപുത്രൻ എങ്ങനെ വന്നു ?

രാജാവു്-ദേവീ, പരിജനം ഇതുമാതിരിയുള്ള സേവാകർമ്മത്തിൽ സാമർത്ഥ്യമില്ലാത്ത ആളാണു്. അതിനാൽ ദേവി അനുശാസിക്കണം.

ഭാനുമതി—(ലജ്ജ നടിക്കുന്നു)

രാജാവു്—അല്ലയോ പ്രിയേ,—

നീണ്ടിട്ടേററം വെളുത്തുള്ളൊരു കടമിഴികൊ—
ണ്ടെന്നെ നീയൊന്നു നോക്കു;
കണ്ടിക്കാർവേണി; ദാസ്യം തടവുമിവനിൽ നീ
സംഭ്രമിക്കുന്നതെന്തേ ?

കൊണ്ടാടിച്ചാരുമന്ദസ്മിതമധുരമുദാ—
രോക്തി നീ ചൊല്ലിയാലും,
വേണ്ടാ ദൃശ്ശങ്ക പങ്കേരുഹമിഴി, കരതാർ
കൂപ്പുമെന്നെത്തലോടാൻ.

ഭാനുമതി—ആര്യപുത്രാ, അവിടത്തെ അനുവാദത്തോടുകൂടി എനിക്കു ഒരു നിയമം നടത്താൻ ആഗ്രഹമുണ്ടു്.

രാജാവു്—ഭവതിയുടെ സ്വപ്നവൃത്താന്തം വിസ്തരിച്ചു ഞാൻ കേട്ടിരിക്കുന്നു. അതിനാൽ സ്വഭാവേന സുകുമാരാണയിരിക്കുന്ന നിന്റെ ആത്മാവിനെ ഇപ്രകാരം ഖേദിപ്പിച്ചിട്ടാവശ്യമില്ല.

ഭാനുമതി—ആര്യപുത്രാ, എനിക്കു് ശങ്കയുണ്ടാകുന്നു. അതിനാൽ ആര്യപുത്രൻ എനിക്കനുവാദം തരണം.

രാജാവു് -(ഗർവ്വത്തോടുകൂടെ) ദേവീ, ഈ ശങ്ക ആവശ്യമില്ല, കണ്ടാലും—

ഈമട്ടിങ്ങയി, നീ തപിക്കിൽ വെറുതേ
കർണ്ണന്റെ ബാണങ്ങളും,
ക്ഷേമൻ ദ്രോണനു,-മുക്കെഴും വിപുലമാം
മത്സൈന്യവും നിഷ്ഫലം,

കാമം നൂറു സഗർഭ്യരൊത്തു തുണയായ്
സൌഖ്യത്തിൽ വാഴുന്നു നീ;
ശ്രീമൽപ്പന്നഗകേതുപത്നി ഭവതി—
ക്കെന്തുള്ള ശങ്കിക്കുവാൻ. 44

ഭാനുമതി— ആര്യപുത്രാ. ഭവാൻ അടുത്തിരിക്കുമ്പോൾ എനിക്കു ശങ്കക്കു കാരണമൊന്നുമില്ല. എന്നാൽ ആര്യപുത്രന്റെ മനോരഥസമ്പത്തിനേത്തന്നെ ഞാൻ അഭിനന്ദിക്കുന്നു.

രാജാവു്— അല്ലയോ സുന്ദരി, എന്റെ മനോരഥങ്ങൾ ഇത്രമാത്രമേ ഉള്ളു. ദയിതയോടുകൂടിച്ചേൎന്നു ഇച്ഛപോലെ വിഹരിക്കണം. നീ കണ്ടാലും,—

മന്ദാക്ഷം കൊണ്ടു മന്ദസ്മിതരുചികുറവായ്
വാക്കുമസ്പഷ്ടമായി—
ത്തീൎന്നാലും പ്രേമമൂലം ചലനരഹിതമാം
താമരക്കണ്ണുമായി
എന്നല്ലാ, ചോപ്പുവന്നിഷ്ടയിലധരപുടാ—
ഗ്രത്തിൽ മാഞ്ഞീടിലും നി—
ന്നിന്ദുശ്രീവക്ത്രമന്യക്കസുലഭമിവനി—
ങ്ങാസ്വദിപ്പാൻ കൊതിപ്പു. 45

(അണിയറയിൽ വലുതായ കളകള ശബ്ദം കേൾക്കുന്നു)

ഭാനുമതി— (ഭയത്തോടുകൂടി രാജാവിനെ ആലിംഗനംചെയ്തു്) ആര്യപുത്രൻ രക്ഷിക്കണേ.

രാജാവു്— (പുറം നോക്കി) പ്രിയേ സംഭ്രമിക്കേണ്ട. നോക്കുക:—

ദിക്കിലുൽക്കടമരങ്ങൾ വീഴ്ത്തിയര—
മുച്ചലൽത്തൃണരജസ്സോടും,
മുഷ്കെഴും ധ്വനിമുഴക്കി വൻഭ്രമ—
മുരച്ചുയൎന്ന പുക ചിന്നിയും,
പൊക്കമാൎന്ന പുതുമഞ്ചഭൂവിലഥ
മുട്ടിടും മുകിൽരവത്തൊടും;

കക്ശം പെരിയ കാററടിക്കവതി-
ലെന്തിനെൻ സുമതി, സംഭ്രമം ? 46

സഖീ—മഹാരാജാവേ, ഈ ദാരുപൎവ്വതത്തിലുള്ള പ്രാസാദത്തിൽ കയറിയാലും, ഈ കൊടുങ്കാററടിച്ചു പരത്തിയ പരാഗപടലത്താൽ കണ്ണുകളേയും കലക്കി മരങ്ങളേ ഇളക്കി മറിക്കുന്ന ശബ്ദംകൊണ്ടു ബന്ധനസ്ഥാനത്തുനിന്നു് വിരണ്ടു പാടിയോടുന്ന കുതിരകളേക്കണ്ടു് പൎയ്യാകുലമാക്കിത്തീൎത്ത നഗരവീഥിയോടുകൂടിയതായിട്ടു് ഇതു് മഹാഭയങ്കരമായിരിക്കുന്നു.

രാജാവു്—(സന്തോഷത്തോടെ) ഈ ചുഴലിക്കാററു് ദുൎയ്യോധനനു് ഉപകാരിതന്നെ, ഈ കാററിൻെറ പ്രസാദത്താലാണല്ലോ പ്രയത്നംകൂടാതെ നിയമത്തെ സാധിപ്പിച്ചതു്. എങ്ങനെയെന്നാൽ—

കോപം പൂണ്ടില്ല; കണ്ണീൎന്നിരയിൽ മിഴിനനച്ചില്ല; വക്ത്രം തിരിച്ചി-
ല്ല; പരത്തന്നായ്തൊട്ടപ്പോറം പരമിവനെയുടൻ വാരണം ചെയ്തുമില്ല,
ഭീപൂണ്ടിന്നെയിബ്ഭാമിനി കുചകലശം ചേൎത്തു ഗാഢം പുണൎന്നാറം;
താപം വാസ്സം വ്രതംപോക്കിയ കടുപവനൻ പാൎക്കിലെൻ മിത്രമല്ലോ. 47

അതിനാൽ മനോരഥം സാധിച്ച എനിക്കു ഇപ്പോറം ഇച്ഛപോലെ ക്രീഡിക്കാമല്ലോ. അതുകൊണ്ടു് ഇവിടെനിന്നും ദാരുപൎവ്വതത്തിലുള്ള പ്രാസാദത്തിലേയ്ക്കു പോകതന്നെ. (എല്ലാവരും കൊടുങ്കാററിൻെറ ഉപദ്രവം നടിച്ചു ചുററി നടക്കുന്നു.)

രാജാവു്—പതുക്കെപ്പതുക്കെപ്പദം വെയ്ക്കു ബാലേ
ഗതിക്കെന്തിനിച്ചഞ്ചലത്വം വഹിപ്പു ?
സതി, തല്പരം ചേൎത്തു മന്മാറിടത്തിൽ
ധൃതിക്കൊത്തു നീ ചെയ്ക ഗാഢാവമൎദ്ദം. 48

(പ്രവേശത്തെ നടിച്ച്) പ്രിയേ; ഭവനത്തിന്റെ ഉള്ളിൽഒരു പഴുതും ഇല്ലായ്കയാൽ കൊടുങ്കാററിനു കടക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു; കണ്ണുകളെ വിശ്വാസമായിട്ടു തുറന്നുകൊള്ളുന്നു.

ഭാനുമതി—(സന്തോഷത്തോടുകൂടി) ദൈവാധീനം തന്നെ, ഇവിടെ കൊടുങ്കാററു ബാധിക്കുന്നില്ല.

സഖി—പ്രിയസഖിയുടെ ഊരുയുഗളം ആരോഹണത്തിലുള്ള സംഭ്രമംകൊണ്ടു നിശ്ചലമായിരിക്കുന്നു; അതിനാൽ മഹാരാജാവു് ഇപ്പോൾ ആസനവേദിയെ എന്തുകൊണ്ടാണു് അലങ്കരിപ്പിക്കാത്തതു് ?

രാജാവു്—(ദേവിയെനോക്കീട്ടു്) കൊടുങ്കാററുകൊണ്ടുള്ള സംഭ്രമം ഭവതിക്കു വളരെ ഉപദ്രവം ചെയ്തിരിക്കുന്നു; എങ്ങനെ എന്നാൽ—

നീണ്ടിട്ടുള്ളോരു കണ്ണിൽച്ചെറിയൊരു പൊടിയും
പീഡചേർക്കുന്നി;തിങ്ങോൾ—
ത്തണ്ടിന്നാട്ടം കുറച്ചാകിലുമലംഘ്യകുചം
പേറിടും മാറിടത്തിൽ
ഉണ്ടാക്കീടുന്നു താപം, ചെറിയ ഗതിയിലും
വൻതുടയ്ക്കൊട്ടിളക്കം
പൂണ്ടീടുന്നുണ്ടി:—വരാക്കീയവയവവഴിയായ്
ഖേദമേകുന്നു വാതം. 49

(എല്ലാവരും ഇരിക്കുന്നു)

രാജാവു്—ഇതെന്താണു് ഒന്നു വിരിക്കാത്ത കഠിനശിലാതലത്തിൽ ദേവി ഇരിക്കുന്നതു്?

ചലൽച്ചേലമെൻ കണ്ണിനിഷ്ടപ്പെടും നീ—
സ്ഥൂലം നിൻ നിതംബത്തെയെന്നും വഹിപ്പാൻ
ബലഞ്ചേർന്നതാകുന്ന വയസ്സു കാറേറ-
ററുലഞ്ഞുള്ളതാമെൻ മനോജ്ഞോരുയുഗ്മം. 50

(തിരശ്ശീലമാററി സംഭ്രമത്തോടുകൂടി പ്രവേശിച്ചിട്ടു്)
കഞ്ചുകി—ഭഞ്ജിച്ചു.

(എല്ലാവരും അഭിപ്രായത്തോടുകൂടി നോക്കുന്നു)

രാജാവു്—ആരു്?

കഞ്ചുകി—ഭീമൻ

രാജാവു്—ആരുടേ?

കഞ്ചുകി—ഭവാൻെറ

രാജാവു്—എടാ; നീ എന്തസംബന്ധമാണു പറയുന്നതു്?

ഭാനുമതി—ആര്യാ, അങ്ങു് എന്തനിഷ്ടത്തേയാണു് മന്ത്രിക്കുന്നതു്?

രാജാവു്—ഛീ ! അധികപ്രസംഗീ !—മൂഢാ വൃദ്ധാ നിനക്കിപ്പോൾ എന്തു ബുദ്ധിഭ്രമമാണുള്ളതു് ?

കഞ്ചുകി—സ്വാമിൻ; ഒരു ബുദ്ധിഭ്രമവുമില്ല. അടിയൻ വാസ്തവം തന്നെയാണു് ഉണർത്തിക്കുന്നതു്.

ഭഞ്ജിച്ചു ഭീമനാംവാത, മജ്ജുനനിൻ രഥകേതനം
മണ്ണിൽ വീണിതുകേണീടും വണ്ണം കിങ്കിണിനാദിയായ്

രാജാവു്—വലിയ കൊടുങ്കാററിനാൽ ഭുവനമൊക്കെയും ഇളകി മറിഞ്ഞപ്പോൾ തേർക്കൊടിയും താഴെ വീണുപോയി. അതിനെക്കുറിച്ചു് ഭഞ്ജിച്ചു ഭഞ്ജിച്ചു എന്നു് ഇത്ര ശക്തിയായി പറയാനെന്താണുള്ളതു്.

കഞ്ചുകി—സ്വാമിൻ; ഒന്നുമില്ല, എന്നാൽ ഈ ദുർന്നിമിത്തത്തേ ശമിപ്പിക്കണമെന്നു് തിരുമനസ്സിലെ ധരിപ്പിക്കുന്നതിനു സ്വാമിഭക്തി അടിയനെ പ്രേരിപ്പിച്ചതാണു്.

ഭാനുമതി—ആര്യപുത്രാ, ബ്രാഹ്മണരുടെ വേദഘോഷത്താൽ ഈ ദോഷത്തെ ഇല്ലാതാക്കണം,

രാജാവു്—(നിന്ദയോടുകൂടി) നീ പോയി പുരോഹിതനായ സുമിത്രൻെറ അടുക്കൽ വിവരംപറയുക.

കഞ്ചുകി—കല്പനപോലെ (എന്നുപോയി)

(പ്രവേശിച്ചിട്ട്) കാവൽക്കാരി—സംഭ്രമത്തോട്ട അടുത്തുവന്ന്) മഹാരാജാവു ജയിക്കട്ടേ. ജയിക്കട്ടേ, മഹാരാജാവേ; സിന്ധു രാജാവിൻെറ അമ്മയാകുന്ന മഹാദേവിയും ദുശ്ശളയും വാതുക്കൽ വന്നു നില്ക്കുന്നു.

രാജാവ്—(അല്പം ആലോചിച്ചിട്ട് ആത്മഗതം) എന്ത്? ജയദ്രഥൻെറ അമ്മയുംദുശ്ശളയുമെന്നോ? അഭിമന്യുവിനെ വധിച്ചതിനാൽ കോപിച്ചിരിക്കുന്ന പാണ്ഡവന്മാർ വല്ല ആപത്തും വരുത്തിയിരിക്കുമോ? (പ്രകാശം) പോയി വേഗം കൂട്ടിച്ചു കൊണ്ടുവരു.

കാവൽക്കാരി—കല്പനപോലെ (എന്നു പോയി)

(അനന്തരം ജയദ്രഥമാതാവും ദുശ്ശളയുംസംഭ്രമത്തോട്ടകൂടി പ്രവേശിക്കുന്നു. രണ്ടുപേരും കണ്ണീരോട്ടകൂടി ദുര്യോധനൻെറ കാല്ക്കൽ വീഴുന്നു.

മാതാവ്—കുമാരൻ രക്ഷിക്കണോ, രക്ഷിക്കണേ,

ദുശ്ശള—(കരയുന്നു)

രാജാവ്—(സംഭ്രമത്തോട്ടകൂടി എഴുനേല്പിച്ച്) അമ്മ സമാശ്വസിക്കണം, സമാശ്വസിക്കണം. വലിയ ഭയം എന്താണ്? യുദ്ധഭൂമിയിൽ മറെറാരുത്തൻ നേരിട്ട് നില്ക്കാത്തവനായ ജയദ്രഥൻ കുശലമല്ലയോ ?

മാതാവ്—പുത്രാ, എവിടെയാണു കുശലം?

രാജാവ്—എന്തെന്നെ?

മാതാവ്—(ശങ്കയോടെ] ഇപ്പോഴാകട്ടെ; പുത്രവധത്താൽ കോപിച്ചിരിക്കുന്ന അജ്ജുനൻ, സൂര്യൻ അസ്തമിക്കുന്നതിനു മുമ്പിൽ അവനെ കൊല്ലുമെന്നു പ്രതിജ്ഞചെയ്തിരിക്കുന്നു.

രാജാവ്—(ചിരിച്ചുകൊണ്ട്) ഇതാണോ അമ്മയുടേയും ദുശ്ശളയുടേയുംകരച്ചിലിനു കാരണം?പുത്രശോകത്താൽ ഭ്രാന്തുപിടിച്ചിരിക്കുന്ന അജ്ജുനൻെറ വെറും വാക്കുകേട്ടിട്ടു ഇത്രയൊക്കെയുമായല്ലോ; ആശ്ചര്യം! സ്ത്രീകളുടെ വിവരമില്ലായ്മതന്നെ അമ്മേ വിഷാദിക്കേണ്ട; വത്സേ,ദുശ്ശളേ കരയാതെ ഇരിക്കു. ദുര്യോധനൻെറ ബാഹുപരിഘത്താൽ

രക്ഷിതനായിരിക്കുന്ന മഹാരഥനാകുന്ന ജയദ്രഥന് ആപത്തുവരുന്നതിനുള്ള പ്രഭാവം അജ്ജുനന്നു എവിടെ നിന്നുണ്ടായി?

മാതാവ്—പുത്രാ; ആ വീരന്മാരാകട്ടെ; മകൻെറയും ബന്ധുക്കളുടേയും വധത്താൽ ഏററവും കോപിച്ചുതങ്ങളുടെ ശരീരത്തേക്കൂടി നോക്കാതെ യുദ്ധം ചെയ്യും.

രാജാവ് — (പരിഹാസത്തോടെ) ഇതു ശരിയാണ്; പാണ്ഡവന്മാരുടെ കോപം സർവ്വജനങ്ങളും അറിഞ്ഞിട്ടുള്ളതുതന്നെ. നോക്കുക—

ഞാൻ ചൊല്ലീടുന്നു ദുശ്ശാസനനഥ മുടിയും
 ചേലയും ചെന്നഴിച്ചാ-
പ്പാഞ്ചാലിപ്പെണ്ണിനെത്താൻ ക്ഷിതിവരസഭയിൽ
 തച്ചുമർദ്ദിച്ചിടുമ്പോഴം,
വൻചാപം കൈയിലേന്തീട്ടവിടെ വിജയനും
 നിന്നിരുന്നില്ലയോ? തൻ
നെഞ്ചിൽ ബഭ്രുപാലവംശോത്ഭവനു പരമതിൽ
 ക്കോപമുണ്ടായ്‌വരേണ്ടേ? 52

മാതാവ്—ആ പ്രതിജ്ഞയേ നടത്തീയില്ലെങ്കിൽ താൻതന്നെ മരിച്ചുകൊള്ളാമെന്നുകൂടി അജ്ജുനൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്.

രാജാവ്—അങ്ങനെയാണെങ്കിൽ സന്തോഷിക്കേണ്ടതായിരിക്കേ സന്താപിച്ചിട്ടാവശ്യമില്ല. അനുജന്മാരോടുകൂടി യുധിഷ്ഠിരൻതന്നെ നശിച്ചു എന്നുപറയേണ്ടതാകുന്നു. അത്ര തന്നെയുമല്ല, അമ്മേ നൂറുകൗരവന്മാരാലും അവരുടെ പരിവാരങ്ങളാലും വർദ്ധിക്കപ്പെട്ടിരിക്കുന്ന മാഹാത്മ്യത്തോടുകൂടിയും, കൃപൻ, കർണ്ണൻ, ദ്രോണൻ, അശ്വത്ഥാമാവു തുടങ്ങിയ മഹാരഥന്മാരുടെ പരാക്രമത്താൽ ഇരട്ടിച്ചിരിക്കുന്ന തടുക്കാൻ വയ്യാത്ത പരാക്രമത്തോടുകൂടിയും ഇരിക്കുന്ന നിൻെറ പുത്രൻെറ നാമത്തെ ഗ്രഹിക്കുന്നതിനുകൂടി ധനഞ്ജയനോ മററാരുതന്നെയോ എന്തു ശക്തിയാണുള്ളതു് അല്ലയോ സുതപരാക്രമത്തെ അറിയാത്തവളെ; —

ധമ്മാത്മജൻ നകുലനാസ്സഹദേവനെന്നീ-
ദ്ദുമ്മാനക്കീയലുമക്കഥതന്നെ പോട്ടേ
നിമ്മായദോർബ്ബലി ജയദ്രഥനോടെതിർപ്പാ-
നമ്മാരുതാത്മജനമജ്ജുനനും മടിക്കും. 54

ഭാനുമതി—ആര്യപുത്രാ, ഇതു് ഇങ്ങനെയൊക്കെത്തന്നെയാണെങ്കിലും ബലവാന്മാർ ചെയ്തിരിക്കുന്ന പ്രതിജ്ഞയാകകൊണ്ടു ശങ്കിക്കാനുള്ളതുതന്നെയാണു്,

മാതാവു്—ശരിയാണു ഭാനുമതി പറഞ്ഞതു്. സമയോചിതമായിരിക്കുന്നു.

രാജാവു്—ആഹാ! ദുര്യോധനനാകുന്ന എനിക്കുംപാണ്ഡവന്മാർ ശങ്കിക്കേണ്ടവരാണോ? കണ്ടാലും:—

വീരന്മാർ ഞാൻതഴമ്പുള്ളവരനുജരരി-
ക്ഷ്മാപരേക്ഷുസിടത്തോർ
പാരം സന്നാഹവാന്മാർ സിതകമലസമാ
നാതപാത്രം വഹിപ്പോർ
നേരെ ചെന്നാക്രമിക്കെപ്പൊടികാം മിഹിരനേ
മൂടിവാളും കലുക്കി-
ദ്ധീരന്മാരാമനേകം ഭടരടരിടുവാ-
നെങ്ങുനിന്നും വരുന്നു?

അത്രയുമല്ല, ഭാനുമതീ, പാണ്ഡവന്മാരുടെ പ്രതാപത്തെ അറിഞ്ഞിട്ടുള്ള നീയും എന്താണിങ്ങനെ സംശയിക്കുന്നതു്? നോക്കൂ—

പൊടിച്ച ദുശ്ശാസനദേഹരക്തം
കുടിക്കയും, പാത്ഥർ മദൂരുയുഗ്മം
പൊടിക്കയും ചെയ്‌വതിനുള്ള സത്യ-
പ്പടിക്കതാനീ വധവും നടത്തും. 55

ആരവിടേ—ജയശാലിയായ എന്റെ തേരുകൊണ്ടുവരട്ടേ ഞാനും, ആ സമത്ഥനായ പാണ്ഡവനു്, ജയദ്രഥനെ രക്ഷിക്കുന്നതുകൊണ്ടുതന്നെ, വെറുതെ ചെയ്ത പ്രതിജ്ഞയാലുണ്ടാക്കിത്തീത്ത ശസ്ത്രപൂതമല്ലാത്ത മരണത്തെ ഉപദേശിച്ചുകൊടുക്കാം.

കഞ്ചുകി — (പ്രവേശിച്ച്) സ്വാമിൻ,

ഹേമകിങ്കിണികളുച്ചലിച്ചു പുത്തനാദമാൎന്ന സരസംസദാ–
സോമഭാസ്സുരിയ ഹാരകാന്തിയിലിരട്ടിയാക്കിയ ഹയങ്ങളെ
കാമമാൎഗ്ഗതിജവം തടഞ്ഞുജവമോടുപൂട്ടിയൊരു തേരിതാ
ഭ്രമഹേന്ദ്ര,രിപുഭീകരം സപദി സജ്ജമായി എഴുന്നെള്ളിടാം. 56

രാജാവ് — ദേവീ, നീ അന്തർഗ്ഗൃഹത്തിലേക്കുതന്നെ പ്രവേശിച്ചാലും. (''ഞാനും ആ സമൎത്ഥനായ പാണ്ഡവനു്'' എന്നുള്ളവാക്യത്തെ പറഞ്ഞുകൊണ്ടു പുററിനടക്കുന്നു)

(ഇങ്ങനെ എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

---

# മൂന്നാമങ്കം

(അനന്തരം വികൃതവേഷത്തോടു കൂടിയ രാക്ഷസിപ്രവേശിക്കുന്നു)

രാക്ഷസി—(ബീഭത്സമായി ചിരിച്ചിട്ട് സന്തോഷത്തോടുകൂടെ)

മൃതരാം ഭടർ തൻ വസോഗ്രമാം-സ
നവിതമാം കുംഭസഹസ്രമിന്നണച്ചേൻ,
സതതം നിണമിങ്ങെനിക്കശിക്കാം.
ശതവർഷം സമരം ഭവിച്ചിടട്ടേ. 57

(സന്തോഷിച്ചു നൃത്തം ചെയ്തുകൊണ്ട്)

സിന്ധുരാജനെക്കൊന്ന ദിവസത്തിലെന്നപോലെ അർജ്ജുനൻ പതിവായിട്ടു സമരകർമ്മത്തെ നടത്തുമെങ്കിൽ ധാരാളം മാംസരക്തങ്ങളെക്കൊണ്ട് എൻെറ ഭവനം നിറഞ്ഞുമായിരുന്നു. (ചുററിനടന്നു ദിക്കുകളിൽ നോക്കീട്ട്) എൻെറ രുധിരപ്രിയൻ എവിടെ പോയിരിക്കും? ആകട്ടെ, വിളിക്കുകതന്നെ. അയ്യേ, രുധിരപ്രിയാ, ഇങ്ങോട്ടു വരിക. (ഉടനെ അതുപോലെ ഒരു രാക്ഷസൻ പ്രവേശിക്കുന്നു.)

രാക്ഷസൻ—(ശ്രമമുള്ളതായി നടിച്ചിട്ട്)

പെട്ടെന്നു കൊന്ന മനുജക്കിയലുന്നമാംസം,
ചുട്ടുള്ള ചോര പര, മിങ്ങനെ രണ്ടുകൂട്ടം
കിട്ടുന്നതാകിലളവററെഴുമെൻ തളർച്ച-
യൊട്ടുക്കുമാറു...മതിനില്ല വിശങ്കതെല്ലും. 58

(രാക്ഷസി പിന്നെയും വിളിക്കുന്നു)

രാക്ഷസൻ—(കേട്ടിട്ട്) ആരാണ് എന്നെ വിളിക്കുന്നതു്? (നോക്കി) അല്ലാ, എൻെറ ഭാര്യ വസാഗന്ധയോ? (അടുത്തുചെന്നിട്ട്) വസാഗന്ധേ, എന്തിനാണെന്നെ വിളിക്കുന്നതു്?

കടിച്ച രക്താസവമിന്നു മത്തയാ-
യ്യുടക്കളത്തിൽ പ്രചരിച്ചിടും പ്രിയേ,
സ്ഫുടം വിളിക്കുന്നതു നമ്മെയെന്തിനായ്?
ഭടക്ഷസംഖ്യം മൃതിയെന്നു കേട്ടുഞാൻ. 59

രാക്ഷസി-അല്ലയോ രുധിരപ്രിയ:ഇതാ അങ്ങേയ്ക്കുവേണ്ടി പുത്രനായി കൊന്നിട്ടുള്ള ഏതോ ഒരു രാജർഷിയുടെ വസാമിശ്രമായി കൊഴുത്തിരിക്കുന്ന ചുടുചോരയും തലച്ചോറും കൊണ്ടു വന്നിരിക്കുന്നു. അതിനാൽ അങ്ങ് ഇതു പാനം ചെയ്യുക.

രാക്ഷസൻ—(സന്തോഷിച്ച്)വസാഗന്ധേ; നല്ലതു്; നീ ചെയ്തതു നന്നായി; ഞാൻ നന്നെ ദാഹിച്ചിരിക്കുന്നു, അതിനാൽ കൊണ്ടുവരു.

രാക്ഷസി—അല്ലയോ രുധിരപ്രിയാ, ഈമാതിരി മൃതന്മാരായി കിടക്കുന്ന ഗജതുരഗങ്ങളുടേയും ഭടന്മാരുടേയും കടുഞ്ചോരക്കടലിനാൽ കടക്കാൻ പാടില്ലാത്ത പടക്കളത്തിൽ പരിഭ്രമിച്ചുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ദാഹിക്കുന്നു എന്നുള്ളതു് അത്യാശ്ചര്യംതന്നെ.

രാക്ഷസൻ—അല്ലയോ; സ്വസ്ഥമായിട്ടിരിക്കുന്നവളെ പുത്രശോകത്താൽ സന്തപ്തയായ സ്വാമിനി ഹിഡിംബാദേവിയെ കാണുന്നതിനായി ഞാൻ പോയിരുന്നു.

രാക്ഷസി—രുധിരപ്രിയാ, സ്വാമിനിയാകുന്ന ഹിഡിംബാദേവിക്കു് ഇപ്പോഴും ഘടോൽക്കചന്റെ മരണം കൊണ്ടുള്ള ശോകം തീർന്നില്ലയോ?

രാക്ഷസൻ—വസാഗന്ധേ, അവരുടെ ഉപശമംഎങ്ങനെവരും? അഭിമന്യുവിന്റെ വധംകൊണ്ടു് ഒരുപോലെ വ്യസനമുള്ളവരായ സുഭദ്രയും പാഞ്ചാലിയുംകൂടി കുരുവിധത്തിൽ അവളെ സമാശ്വസിപ്പിക്കുന്നു.

രാക്ഷസി—രുധിരപ്രിയാ; ആനകളുടെ മസ്തകത്തിൽനിന്നെടുത്ത ഈ മാംസം കടിച്ചതിന്നു് രുധിരാസവവും കടിച്ചുകൊള്ളുക.

രാക്ഷസൻ—(അങ്ങനെ ചെയ്തിട്ടു്) വസാഗന്ധേ, ഇന്നു് നീ എത്ര മാംസവും രക്തവും സമ്പാദിച്ചു.

രാക്ഷസി—രുധിരപ്രിയാ, മുമ്പിൽകൊണ്ടുവന്നിട്ടുള്ളതു അഞ്ചും അറിഞ്ഞിട്ടുണ്ടല്ലേ, പുത്തനായി സമ്പാദിച്ചതു പറയാം—ഒരു കുടംനിറച്ച് ഭഗദത്തൻെറ ചോരയും രണ്ടു കുടങ്ങളിൽ ജയദ്രഥൻെറ വസങ്ങളും, പാഞ്ചാലൻ വിരാടൻ—ഭൂരിശ്രവസ്സ്—സോമദത്തൻ—ബാൽഹികൻ തുടങ്ങിയ രാജാക്കന്മാരുടേയും, മററു പ്രാകൃതപുരുഷന്മാരുടേയും, മാംസരുധിരങ്ങളെക്കൊണ്ട് നിറയ്ക്കപ്പെട്ടിരിക്കുന്ന അസംഖ്യം കുടങ്ങളും എൻെറ ഗൃഹത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

രാക്ഷസൻ—(സന്തോഷത്തോടുകൂടി ആലിംഗനം ചെയ്തിട്ട്) നല്ലതു് പ്രിയപത്നി, നല്ലതു്. ഇപ്പോൾ—നിൻെറ ശോഭനമായ ഗൃഹിണീനിലകൊണ്ടും, പിന്നെ ഹിഡിംബാദേവിയുടെ നിയോഗംകൊണ്ടും എൻെറജന്മ ദാരിദ്ര്യംതിരെ ഇല്ലാതായി.

രാക്ഷസി—രുധിരപ്രിയാ, ഹിഡിംബാദേവിയുടെ നിയോഗമെന്താകുന്നു,

രാക്ഷസൻ—വസാഗന്ധേ, സ്വാമിനി ഹിഡിംബാദേവി എന്നോടു് ഇങ്ങനെ ആജ്ഞാപിച്ചിരിക്കുന്നു:—"'രുധിരപ്രിയാ, നീ ഇന്നുമുതൽ ആര്യപുത്രനാകുന്ന ഭീമൻെറ അടുത്തു പുറകിലായിട്ട് യുദ്ധഭൂമിയിൽ നടന്നുകൊള്ളണം'' എന്നു്. അതിനാൽ ഭീമസേനൻെറ പുറകേ നടക്കുന്നതുകൊണ്ടു് ഹതന്മാരായ മനുഷ്യരുടെ ചോരപ്പുഴ കാണുന്നതിനാൽ തന്നെ വിശപ്പും ദാഹവും ശമിക്കുന്നു. എനിക്കു് ഈ ലോകത്തിൽതന്നെ സ്വർഗ്ഗസുഖം ഉണ്ടാകും. നീയും വിസ്രബ്ധയായിട്ട് വളരെക്കുടങ്ങളിൽ വസാരക്തങ്ങൾ നിറച്ചുകൊണ്ടുവന്നു് സമ്പാദിച്ചുകൊള്ളുക.

രാക്ഷസി—രുധിരപ്രിയാ, എന്തിനായിട്ടാണ് കുമാര ഭീമസേനൻെറ പുറകിൽ നടക്കുന്നതു്?

രാക്ഷസൻ—വസാഗന്ധേ; ആ സ്വാമി, ഭീമസേനൻ ദുശ്ശാസനൻെറ നിണം കുടിക്കുന്നതിനു പ്രതിജ്ഞചെയ്തി

ട്ടുണ്ട്; അതും രാക്ഷസന്മാരാകുന്ന ഞങ്ങളോടു കൂടിച്ചേർന്നു കുടിക്കണമത്രേ.

രാക്ഷസി—(സന്തോഷിച്ച്) നല്ലത്, സ്വാമിനി, നല്ലത്, എൻെറ ഭർത്താവിനേ വേണ്ടകാര്യത്തിൽ തന്നേ ഏർപ്പെടുത്തി.

(അണിയറയിൽ വലുതായ ശബ്ദം കേൾക്കുന്നു)

രാക്ഷസി–(കേട്ടുസംഭ്രമിച്ചുകൊണ്ട്)അല്ലയോ, രുധിരപ്രിയാ, ഇതെന്താണു വലിയ ശബ്ദം കേൾക്കുന്നത്?

രാക്ഷസൻ—(നോക്കീട്ടു) വസാഗന്ധേ, ധൃഷ്ടദ്യുമ്നൻ ഈദ്രോണനേ തലമുടിചുററിപ്പിടിച്ചുവാളുകൊണ്ടുവെട്ടുന്നു.

രാക്ഷസി—(സന്തോഷിച്ച്) രുധിരപ്രിയാ, വരൂ, നമുക്കു ചെന്നു ദ്രോണൻെറ ചോരകുടിക്കാം.

രാക്ഷസൻ—(ഭയത്തോടെ) വസാഗന്ധേ, അതു ബ്രാഹ്മണൻെറ ചോരയാണ്; കുടിച്ചാൽ തൊണ്ടപൊള്ളിപ്പോകും. അതിനാൽ അതെന്തിനാണ് ?

(അണിയറയിൽ പിന്നെയും വലുതായ ശബ്ദംകേൾക്കുന്നു)

രാക്ഷസൻ—(അണിയറയിലേയ്ക്കു നേരേ നോക്കീട്ട്) വസാഗന്ധേ, ഈ അശ്വത്ഥാമാവ്‌വാളൂരിപ്പിടിച്ച് ഇവിടേയ്ക്കുതന്നേ വരുന്നു, അതിനാൽ വന്നാലും. നമുക്കു പോകാം.

(രണ്ടുപേരും പോയി)

പ്രവേശകം

# നാലാമങ്കം

(അനന്തരം വാദ്യം ഊരിപ്പിടിച്ചും കളകള ശബ്ദം ശ്രവിച്ചുകൊണ്ടും അശ്വത്ഥാമാവു പ്രവേശിക്കുന്നു.)

അശ്വത്ഥാമാവു്:—

വൻപിക്കും പ്രളയാനിലൻ പരമടി—
ച്ചുക്കോടിളക്കീടുമ—
ഗ്ഗംഭീരാംബുദ പാളിതൻ കൊടുമിടി—
ക്കൊപ്പം കടുപ്പത്തൊടും.
കമ്പിപ്പിച്ചു ജഗത്തു, കർണ്ണ കടുവായ്
ജന്യാബ്ധി സംഭ്രതമാം
മുമ്പിൽത്തെല്ലുമെഴാത്തൊരീ നിനദമെ—
ന്തിക്കാലമുണ്ടാകുവാൻ ?

(ആലോചിച്ചിട്ടു്) നിശ്ചയമായി ഫൽഗുനനോ, സാത്യകിയോ, ഭീമസേനനോ താരുണ്യത്തിളപ്പിനാൽ മര്യാദവിട്ടു് അച്ഛനേ കോപിപ്പിച്ചിരിക്കണം. അതിനാലാണു ശിഷ്യസ്നേഹത്തേക്കൂടി വകവയ്ക്കാതെ അച്ഛൻ തൻെറ ഓജസ്സിനു തക്കവണ്ണം പ്രവർത്തിക്കുന്നതു്. എങ്ങനേയെന്നാൽ—

അസ്ത്രം ഹസ്തത്തിലാർന്നുള്ളതിനനുഗുണമായ്,
ധാർത്തരാഷ്ട്രപ്രിയത്തി—
ന്നൊത്തും, ശസ്ത്രങ്ങളാബ്ഭാർഗ്ഗവനരുളുകയാൽ
വാച്ചശക്തിക്കുചേർന്നും,
പാർത്തട്ടിൽ ച്ചേർന്ന വില്ലാളികളധിപതി—
ക്കുള്ള രോഷത്തിനൊത്തും,
മത്താതൻ ശത്രുസമ്മർദ്ദകനടരിലിതേ
മട്ടുകാട്ടുന്നിതിപ്പോൾ. 16

[പുറകോട്ടു നോക്കീട്ടു്] ആരവിടെ ? തേരു കൊണ്ടു വരട്ടേ. അല്ലെങ്കിൽ ഞാൻ രഥം വരുന്നതുനോക്കിയിരുന്നിട്ടാവശ്യമില്ല; കറുത്ത മേഘംപോലെ തെളുതെളെ വിളങ്ങുന്നതായി സ്വർണ്ണപ്പിടിയോടുകൂടിയ ഈ വാൾ

എൻെറ കൈയ്യിലിരിക്കുന്നുണ്ടല്ലോ. യുദ്ധഭൂമിയിലേയ്ക്കു പുറപ്പെടുകതന്നെ. (ചുററിനടന്നു ഇടത്തേക്കണ്ണു ഇളകുന്നതായി നടിച്ചിട്ടു്) ആഹാ! സമര മഹോത്സവത്തിൽ വളരെ പ്രതിപത്തിയോടും അച്ഛൻെറ പരാക്രമം കാണുന്നതിനു താൽപര്യത്തോടുകൂടിയിരിക്കുന്ന അശ്വത്ഥാമാവായ എനിക്കും; ദുർന്നിമിത്തങ്ങൾ യുദ്ധയാത്രയേ തടസ്സപ്പെടുത്തുന്നേ! ഇരിക്കട്ടെ, പോകാം. [ഗർവ്വോടുകൂടി നടന്നു മുമ്പിലേയ്ക്കു നോക്കീട്ടു്] ഇതെന്താണു് ക്ഷത്രിയധർമ്മത്തെ ഉപേക്ഷിച്ചും സൽപുരുഷന്മാർക്കുചിതമായ ലജ്ജാച്ഛാദനത്തെ വെടിഞ്ഞും സ്വാമിസല്ക്കാരത്തെ മറക്കുന്ന ലഘു ബുദ്ധിയോടുകൂടിയും കുലയശസ്സിനനുരൂപമായ പരാക്രമത്തേ പരിഗണിക്കാതെയും യുദ്ധഭൂമിയിൽനിന്നു നാലുവഴിക്കുമോടുന്നവരും ഗജാശ്വാദികളിൽ കയറിയവരും കാലാൾപ്പടകളുമായ സൈന്യങ്ങളുടെ വലുതായ കോലാഹലശബ്ദം കേൾക്കുന്നുവല്ലോ? (സൂക്ഷിച്ചിട്ടു്) ഹാ ഹാ! കഷ്ടം! കർണ്ണൻ തുടങ്ങിയ ഈ മഹാരഥന്മാർകൂടി എന്തുകൊണ്ടാണു യുദ്ധത്തിൽനിന്നുമോടിപ്പോകുന്നതു്? അച്ഛൻ ഭരിക്കുന്ന സൈന്യങ്ങൾക്കും എങ്ങനെ ഈ സ്ഥിതി വരും? ആട്ടെ, ഇവരേ നിർത്താം? അല്ലയോ, കൌരവസേനാസമുദ്രത്തിൻെറ തീരത്തേ രക്ഷിക്കുന്നതിനുള്ള മഹാപർവ്വതങ്ങളായ രാജാക്കന്മാരേ! സമരത്തിൽനിന്നു പിൻവാങ്ങുന്നതായ ഈ സാഹസപ്രവൃത്തി മതിയാക്കണം,

മൃതിഭയമടർ വിട്ടാൽ പിന്നെയുണ്ടാകയില്ലെ-
ന്നതു വരികിലിതേമട്ടോടിടും ധാടി കൊള്ളാം;
ക്ഷിതിയിൽ മരണമാക്കും നൂനമുണ്ടാകു;—മിന്നാ-
സ്ഥിതിയിൽ വെറുതെയിത്ഥം ദുര്യശസ്സേ
ല്പതെന്തോ? 52

അത്രയുമല്ല,
ഘോരാസ്ത്രജ്വാലയോടും, രിപുസലിലയിനി
ക്കുള്ളിലൌർവാഗ്നിയായും
പോരാളിശ്രേഷ്ഠനാമെൻ ജനകനിഹ ബലാ-
ധ്യക്ഷയായു് നിന്നിടുമ്പോൾ;

പോരും ഭീ, കണ്ണ്; പോക്കു; കൃപ; രണമതിനായ്;
ശങ്ക ഹാർദ്ദിക്യ, നീക്കൂ,
നേരേ പാപത്തൊടൊത്തെൻ ജനകനടരിൽ നി–
ല്ക്കുമ്പൊഴെന്തിന്നു ഭീതി ? 63

(അണിയറയിൽ) ഇപ്പോഴും അങ്ങയുടെ അച്ഛനിരിക്കുന്നുവോ ?

അശ്വത്ഥാമാവു—(കേട്ടിട്ട്) നിങ്ങളെന്തു പറയുന്നു ? '' ഇപ്പോഴും അങ്ങയുടെ അച്ഛനിരിക്കുന്നുവോ '' എന്നോ? (ക്രോധത്തോടെ) ഭീരുക്കളായ മൂഢന്മാരേ, ഈ മാതിരി പ്രലപിക്കുന്ന നിങ്ങളുടെ നാക്ക് നൂറായി പിളർന്നുപോകാത്തതെന്തുകൊണ്ടാണ്.

പന്ത്രണ്ടാദിത്യരൊത്തിബ്ഭുവനമിഹ ദഹി–
പ്പിക്കുവാനായുദിച്ചി-
ല്ല–;ന്ധതാം പൂണ്ട സപ്താനിലർ ദിശി ചിതറി-
ച്ചിന്നമായിട്ടുമില്ല,
അന്തസ്സിൽ പുഷ്കലാവർത്തകമുഖജലദ–
ശ്രേണിവാനാക്രമിച്ചി-
ല്ലെ;ന്തിപ്പോഴും ശൂരനെൻ താതനു കുമതികളെ.
നിങ്ങളോതുന്ന പാപം ? 64

(പ്രഹാരങ്ങളേററു സംഭ്രമത്തോടുകൂടി പ്രവേശിച്ചിട്ട്)

സൂതൻ––കുമാരൻ രക്ഷിക്കണേ രക്ഷിക്കണേ! (എന്നു പാദങ്ങളിൽ പതിക്കുന്നു.)

അശ്വത്ഥാമാവ്—(നോക്കി) അല്ലാ ! ഇയാളും അച്ഛൻെറ സൂതൻ അശ്വസേനനാണല്ലോ. ആര്യാ, അങ്ങു ത്രൈലോക്യത്തേയും രക്ഷിക്കുന്നതിൽ സമർത്ഥനായ അച്ഛൻെറ സാരഥിയായിരിക്കെ, ഞാൻ രക്ഷിക്കണമെന്നിച്ഛിക്കുന്നതെന്തുകൊണ്ടാണ് ?

സൂതൻ—(ദീനസ്വരത്തിൽ) അങ്ങേത്താതൻ ഇപ്പോഴുമുണ്ടോ ?

അശ്വത്ഥാമാവ്—(സംഭ്രമത്തോടെ) എന്ത് ! അച്ഛൻ മരിച്ചുപോയെന്നോ ?

സൂതൻ—അല്ലാതെയെന്ത് ?

അശ്വത്ഥാമാവ്—അയ്യോ ! അച്ഛാ ! (എന്നു മൂർഛരിക്കുന്നു.)

സൂതൻ—കുമാരാ, സമാശ്വസിക്കണേ സമാശ്വസിക്കണേ.

അശ്വത്ഥാമാവ്—(ബോധം വന്നിട്ട്) അയ്യോ! അച്ഛാ! ഹാ ! പുത്രവത്സലാ ? അയ്യോ ! മൂന്നുലോകങ്ങളിലും മുഖ്യധനുർദ്ധരനായുള്ളോവേ, അയ്യോ ! പരശുരാമന്റെ അസ്ത്രസർവ്വസ്വത്തേയും പരിഗ്രഹിച്ചുള്ളോവേ, എവിടെയാണങ്ങിപ്പോൾ ? എന്നോടുത്തരം പറയണേ?

സൂതൻ—കുമാരാ; വളരെ വ്യസനിച്ചതുകൊണ്ടു പ്രയോജനങ്ങളൊന്നുമില്ലല്ലോ. വീരപുരുഷന്മാർക്കു ചേർന്നതായ വിപത്തിനെ അച്ഛൻ പ്രാപിച്ചതിൽ, അങ്ങും അതിനു ചേർന്നതായ പരാക്രമത്താൽ ശോകസമുദ്രത്തെക്കടന്നു് സുഖിയായിത്തീന്നാലും.

അശ്വത്ഥാമാവ്—(കണ്ണുനീരു പൊഴിച്ചിട്ട്) ആര്യാ, അത്ര പരാക്രമിയായ അച്ഛൻ എങ്ങിനെ മരിച്ചുവെന്നു് വേഗം പറയണം.

ഭീമൻ തൻ ഗുരുദക്ഷിണസ്സു ഗദയെ—
ത്താതന്റെ മേൽ ചേത്തിതോ !

സൂതൻ—പാപമില്ലാതെയാകട്ടെ.

അശ്വത്ഥാമാവ്—

പ്രേമം തന്നിലെഴുന്നൊരഗ്ഗുരുവിനേ—
പ്പാത്ഥൻ വൃഥാ കൊന്നുവോ ?

സൂതൻ—ഇതെങ്ങനെ സംഭവിക്കും !

അശ്വത്ഥാമാവ്—

കാമം കേശവനാത്മചക്രമതിനാ—
ലാപത്തുദിപ്പിച്ചുവോ !

സൂതൻ—ഇതും ഉണ്ടായില്ല.

ഹാ ! മറേറതവനെൻ പിതാവിനു വിപ—
ത്തേകാൻ കരുത്തുള്ളവൻ !

സൂതൻ—കുമാരാ,

അവരുമടരിലേററം രുഷ്ടനായ് ശസ്ത്രമേന്തി—
ബ്ഭവാനൊട്ട സമനാമ! വീരനോടെന്തെടുക്കും ?
അവശതയൊട്ട ശോകാലസ്യവും വിട്ടു വാഴം.
തവ ഗുരുവിലണച്ചു ശാത്രവൻ ഘോരകൃത്യം. 65

അശ്വത്ഥാമാവ്—ശോകത്തിനും അസ്ത്രമുപേക്ഷിക്കുന്നതിനും എന്തു കാരണമാണു് ?

സൂതൻ—കുമാരൻതന്നെയാണു കാരണം.

അശ്വത്ഥാമാവ്—എന്ത്! ഞാൻതന്നെയെന്നോ!

സൂതൻ—കേട്ടാലും; (കണ്ണുനീരു പൊഴിച്ചുകൊണ്ടു്)

അശ്വത്ഥാമാവടരിൽ മൃതനായെന്നു ധർമ്മാത്മജന്മാ-
വുച്ചൈസ്സായും, ഗജമിതിപരം മന്ദമായും വദിച്ചു,
പുത്രസ്നേഹത്തൊടു നൃപനിലേസ്സത്യവിശ്വാസമൂലം
ശസ്ത്രം ദ്രോണൻ സ്വയമുടനുപക്ഷേിച്ചു ബാഷ്പത്തൊ-
ടൊപ്പം. 67

അശ്വത്ഥാമാവ്—അയ്യോ താതാ! അയ്യോ പുത്രവത്സലാ! അയ്യോ! വെറുതേ എനിക്കുവേണ്ടി ജീവനേ ഉപേക്ഷിച്ചവനേ! അയ്യോ ശൌര്യരാശേ! അയ്യോ ശിഷ്യപ്രിയ! അയ്യോ യുധിഷ്ഠിരപക്ഷപാതിൻ! (എന്നു കരയുന്നു.)

സൂതൻ—കുമാരാ, ഇങ്ങനെ വളരെ വ്യസനിക്കരുതു്.

അശ്വത്ഥാമാവ്—

തനയനിലതിപ്രേമം ചേരും ഭവാൻ പരമെൻ വധം
ജനക, കളവായ്ക്കേട്ടിട്ടയ്യോ ? ശരങ്ങളൊടൊത്തുതാൻ
തനതസുവെടിഞ്ഞല്ലോ ഹാ! ഹാ! ഭവദ്വിരഹത്തിലും
തനിയെ നിവസിപ്പോരീ ക്രൂരൻ ഭവൽ പ്രിയനാ
കുമോ ? 68

(എന്നു മോഹിക്കുന്നു)

സൂതൻ—സമാശ്വസിക്കണേ. സമാശ്വസിക്കണേ.

(അനന്തരം കൃപാചാര്യർ പ്രവേശിക്കുന്നു.)

കൃപൻ-സംഭ്രമത്തോടുകൂടി ദീർഘശ്വാസം ചെയ്തിട്ടു്)

വ്യർത്ഥം ശസ്ത്രമെടുത്ത ഞങ്ങ,ളനുജ-
ന്മാരൊത്ത ദുര്യോധനൻ,
പാർത്ഥന്മാർ പരമന്യഭൂപനവരേ-
പ്പാടേ വിഗർഹിക്കണം;
ധൂർത്തന്മാരിവർ പണ്ടു പാർഷതയിലും
കഷ്ടം ! കചാകൃഷ്ടി-യി
ന്നിത്ഥം ദ്രോണയിലും, പടങ്ങൾ വിധമായ്
വീക്ഷിച്ചു നിന്നില്ലയോ ! 69

അതിനാൽ വത്സനായ അശ്വത്ഥാമാവിനെ ഇപ്പോൾ എങ്ങിനെയാണു് ചെന്നു കാണേണ്ടതു്. അല്ലെങ്കിൽ ഹിമവാനെപ്പോലെ ഉറപ്പുള്ളമനസ്സോടുകൂടിയവനും ലോകസ്ഥിതിയൊക്കെയും അറിഞ്ഞിട്ടുള്ളവനുമായ അയാളിൽ വലിയ ശോകമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നാട്ടുനടപ്പില്ലാത്തതായ അച്ഛന്റെ നിഗ്രഹത്തെ കേട്ടിട്ടു് അയാൾ എന്തു പ്രവർത്തിക്കുമെന്നു ഞാൻ അറിയുന്നില്ല.

അല്ലെങ്കിൽ,

വേണ്ടാതെ കണ്ടേകകചഗ്രഹത്തി-
ലുണ്ടായി ഭുവിൽ ബ്ബത ഭൂരിനാശം;
രണ്ടാമതീമട്ടു ഭവിച്ചതോർത്തു
കണ്ടാൽ പ്രജൌഘം സകലം തുലഞ്ഞു. 70

(നോക്കീട്ടു്) അല്ലാ വത്സനശ്വത്ഥാമാവു് ഇവിടെ നില്ക്കുന്നല്ലോ. അടുത്തു ചെല്ലാം. [സമീപത്തിൽ ചെന്നിട്ടു് സംഭ്രമത്തോടുകൂടെ വത്സാ, സമാശ്വസിക്കു സമാശ്വസിക്കു.

അശ്വത്ഥാമാവു് —(ബോധം പ്രാപിച്ചിട്ടു് കണ്ണീരോടുകൂടി) ഹാ താതാ ! ഹാ ! സകല ഭുവനത്തിനും ഏക ഗുരുവായിട്ടുള്ളോവേ, [ആകാശത്തിലേക്കു നോക്കി] യുധിഷ്ഠിരാ യുധിഷ്ഠിരാ !

നേരേ കഥിക്കു ജനനംമൃത,-ലാരിലും, ഏ-
ദ്വൈരം പെടാത്തതു നിമിത്തമജാതശത്രു

പേരാളു, മഞ്ജു ഗുരു സത്വാദിജനെൻ പിതാവിൽ
നേരിട്ടതൊക്കെയൊരുമിച്ചു വെടിഞ്ഞതെന്തേ ? 71

സൂതൻ—കുമാരാ ഇതാ നിൻെറ അമ്മാവനായ കൃപാചാര്യർ അടുത്തു നിൽക്കുന്നു.

അശ്വത്ഥാമാവ്— (പാർശ്വത്തിലേയ്ക്കു നോക്കീട്ട് കണ്ണീരോടുകൂടെ ) മാതുലാ—

സൈന്യാധീശ്വരനാകുമാരൊടു ഭവാ-
നൊന്നിച്ചു പോരിന്നുപോയ്,
ജന്യാഗ്രത്തിലുരച്ചു കൈച്ചൊറി കള—
ഞ്ഞിട്ടും മഹാത്മാവെവൻ,
നന്നായ് നമ്മവചസ്സനേകമെവയോ—
ടോത്തുന്നു നിത്യം ഭവാ—
നിന്നാ ത്വൽഭഗിനിക്കു ചേർന്ന പതിയാ-
മദ്ദേഹമെങ്ങെങ്ങുവാൻ ? 72

കൃപൻ—അങ്ങ് അറിയേണ്ടതറിഞ്ഞിരിക്കുന്നു. അതിനാൽ വളരെ വ്യസനിക്കരുത്,

അശ്വത്ഥാമാവ്—മാതുലാ, കരച്ചിൽ വേണ്ടെന്നു വെച്ചു കഴിഞ്ഞിരിക്കുന്നു. ഈ ഞാൻ പുത്രവത്സലനായ അച്ഛൻെറ കൂടെത്തന്നെ പോകയാണു്.

കൃപൻ—വത്സാ, അങ്ങേപ്പോലെയുള്ള ആളുകാംക്ക് ഈ മാതിരി നിശ്ചയം യോജിക്കാത്തതാകുന്നു.

സൂതൻ—കുമാരാ, അതിസാഹസം പ്രവർത്തിക്കരുതേ.

അശ്വത്ഥാമാവ്—ആര്യമാതുലാ,—

വിരഹം മദീയമവിഷഹ്യമെന്നു താൻ
പരലോകമാർന്ന കൃതിയെൻ പിതാവഹോ !
പുത്രവത്സലത്വമിയലുന്നൊരച്ഛനോ—
ടൊരുമിച്ചു തന്നെനിവസിക്കുമെന്നു ഞാൻ. 73

കൃപൻ—വത്സാ, ഈ സംസാരമെന്നു തുടങ്ങിയോ അപ്പോറം മുതൽ ഈ ലോകയാത്ര പ്രസിദ്ധം തന്നെയാകുന്നു. പുത്രന്മാർ രണ്ടുലോകത്തിലും അച്ഛനെ അനുവർത്തിക്കേണ്ടതാകുന്നു എന്നു കണ്ടാലും:-

വല്ലായ്മ, നീക്കികദയക്രിയ, പിണ്ഡദാനം
ചൊല്ലാന്ന തൽഗൃഹവിനിമ്മിതി,യിത്തരത്തിൽ
എല്ലാമ്മെപ്പൊഴം തുണ പിതാവിനു ചെയ്യണം നീ-
യല്ലാതെ പാകിലുമിരിക്കിലുമെന്തുമെച്ചം ? 74

സൂതൻ—ആയുഷ്മൻ, അങ്ങോടെ മാതുലൻ പറയുന്നതുപോലെ തന്നേയാണു് ചെയ്യേണ്ടതു്.

അശ്വത്ഥാമാവു്—ആര്യാ ഇതു വാസ്തവംതന്നെ; എന്നാൽ ഈ വലുതായ ദുഃഖഭാരത്തെ സഹിക്കാൻ വയ്യാത്തതിനാൽ അച്ഛനോടുകൂടാതെ ക്ഷണനേരമെങ്കിലും ജീവിച്ചിരിക്കുന്നതിന്നു് എനിക്കു ഞെരുക്കമാണു്. അതിനാൽ മരിച്ചുപോയ താതനേ കാണുന്നതിനായി ആ ദിക്കിലേക്കുതന്നെ ഞാൻ പോകുന്നു. [എഴുന്നേററു് വാളിനെ നോക്കി ആലോചിച്ചിട്ടു്] ഇപ്പോഴും ശസ്ത്രഗ്രഹണ പരിശ്രമം കൊണ്ടു് എന്തു പ്രയോജനമാണു് ? അല്ലയോ ശസ്ത്രമേ,-

താനേ താതനരിക്ഷതിക്കു മതിയാ—
മെന്നാകിലും ശസ്ത്രമേ !
സ്ഥാനേ നിന്നെ വഹിക്കകൊണ്ടു ജയമു—
ണ്ടായി നിനക്കെന്റമേ;
താനേററം തനയാത്തിമൂത്തു ഭയമാ—
ന്നിട്ടല്ല കൈവിട്ടതും
ഞാനും നിന്നെയിതാവിടുന്നു കാലം
തങ്ങീടുമങ്ങേപ്പു മേൽ.
[എന്നു വെടിയുന്നു]

(അണിയറയിൽ)

അല്ലയോ രാജാക്കന്മാരേ, നിങ്ങളെല്ലാവരും ഈ ദുഷ്ടനാൽ ഇവിടെ നടത്തപ്പെട്ടതായ ഗുരുവാകുന്ന ഭരദ്വാജന്റെ പരിഭവത്തെ എങ്ങനെയാണു ഉപേക്ഷിക്കുന്നതു് ?

അശ്വത്ഥാമാവു്-(കേട്ടിട്ടു് പതുക്കെ ശസ്ത്രത്തെ സ്പർശിച്ചുകൊണ്ടു്) എന്തു്! ഗുരുവാകുന്ന ഭരദ്വാജന്റെ പരിഭവമെന്നോ ?

(പിന്നെയും അണിയറയിൽ)

അത്തൽ മൂത്തു നിജശസ്ത്രവും സപദി വിട്ടു
നേത്രസലിലാർദ്രമാം
വക്ത്രമോടു മരുവുന്ന സർവ്വജനമാന്യ
നായ ഗുരുതന്നിലും
അത്രപം മുടിനരച്ചൊരത്തലയിൽവെച്ചു
പാണി ദുരിതം രുഷാ
ചേർത്തിതാ ദ്രുപദരാജസൂനു ബതപോയി—
ട്ടന്നിതു സഹിക്കുവാൻ.

അശ്വത്ഥാമാവ്— (കോപത്തോടും വിറയലോടും കൂടി കൃപസൂതന്മാരേ നോക്കി) ഇതെന്താണ് !
വില്ലാളിട്ടും നൃപതിമാരുടെ മുന്നിൽവെച്ചു
വല്ല സ്ഥയാൽ വ്രതമിയന്നു വെടിഞ്ഞുശസ്ത്രം
ചൊല്ലാന്നൊരെൻ ജനകനാന്നിടവേ നരച്ചു
ഫുല്ലാഭമോത്തലയിലസ്ത്രമണച്ചുവെന്നോ ? 77

കൃപൻ—വത്സാ, ഇങ്ങനെയാണ് ജനങ്ങൾ പറയുന്നതു്

അശ്വത്ഥാമാവ്—എന്തു് ! ആ ദുർബുദ്ധി അച്ഛൻെറ തലയിൽ ഇതു് പിടികൂടിയെന്നോ ?

സൂതൻ — (ഭയത്തോടെ) കുമാരാ, തേജസ്വിയായ അദ്ദേഹത്തിന് ഇതു് പുത്രനായി ഒരു കുറച്ചിലുണ്ടായതാണ്.

അശ്വത്ഥാമാവ്—ഹാ താതാ ! ഹാ പുത്രപ്രിയാ, ഭാഗ്യം കെട്ടവനായ ഇവനുവേണ്ടി ആയുധമുപേക്ഷിച്ചതു നിമിത്തമാണല്ലോ കടപ്പക്കാരനായ ആ ദുർബുദ്ധി ആക്രമിക്കുന്നതിനിടയായതു്. അല്ലെങ്കിൽ—

ശോകംമൂലം പിതാവിങ്ങടരിലുടലുപേ—
ക്ഷിക്കവേ തൻ ശിരസ്സിൽ
കാകൻ താനോ കഠോരൻ ദ്രുപദതനയനോ
പട്ടിയോ തൊട്ടിടട്ടെ;
ഹാ ! കഷ്ടം !! ഭൂരിശസ്ത്രദ്രവിണമദമെഴും
ശത്രു, തന്മസ്തകത്തിൽ

ഭീകൈവിട്ടിപ്പൊളർപ്പിച്ചതു ബത കരമ—
ല്ലെൻ ശിരസ്സിൽപദം താൻ
എടാ, ദുർബ്ബുദ്ധേ, ധൂർത്തപാഞ്ചാലപുത്രാ—
ശസ്ത്രത്തെ ശൂരനാമെൻ ജനകനിനിയെടു
ക്കില്ല നന്നെന്നുറച്ചി-
ട്ടത്രസ്തൻ നീയശങ്കം കരമിഹ ഗുരുതൻ
മൌലിയിൽച്ചേർത്തനേരം,
വിശ്വത്തിൽപ്പാർത്ഥപാഞ്ചാലകനഖിലപമ-
മർദ്ദിയായ് ചാപഭൃത്താ-
മശ്വത്ഥാമാവു വാഴുന്നൊരു കഥവഴിപോ-
ലുള്ളിലോർത്തില്ലയോ നീ ? 79

യുധിഷ്ഠിരാ യുധിഷ്ഠിരാ! അജാതശത്രോ, അസത്യം പറയാത്ത ധർമ്മപുത്രാ, അനുജന്മാരോടു കൂടിയ അങ്ങേക്കു അദ്ദേഹം എന്തപരാധമാണു ചെയ്തതു് ? അല്ലെങ്കിൽ കപടപ്രകൃതിയാൽ കുടിലബുദ്ധിയായ ഇവൻ പോകട്ടേ; അർജ്ജുനാ,സാത്യകേ, പരാക്രമിയായ വൃകോദരാ;മാധവാ ത്രൈലോക്യത്തിലും ഏകധനുർദ്ധരനായി ബ്രാഹ്മണശ്രേഷ്ഠനായി വളരെ വയസ്സുചെന്നവനായി വിശേഷിച്ചു്, സർവാചാര്യനാകുന്ന എൻെറ പിതാവിൻെറ ശിരസ്സിൽ ദ്രുപദകുലത്തിനു കളങ്കഭൂതനായ ആ മനുജപശു സ്പർശിച്ചതു് നിങ്ങൾക്കൂടി വകവയ്ക്കാതെയിരുന്നതു യുക്തമായോ? അല്ലെങ്കിൽ ഇവരൊക്കെയും പാപികളാണു്. ഇവരെക്കൊണ്ടെന്താണു പ്രയോജനം.

ഏതും മര്യാദയില്ലാത്തൊരു പശുസമരാം—
നിങ്ങളാത്തായുധന്മാർ
ചെയ്തോരും സമ്മതിച്ചോർകളുമരിയവധം
കണ്ടുനിന്നോരുമല്ലോ;
വാദം കൂടാതെ നൂനം ഹരി-വിജയ-മരുൽ
പുത്രരോടൊത്തുശത്രു—
വ്രാതത്തിൽ ശോണിതത്താൽ കരുതിയരുളുവൻ
തൽക്ഷണം ദിക്കുകൾക്കായ് 80

കൃപൻ—വത്സാ, ഭരദ്വാജതുല്യനായി ദിവ്യാസ്ത്രപ്രയോഗത്തിൽ സമർത്ഥനായി ഭുജബലശാലിയായ ഭവാനിൽ എന്താണു് അസംഭാവ്യമായിട്ടുള്ളതു് ?

അശ്വത്ഥാമാവു്—ഭോ ഭോ ! പാണ്ഡവ-മത്സ്യ-സോമക-ഭാഗധേയന്മാരാകുന്ന ക്ഷത്രിയമൂർദ്ധന്മാരേ,-

താതൻ തൻമുടി തൊട്ടവാറു മുടിയ—
ന്മാർ നിങ്ങളത്യുജ്ജ്വലൽ-
ജ്യോതിസ്സായ കുമാരമാന്യ മുനിതൻ
കൃത്യത്തെയോർത്തില്ലയോ ? —
ശ്രോതാവാകുമെനിക്കുമുൽക്കടരുഷാ
ശത്രുക്കൾ തൻശോണിത-
പ്രാതാസാരമുതിർക്കുമക്രിയനട—
ത്താനുണ്ടു നല്പാടവം. 81

സൂതാ—അങ്ങു പോയി യുദ്ധത്തിനുവേണ്ട സകല സാമഗ്രികളോടും എല്ലാ ആയുധങ്ങളോടുംകൂടിയ മഹായുദ്ധോചിതമായ എന്റെ തേരു കൊണ്ടുവരികതന്നെ.

സൂതൻ—കുമാരന്റെ ആജ്ഞപോലെ ചെയ്യാം. (എന്നു പോയി)

കൃപൻ—വത്സ, നിശ്ചയമായിട്ടു് പകരം ചെയ്യേണ്ടതായ ഈ പരിഭവമാകുന്ന അഗ്നിയിൽ തക്കതായി പ്രവർത്തിക്കുന്നതിനു് അങ്ങേ ഒഴിച്ചു് ഞങ്ങൾക്കാർക്കാണു് ശക്തിയുള്ളതു്. എന്നാൽ—

അശ്വത്ഥാമാവു്—വേറെയെന്താണുള്ളതു് ?

കൃപൻ—സേനാപതിയായി ഭവാനെ അഭിഷേകം ചെയ്തിട്ടു് യുദ്ധഭൂമിയിൽ കൊണ്ടുപോകണമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

അശ്വത്ഥാമാവു്—മാതുലാ, ഇക്കാര്യം പരാധീനമായിട്ടുള്ളതും നിസ്സാരവുമാണു്.

കൃപൻ—വത്സാ, ഇതു പരാധീനവുമല്ല; അത്രനിസ്സാരവുമല്ല. നോക്കുക:—

പൊല്ലാന്നിടും ഭീഷ്മനും ദ്രോണനും ചേ—
ന്നില്ലാതേ ഹാ ! തീൎന്നു കൌരവസൈന്യം

അല്ലാതായീത്തീരുമല്ലൊ ഭവാൻ ത—
ത്തുല്യാവസ്ഥൻ നാഥനായ് നിന്നിടാഞ്ഞാൽ· 82

ഭവാനെപ്പോലെയുള്ളാളുകറം ഒരുങ്ങിപ്പുറപ്പെട്ടാൽ ത്രൈലോക്യത്തിലുള്ളവർ ഒന്നിച്ചു വന്നാൽക്കൂടി എതിൎത്തു നിൽക്കുന്നതിന്ന ശക്തരാകയില്ല. പിന്നെയും യുധിഷ്ഠിര സൈന്യത്തിൻെറ കഥ പറയാനുണ്ടോ ? അതിനാൽ ഞാനിങ്ങനെ വിചാരിക്കുന്നു. അഭിഷേകസാധനങ്ങളൊക്കെയും ഒരുക്കി കുരുരാജാവു് വേഗത്തിൽ അങ്ങേത്തന്നെ പ്രതീക്ഷിച്ചു നിൽക്കുകയായിരിക്കണം—എന്നു്,

അശ്വത്ഥാമാവു്—അങ്ങനെയാണെങ്കിൽ പരിഭവാഗ്നിയിൽ ദഹിച്ചിരിക്കുന്ന എൻെറ മനസ്സു് അതിൻെറ പ്രതീകാരമാകുന്ന ജലത്തിൽ മുഴുകുന്നതിലേയ്ക്കായി ബദ്ധപ്പെടുന്നു. അതിനാൽ പോയി അച്ഛൻെറ വധത്താൽ വിഷാദിച്ചിരിക്കുന്ന കുരുരാജനേ, സേനാപതിയായി ഞാൻതന്നെ ഇരുന്നുകൊള്ളാമെന്നു് സ്നേഹത്തോടുകൂടിപ്പറഞ്ഞു സമാശ്വസിപ്പിച്ചു് മന്ദസന്താപനാക്കിത്തീൎക്കുന്നുണ്ടു്.

കൃപൻ—ഇതിങ്ങനെയാണു വേണ്ടതു്. അതിനാൽ അവിടേയ്ക്കുതന്നെ നമുക്കു പോകാം.

(എന്നു രണ്ടുപേരും ചുററിനടക്കുന്നു)

(അനന്തരം കൎണ്ണനും ദുര്യോധനനും പ്രവേശിക്കുന്നു)

ദുര്യോധനൻ—അംഗരാജാ—
സ്വജനവധവിഷാദമസ്രുവത്താം
ഭുജതരിയാൽ ധൃതിമാൻ കടന്നിടുന്നു.
നിജസുതമൃതികേട്ടു ശസ്ത്രമുദ്യ—
ദ്ഭുജയെഴമഗ്ഗുരു വിട്ടതെന്തിനാവോ ? 83

അല്ലെങ്കിൽ നിജസ്വഭാവം ദുസ്ത്യജമാണെന്നു വലിയ ആളുകറം പറഞ്ഞിട്ടുള്ളതു ശരിയാണു്. എന്തെന്നാൽ പുത്രശോകത്താൽ അന്ധമനസ്സായ ആചാര്യൻ ക്ഷത്രിയന്മാൎക്കു വേണ്ടതായ ഹൃദയകാൎക്കശ്യത്തെ ഉപേക്ഷിച്ചു ബ്രാഹ്മണൎക്കുവേണ്ടതായ ദൈന്യത്തേ സ്വീകരിച്ചുവല്ലോ,

കർണ്ണൻ—അദ്ദേഹത്തിൻെറ അഭിപ്രായം, തനിക്കു് അശ്വത്ഥാമാവിനെ ഭൂമിയിൽ രാജാവാക്കി അഭിഷേകം ചെയ്യണമെന്നായിരുന്നു. അശ്വത്ഥാമാവു നഷ്ടനായതിനാൽ വൃദ്ധബ്രാഹ്മണനായ തനിക്കു ശസ്ത്രമെടുത്തിട്ടാവശ്യമില്ലല്ലോ എന്നുദ്ദേശിച്ചാണു് ശസ്ത്രത്തെ ഉപേക്ഷിച്ചിട്ടുള്ളതു്.

ദുര്യോധനൻ—(തല കുലുക്കിക്കൊണ്ടു്) ഇതിങ്ങനെ തന്നെ ആയിരിക്കണം.

കർണ്ണൻ—ഇതിനുവേണ്ടിത്തന്നെയാണു് കൗരവന്മാരുടേയും പാണ്ഡവന്മാരുടേയും സഹായത്തിനായി വന്നു യുദ്ധം ചെയ്യുന്ന രാജാക്കന്മാരുടെ പരസ്പര വധത്തെ ആഗ്രഹിച്ചുകൊണ്ടിരുന്ന ആചാര്യൻ പ്രധാന പുരുഷന്മാരെ കൊല്ലുന്നതിനു് ഉപേക്ഷ കാണിച്ചിട്ടുള്ളതു്.

ദുര്യോധനൻ—അതു ശരിയാണു്.

കർണ്ണൻ—വേറെയുണ്ടു്.; ദ്രുപദനും ചെറുപ്പംമുതലേ ഇയ്യാളുടെ അഭിപ്രായം അറിഞ്ഞിരുന്നതുകൊണ്ടാണു് തൻെറ രാജ്യത്തിൽ സ്ഥലം കൊടുക്കാതെയിരുന്നതു്.

ദുര്യോധനൻ—ശരി, അംഗരാജാ, അങ്ങു പറഞ്ഞതു യുക്തിയുക്തമായിരിക്കുന്നു.

കർണ്ണൻ—ഇതു് എൻെറ ഒരുത്തൻെറ അഭിപ്രായമല്ല; മററുള്ളയോഗ്യന്മാരും ഇതിൽ മറിച്ചഭിപ്രായമപ്പെടുന്നില്ല.

ദുര്യോധനൻ—ഇതു് ഇങ്ങിനെതന്നെ. ഇതിലേയ്ക്കെന്താണു സംശയം ?

രക്ഷിച്ചിടാമടരിലെന്നുടനേററ സിന്ധു—
ഭൂക്ഷിത്തുതൻ കൊല കിരീടി നടത്തിടുമ്പോഠം
അക്ഷീണവീര്യമെഴമഗ്ഗുരു വന്നുപേക്ഷ—
ദീക്ഷിച്ചതെന്തിനതു മററു വിധത്തിലെന്നാൽ ?   84

കൃപൻ—(നോക്കീട്ടു്) വത്സാ, ഇതാ ദുര്യോധനൻ സൂതപുത്രനോടുകൂടി ഈ ന്യഗ്രോധവൃക്ഷത്തിൻെറ തണലിലിരിക്കുന്നു. അതിനാൽ നമുക്കു അടുത്തു ചെല്ലാം.

(അങ്ങനെ ചെയ്തിട്ടു്)

രണ്ടുപേരും—കൌരവേശ്വരൻ ജയിച്ചാലും.

ദുര്യോധനൻ—കണ്ടിട്ട് അല്ലാ! കൃപാചാര്യനും അശ്വത്ഥാമാവുമോ? (ആസനത്തിൽനിന്നുമെഴുന്നേററ് കൃപാചാര്യൻെറ അടുത്തുചെന്ന്) ഗുരോ, അഭിവാദനം ചെയ്യുന്നു. (അശ്വത്ഥാമാവിനെ നോക്കി) ആചാര്യപുത്രാ-

മല്ലാര്യാർത്ഥം മൃതജനകനാമങ്ങു പാർശ്വത്തിലാന്നി—
ട്ടിക്കാന്തിപ്പെട്ടിടുമുടലണച്ചൊന്നുടൻ പുല്കിയാലും;
ഇക്കാലത്തിൽ പിതൃസാദൃശമാം ത്വത്ഭുജസ്പർശമേററി-
ട്ടുൾക്കാലുഷ്യസ്ഥിതിയിലുമുദിക്കുന്നു
രോമോൽഗമം മേ. 85

(ആലിംഗനംചെയ്ത് അടുത്തിരുത്തുന്നു.)
(അശ്വത്ഥാമാവ് കണ്ണീർ പൊഴിക്കുന്നു.)

കർണ്ണൻ—ദ്രോണപുത്രാ, അങ്ങ് അധികമായി ആത്മാവിനെ ശോകാഗ്നിയിലിട്ടു തപിപ്പിക്കരുത്.

ദുര്യോധനൻ—ആചാര്യപുത്രാ; ഈ വ്യസനമഹാസമുദ്രത്തിൽ നമുക്കു രണ്ടുപേർക്കുമായി എന്താണു വ്യത്യാസമുള്ളത്? നോക്കു—

പാരം സുഷ്ഠമൽപ്രണയമെഴുമത്താത, നച്ഛൻെറ മിത്രം;
സ്വൈരം ശസ്ത്രാഭ്യസനവുമിവൻക്കൊപ്പമദ്ദേഹമേകി;
പേരാളും തൽഗ്ഗുരുമൃതിയിലെൻഹൃത്തിൽവാച്ചുന്നതാപം
സ്സാരതാങ്കം പെടുമൊരു ഭവാന്മാത്രമിന്നോത്തി
രിക്കാം. 86

കൃപൻ—കുരുപതി പറയുന്നതു വാസ്തവമാണ്.

അശ്വത്ഥാമാവ്—രാജാവേ, അങ്ങ് ഇപ്രകാരം പക്ഷപാതത്തോടുകൂടിയിരിക്കുമ്പോൾ ശോകഭാരത്തെ കുറയ്ക്കാവുന്നതു തന്നെയാണ്, എന്നാൽ—

മോശപ്പെട്ടും ഞാനിഹ വാണിടുമ്പോൾ
കേശഗ്രഹം താതനണഞ്ഞുവല്ലോ;
ഹാ! ശങ്കവിട്ടാത്മജലാഭമെമ്മ—
ട്ടാശിച്ചിടും മററു പിതാക്കൾ മേലിൽ? 87

കർണ്ണൻ—ദ്രോണപുത്രാ; ഇപ്പോൾ ഇവിടെ എന്തു ചെയ്യാം! എല്ലാവരേയും പരിഭവത്തിൽനിന്നും രക്ഷിക്കുന്ന

തിന്നു ശക്തിയുള്ള അദ്ദേഹം ശസ്ത്രത്തെ ഉപേക്ഷിച്ച് ആ അവസ്ഥയെ താൻതന്നെ സ്വീകരിക്കയാണല്ലോ ചെയ്തതു്.

അശ്വത്ഥാമാവ് — അംഗരാജാ. ഇപ്പോഴം ഇവിടെ എന്തുചെയ്യാം; എന്നാണോ അങ്ങു പറയുന്നതു്? എന്തു ചെയ്യാമെന്നു കേട്ടാലും.

ആരോ ശസ്ത്രത്തെയേന്തീബ്ബലമദമൊടുമ-
ശ്ശത്രുസൈന്യത്തിൽ നില്പോ-
നാരോ പാഞ്ചാലഗോത്രോത്ഭവ, നതിശിശുവോ
വൃദ്ധനോ താൻ യുവാവോ ?
ആരോ തൽക്കർമ്മമീക്ഷിച്ചവ, നടരിലെന്നി-
ക്കേലെയോ ശത്രു പാർത്താൽ
വീരോച്ചണ്ഡൻ; ക്രുധാഞാൻ തനിയെയുടനവ-
ക്കൊക്കെയും മൃത്യു ചേർപ്പൻ 88

അത്രയുമല്ല, അല്ലയോ പരശുരാമശിഷ്യനായ കർണ്ണ —
ജളാരിരുധിരങ്ങളാൽ ഹ്രദമുദിച്ചതിട്ടിക്കിലാ,—
ണിളാധവരിൽ നിന്നുതാൻ ജനകനാർന്ന കേശഗ്രഹം;
തിളങ്ങിയ മദസ്ത്രവും. രിപുഹതിക്കതേ മട്ടുതാൻ
തിളപ്പൊടിഹചെയ്യുവൻ പെരിയ രാമകൃത്യത്തെ
ഞാൻ 89

ദുര്യോധനൻ— ആചാര്യപുത്രാ, അപ്രകാരം അന്യന്മാർക്ക ചെയ്യാൻ വയ്യാത്തതായ അങ്ങയുടെ പരാക്രമത്തിന്നു മററന്താണു സാദൃശമായിട്ടുള്ളതു്?

കൃപൻ— രാജാവേ, വലുതായ യുദ്ധാരംഭത്തെ വഹിച്ചുകൊള്ളാമെന്നാണു് ഈ ദ്രോണപുത്രൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു്. അതിനാൽ ഞാനിങ്ങനെ വിചാരിക്കുന്നു: —

ഭവാൻ ചുമതലയേല്പിച്ചു് പുറപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ലോകത്രയത്തെയും നശിപ്പിക്കാൻ സമർത്ഥനായിത്തീരും. പിന്നെ യുധിഷ്ഠിരസൈന്യത്തിന്റെ കാര്യം.

പറയാനുണ്ടോ ? അതിനാൽ സേനാപതിയായി ഇദ്ദേഹ ത്തിനെ അഭിഷേകം ചെയ്യാല്ലം.

ദുര്യോധനൻ—നിങ്ങരം അഭിപ്രായപ്പെട്ടതു് നല്ലവ ണ്ണം യോജിക്കുമായിരുന്നു; എന്നാൽ ഈ സംഗതി അംഗ രാജാവിന്റെ കാര്യത്തിൽ മുമ്പിൽതന്നെ തീച്ചപ്പെടുത്തി പ്പോയി.

കൃപൻ—രാജാവേ, അവസാനമില്ലാത്ത പിതൃവധ സംഭൃതമായ ദുഃഖസമുദ്രത്തിൽ മുങ്ങിയിരിക്കുന്ന ഈ അശ്വത്ഥാമാവിനെ കർണ്ണനുവേണ്ടി ഉപേക്ഷിക്കുന്നതു യുക്തമല്ല. ഇയാരംകരം ആ ശത്രുകുലത്തെതന്നെ അനുശാ സിക്കേണ്ടിയിരിക്കുന്നു. അതിനാൽ അന്യനേ തൽസ്ഥാ നത്തിൽ നിയോഗിക്കുന്നതു് ഇയാരംക്ക സങ്കടമായിത്തീ രുന്നതല്ലയോ ?

അശ്വത്ഥാമാവു്—രാജാവേ, ഇപ്പോഴും യുക്തായുക്ത ങ്ങളാലോചിക്കുന്നതെന്തിനാണു് ?

സ്തോത്രത്താലുണരേണമട്ടിലവിടന്നീരാവുറങ്ങീടണം;
പാൎത്തട്ടിനു മുകുന്ദ-സോമക-പൃഥാസൂനുക്കളോടററുപോയ്;
ധൂൎത്താളും ബലികരംക്കെഴുന്ന സമരോദ്യോഗത്തെയുംനീ-
[ൎത്തുവാൻ
ഗോത്രാധീശമഹാദവീഗുരുഭരം നീങ്ങട്ടെയിബ്ഭ്രു
വിനും 90

കർണ്ണൻ—(ചിരിച്ചുകൊണ്ടു്) ഇതൊക്കെ പറയുന്ന തിനെളുപ്പമുണ്ടു്; പ്രവൎത്തിക്കുന്നതു പ്രയാസവുമാണു്, കൌരവസൈന്യത്തിൽ പലതരം ഈ പ്രവൎത്തിക്കു ശക്ത ന്മാരാണു്.

അശ്വത്ഥാമാവു്—അംഗരാജാ, അതു ശരിതന്നെ. ഈ കാൎയ്യത്തിൽ കൌരവസൈന്യത്തിലുള്ള പലരും ശക്തന്മാ രാണു്. എന്നാൽ ദുഃഖോപഹതനായ ഞാൻ ശോകസംഭ്ര മത്തിൽ അങ്ങനെ പറഞ്ഞുപോയതാണു്. അല്ലാതെ വീര ജനങ്ങളിൽ ആക്ഷേപംകൊണ്ടു പറഞ്ഞിട്ടുള്ളതല്ല.

കൎണ്ണൻ—മൂഢാ, ദുഃഖിക്കുന്നവനു കണ്ണുനീരൊലിപ്പി ക്കുന്നതുതന്നെ കൊള്ളാം. കോപമുള്ളവനാണെങ്കിൽ ആയു

ധത്തോടുകൂടി യുദ്ധഭൂമിയിലേക്കിറങ്ങുകയാണ വേണ്ടതു്, അല്ലാതെ ഈമാതിരി പ്രലാപവാക്കുകം ഉചിതങ്ങളല്ല.

അശ്വത്ഥാമാവു്—(ക്രോധത്തോടുകൂടി) എടാ,എടാ, രാധാഗർഭത്തിനു ഭാരമായിത്തീൎന്നവനേ, സൂതാധമാ, അശ്വത്ഥാമാവായ എനിക്കും ദുഃഖമുള്ളതിനാൽ ശസ്ത്രമെടുക്കാതെ അശ്രുക്കളെക്കൊണ്ടു പ്രതിക്രിയയെ ഉപദേശിക്കുന്നോ ? നോക്കൂ്—

മച്ചാപം ശക്തിമത്താണറിക; ഗുരു ശപി-
ച്ചുള്ള നിന്റേതുപോല;-
ല്ലർച്ചാപല്യത്തിൽ നിന്മട്ടടനെയടർവെടി-
ഞ്ഞിന്നു ഞാനോടിയില്ല;
ഇച്ഛയ്ക്കൊത്തന്യവംശസ്ഥവമറിയുമൊരാ-
സ്സൂതരിൽ ജാതനോ ഞാൻ ?
മച്ഛസ്ത്രംതന്നെ വൈരിവ്രജമൊടു പകരം
ചെയ്യു:-മശ്രുക്കളല്ല. 91

കർണ്ണൻ—(കോപിച്ചു്) എടാ; വായാടിക്കുട്ടി, വെറുതേ ശസ്ത്രഗ്രഹണത്തിൽ സാമൎത്ഥ്യമുണ്ടെന്നു ഭാവിക്കുന്നവനേ,—

പഞ്ചാസ്യവിക്രമമൊടൊത്തു രണത്തിനെത്തും
പാഞ്ചാലനിൽബ്ഭയമെഴും തവ താതനൊപ്പം
എൻചാപമുഗ്രബലമോ ബലമററതോ ഞാൻ
വൻചാപലത്തൊടു രണത്തിൽ വെടിഞ്ഞതില്ല. 92

അത്രയുമല്ല:-

ഏതവൻതന്നെ ഞാ,നാട്ടേ സൂതനോ സൂതപുത്രനോ,
ജാതി ദൈവേച്ഛപോലല്ലോ, ഖ്യാതിയെൻ പൌ-
രുഷത്തിനാൽ 93

അശ്വത്ഥാമാവു്— (ക്രോധത്തോടെ) എടാ, രഥകാരവംശത്തിനുകൂടി കളങ്കമുണ്ടാക്കുന്നവനേ, എടാ രാധാഗർഭത്തിനു ഭാരമായിട്ടു തീൎന്നവനേ, ആയുധങ്ങളിൽ പരിചയമില്ലാത്ത മൂഢാ, നീ താതനേക്കൂടി ആക്ഷേപിക്കുന്നോ! അല്ലെങ്കിൽ,—

മത്താതൻ ബഹുഭീരുവോ വീരതയോ
ലോകത്രയഖ്യാതിമാൻ;
തത്താദൃക്‌സമരപ്രവൃത്തിയറിവാ-
നക്ഷോണിഭാഗം മതി;
ശസ്ത്രം തത്ര വെടിഞ്ഞതേതുവിധമെ-
ന്നാസ്സത്യവാക്കാം പൃഥാ-
പുത്രൻ സാക്ഷി; രണത്തിൽ വൻഭയമെഴും
നീയപ്പൊളെട്ടിക്കിലോ ? 94

കൎണ്ണൻ—(ചിരിച്ചുകൊണ്ടു്) ഞാൻ ഇങ്ങനെ ഭീരുവാകട്ടെ; നീ പിന്നെ പരാക്രമശാലിയായ തന്റെ പിതാവിനെ അനുസ്മരിച്ചിട്ടു് എന്തു പ്രവൎത്തിക്കുമെന്നു ഞാനറിയുന്നില്ല; എനിക്കു വലിയ സംശയമായിരിക്കുന്നു. എടാ മൂഢാ-

വെടിഞ്ഞിതു നിജായുധം രണഭുവിരസ്സിലെന്നാൽ,സ്വയം
തടഞ്ഞിടുകവേണ്ടയോ രിപുചൊടിച്ചെടുത്തിടുകിൽ?
കടന്നു തലതച്ചിടുമ്പൊഴുതുമിന്നനങ്ങാതെയ-
പ്പടത്തറയിലായവൻ യുവതിപോലെ വാണില്ലയോ 95

അശ്വത്ഥാമാവു്—(ദ്വേഷ്യപ്പെട്ടു വിറച്ചുകൊണ്ടു്) ദുൎബ്ബുദ്ധേ രാജസേവകാ, സൂതാപസദാ, അസംബന്ധം പറയുന്നവനേ,—

ഭയന്നോ ദുഃഖിച്ചോ മമ ജനകനേതാകിലുമഹോ!
സ്വയം ധൃഷ്ടദ്യുമ്നോത്ഭടഗതി തടഞ്ഞില്ല; ശരിതാൻ:
ജയശ്രീ ദൎപ്പത്തോടമരുമൊരു നിൻ മൗലിയതിൽ ഞാ-
നയത്നം വാമാംഘ്രിത്തളിരുടനണപ്പൻ തടയുക. 96

(എന്നു് അപ്രകാരം ചെയ്‌വാനായി എഴുന്നേൽക്കുന്നു
കൃപനും ദുര്യോധനനും—വത്സാ, ക്ഷമിക്കു ക്ഷമിക്കു.
(എന്നു തടയുന്നു)

അശ്വത്ഥാമാവു്—(പാദപ്രഹാരത്തെ നടിക്കുന്നു)

കൎണ്ണൻ—(കോപത്തോടുകൂടി എഴുന്നേറ്റു വാൾ വലിച്ചെടുത്തു്) എടാ ദുൎബ്ബുദ്ധേ, ബ്രഹ്മബന്ധോ, തന്നത്താനെ പുകഴ്ത്തുന്നവനേ,—

വദ്ധ്യനല്ല മമ ജാതിയോൎത്തു നീ;
യുദ്ധദർപ്പമൊട്ട പൊക്കമിപ്പദം,
ഇദ്ധരോഷമുടനെൻെറ വാളിനാ-
ലിദ്ധരിത്രിയിലറുത്തു വീഴ്ത്തീട്ടം. 97

അശ്വത്ഥാമാവ്—എടാ മൂഢാ, ജാതികൊണ്ടാണോ ഞാനവധ്യനാകുന്നതു്? എന്നാൽ ഇതാ ജാതിയുപേക്ഷി ക്കുന്നു. (എന്നു് പൂണുനൂല്വ വലിച്ചുപൊട്ടിക്കുന്നു. പിന്നെയും ക്രോധത്തോടെ)

കൊല്ലും കൎണ്ണനെയെന്നാ-
ച്ചൊല്ലിനെ വിജയനു പാഴിലാക്കും ഞാൻ;
നില്ല രണത്തിനു നേരി-
ട്ട,ല്ലെന്നാലസ്ത്രമിട്ട കൈകൂപ്പൂ 98

(രണ്ടുപേരും വാളൂരി അന്യോന്യം പ്രഹരിക്കുന്നതിനായി തുടങ്ങുന്നു. കൃപനും ദുര്യോധനനും തടുക്കുന്നു.)

ദുര്യോധനൻ—ആചാര്യപുത്രാ, ആയുധമെടുത്തിട്ടാവശ്യമില്ല,

കൃപൻ—വത്സാ, കൎണ്ണാ, ആയുധമെടുത്തിട്ടാവശ്യമില്ല

അശ്വത്ഥാമാവ്—അമ്മാവാ അമ്മാവാ? അങ്ങെന്തിനു തടുക്കുന്നു, അച്ഛനേ സാമൎത്ഥ്യത്തോടുകൂടി നിന്ദിക്കുന്ന ഈ സൂതാധമനും ധൃഷ്ടദ്യുമ്നൻെറ പക്ഷപാതി തന്നെ.

കൎണ്ണൻ—രാജാവേ, എന്നെത്തടയരുതേ,—
ബലശാലികാം പോട്ടെയെന്നുപേക്ഷാ-
ഫലമായിട്ട വെടിഞ്ഞ മൂഢരേവം
നിലവിട്ടു ഭയന്നിടാതെ മോഹാൽ
തലയിൽ കേറിടുവാൻ തുടങ്ങുമല്ലോ. 99

അശ്വത്ഥാമാവ്—രാജാവേ, ഇവനെ വിട്ടേയ്ക്കണം; ഇവൻ എൻെറ ഭുജങ്ങളുടെ ഇടയിൽ അകപ്പെട്ടു ഞെരിഞ്ഞു പ്രാണനാശത്തെ പ്രാപിച്ചുകൊള്ളട്ടെ. അത്രയുമല്ല, രാജാവേ; സ്നേഹം കൊണ്ടോ വല്ലകാര്യവുമുദ്ദേശിച്ചോ താതനേ അധിക്ഷേപിച്ച ഈ ദുർബുദ്ധിയേ അങ്ങു് എന്നിൽനിന്നു രക്ഷിപ്പാനിച്ഛിക്കുന്നു എങ്കിൽ ആ രണ്ടു കാര്യവും വെറുതെതന്നെയാണു്. കണ്ടാലും:-

ഗുണനിധി ശശിവംശോൽഭൂതന-ങ്ങേദസ്സുനന്നോ
പ്രണയ,മധമസൂതോൽപ്പന്നനാം പാപിതന്നിൽ
തനിയെ വിജയനേ ഞാൻ കൊന്നിടാം കർണ്ണകുന്തീ-
തനയരഹിതമാക്കിപ്പാരുഞാൻ തീർക്കുമിപ്പോൾ.

(എന്നു് പ്രഹരിപ്പാനായി ഇച്ഛിക്കുന്നു)

കർണ്ണൻ—(വാളോങ്ങിക്കൊണ്ടു്) എടാ വായാടിയായ ബ്രാഹ്മണാധമാ, നിന്റെ കാര്യം തീർന്നു. രാജാവേ, എന്നെ വിടണം വിടണം, എന്നെത്തടുക്കരുതു്. (കൊല്ലാനായി തുടങ്ങുന്നു)

(ദുര്യോധനനും കൃപനും തടുക്കുന്നു)

ദുര്യോധനൻ—അല്ലയോ കർണ്ണാ, അല്ലയോ ഗുരുപുത്രാ; നിങ്ങൾക്കിപ്പോളെന്താണിങ്ങനെയൊരു ഭ്രമം വന്നിരിക്കുന്നതു്?

കൃപൻ—വത്സാ, ഇവിടെ പ്രകൃതം വേറെയൊന്നു്; മറെറാരിടത്തു് പ്രവൃത്തി. ഇങ്ങനെ ഇതെന്തൊരു വ്യാമോഹമാണു്? ഈ സമയത്തു് ഈ രാജകുലത്തിനു നിങ്ങളിൽനിന്നുതന്നെ സ്വബലവ്യസനമുണ്ടാകുന്നു എന്നതു് ദുർഘടമാണല്ലോ.

അശ്വത്ഥാമാവു്—മാതുലാ; കർണ്ണകഠോരമായി പ്രലപിക്കുന്ന ഈ സൂതകുലാധമന്റെ ദർപ്പത്തെ ശമിപ്പിക്കുന്നതിനു് അവസരം ലഭിക്കയില്ലയോ?

കൃപൻ—വത്സാ, നിജസൈന്യങ്ങളിൽ പ്രധാനികളോടുള്ള വിരോധത്തിനു് ഈ കാലം യോജിക്കുന്നതല്ല.

അശ്വത്ഥാമാവു്—മാതുലാ; അങ്ങനെയാണെങ്കിൽ—
പാപാത്മാവാമിവനരിശരം-
കൊണ്ടു ചാകുംവരസ്സും
ചാപാസ്ത്രൗഘം രണഭുവി തൊടി-
ല്ലിഷ്ടമെന്നാലുമീ ഞാൻ;
കോപത്തോടാപ്പവനസുതനും
പാർത്ഥനും പാഞ്ഞടുക്കെ-

ബ്ഭ്രുപൻ സേനാപതിസഖബലം
കണ്ടു ബോധിച്ചിടട്ടേ. 101

(എന്നു് വാളിനെ ഉപേക്ഷിക്കുന്നു)

കർണ്ണൻ—(ചിരിച്ചുകൊണ്ടു്) നിങ്ങളുടെ കൂട്ടുകാർക്കു് അസ്ത്രമുപയോഗിക്കുന്നതു കുലപാരമ്പര്യമായിത്തന്നെ ഇരിക്കുന്നു.

അശ്വത്ഥാമാവു്—എടാ, നിങ്ങളുടെ കൂട്ടാളിമാർ ആയുധമുപേക്ഷിച്ചില്ലെങ്കിലും, പ്രയോജനമില്ലാത്തതിനാൽ വളരെ മുമ്പിലേ ഉപേക്ഷിച്ചമട്ടുതന്നെയാണു്.

കർണ്ണൻ—എടാ മൂഢാ,

ഞാനാത്തവീര്യമൊടു ശസ്ത്രമെടുത്തണഞ്ഞാൽ
നാനാസ്ത്രസന്തതികളെന്തിനുപിന്നെ വേറെ?
ഈ നാം വഹിപ്പൊരു മഹായുധമൊന്നുകൊണ്ടു
താനായിടാത്തിലതു മാനവസാധ്യമല്ല 102

(അണിയറയിൽ)

ഹേ എടാ ദുർബുദ്ധേ; പാഞ്ചാലിയുടെ കേശാംബരങ്ങളെ പിടിച്ചു വലിച്ചതിനാൽ മഹാപാപിയായ ധാർത്തരാഷ്ട്രാധമാ, വളരെക്കാലമായിട്ടാണല്ലോ നീ എന്റെ മുമ്പിൽ വരാനിടയായതു്. ക്ഷുദ്രപശോ; നീ ഇപ്പോഠം എവിടെപ്പോകുന്നു? അത്രയുമല്ല; ഭോ ഭോ. കർണ്ണൻ, ദുര്യോധനൻ, ശകുനി തുടങ്ങിയപാണ്ഡവദ്വേഷികളായ മാനധനന്മാരേ പാപപാണികളായ നിങ്ങഠം കേട്ടാലും:-

ഗോത്രാധീശരുമഗ്ഗുരുക്കളുമെഴും
സംഘത്തിൽ വെച്ചേതു ദുർ-
വൃത്താഗ്ര്യൻ പിടിപ്പെട്ടഴിച്ചു കചവും
പാഞ്ചാലിതൻ ചേലയും,
അത്രാസം തന്നു കീറിയാരുടെ നിണം
ഭക്ഷിപ്പാനെന്നോതി ഞാൻ,
ധൂർത്താത്മാവവനാന്നു മൽഭുജമതിൽ
കൌരവർ കാത്തീടുവിൻ, 103

അശ്വത്ഥാമാവ്— (പരിഹാസമായി) അംഗരാജ, സേനാപതേ, പരശുരാമശിഷ്യാ, ദ്രോണനേ പരിഹസിക്കുന്നവനും ഭുജബലത്താൽ സകലലോകത്തേയും രക്ഷിക്കുന്നവനുമായ നീ, (''ഞാനാത്തവീര്യമൊട്ടശസ്ത്രമെടുത്തണഞ്ഞാൽ'' എന്ന പദ്യം ചൊല്ലിട്ട്) എന്നു് വമ്പു പറഞ്ഞല്ലോ ആ പ്രവൃത്തി ഇപ്പോഴം അടുത്തുതന്നെ വന്നിരിക്കുന്നു. ഇപ്പോഴം ഭീമസേനനിൽ നിന്നു് ദുശ്ശാസനനേ രക്ഷിക്കുക.

കർണ്ണൻ:—ആഹാ!ഞാൻ ജീവിച്ചിരിക്കുമ്പോഴം ദുശ്ശാസനൻെറ നിഴൽക്കൂടിത്തൊടുന്നതിനു എന്തു ശക്തിയാണുള്ളതു്? യുവരാജാവേ, ഭയപ്പെടേണ്ട ഭയപ്പെടേണ്ട; ഇതാ ഞാൻ വന്നു കഴിഞ്ഞു.

(എന്നു പോയി)

അശ്വത്ഥാമാവു്—രാജാവേ, കൌരവശ്രേഷ്ഠാ, ഇപ്പോഴം ഭീഷ്മദ്രോണന്മാരില്ലാതെയിരിക്കുന്ന കൌരവസൈന്യത്തെതക ത്തുടങ്ങിയിരിക്കുന്നഭീമാജ്ജുനന്മാരേ തടുക്കുന്നതിനു് രാധേയനോ അവനെപ്പോലെയിരിക്കുന്ന മറെറാരുത്തനോ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാൽ അവിടന്നുതന്നെ സഹോദരനെ സഹായിക്കുന്നതിനുപുറപ്പെടണം.

ദുര്യോധനൻ—ആഹാ? ഞാൻ ആയുധപാണിയായിട്ടു ജീവിച്ചിരിക്കുമ്പോഴം ദുരാത്മാവായ ഭീമസേനനോ മറെറാരുത്തനോ വത്സൻെറ ഛായയേക്കൂടി ആക്രമിക്കുന്നതിനു് ശക്തിയുണ്ടാകുന്നതല്ല. വത്സാ, ഭയപ്പെടേണ്ട ഭയപ്പെടേണ്ട, ആരവിടേ? തേരുകൊണ്ടുവരട്ടേ.
(എന്നു് പോയി)

(അണിയറയിൽ കോലാഹലം)

അശ്വത്ഥാമാവ്— (സംഭ്രമത്തോടുകൂടി) മാതുലാ, കഷ്ടം! കഷ്ടം! ! ജ്യേഷ്ഠൻെറ പ്രതിജ്ഞാഭംഗത്തെ ഭയപ്പെട്ടു അജ്ജുനൻ ശരവർഷങ്ങളെക്കൊണ്ടു് കർണ്ണദുര്യോധനന്മാരെ ഒരുമിച്ചു പുറകോട്ടുമാററുന്നു. എല്ലാവിധത്തിലും

ഭീമൻ ദുശ്ശാസനന്റെ രുധിരം കുടിച്ചിരിക്കണം. ദുര്യോധനാനുജന്റെ ഈ ആപത്തു കാണുന്നതിന് എനിക്കു ക്ഷമയില്ലാതിരിക്കുന്നു. സത്യഭംഗമാണെങ്കിലായ്ക്കൊള്ളട്ടെ, മാതുലാ ആയുധം ആയുധം-

സത്യത്തിലും കൈതവമിന്നു കൊള്ളാം;
സ്വർഗ്ഗത്തിനേക്കാം നരകം പ്രിയം മേ;
അസ്ത്രം വെടിഞ്ഞുള്ളതെടുത്തു ഭീമ-
വിത്രസ്തദുശ്ശാസനനെത്തുണപ്പേൻ, 104

(എന്ന് വാളെടുക്കാൻ തുടങ്ങുന്നു.)

(അണിയറയിൽ)

മഹാത്മാവായ ഭരദ്വാജസൂനോ, അങ്ങ് സത്യവചനത്തെ ലംഘിക്കരുത്.

കൃപൻ:—വത്സാ; അശരീരിവാക്ക് ഭവാനെ അസത്യത്തിൽ നിന്നുമഭിരക്ഷിക്കുന്നു.

അശ്വത്ഥാമാവ്—എന്ത്! ഈ അമാനുഷവാക്ക് എന്റെ യുദ്ധഭൂമിയിലേയ്ക്കുള്ള യാത്രയെ സമ്മതിക്കുന്നില്ലയോ! എല്ലാവിധത്തിലും ദേവന്മാർ പാണ്ഡവപക്ഷപാതികളാണ്. ഹാ കഷ്ടമായിത്തീൎന്നല്ലോ;

ചൊടിച്ച ദുശ്ശാസനശോണിതത്തെ-
കുടിച്ചനേരത്തുമനങ്ങിടാതെ
മടിച്ചു ഞാനാജിയിലെന്തുവേറേ
നടത്തിടും കൌരവരാട്ടിനിഷ്ടി? 105

മാതുലാ, കർണ്ണനോടു ദേഷ്യപ്പെട്ട് ഞാൻ പ്രവർത്തിച്ചതു തെററിപ്പോയി. അതിനാൽ അങ്ങുകൂടി ഈ രാജാവിന്റെ സഹായിയായിച്ചെല്ലുക

കൃപൻ-ഞാൻരാജസമീപത്തിലേക്കു യുദ്ധത്തിനായി പോകുന്നു; പടവീടിനടുത്തു പോയിരിക്കുക.

[ചുററിനടന്നു രണ്ടുപേരും പോയി)

# അഞ്ചാമങ്കം

[അനന്തരം പ്രഹാരത്താൽ മൂർച്ഛിച്ച് തേരിൽവീണു കിടക്കുന്ന ദുര്യോധനനെ വഹിച്ചുകൊണ്ടു് സൂതൻ പ്രവേശിച്ചു് പരിഭ്രമത്തോടുകൂടി ചുററിനടക്കുന്നു]

(അണിയറയിൽ)

അല്ലയോ, ബാഹുബലത്താൽ പ്രവൎത്തിക്കപ്പെട്ടിരിക്കുന്ന മഹാസമരത്തിന്റെ സമരാരംഭത്തോടുകൂടിയവരായി കൌരവന്മാരിലുള്ള പക്ഷപാതത്താൽ പ്രാണങ്ങളാകുന്ന ദ്രവ്യങ്ങളേക്കൂടി പണയം വെച്ചവരായ രാജാക്കന്മാരേ, മാറുപിളൎന്നു് ദുശ്ശാസനന്റെ രുധിരത്തെ പാനം ചെയ്തതിൽ അവശിഷ്ടഭാഗത്താൽ വപുസ്സുമുഴവൻ രക്തീകൃതമാക്കി ബീഭത്സവേഷത്തോടുകൂടിയ ഭീമനെക്കണ്ടു ഭയന്നു് ആയുധങ്ങളേയുമുപേക്ഷിച്ചോടുന്ന സൈന്യങ്ങളെ തടുത്തു സമാശ്വാസിപ്പിച്ചാലും.

സൂതൻ— (നോക്കീട്ടു്) ഓഹോ! ഇളക്കിക്കൊണ്ടിരിക്കുന്ന വെളുത്ത ചാമരങ്ങളോടുകൂടിച്ചേൎന്ന കനകകമണ്ഡലു അഗ്രഭാഗത്തിൽ കെട്ടിമുറുക്കിയിരിക്കുന്ന കൊടിക്കൂറയാൽ സൂചിപ്പിക്കപ്പെട്ടതായി കൊല്ലപ്പെട്ടു കിടക്കുന്ന ആനകളുടേയും കുതിരകളുടേയും ശരീര സഹസ്രങ്ങളിൽ തട്ടിമുട്ടി നിൎഗ്ഗമിക്കുന്നതിനാൽ 'കിലുകിലു'ക്കിലുങ്ങുന്ന കിങ്കിണികളോടു കൂടിയതായ തേരിൽ നിന്നുകൊണ്ടു് ശരങ്ങളെ വൎഷിച്ചു; ശത്രുസംഘങ്ങളുടെ പരാക്രമ പ്രകടനത്തെ നിശ്ശേഷം നിരാകരിച്ചുകൊണ്ടും ഓടിപ്പോകുന്ന കുരു സൈന്യത്തെ ആശ്വാസിപ്പിച്ചുകൊണ്ടും ഈ കൃപൻ അൎജ്ജുനനാൽ എതിൎക്കപ്പെട്ടിരിക്കുന്ന അംഗരാജന്റെ അരികത്തേയ്ക്കു വരുന്നു. ഏതായാലും ഞങ്ങളുടെ സൈന്യങ്ങൾക്കു് അവലംബമുണ്ടായി.

(അണിയറയിൽ കളകളശബ്ദത്തിന്റെ ശേഷം)

ഭോ! ഭോ!! എന്നെക്കണ്ടു ഭയപ്പെട്ടു വില്ലുവാളു തുടങ്ങിയ സകല ആയുധങ്ങളേയും ഉപേക്ഷിച്ചവരായ കൌ

രവസേനാ ഭടന്മാരേ, പാണ്ഡവ പക്ഷപാതികളായ യോധന്മാരേ ഭയപ്പെടേണ്ട ഭയപ്പെടേണ്ട; നിഹതനായ ദുശ്ശാസനൻെറ തടിച്ച മാറിടത്തിലെ ചോരകുടിച്ചു് മദോദ്ധതനായി വേഗത്തിൽ പുറപ്പെട്ടു് അല്പംകൂടി ബാക്കിയുള്ള പ്രതിജ്ഞയെ സാധിക്കേണ്ടവനായി കൌരവരാജൻെറ ചൂതിൽ തോററു ദാസനായിത്തീൎന്ന പൃഥാപുത്രമദ്ധ്യമനാകുന്ന ഈ ഭീമസേനൻ നിങ്ങളെ എല്ലാവരേയും സാക്ഷിയാക്കുന്നു; കേട്ടാലും —

വൻപികളം മാനി ചാപത്തൊടു മരുവുമൊരു—
ദ്ധാൎത്തരാഷ്ട്രേശിതാവിൻ!
മൂമ്പിൽ തൽബ്ബന്ധു, ശല്യക്ഷിതിപനുമവിടെ—
ക്കണ്ടുനം നോക്കിനില്ക്കേ
ദംഭത്താൽ ദ്രൌപതിക്കുള്ളൊരുമുടി തുകിലും
തച്ചഴിച്ചുന്മദത്താൽ
ജൃംഭിച്ചോരാക്ഖലൻതൻ ചുടുനിണമുടനേ
മാറുകീറിക്കുടിച്ചേൻ. 106

സൂതൻ—(കേട്ടിട്ടു് ഭയത്തോടുകൂടി) എന്തു്! ദുൎബ്ബുദ്ധിയായ ദുൎയ്യോധനാദികളാകുന്ന മഹാവനങ്ങൾക്കു് ഉൽപാതമാരുതനായ മാരുതി ഇവിടെ അടുത്തുവന്നുകഴിഞ്ഞോ! മഹാരാജാവിനു് ഇതുവരെയും ബോധം വന്നിട്ടുമില്ല. ആകട്ടെ തേരു ദൂരത്തിൽ കൊണ്ടുപോകാം. ഒരു വേള ദുശ്ശാസനനിൽ ചെയ്തതുപോലെ ആ ദുഷ്ടൻ മഹാരാജാവിലും അക്രമം പ്രവൎത്തിച്ചേക്കും. (വേഗത്തിൽ പുറകോട്ടുനോക്കീട്ടു്) ഇതാ താമരപ്പൊയ്കകളിലെ പൂക്കളിൽ തട്ടി സൌരഭ്യത്തോടും തണുപ്പോടും കൂടിയ കാററു തലോടിക്കൊണ്ടിരിക്കുന്ന തളിരുകൾ നിറഞ്ഞതായ ഒരു അരയാൽ വൃക്ഷം; ഇതിൻെറ ചുവട്ടിൽ വിശ്രമിക്കുന്നതു് രണകൃത്യങ്ങളാൽ തളൎന്നിരിക്കുന്ന വീരന്മാൎക്കുചിതമായിരിക്കും. ഇവിടെ ഇരുന്നു് താലവൃന്തത്തേ അപേക്ഷിക്കാതെ താനേ പുറപ്പെടുന്നതായും ചന്ദനക്കുഴമ്പുപോലെ തണുപ്പുള്ളതായും സ്വതേതന്നെ സൌരഭ്യമുള്ളതായും ഈ ക്ഷീണാവസ്ഥയ്ക്കു് അനുസരിച്ചതായുമുള്ള താമരപ്പൊയ്കയിലെ

കാറേററു ശ്രമം തീർക്കുന്നതു് മഹാരാജാവിനെളുപ്പമുള്ളതാണു്. കൊടിമരമൊടിഞ്ഞതുകൊണ്ടു് ഈ തേരു് തടവുകൂടാതെ തണലിലേക്കു കയറിപ്പോകയും ചെയ്യും. (പ്രവേശത്തെ നടിച്ചിട്ടു്) ആരു് ആരവിടെ? (ചുററും നോക്കി) എന്തു്! ഇവിടെ പരിജനങ്ങളാരുമില്ലയോ? ആളുകളൊക്കയും അപ്രകാരമുള്ള ഭീമനെ കണ്ടതുകൊണ്ടും ഈ വിധത്തിലുള്ള രാജാവിനെ ഭയപ്പെട്ടും പടവീടിലേയ്ക്കു തന്നെ നിശ്ചയമായി പുറപ്പെട്ടിരിക്കും. വളരെ കഷ്ടമായിത്തീന്നിരിക്കുന്നു.

പോററിടാൻ ദ്രോണനേററും വിജയനിഹതനായ്
　　തീൻ സിന്ധുക്ഷിതീന്ദ്രൻ,
ക്രൂററൻവ്യാഘ്രം മൃഗത്തിൽപ്പടി പവനസുതൻ
　　ഹന്ത! ദുശ്ശാസനങ്കൽ
പററിച്ചു ഘോരകൃത്യം, രിപുവിനു കഴിയാ-
　　തുള്ളകൃത്യങ്ങൾ ചേത്തും
പെററും ദൈവം തെളിഞ്ഞില്ലിഹ കുരുനൃവര-
　　ന്മാരിലിന്നിത്രകൊണ്ടും. 107

(രാജാവിനെ നോക്കി) അയ്യോ! ഇപ്പോഴും മഹാരാജാവിനു ബോധമുണ്ടായില്ലെന്നോ? കഷ്ടം! (നിശ്വസിച്ചുകൊണ്ടു്)

മദകരി കടന്നെങ്ങും നാശം
　　നടത്തിയൊരൊററയാം
പെരിയതരുതാൻ ശേഷിച്ചീടും
　　വനത്തിനൊടൊപ്പമായ്
സകല നൃപരും ചത്തീമട്ടിൽ
　　ത്തുലഞ്ഞകുലത്തിലാ
വിധിയുടെ കടുംകണ്ണിന്നെങ്ങും
　　ജനേശ്വര, പാത്രമായ്, 108

അല്ലയോ, ഭ്രാതകുലത്തോടു വൈമുഖ്യമുള്ള ദുഷ്ടദൈവമേ-
　ക്ഷതിയേത്തുമേററു ഗദകൈയ്യിലാന്നിട്ടും
　മതിശങ്കവിട്ട ധൃതിമാൻ വൃകോദരൻ
　അതിസാഹസത്തൊടിനിയുള്ള സത്യവും
　ഹതദൈവ, നിൻെറ തുണയോർന്നു ചെയ്യുമോ? 109

ദുര്യോധനൻ—(പെട്ടെന്നു മോഹാലസ്യം നീങ്ങി) അഹഹാ! ദുർബുദ്ധിയായ ഭീമസേനന്നു് ദുര്യോധനനായ ഞാൻ ജീവിച്ചിരിക്കുമ്പോൾ സത്യത്തെ നടത്തുന്നതിന്നു ശക്തിയുണ്ടാകുമോ? വത്സ ദുശ്ശാസനാ, ഭയപ്പെടരുതു് ഭയപ്പെടരുതു്, ഇതാ ഞാൻ വന്നുകഴിഞ്ഞു. സൂതാ എന്റെ വത്സനായ ദുശ്ശാസനൻ നില്ക്കുന്ന സ്ഥലത്തേയ്ക്കു തേരു കൊണ്ടുപോകുക.

സൂതൻ—ആയുഷ്മൻ, ഈ കുതിരകൾക്കു് അങ്ങേ തേരു വഹിക്കുന്നതിന്നു് ഇപ്പോൾ ശക്തിയില്ലാതായിരിക്കുന്നു. (സാവധാനമായി) മനോരഥത്തെ വഹിക്കുന്നതിന്നും.

ദുര്യോധനൻ—(തേരിൽനിന്നിറങ്ങി ഗർവ്വോടും ആലോചനയോടും കൂടി) തേരിൽ കയറി കാലതാമസം വരുത്തീട്ടാവശ്യമില്ല.

സൂതൻ—(വൈലക്ഷ്യത്തോടും ദൈന്യത്തോടുംകൂടി) ദേവൻ പ്രസാദിക്കണേ പ്രസാദിക്കണേ!

ദുര്യോധനൻ—ഛീ! പോടാ, തേരെന്തിന്നു്? ഞാൻ തനിയേ ശത്രുക്കളോടെതിർത്തു യുദ്ധഭൂവിൽ സഞ്ചരിക്കുന്ന ദുര്യോധനനാണു്; അതിനാൽ ഞാൻ ഗദമാത്രം എടുത്തു കൊണ്ടു പടക്കളത്തിലേയ്ക്കു പോകുന്നു.

സൂതൻ—സ്വാമിൻ, അതങ്ങനെതന്നെയാണു്.

ദുര്യോധനൻ—അങ്ങനെയാണെങ്കിൽ നീ എന്താണു് ഈ വിധം പറയുന്നതു്? നോക്കു:—

മുന്നിൽവച്ചു മൂഢശീലനായ മമ സോദ
രന്റെ തനു മർദ്ദന-
ത്തിന്നു പാപി ഗദ കൈയിലേന്തുമവനന്നു
ഹന്ത! തുടരും വിധൗ
ചെന്നുകേറിയതു മാററിടാൻ തുനിയുമെന്നെ
യെന്തു തടയുന്നു നീ?
നന്ദിയില്ല; തവ കോപമില്ല; കൃപ തെല്ലു-
മില്ല ഹൃദി ലജ്ജയും. 110

സൂതൻ—(വ്യസനത്തോടുകൂടി കാൽക്കൽ വീണിട്ടു്) അയ്യോ! അടിയൻ തിരുമനസ്സറിയിക്കാം; ആയുഷ്മൻ

ദുർബുദ്ധിയായ ദുഷ്ടവൃകോദരൻ പ്രതിജ്ഞ സാധിച്ച് ഇപ്പോഠം തിരികെപ്പോയിരിക്കണം. അതിനാലാണ് ഇങ്ങനെ ഉണർത്തിച്ചതു്.

ദുര്യോധനൻ—(വേഗത്തിൽ ഭൂമിയിൽ വീണിട്ട്) അയ്യോ വത്സദുശ്ശാസനാ, അയ്യോ! എനിക്കുവേണ്ടി പാണ്ഡവന്മാരുമായി വിരോധം സമ്പാദിച്ചവനേ, അയ്യോ! ശത്രുകുലമാകുന്ന ആനക്കൂട്ടത്തിന് മൃഗേന്ദ്രനായിട്ടുള്ളവനേ അല്ലയോ യുവരാജാ നീ എവിടെപ്പോയി! എന്നോടുത്തരം പറയണേ! !

(എന്നു ദീർഘശ്വാസം വിട്ടു മൂർച്ഛിച്ചു വീഴുന്നു)

സൂതൻ—രാജാവേ, സമാശ്വസിക്കണേ സമാശ്വസിക്കണേ!

ദുര്യോധനൻ—(ബോധംവീണു നിശ്വാസം ചെയ്തുകൊണ്ട്)

ജ്യേഷ്ഠപ്പേരും, സഹജ, വെറുതേ പൂണ്ടുനിന്നേസ്സുഖിപ്പാ-
നിഷ്ടംപോലിങ്ങിവനനുവദിച്ചില്ല, ലാളിച്ചുമില്ല,
പെട്ടെന്നീമട്ടയി! തവ വിപത്തിന്നു ഞാൻ ഹേതുഭൂതൻ
സ്പഷ്ടം ചെയ്യിച്ചിതു ദുരിതമപ്പാലനം ചെയ്തുമില്ല 111

(എന്നു വീഴുന്നു)

സൂതൻ—ആയുഷ്മൻ, സമാശ്വസിക്കണേ സമാശ്വസിക്കണേ!

ദുര്യോധനൻ—ഛീ! എടാ ധൂർത്താ, നീ എന്താണു പ്രവർത്തിച്ചതു്?

രക്ഷിച്ചീടേണ്ടുമവനായ് പ്രിയബാലനാമെൻ
സാക്ഷാൽ സഹോദരനതീവ ഹിതാനുവർത്തി
രൂക്ഷത്വമോടുമവനേബ്ബലി ചെയ്തുടൻ നീ
ഹൃൽക്ഷോഭഹേതു മമ രക്ഷണമാചരിച്ചു. 112

സൂതൻ— മർമ്മഭേദികളായ മഹാരഥന്മാരുടെ ശരം; തോമരം, ശക്തി, പ്രാസം തുടങ്ങിയ അസ്ത്രങ്ങളെക്കൊണ്ടു തളർന്ന മഹാരാജാവ് ചൈതന്യമില്ലാത്തവനായിത്തീന്നു എന്നുദ്ദേശിച്ചാണു ഞാൻ തേരു തിരിച്ചുകൊണ്ടു പോകുന്നതു്.

ദുര്യോധനൻ—സൂതാ, നീ ചെയ്തതു നന്നായില്ല,—
മോഹാലസ്യമഹോ! മദീയ സഹജ-
പ്രദ്വേഷി ഭീമൻ മദി-
ച്ചഹോ! ചേർത്ത ഗദാവിഘട്ടനരവം
കൊണ്ടും വെടിഞ്ഞില്ലഞാൻ,
സ്നേഹം വിട്ടതിനാൽ മരുത്തനയനോ
ഞാനോപതിച്ചില്ല, ത-
ദ്ദേഹം മൽസഹജൻ വെടിഞ്ഞ രണഭൂ-
വിൽത്തന്നെ രക്താർദ്രരായ് 113

(നിശ്വസിച്ചിട്ട് ആകാശത്തേയ്ക്കുനോക്കി) കൃപാരഹിത നായി ഭരതകുലത്തോട വൈമുഖ്യമുള്ളവനായ അല്ലയോ ഹതവിധേ,

ഹന്ത! മൃത്യു നമുക്കില്ലേ? ഹന്താവല്ലോ വൃകോദരൻ;

സൂതൻ—പാപമില്ലാതറകട്ടെ പാപമില്ലാതാകട്ടെ! മഹാരാജാവേ. ഇതെന്താണു കല്പിക്കുന്നതു്!

ദുര്യോധനൻ—

എന്തിനോ രാജ്യവിജയം ബന്ധുഘാതകനായമേ? 114

(അനന്തരം ശരപ്രഹാരങ്ങളേററു വളരെ മുറിവുകളോ ടുകൂടിയ സുന്ദരകൻ പ്രവേശിക്കുന്നു)

സുന്ദരകൻ—ആര്യന്മാരേ, നിങ്ങഠം സാരഥിയോടു കൂടിയ മഹാരാജാവു് ദുര്യോധനനേ ഇവിടെ കണ്ടോ ഇല്ലയോ? (ആലോചിച്ചിട്ടു്) എന്താണു് ഒരുത്തനും ഒന്നും പറയുന്നില്ലല്ലോ. ആകട്ടെ; ഒരുക്കത്തോടുകൂടിയ പുരുഷ ന്മാരുടെ ഒരു കൂട്ടം കാണുന്നു. അവിടെപ്പോയി ചോദി ക്കാം. (ചുററിനടന്നു നോക്കീട്ടു്) ഓഹോ ഇവരാകട്ടെ ഗാഢപ്രഹരത്താൽ മൂർഛിച്ചുപോയ സ്വാമിയുടെ കൂട്ട യുദ്ധത്തിൽ പെട്ടതിനാൽ മുറിഞ്ഞുപോകാത്ത മുനയുള്ള ബാണങ്ങളെക്കൊണ്ടു് ഉള്ളിൽ തറച്ചു കേറിയിരിക്കുന്ന ഉടക്കുളിയമ്പുകളെ ഇളക്കിയൂരുന്നു. അതിനാൽ ഇവർ ഒന്നും അറിഞ്ഞിരിക്കയില്ല. ആട്ടെ വേറെഅന്വേഷിക്കാം (മുമ്പിലേക്കു നോക്കി കുറഞ്ഞൊന്നു ചുററിനടന്നിട്ടു്) ഇവിടെ മററു പല വീരപുരുഷന്മാർ കൂട്ടംകൂടി കാണപ്പെ ടുന്നല്ലോ. അതിനാൽ അടുത്തുപോയി ചോദിക്കാം (അ

ട്ടത്തു ചെന്നിട്ട്) അല്ലയോ, നിങ്ങൾക്ക മഹാരാജാവ് ഏതു ദിക്കിലിരിക്കുന്നുവെന്നറിയാമോ? എന്താണ് ഇവരും എന്നെനോക്കി അധികം കരയുന്നതു്? (നോക്കീട്ട്) ഇവരും ഒന്നും അറിയുന്നവരല്ല! കഷ്ടം! ഇവിടെ വളരെ സങ്കടമായിട്ടുള്ള സ്ഥിതിയാണു്. ഈ വീരമാതാവു മകൻ യുദ്ധത്തിൽ മരിച്ചു എന്നു കേട്ടിട്ട് ചുമന്ന പട്ടുടുത്തവളും സകല ഭൂഷണങ്ങൾ ധരിച്ചിരിക്കുന്നവളുമായ വധുവിനോടുകൂടി അനുമരണം ചെയ്യാൻ തുടങ്ങുന്നു (ബഹുമാനിച്ചുകൊണ്ടു്) നന്നു് വീരമാതാവേ നന്നു്, ഭവതി അന്യജന്മത്തിലെങ്കിലും പുത്രമരണത്തെ അനുഭവിക്കുന്നവളായി തീരരുതു്. ആകട്ടെ മറെറാരിടത്തു പോകാം. (അന്യദിക്കിലേക്കു നോക്കീട്ടു്) ഇവിടെ ആയുധങ്ങളെക്കൊണ്ടു ദേഹങ്ങളിൽ പല മുറിവുകളേറ്റുകൂടിയും വ്രണങ്ങൾ വെച്ചുകെട്ടാതെയുമിരിക്കുന്ന വേറെ ഒരു ഭേള്ളട്ടം പുറത്തിട്ടിരിക്കുന്ന വിരിപ്പു പൊയ്പ്പോയ കുതിരയുടെ അടുത്തുനിന്നു കരയുന്നു. ഇവരുടെ സ്വാമിയെ ഇവിടെവച്ചുതന്നെ തീർച്ചയായി കൊന്നിരിക്കണം. അതിനാൽ ഇവരും ഒന്നുമറിയുന്നവരല്ല. ആട്ടെ, മറെറാരിടത്തുപോയി ചോദിക്കാം. (ചുററും നോക്കീട്ട്) എന്തു്! എല്ലാ ജനങ്ങളും അവസ്ഥാനുരൂപമായ വ്യസനത്തെ അനുഭവിച്ചുകൊണ്ടു് ഭാഗ്യക്ഷയവിനാൽ തളർന്നവരായിട്ടിരിക്കുന്നു. അതിനാൽ ഇവിടെ ആരോടാണു ചോദിക്കേണ്ടതു്? ആരേയാണു് നിന്ദിക്കേണ്ടതു്? ആകട്ടെ; താനെതന്നെ ഇവിടെ അന്വേഷിക്കാം. (ചുററിനടന്നിട്ടു്) ഇപ്പോൾ ദൈവത്തെ നിന്ദിക്കുന്നുണ്ടു്. അല്ലയോ ദൈവമേ, പതിനൊന്നക്ഷൌഹിണികളുടെ ഭ്രാതൃശതത്തിൻെറ ജ്യേഷ്ഠനായും ഭീഷ്മൻ-ദ്രോണൻ-കർണ്ണൻ-കൃപൻ-ശല്യൻ-കൃതവർമ്മാവു്-അശ്വത്ഥാമാവു് തുടങ്ങിയ രാജചക്രത്തിൻേറയും സകല പൃഥ്വീമണ്ഡലത്തിൻേറയും ഏകനാഥനായും ഇരിക്കുന്ന മഹാരാജാവും അന്വേഷിക്കപ്പെടേണ്ടതായി വന്നുവല്ലോ. അന്വേഷിച്ചിട്ടും ഏതു സ്ഥലത്തിരിക്കുന്നു എന്നറിയുന്നുമില്ല. (ആലോചിച്ചു് ദീർഘശ്വാസം ചെയ്തുകൊണ്ടു്) അല്ലെങ്കിൽ ഇവിടെ ദൈവത്തിനെ എന്തിനു നിന്ദിക്കുന്നു? ഈ സ്ഥിതിയാ

കട്ടെ, വിദുരവചനത്തെ നിർഭത്സിച്ചതാകുന്ന ബീജത്തോടും. പിതാവിൻെറ ഹിതോപദേശത്തെ തിരസ്കരിച്ചതാകുന്ന അങ്കുരത്തോടും ശകുനിയുടെ പ്രോത്സാഹനാദിയാകുന്ന അടിയുറപ്പോടും, വളരെക്കാലമായി വർദ്ധിച്ചുവന്ന വൈരമാകുന്ന തറയോടും, പാഞ്ചാലിയുടെ കേശഗ്രഹണമാകുന്ന കുസുമത്തോടും കൂടിയതായ, അരക്കില്ലവും ചൂതുമാകുന്ന ആ വിഷവൃക്ഷത്തിൻെറ ഫലമായിട്ടു തീൎന്നിരിക്കുകയാണു്. (മററൊരിടത്തേക്കു നോക്കീട്ടു്). ഇവിടെ പലവിധത്തിലുള്ള രത്നപ്രഭകളോടുകൂടിച്ചേൎന്ന സൂൎയ്യകിരണങ്ങൾ തട്ടി അനേക ശക്രചാപങ്ങളെ ഉണ്ടാക്കുന്നതുപോലെയുള്ള പ്രഭാവിശേഷത്താൽ പത്തുമികകളെ[illegible] പൂരിപ്പിച്ചിരിക്കുന്നതായും കൊടിമരം മുറിഞ്ഞ[illegible] ഈ രഥം കാണുന്നതുകൊണ്ടു് ഈ പ്രദേശം മഹാരാജ ദുൎയ്യോധനൻെറ വിശ്രമസ്ഥാനമായിരിക്കുന്നുവെന്നു ഞാനൂഹിക്കുന്നു. നോക്കാം; (ഉപഗമിച്ചുനോക്കി നിശ്വസിച്ചുകൊണ്ടു്) എന്താണു്! പതിനൊന്നക്ഷൗഹിണികളുടെ നായകനായിത്തീൎന്ന മഹാരാജാവു് ദുൎയ്യോധനൻ പ്രാകൃത പുരുഷനേപ്പോലെ വെറും തറയിലിരിക്കുന്നുവല്ലോ! അല്ലെങ്കിൽ ഈ സ്ഥിതി പാഞ്ചാലികേശഗ്രഹണമാകുന്ന കുസുമത്തിൻെറ ഫലമായിട്ടു തീൎന്നിരിക്കുന്നതാണു്.

(അടുത്തുചെന്നു് ആശ്ചൎയ്യത്തോൽ സൂതനോടു ചോദിക്കുന്നു)

സൂതൻ—(കണ്ടിട്ടു്) അല്ലാ! യുദ്ധത്തിൽനിന്നു സുന്ദരകൻ വന്നിരിക്കുന്നോ ?

സുന്ദരകൻ—(അടുത്തുചെന്നിട്ടു്) മഹാരാജാവു ജയിക്കട്ടേ ജയിക്കട്ടെ.

ദുൎയ്യോധനൻ—(നോക്കീട്ടു്) എടാ സുന്ദരകാ, കൎണ്ണനു കുശലമല്ലയോ ?

സുന്ദരകൻ—ദേവാ, ശരീരത്തിനു മാത്രം കുശലമാകുന്നു.

ദുൎയ്യോധനൻ— അൎജ്ജുനൻ കൎണ്ണൻെറ കുതിരകളെ നശിപ്പിക്കയോ സാരഥിയെ കൊല്ലുകയോ രഥത്തെ തകൎക്കുകയോ ചെയ്തോ ?

സുന്ദരകൻ— ദേവാ, രഥത്തേയല്ലാ, അനുഗ്രഹത്തിൻെറ മനോരഥത്തെയാണു തകൎത്തതു്.

ദുര്യോധനൻ—നീ എന്താണു് അസ്പഷ്ടമായി ഓരോന്നു പറഞ്ഞുകൊണ്ടു് മുമ്പിൽതന്നെ ആകുലമായിരിക്കുന്ന എൻെറ മനസ്സിനെ പരിഭ്രമിപ്പിക്കുന്നതു്? അതിനാൽ സംഭ്രമിക്കേണ്ട; സകലവും തെളിച്ചു പറയുക.

സുന്ദരകൻ—തിരുമനസ്സിലെ കല്പനപോലെ ചെയ്യാം. അവിടത്തെ കിരീടത്തിലുള്ള മണിയുടെ പ്രഭാവംകൊണ്ടു് അടിയനു രണപ്രകാരംകൊണ്ടുള്ള വേദന പൊയ്പ്പോയിരിക്കുന്നു. അവിടുന്നു കേട്ടാലും; ഇപ്പോഴാണല്ലോ കുമാര ദുശ്ശാസനൻെറ വധം—(എന്നു പറഞ്ഞപ്പോൾ മുഖം മറച്ചു ശങ്ക നടിക്കുന്നു.)

സൂതൻ—സുന്ദരകാ, പറയുക; അക്കാര്യം ദൈവം തന്നെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

ദുര്യോധനൻ— പറയുക, അതു ഞങ്ങൾ കേട്ടുകഴിഞ്ഞിരിക്കുന്നു.

സുന്ദരകൻ—(സ്വാഗതം) എന്തു്? ദുശ്ശാസനവധവും തിരുമനസ്സിൽനിന്നു കേട്ടിരിക്കുന്നോ? (പ്രകാശം) അവിടുന്നു കേട്ടാലും; ഇപ്പോഴാകട്ടെ; കുമാരദുശ്ശാസനൻെറ വധംകൊണ്ടു കോപിച്ചിരിക്കുന്ന സ്വാമി കൎണ്ണൻ പുരികം വളച്ചിരിക്കുന്നതിനാൽ ഭയങ്കരമായ മുഖഭാവത്തോടുകൂടി തിരിച്ചറിയാൻ വയ്യാത്തവിധം വേഗത്തിൽ തൊടുക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ശരധാരകളെ വൎഷിച്ചുകൊണ്ടു് ദുശ്ശാസനവൈരിയായ ദുർബ്ബുദ്ധി ഭീമസേനനോടു നേരിട്ടു.

രണ്ടുപേരും —പിന്നെ പിന്നെ—

സുന്ദരകൻ— ദേവാ, അനന്തരം രണ്ടു സൈന്യങ്ങളും കൂടിച്ചേൎന്നു് എതിൎത്തിരിക്കുന്ന ആന, കുതിര, കാലാൾപ്പടകൾ ഇവയുടെ ഇടയിൽനിന്നുണ്ടായ പൊടിപടലംകൊണ്ടും തിക്കിത്തിരക്കുന്ന ആനക്കൂട്ടങ്ങളുടെ സംഘാതംകൊണ്ടും ഉണ്ടായ വലിയ ഇരുട്ടിനാൽ രണ്ടു സൈന്യങ്ങളും കാണപ്പെടാതായിത്തീൎന്നു; ആകാശവും അറിയപ്പെട്ടില്ല.

രണ്ടുപേരും—പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീട് ആ രണ്ടുപേരുടേയും അന്യോന്യ സിംഹനാദങ്ങളാകുന്ന ഇടികളോടുകൂടിയതും, പലവിധത്തിൽ പ്രയോഗിച്ചിരിക്കുന്ന ആയുധങ്ങൾ ചട്ടകളിൽ തട്ടിപ്പൊട്ടി ഉയൎന്ന തീപ്പൊരികളാകുന്ന മിന്നൽക്കൊടികളെക്കൊണ്ടു പ്രകാശിക്കുന്നതും, ഗംഭീരശബ്ദത്തോടുകൂടിയ ചാപങ്ങളാകുന്ന ജലധരങ്ങളോടു ചേൎന്നതും, ഇടവിടാതെ തൂകുന്ന അസംഖ്യം ശരധാരകളെ വർഷിക്കുന്നതുമായ യുദ്ധമാകുന്ന ദുർദ്ദിനം ഉണ്ടായി.

ദുര്യോധനൻ—പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം ഈ സമയത്തിൽ അൎജ്ജുനൻ ജ്യേഷ്ഠഭ്രാതാവിൻെറ പരിഭവത്തെ ശങ്കിച്ചു ഗംഭീരമായ ഇടിപോലെ മുഴങ്ങുന്ന ശബ്ദംപൊഴിച്ചുകൊണ്ട്, കൊടിമരത്തിലിരിക്കുന്ന കപിശ്രേഷ്ഠനോടുകൂടിയതും, കുതിരകളെ വിടുന്നതിൽ സന്നദ്ധനായിരിക്കുന്ന ശ്രീകൃഷ്ണൻെറ ശംഖചക്ര ഗദാഖഡ്ഗങ്ങളോടുകൂടിയ നാലു ഭുജദണ്ഡങ്ങളോടു ചേൎന്നതും, മുഴക്കിക്കൊണ്ടിരിക്കുന്ന പാഞ്ചജന്യവും ദേവദത്തവുമാകുന്ന ശംഖുകളുടെ ഉച്ചഘോഷത്തിൻെറ പ്രതിദ്ധ്വനികൊണ്ടു പത്തു ദിക്കുകളേയും മുഖരമാക്കിക്കൊണ്ടിരിക്കുന്നതും ആയ രഥത്തേ; ആ സ്ഥലത്തേക്ക് ഓടിച്ചു.

ദുര്യോധനൻ—പിന്നെ പിന്നെ—

സുന്ദരകൻ-അനന്തരം ഭീമൎജ്ജുനന്മാർ നേരിട്ടെതിൎത്തിരിക്കുന്ന അച്ഛനെ കണ്ടിട്ട്; കുമാരവൃഷസേനൻ സംഭ്രമത്തോടുകൂടി ഇളകിപ്പോയ രത്നകിരീടമുത്തങ്ങളെ ഞെട്ടിക്കളഞ്ഞ് ചെവിവരെ വലിച്ച് ബലമുള്ള ചെറു ഞാണോടുകൂടി വലത്തുകൈയിൽ എടുത്തു പിടിച്ചിരിക്കുന്ന ശരത്തിൻെറ ചുവടുകൊണ്ട് കുത്തി സൂതനെ വേഗത്തിൽ പുറപ്പെടുവിച്ചുകൊണ്ട് ആ ദിക്കിലേയ്ക്കു പുറപ്പെട്ടു.

ദുര്യോധനൻ— (മനസ്സിരുത്തിക്കൊണ്ട്) പിന്നെ പിന്നെ—

സുന്ദരകൻ— ദേവാ, പിന്നീട് ആ കുമാരവൃഷസേനൻ വന്നവഴിക്കുതന്നെ തിളങ്ങുന്നതായ അസിലതപോ

ലെ കറുപ്പും മിനുപ്പുമുള്ള ചുവടോടുകൂടിയതും, കഴുകന്റെ ബലമുള്ള പിറകുകൾവച്ചു കെട്ടിയിട്ടുള്ളതും പാണയിൽ തേച്ചുരച്ചു മൂച്ചുകൂട്ടിയതുമായ കൃഷ്ണവണ്ണങ്ങളായ ശരങ്ങളേക്കൊണ്ടു് അജ്ജുനന്റെ രഥം, പൂക്കളെക്കൊണ്ടു വൃക്ഷംപോലെ മുഹൂത്തനേരംകൊണ്ടു് കാണാതെയാക്കിത്തീത്തു.

രണ്ടുപേരും—(സന്തോഷത്തോടെ) പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം മൂർച്ചയുള്ള ബാണങ്ങളെ നല്ലവണ്ണം വലിച്ചു വഷിച്ചുകൊണ്ടു് അജ്ജുനൻ അല്പം ഹാസത്തോടുകൂടി പറഞ്ഞു:—"എടാ വൃഷസേനാ, നിന്റെ അച്ഛനുകൂടി കോപിച്ചിരിക്കുന്ന എന്റെ മുമ്പിൽ നിൽക്കുന്നതിനു സാധിക്കുകയില്ല. കുട്ടിയായ നിന്റെ കാര്യം പിന്നെ പറയാനുണ്ടോ? അതിനാൽ നീ പോയി മററു കുമാരന്മാരുമായി യുദ്ധംചെയ്യുക" ഇങ്ങനെ പറയുന്നതുകേട്ടിട്ടു് ഗുരുജനത്തേക്കൂടി ആക്ഷേപിച്ചതിനാൽ ഇരട്ടിച്ചിരിക്കുന്ന കോപംകൊണ്ടു തുടുത്ത മുഖത്തിൽ ഇളക്കി വളച്ചിരിക്കുന്ന ഭ്രൂകുടികൊണ്ടു ഭീഷണനായി ചാപധാരിയായ കുമാരവൃഷസേനൻ മമ്മങ്ങളെ പിളർക്കുന്നതായും പുരുഷന്മാർക്കു സഹിക്കാൻ പാടില്ലാത്തതായും അഭിമന്യുവിനെ പ്രഹരിച്ചതുകൊണ്ടു താൻ സ്നേഹിച്ചിട്ടുള്ളതായും ഉള്ള ശരങ്ങളെക്കൊണ്ടാണു് അജ്ജുനനെ ഭത്സിച്ചതു്; അല്ലാതെ ദുഷ്ടവാക്കുകളെക്കൊണ്ടല്ല.

ദുര്യോധനൻ—നന്നായി വൃഷസേനാ, നന്നായി, സുന്ദരകാ, പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീടു മൂച്ചയുള്ള അമ്പു തറച്ചതിനാലുണ്ടായ വേദനകൊണ്ടു കോപിച്ചിരിക്കുന്ന അജ്ജുനൻ സ്തനിതഘോഷത്തെക്കൂടി ജയിക്കുന്നതായ ചണ്ഡഗാണ്ഡീവത്തിന്റെ ചെറുഞാൺ ശബ്ദത്തേ പുറപ്പെടുവിച്ചു ദശനമാഗ്ഗത്തേയും ബാണവർഷത്താൽ തടഞ്ഞുകൊണ്ടു് അഭ്യാസത്തിനനുരൂപമായി വലുതായ ഒരു ആശ്ചര്യകമ്മം പ്രവത്തിക്കയുണ്ടായി.

ദുര്യോധനൻ—(ശങ്കയോടുകൂടി) പിന്നെ പിന്നെ—

സുന്ദരകൻ—അനന്തരംശത്രുവിന്റെ ആ മാതിരിയുള്ള യുദ്ധസാമത്ഥ്യത്തെക്കണ്ടിട്ടു് കുമാരവൃഷസേനനും ആവ

നാഴിയിൽനിന്നും ശരങ്ങളെ എടുക്കുന്നതും തൊടുക്കുന്നതും പ്രയോഗിക്കുന്നതും അറിയാത്തവിധത്തിലുള്ള കരലാഘവത്തോടുകൂടി സവിശേഷമായ യുദ്ധകർമ്മത്തേ ചെയ്തു.

ദുര്യോധനൻ—പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം ആ സമയത്തിൽകുരുരാജപാണ്ഡവന്മാരുടെ രണ്ടു സൈന്യങ്ങളിലുമുള്ള വീരന്മാർ യുദ്ധവ്യാപാരത്തേ മതിയാക്കി മുഹൂർത്തനേരം തമ്മിലുള്ള വിരോധത്തേ കുറച്ചവരായിട്ട്, "നല്ലതു്; വൃഷസേനാ, നല്ലതു്" എന്നിങ്ങനേ കോലാഹലശബ്ദമുണ്ടാക്കിക്കൊണ്ടു നോക്കിനിന്നു.

ദുര്യോധനൻ—(വിസ്മയത്തോടെ) പിന്നെ പിന്നെ-

സുന്ദരകൻ—ദേവാ, പിന്നീടു സകല രാജാക്കന്മാരേയും വില്ലാളികളേയും ധിക്കരിക്കത്തക്കവണ്ണം പരാക്രമശാലിയായപുത്രൻെറ ആ വിധത്തിലുള്ള യുദ്ധപ്രവൃത്തി കൊണ്ടു ഹർഷരോഷ കരുണാരസങ്ങൾ തിങ്ങിക്കൂടിയിരിക്കുന്ന സ്വാമി കർണ്ണൻെറ ശരക്കൂട്ടം ഭീമസേനനിലും, ബാഷ്പത്താൽ കലങ്ങിയിരിക്കുന്ന കർണ്ണ കുമാരവൃഷസേനനിലും നിപതിണ്ടയുണ്ടായി.

ദുര്യോധനൻ—(ഭയത്തോടെ) പിന്നെ പിന്നെ—

സുന്ദരകൻ—പിന്നീടു് രണ്ടു സൈന്യങ്ങളും കുമാരനേ പുകഴ്ത്തുന്നതുകേട്ടിട്ടു് ദുഷ്ടനായ അർജ്ജുനൻ കുതിരകളിലും സാരഥിയിലും രഥവരത്തിലും വില്ലിലും ഞാണിലും രാജചിഹ്നമായ വെങ്കററക്കുടയിലും ഒരുമിച്ചു് ശരവർഷം പൊഴിച്ചു.

ദുര്യോധനൻ—(ഭയത്തോടെ) പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം വില്ലുമുറിഞ്ഞു് തേരില്ലാതായിത്തീൎന്ന കുമാരവൃഷസേനൻ വാളുമെടുത്തു് ചുററിത്തിരിഞ്ഞുകൊണ്ടുതന്നെ പുറപ്പെട്ടു.

ദുര്യോധനൻ—(ശങ്കയോടുകൂടി) പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം പുത്രൻെറ തേരു നശിപ്പിച്ചതുകണ്ടു് കോപിച്ചു സ്വാമി കർണ്ണൻ ഭീമസേനാക്രമത്തെ വകവയ്ക്കാതെ അർജ്ജുനനിൽ ശരങ്ങളെ വർഷിച്ചു.

കുമാരനും പരിജനങ്ങരം കൊണ്ടുവന്നതായ മറെറാരു രഥ ത്തിൽ കയറി പിന്നെയും അജ്ജുനനോടു യുദ്ധത്തിന്നാരം ഭിച്ചു.

രണ്ടുപേരും—നല്ലതു് വൃഷസേനാ, നല്ലതു്, പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീടു കുമാരൻ ഇങ്ങനെ പറ യുകയും ചെയ്തു,—"എടാ, എടാ അച്ഛനെ അധിക്ഷേപി ക്കുന്ന മദ്ധ്യമപാണ്ഡവാ, എന്റെ ശരങ്ങരം നിന്റെ ശരീ രത്തെ ഒഴിച്ചു് മറെറാരു ദിക്കിലും നിപതിക്കയില്ല." ഇങ്ങനെ പറഞ്ഞുകൊണ്ടു ശരസഹസ്രങ്ങളാൽ പാണ്ഡവ ശരീരത്തെ മറച്ചിട്ടു് അട്ടഹാസം ചെയ്തു.

ദുര്യോധനൻ—(വിസ്മയത്തോടെ) ബാലന്റെ പരാ ക്രമവും മുഗ്ദ്ധസ്വഭാവവും ആശ്ചര്യമായിരിക്കുന്നു; പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീടു് ആ ശരക്കൂട്ടത്തെ കുട ഞ്ഞുകളഞ്ഞു് കൂർത്തശരങ്ങരം തറച്ചതുകൊണ്ടുണ്ടായിട്ടുള്ള കോപത്തോടെ അജ്ജുനൻ ഇളക്കിക്കൊണ്ടിരിക്കുന്ന കന കമണിക്കൂട്ടത്തിന്റെ ത്ധംകാരനാദമുള്ളതായും മേഘങ്ങ ളുടെ മറവില്ലാത്ത ആകാശംപോലെ നിമ്മലമായും മൂർ ച്ചയും കറുപ്പും മിനുപ്പുമുള്ള അഗ്രത്തോടുകൂടിയതായും പല വിധത്തിലുള്ള രത്നപ്രഭകൊണ്ടു ഭാസുരമായും ഭയങ്കരമായും ഇരിക്കുന്ന ശക്തി തേരിൽനിന്നെടുത്തു് കുമാരന്റെ നേക്കു പ്രയോഗിച്ചു.

ദുര്യോധനൻ—(വിഷാദത്തോടു്) അഹഹ ! പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ അനന്തരം പ്രജ്വലിച്ചു പറയുന്ന ശക്തിയെക്കണ്ടിട്ടു് കണ്ണന്റെ കൈയ്യിൽനിന്നു ശരത്തോടു കൂടിയ വില്ലും മനസ്സിൽനിന്നു വീരസഹജമായ ഉത്സാ ഹവും കണ്ണിൽനിന്നു ബാഷ്പജലവും വീണുപോയി. ഭീമൻ അട്ടഹാസവുംചെയ്തു. അസാദ്ധ്യം അസാദ്ധ്യം എന്നു് കുരുസൈന്യവും നിലവിളിക്കാൻ തുടങ്ങി.

ദുര്യോധനൻ—(വ്യസനത്തോടെ)പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം കുമാരവൃഷസേനൻ ചെവിവരെ വലിച്ചു നീട്ടിവിട്ട കത്തിയമ്പുകളാൽ വരുന്നവഴിക്കുതന്നെ ആ ശക്തിയെ ഊക്കോടുകൂടി പ്രവഹിച്ച ഗംഗാനദിയെ പരമേശ്വരൻ എന്നപോലെ മൂന്നാക്കി ത്തീർത്തു.

ദുര്യോധനൻ—നല്ലതു വൃഷസേനാ, നല്ലതു്. പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, ആ സമയത്തിൽ മധുരമായി മുഴങ്ങിക്കൊണ്ടിരിക്കുന്ന വീരലോകങ്ങളുടെ സാധുവാദം കൊണ്ടു യുദ്ധത്തിൽ അടിക്കുന്ന തൂര്യഘോഷംകൂടി കേൾക്കാതെയായിത്തീൎന്നു. സിദ്ധചാരണഗണത്താൽ വിമുക്തമായ കുസുമസമൂഹംകൊണ്ടു് യുദ്ധഭൂമിയും മൂടപ്പെട്ടു, സ്വാമി കൃഷ്ണൻ ഇങ്ങനെ പറയുകയുംചെയ്തു.– "അല്ലയോ വീരവൃകോദരാ; നിന്റെയും എന്റെയും യുദ്ധം തീൎന്നുകഴിഞ്ഞിട്ടില്ല; എന്നാൽ മുഹൂൎത്തനേരം അടങ്ങിയിരിക്കുക. നമുക്കു വത്സന്റെയും നിന്റെ ഭ്രാതാവിന്റെയും ധനുർവ്വേദാഭ്യാസ ചാതുര്യം കാണാം. നിനക്കും ഇതു കാണേണ്ടതാണല്ലോ."

ദുര്യോധനൻ—പിന്നെ പിന്നെ

സുന്ദരകൻ—ദേവാ, അനന്തരം ഭീമസേനാംഗരാജന്മാർ രണ്ടുപേരും യുദ്ധവ്യാപാരം മതിയാക്കി മുഹൂർത്തനേരം വിരോധത്തിനു കുറവുവന്നവരേപ്പോലെ പ്രേക്ഷകന്മാരായിത്തീൎന്നു.

ദുര്യോധനൻ— (ആലോചനയോടുകൂടി) പിന്നെ പിന്നെ —

സുന്ദരകൻ—ദേവാ, പിന്നീട്ടു് ശക്തിയെ ഖണ്ഡിച്ചതുകൊണ്ടു് കോപിച്ചിരിക്കുന്ന ഗാണ്ഡീവി ഇങ്ങനെ പറഞ്ഞു:-" എടാ, എടാ, ദുര്യോധനൻ തുടങ്ങിയ- (ഇങ്ങനെ പാതിപറഞ്ഞപ്പോൾ ലജ്ജ നടിക്കുന്നു.)

ദുര്യോധനൻ—സുന്ദരകാ, പറയൂ; ഇതു് അന്യൻ പറഞ്ഞതല്ലേ ?

സുന്ദരകൻ—ദേവൻ കേട്ടാലും, "എടാ എടാ ദുര്യോധനൻ തുടങ്ങിയ കുരുബല സേനാപതികളേ, അവിനയ

മാകുന്ന തോണിക്കു് അമരക്കാരനായ കണ്ണ്ന മഹാരഥന്മാരായ നിങ്ങരം പലരുംകൂടി ഞാൻ കാണാതെയിരിക്കുമ്പോരം ഏകാകിയായ എന്റെ പുത്രനാകുന്ന അഭിമന്യുവിനെ നിഗ്രഹിച്ചു. ഞാനാകട്ടെ നിങ്ങരം നോക്കിനില്ക്കുമ്പോരംതന്നെ ഈ കുമാരവൃഷസേനനെ നിഗ്രഹിക്കുന്നുണ്ടു്. '' ഇങ്ങനെ പറഞ്ഞു ഗർവത്തോടുകൂടി ഇടിനാദംപോലെ ഭയങ്കരമായ ചെറുഞാണൊലി ചേന്ന ഗാണ്ഡീവത്തെ അജ്ജുനൻ തലോടി. സ്വാമി കണ്ണനും കാലപൃഷ്ഠത്തേ സജ്ജമാക്കിത്തീൎത്തു.

ദുര്യോധനൻ— (ഹൃദയവികാരത്തെ മറച്ചുകൊണ്ടു്) പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീടു് ഭീമന്റെ യുദ്ധാരംഭത്തെ തടഞ്ഞുകൊണ്ടു്, അജ്ജുനൻ കണ്ണന്റെയും വൃഷസേനന്റെയും തേരിന്റെ നേരെ ഇടവിടാതെ പ്രചരിച്ചുകൊണ്ടിരിക്കുന്ന രണ്ടു ബാണനദികളെ ഉണ്ടാക്കിത്തീൎത്തു. അന്യോന്യം ദശിപ്പിക്കപ്പെട്ടിരിക്കുന്ന ശിക്ഷാവിശേഷത്തോടുകൂടിയ ആ രണ്ടുപേരും ദുർബുദ്ധിയായ മദ്ധ്യമപാണ്ഡവനോടു നേരിട്ടു.

ദുര്യോധനൻ—പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, പിന്നീടു് അജ്ജുനൻ വലിയ ശബ്ദത്തോടുകൂടിയ ചെറുഞാണൊലികൊണ്ടുമാത്രം അറിയപ്പെടത്തക്കതായ ശരസമൂഹങ്ങളെ വഷിച്ചു് ആകാശവും ഭൂമിയും, തേരും കൊടിമരവും,സ്വാമി കണ്ണനും കുമാരനും, സൈന്യങ്ങളും സാരഥിയും, കുതിരകളും ദിക്കുകളും, വീരലോകവും കാണാൻ പാടില്ലാത്തവിധം അതിഭയങ്കരമായ യുദ്ധം ചെയ്തു.

ദുര്യോധനൻ—(വിസ്മയത്തോടെ) പിന്നെ പിന്നെ–

സുന്ദരകൻ—ദേവാ, പിന്നീടു ഇങ്ങനെ ശരവർഷം കൂടുതലായ സമയം ക്ഷണനേരം പാണ്ഡവസൈന്യം സിംഹനാദം ചെയ്തുകൊണ്ടും കൌരവസേനകരം ആക്രന്ദിച്ചുകൊണ്ടുമിരിക്കുമ്പോരം—'' അയ്യോ ! കുമാരവൃഷസേനൻ

മരിച്ചുപോയി ! അയ്യോ ! മരിച്ചുപോയി '' എന്നിങ്ങനെ വലുതായ ഒരു കോലാഹലമുണ്ടായി.

ദുര്യോധനൻ — (കണ്ണുനീരു തടഞ്ഞുകൊണ്ടു്) പിന്നെ പിന്നെ

സുന്ദരകൻ—ദേവാ, അനന്തരം കുതിരകളും സാരഥിയും മരിച്ചു്, കൊടിമരവും വെൺകുററക്കുടയും ഒടിഞ്ഞു തകന്നു്, മമ്മഭേദിയായ ഒററശ്ശരംകൊണ്ടുതന്നേ ദേഹം പിളന്നു്, സ്വഗ്ഗഭ്രഷ്ടനായ ദേവകുമാരനെപ്പോലെ രഥമധ്യത്തിൽ കിടക്കുന്ന കുമാരനെക്കണ്ടു് വളരെ ബദ്ധപ്പെട്ടു് ഞാൻ അടുത്തു ചെന്നു.

ദുര്യോധനൻ—(കണ്ണുനീരോടുകൂടി) കഷ്ടമേ ! കുമാര വൃഷസേനാ ! ഇതിലധികം കേരംക്കണ്ട, ഹാ ! വത്സവൃഷസേനാ ! ഹാ ! എൻെറ മടിയിൽകിടന്നു കളിച്ചവനേ! ഹാ ! ഗദായുദ്ധപ്രിയാ ! ഹാ ! രാധേയകുലഹീരമേ ! ഹാ ! പ്രിയദശ്നാ ! ഹാ ദുശ്ശാസനതുല്യാ ! ഹാ ! എന്നോടു് ഉത്തരം പറയണമേ.

മതിയൊളി രുചിപൂണ്ടു താരുണിശ്രീ-
പതിയുവതായ്ത്തെളിവാന്ന കണ്ണുമേന്തി
മൃതിയിൽ മിഴിമറിഞ്ഞ നിന്മുഖാബ്ജം
കൃതിവരനെങ്ങനെ കണ്ണുനീക്ഷചെയ്യോ ? 115

സൂതൻ—ആയുഷ്മാനായ മഹാരാജാവേ, വളരെ ദുഃഖിക്കരുതേ.

ദുര്യോധനൻ—സൂതാ, പുണ്യവാന്മാരാണു് ദുഃഖഭാക്കുകളായിത്തീന്നതു്. ഞങ്ങരംക്കാകട്ടെ-

അത്യുത്കമായ് പരിഭവാഗ്നി, സുഹൃൽജ്ജനത്തേ
പ്രത്യക്ഷമിങ്ങനെ രിപുക്കരം വധിച്ചിടുമ്പോരം
മത്യന്തരം ഹ! ഹ!! ഹ!!! ചുട്ടുപൊടിച്ചിടുന്നോ-
രിത്തവ്വാലെന്തു ഹൃദയവ്യഥ ? ദുഃഖമെന്തോ ? 116
(എന്നു മോഹിച്ചു വീഴുന്നു)

സൂതൻ—മഹാരാജാവു സമാശ്വസിക്കണേ സമാശ്വസിക്കണേ ! (എന്നു് മുണ്ടുകൊണ്ടു വീശുന്നു)

ദുര്യോധനൻ—(മോഹാലസ്യം തീൎന്നിട്ട്) ഭദ്രം സുന്ദരകാ-പിന്നീട് വയസ്യനായ അംഗരാജൻ എന്തു പ്രവർത്തിച്ചു ?

സുന്ദരകൻ—ദേവാ, പിന്നീട് ഇപ്രകാരമുള്ള പുത്രനേകണ്ടിട്ട് സ്വാമി കൎണ്ണൻ ഒഴുകിവരുന്ന കണ്ണുനീരു തുടച്ച് അന്യൻ യുദ്ധത്തിനൊരുങ്ങിനിൽക്കുന്നതു വകവയ്ക്കാതെ അൎജ്ജുനനോടുതന്നെ നേരിട്ടു. പുത്രവധംകൊണ്ടുള്ള ക്രോധത്താൽ ഉദ്ദീപിതമായ പരാക്രമത്തോടുകൂടിയ കൎണ്ണൻ നേരിടുന്നതുകണ്ട് നകുലൻ,സഹദേവൻ, പാഞ്ചാലൻ തുടങ്ങിയുള്ളവർ അൎജ്ജുനൻെറ തേരിൻെറ മുമ്പിൽ കടന്നുനിന്നു.

ദുര്യോധനൻ—പിന്നെ പിന്നെ—

സുന്ദരകൻ—ദേവാ, അനന്തരം ശല്യൻ ഇങ്ങനെ പറഞ്ഞു:-, ''കുതിരയും ചത്തു് ചാട്ടും തകൎന്നിരിക്കുന്ന അങ്ങയുടെ രഥം ഭീമാൎജ്ജുനന്മാരോടു നേരിടുന്നതിനു മതിയാകുന്നതല്ല'' ഇങ്ങനെ തേരുതിരിച്ച് സ്വാമിയെ രഥത്തിൽനിന്നിറക്കി പലവിധത്തിൽ പറഞ്ഞാശ്വസിപ്പിച്ചു. പിന്നീട് സ്വാമി അധികനേരം വിലപിച്ച് പരിജനങ്ങൾ കൊണ്ടുവന്ന മറെറാരു രഥത്തെ കണ്ടിട്ട് ദീൎഘശ്വാസം ചെയ്തുകൊണ്ട് എന്നേ നോക്കി. ''സുന്ദരകാ ഇവിടെ വരൂ'' എന്നു പറഞ്ഞു. അനന്തരം ഞാൻ സ്വാമിയുടെ അടുത്തുചെന്നു. ഉടനേ തലയിൽനിന്നു് പട്ടു വലിച്ചുകീറിയെടുത്തു് ദേഹത്തിൽനിന്നും ഒലിക്കുന്ന ചോരത്തുള്ളികളിൽ ശരത്തിൻെറ മുന മുക്കി എഴുതി സ്വാമിക്കു് ഒരു സന്ദേശം തന്നയിച്ചിട്ടുണ്ട്.

(എന്നു് എഴുത്തുകൊടുക്കുന്നു-) (ദുര്യോധനൻ വാങ്ങി ഇങ്ങനെ വായിക്കുന്നു.)

''നല്ലതുവരട്ടെ,മഹാരാജാവു ദുര്യോധനനോടു് യുദ്ധഭൂമിയിൽനിന്നും കൎണ്ണൻ കണ്ഠത്തിൽ ഗാഢമായി ആലിംഗനംചെയ്തുകൊണ്ട് ഇതു് അവസാനമായി ബോധിപ്പിക്കുന്നു.

വില്ലാളിപ്രഭുവാണിവൻ; പടയിലീ-
വീരാഗ്ര്യയോടേല്ക്കുവോ-
രില്ല; മത്സഹജാധികപ്രിയനിവൻ
തോല്പിക്കുമപ്പാത്ഥരേ;
എല്ലായ്പോഴുമിവണ്ണ-മാദ്ദതനഹോ !
ദുശ്ശാസനാരിക്കു ചേ-
ത്തില്ലാഞ്ഞാൻ മൃതി ശക്തിയോ പകരമായ്
കാണിക്ക നീ ബാഷ്പമോ ?'' 117

ദുര്യോധനൻ — സ്നേഹിതനായ കർണ്ണാ, നീ എന്താണ് ഭ്രാതൃശതവധംകൊണ്ടു ദുഃഖിതനായ എന്നെ അപാരമായ വാക്ശല്യംകൊണ്ടു് പീഡിക്കുന്നതു് ? ഭദ്ര, സുന്ദരകാ, പിന്നീടിപ്പോൾ അംഗരാജൻ എന്തു പ്രവത്തിക്കാനാണു പോകുന്നതു് ?

സുന്ദരകൻ — ദേവാ, ഇപ്പോഴും ആരംഭത്തെ ചോദിക്കയാണോ ? ശരീരാവരണത്തെ നീക്കിക്കളഞ്ഞു് താനും മരിക്കുമെന്നുതന്നേ തീർച്ചപ്പെടുത്തി പിന്നെയും പാർത്ഥനോടുകൂടി യുദ്ധത്തെ മാർഗ്ഗണം ചെയ്യുന്നു.

ദുര്യോധനൻ — [സംഭ്രമത്തോടുകൂടി ആസനത്തിൽ നിന്നും എഴുന്നേററു്) സൂതാ, തേരുകൊണ്ടുവരൂ, സുന്ദരകാ, നീയും വേഗത്തിൽപോയി ഞാൻ പറഞ്ഞതായിട്ടു് വയസ്യനായ കർണ്ണനേ ധരിപ്പിക്കുക: — '' അതിസാഹസം പ്രവത്തിക്കരുതു്; ഞങ്ങൾ രണ്ടാളുടേയും സങ്കല്പം ഒന്നു തന്നെയാകുന്നു. അങ്ങൊരുത്തൻ തന്നേയല്ല ജീവിത പരിത്യാഗത്തെ ആഗ്രഹിക്കുന്നതു് ''. എന്തെന്നാൽ —

അപ്പാത്ഥക്ഷത്തമേകി, ത്തിലസലിലമുടൻ
ബാന്ധവന്മാർക്കുചേത്തി—,
ട്ടൊപ്പം ശേഷിച്ച തന്മന്ത്രികളുമരികളും
ചേന്നു ബാഷ്പങ്ങൾ തൂകി
കെല്പോടന്യോന്യമാലിംഗനമിയിയുമുദി
ക്കാത്തതായ് ചെയ്തുഗാഢം
ക്ഷിപ്രം നമ്മൾക്കു താപാഹതതനു തെളിവോ—
ടൊത്തു താനേ ത്യജിക്കാം. 118

അല്ലെങ്കിൽ,വ്യസനത്തെക്കുറിച്ചു ഞാനൊന്നും സന്ദേശിക്കേണ്ടതില്ല.

ദുശ്ശാസനൻ സഹജനല്ലിതെനിക്കു മാത്രം;—
മജ്ഞേയസ്സുതന്നെ വൃഷസേനനുമല്ലപുത്രൻ;
വിജ്ഞൻ ഭവാനൊടിവനെന്തിനിതോതിടുന്നു ?
വേണ്ടുന്നതെന്നോടു ഭവാൻ പറയേണ്ടതല്ലേ ? 119

സുന്ദരകൻ—അവിടത്തെ കല്പനപോലെ (എന്നു പോയി)

ദുര്യോധനൻ—വേഗത്തിൽ തേരു കൊണ്ടുവരൂ.

സൂതൻ—(ചെവികൊടുത്തിട്ടു്) ദേവാ, കുതിരകളുടെ ശബ്ദത്തോടുകൂടിയ ചാടിന്റെ നാദം കേൾക്കുന്നുവല്ലോ, അതിനാൽ പരിജനങ്ങൾ തേരുകൊണ്ടുവരികയാണെന്നു ഞാൻ തീർച്ചയായി ഊഹിക്കുന്നു.

ദുര്യോധനൻ—സൂതാ; നീ പോയി ശരിയാക്കിക്കൊണ്ടുവരൂ,

സൂതൻ—കല്പനപോലെ (എന്നു പോയിട്ടു് പിന്നെയും പ്രവേശിക്കുന്നു.)

ദുര്യോധനൻ—[നോക്കീട്ടു്] നീ എന്താണു് തേരിൽ കയറാതെയിരിക്കുന്നതു് ?

സൂതൻ—ഇതുകൊണ്ടുതന്നെ താതനും അമ്മയും സഞ്ജയൻ തെളിച്ചുകൊണ്ടിരിക്കുന്ന തേരിൽകയറി അവിടത്തെ അടുക്കലേക്കു വരുന്നു.

ദുര്യോധനൻ—എന്തു് ! അച്ഛനമ്മയും വരുന്നോ ! കഷ്ടം ! ദൈവം കഠിനമായ ബീഭത്സപ്രവൃത്തി ചെയ്തിരിക്കുന്നു. സൂതൻ, നീ പോയി വേഗത്തിൽ തേരു കൊണ്ടുവരിക; ഞാനും അച്ഛനേ കാണാതെ ഒളിച്ചു നില്ക്കാം.

സൂതൻ—ദേവാ,ബന്ധുവായിട്ടു് അങ്ങുമാത്രം ശേഷിച്ചിരിക്കുന്ന ഇവരേ എന്തുകൊണ്ടാണു് അവിടുന്നു സമാശ്വസിപ്പിക്കാത്തതു് ?

ദുര്യോധനൻ—സൂതാ, ഭാഗ്യംകെട്ടവനായ ഞാൻ എങ്ങനെയാണു് സമാശ്വസിപ്പിക്കുന്നതു് ? നോക്കു്

ഞാനും ദുശ്ശാസനനുമധുനാതാതമാതാക്കളേക്ക-
ണ്ടാനന്ദിപ്പിച്ചടിപണിയവേ മൂർദ്ധ്നിചുംബി
ച്ചിതല്ലോ;
താഽനററിട്ടാപ്പടയിലരിയബ്ബാലനേക്കൊന്നു
ഞാന —
സ്ഥാനേ ചെന്നിട്ടവരൊടിനിയെന്തോതിടും
വീതലജ്ജൻ 140

അങ്ങനെയങ്ങെങ്കിലും ഗുരുക്കന്മാരേ നിശ്ചയമായി വന്ദിക്കണം,

(എന്നു രണ്ടുപേരും പോയി)

---

## ആറാമങ്കം

(അനന്തരം രഥത്തിൽ കയറി ഗാന്ധാരിയും സഞ്ജയനും ധൃതരാഷ്ട്രനും പ്രവേശിക്കുന്നു.)

ധൃതരാഷ്ട്രൻ — വത്സസഞ്ജയാ, പറയുക, പറയുക. ഏതുദിക്കിലാണ് കുരുകുലമാകുന്ന കാനനത്തിൽ ഒററയായി ശേഷിച്ചിരിക്കുന്ന തളിരാകുന്ന എൻെറ വത്സൻ ദുര്യോധനൻ നിൽക്കുന്നതു്? ഇപ്പോൾ അയാൾ ജീവിക്കുന്നോ ഇല്ലയോ?

ഗാന്ധാരി — പുത്രാ, വാസ്തവമായിട്ടു് എൻെറ വത്സൻ ജീവിക്കുന്നുവെങ്കിൽ ഏതുദിക്കിലുണ്ടെന്നു പറയുക.

സഞ്ജയൻ — ഇതാ മഹാരാജാവു് തനിച്ചുതന്നെ ന്യഗ്രോധവൃക്ഷത്തിൻെറ തണലിലിരിക്കുന്നു.

ഗാന്ധാരി — (കരുണയോടുകൂടി) പുത്രാ; തനിച്ചെന്നു നീ പറയുന്നല്ലോ. ഇപ്പോൾ നൂറു സഹോദരന്മാരും ഇയാളുടെ സമീപത്തിലില്ലയോ?

സഞ്ജയൻ — താതാ, അമ്മേ, തേരിൽനിന്നും പതുക്കെ ഇറങ്ങുക.

(രണ്ടുപേരും ഇറങ്ങുന്നതായി നടിക്കുന്നു)

(അനന്തരം ലജ്ജയോടുകൂടിയിരിക്കുന്ന ദുര്യോധനൻ പ്രവേശിക്കുന്നു)

സഞ്ജയൻ— (അടുത്തുചെന്നിട്ട്) മഹാരാജാവ് ജയിക്കണം, ഇതാ അച്ഛൻഅമ്മയോടുകൂടി വന്നിരിക്കുന്നു; മഹാരാജാവ് കാണുന്നില്ലയോ?

(ദുര്യോധനൻ വല്ലായ്മ നടിക്കുന്നു)

ധൃതരാഷ്ട്രൻ—

നേരേ കങ്കമുഖങ്ങളാൽ സ്വകവചം
മോചിച്ചു, ശല്യങ്ങളേ
ദൂരത്തള്ളി വളൻ തന്മുറിവുമായ്
കണ്ണാശ്രയത്തോടു താൻ
സ്വൈരം നിർജ്ജിതരായ് സമാശ്വസിതരാം
ഭൂപാലരേപ്പാർത്തുടൻ
പാരം വേദന സഹ്യയെന്നു സുത, ഞാൻ
നിന്നോടു ചൊന്നീലയോ? 121

(ധൃതരാഷ്ട്രനും ഗാന്ധാരിയും സ്പർശിച്ചുകൊണ്ട്)

അടുത്തുചെന്നു ആലിംഗനം ചെയ്യുന്നു)

ഗാന്ധാരി—വലുതായ പ്രഹാരമേററുകൊണ്ടുള്ള വേദനയാൽ ക്ഷീണിച്ചിരിക്കുന്ന നിനക്ക് ഞങ്ങൾ അടുത്തുവന്നിട്ടും വാക്കു പുറപ്പെടുന്നില്ലയോ?

ധൃതരാഷ്ട്രൻ—വത്സ ദുര്യോധനാ, മുമ്പിലുണ്ടാകാത്തവിധം ഇപ്പോൾ എൻെറ അടുക്കൽകൂടി സംസാരിക്കാതെയിരിക്കുന്നതെന്താണ്?

ഗാന്ധാരി—വത്സാ, നീയും ഞങ്ങളോടു സംസാരിക്കുന്നില്ലെങ്കിൽ - എന്നാൽ ഇപ്പോൾ വത്സനാകുന്ന ദുശ്ശാസനനോ, ദുർമ്മഷണനോ മററു വല്ലവരുമോ സംസാരിക്കുമോ?

(എന്നു കരയുന്നു)

ദുര്യോധനൻ—

അനുജരുടെ വിനാശം ദുസ്സഹം ചേർത്തു ഞാനി-
ജ്ജനകജനനിമാർക്കുള്ളത്തലിൻ ഹേതുവായേൻ;
അനഘഭരതവംശംതന്നിൽ വല്ലാതെ തീൻനീ-
ടിന സുതമൃതികൃത്താം ഞാൻഭവൽസൂനുവാമോ? 122

ഗാന്ധാരി—മകനേ, വിലപിക്കരുതേ! കണ്ണുകാണാൻ വയ്യാത്ത ഈ രണ്ടുപേർക്കും നീ ഒരുത്തനെങ്കിലും മാർഗ്ഗദർശിയായിട്ടുണ്ടല്ലോ. അതിനാൽ നീ വളരെക്കാലം ജീവിച്ചിരിക്കുക. എനിക്കു രാജ്യംകൊണ്ടും ജയംകൊണ്ടും എന്തുവേണം?

ദുര്യോധനൻ—

ചെമ്മേ പാർത്താലതികൃപണമീ
വാക്കുയോജിച്ചിടുന്നി-
ല്ലമ്മേ; സുക്ഷത്രിയതയെവിടെ
തുച്ഛമീ ദൈന്യമെങ്ങോ?
വന്മോഹത്താൽ സുതശതവിനാ-
ശത്തെയോർക്കാതെ നീയി-
ദ്ദുർമ്മാത്സര്യം തടവുമിവനേ-
ക്കാത്തിടാനോർത്തിടുന്നോ? 123

നിശ്ചയമായിട്ടു് ഇതു പുത്രശോകത്തിൻെറ വിചേഷ്ടിതമാണു്.

സഞ്ജയൻ—മഹാരാജാവേ! കുടം കിണററിൽ വീണാൽ കയറുകൂടി ഇടരുതു് എന്നുള്ള ലോകവാദം അസത്യമാകുമോ?

ദുര്യോധനൻ—ഇതത്ര യോജിക്കുന്നതല്ല; ഉപകരിക്കുന്നതായിട്ടുള്ളതു് ഇല്ലാത്തപക്ഷം ഉപകരണംകൊണ്ടു് എന്തു ഫലമാണുള്ളതു്?

(എന്നു കരയുന്നു)

ധൃതരാഷ്ട്രൻ—(ദുര്യോധനനെ ആലിംഗനം ചെയ്തിട്ടു്) മകനേ സമാശ്വസിക്കുക. എന്നെയും അതി ദീനയായ ഈ മാതാവിനേയും സമാശ്വസിപ്പിക്കയും ചെയ്യുക.

ദുര്യോധനൻ—താതാ, നിങ്ങൾക്കിപ്പോൾ സമാശ്വാസം ലഭിക്കാൻ പ്രയാസമാണു്; പിന്നെയോ—

ഇക്കാലമെന്നാൽ ഹതപുത്രയാകു-
മക്കുന്തിയോടൊത്തിഹ നിങ്ങരം നന്നായ്
ദുഃഖത്തിലും തൃപ്തികലൎന്നു പുത്ര-
വൎഗ്ഗത്തെയോൎത്തശ്രു പൊഴിച്ചുകൊരംക 124

ഗാന്ധാരി—പുത്രാ; നിന്നേ ഒരുത്തനെക്കുറിച്ചെങ്കിലും അനുശോചിക്കാതെയിരിക്കാമെന്നുള്ളതുതന്നെ ഇപ്പോരം ധാരാളം മതിയാകുന്നു. അതിനാൽ മകനേ; നീ പ്രസാദിക്കണം. ഇതാ ഞാൻ നമസ്കരിക്കുന്നു. യുദ്ധവ്യാപാരത്തിൽനിന്നു നീ നിവൎത്തിക്ക[illegible]ം. അച്ഛൻെറ വാക്കിനെ നിസ്സാരമാക്കരുത്തു്.

ധൃതരാഷ്ട്രർ—മകനേ, നിൻെറ അമ്മയുടേയും, സകലബന്ധുക്കളും നശിച്ചിരിക്കുന്ന എൻെറയും വാക്കിനെ നീ അനുസരിക്കണം.

നോക്കുക:-

ആരേച്ചിന്തിച്ചുറച്ചാനരിജയ, മടരിൽ
ക്ലത്തിത ദ്രോണഭീഷ്മ-
ന്മാരും, കണ്ണൻെറമുന്നിൽ തനയനെ നിഹനി-
ച്ചൎജ്ജുനൻ പാരിനെല്ലാം
പാരം ഭീ ചേൎത്തു, മൽബ്ബാലകരിപുവിനു നീ
ബാക്കി ഘോരപ്രതിജ്ഞ-
സ്തോരുമ്പോരളേത്തുകൊണ്ടും മതിമതി രണ-
മീയന്ധരേ കാക്കണേന്നീ 125

ദുര്യോധനൻ—യുദ്ധത്തിൽനിന്നു തിരിച്ചുപോന്നിട്ടു ഞാനെന്താണു ചെയ്യേണ്ടതു്?

ഗാന്ധാരി—നിൻെറ അച്ഛനും വിദുരനും പറയുന്നതു കേരംക്കണം.

സഞ്ജയൻ—ദേവാ, അങ്ങനെയാണു് വേണ്ടതു്.

ദുര്യോധനൻ—സഞ്ജയാ ഇപ്പോഴും ഉപദേശിക്കേണ്ടതുണ്ടോ?

സഞ്ജയൻ—ദേവാ, എത്രകാലംവരെ ജീവിച്ചിരിക്കുന്നുവോ അതുവരെ ജ്യേഷ്ഠന്മാരം അറിവുള്ളവരുടെ ഉപദേശത്തിനു് അൎഹരാണു്.

ദുര്യോധനൻ—(ക്രോധത്തോടെ) ആകട്ടെ, അറിവുള്ള വനായ ഭവാനിൽനിന്നുതന്നെ ഞങ്ങളെക്കുറിച്ച് അനു കൂലമല്ലാത്ത ഉപദേശത്തെ കേറക്കാം.

ധൃതരാഷ്ട്രൻ—മകനേ, യുക്തവാദിയായ സഞ്ജയ നിൽ നീ എന്തിനാണ് കോപിക്കുന്നതു്? നീ അടങ്ങി യിരിക്കുമെങ്കിൽ ഞാൻതന്നെ വേണ്ടതു പറയാം; കേറ ക്കുക.

ദുര്യോധനൻ—അച്ഛൻ പറയണം

ധൃതരാഷ്ട്രൻ—എന്തിനു വിസ്തരിക്കുന്നു? അങ്ങ് ഇനി യെങ്കിലും അഭിപ്രായം പോലുള്ളതിനെ കൊടുത്തു് യുധി ഷ്ഠിരനുമായി സന്ധിചെയ്യണം.

ദുര്യോധനൻ—താതാ, പുത്രവാത്സല്യ പാരവശ്യ ത്താൽ അമ്മയും, വിവരമില്ലായ്കയാൽ സഞ്ജയനും ഇങ്ങനെ പറഞ്ഞുകൊള്ളട്ടെ. അങ്ങേയ്ക്കുകൂടി ഇങ്ങനെ വ്യാ മോഹം വന്നുപോയല്ലോ, അല്ലെങ്കിൽ പുത്രനാശത്താലു ണ്ടാകുന്ന ഹൃദയജ്വരം വലുതാണല്ലോ. അത്രയുമല്ല; താതാ, തെറ്റുകൂടാതെ നൂറനുജന്മാരോടു കൂടിയിരുന്ന ഞാൻ അന്നു വാസുദേവൻവന്നു സന്ധിയാലോചന ചെയ്കപ്പോറ അ തിനെ വകവച്ചില്ല. ഇപ്പോഴാകട്ടെ, പിതാമഹന്റേയും, ആചാര്യന്റേയും അനുജന്മാരുടേയും മരണത്തെക്കണ്ടിട്ടു കൊണ്ടു തന്റെ ശരീരത്തെമാത്രം സ്നേഹിച്ചു് ദുര്യോധനൻ യോഗ്യപുരുഷന്മാൎക്ക് ലജ്ജാകരവും അസുഖപൎയ്യവസാ നവുമായ, പാണ്ഡവന്മാരുമായിട്ടുള്ള സന്ധി എങ്ങനെ ചെയ്യും? അത്രയുമല്ല, അല്ലയോ, തനയവേദിയായ സഞ്ജയാ—

കുരവേററൊരു മന്നരാണു നേരി-
ട്ടരിവൃന്ദത്തൊടു സന്ധിചെയ്‌വതോൎത്താൽ,
പരമെൻ സഹജൻ മരിക്കവേ സാ-
വരജന്മാരിഹ പാൎത്ഥർവാഴകെന്നോ? 126

ധൃതരാഷ്ട്രൻ—ഇത്രയൊക്കെയായി എങ്കിലും ഞാൻ പ്രാൎത്ഥിച്ചാൽ യുധിഷ്ഠിരൻ പിന്നെയൊന്നും ചെയ്കയി

ല്ലെന്നില്ല. എന്നു മാത്രമല്ല; നാം ഉപദ്രവിച്ചതൊന്നും അദ്ദേഹം വിചാരിക്കയുമില്ല.

ദുര്യോധനൻ—എന്തുകൊണ്ട്?

ധൃതരാഷ്ട്രൻ—മകനേ, യുധിഷ്ഠിരന്റെ പ്രതിജ്ഞ കേൾക്കുക:-ഒരനുജനെങ്കിലും മരിച്ചാൽ ഞാൻ പിന്നെ ജീവിച്ചിരിക്കയില്ല.'' യുദ്ധത്തിനു പല കപടങ്ങളുമുള്ളതിനാൽ അനുജനാശത്തെ ഭയപ്പെട്ടിരിക്കുന്ന അദ്ദേഹം എപ്പോൾ അഭിപ്രായപ്പെടുന്നോ അപ്പോൾതന്നെ സന്ധിക്കൊരുക്കമായിരിക്കും.

സഞ്ജയൻ—അതങ്ങനെയാണു്.

ഗാന്ധാരി—മകനേ, യുക്തിയുക്തമായ അച്ഛന്റെ വാക്കിനെ നീ അനുസരിക്കണേ.

ദുര്യോധനൻ—അച്ഛാ, അമ്മേ, സഞ്ജയാ,

ഭ്രാതാവേകൻ മരിച്ചീടിലുമുടൽ വെടിയാൻ
ധർമ്മജൻ തീർച്ച ചെയ്താൻ,
പ്രേതത്വം സോദരന്മാർ ശതവുമണയവേ
ഹേബന്ധേച്ഛു വോ ഞാൻ?
ഭീ തട്ടീടാതെ ദുശ്ശാസനരുധിരമശി-
ച്ചുള്ള ഭീമന്റെദേഹം
ഹാ തച്ചെണ്ണംപൊഴിക്കാതെയുമിവനധുനാ
ചെന്നുസന്ധിക്കുമെന്നോ? 127

ഗാന്ധാരി—ഹാ! പുത്ര ദുശ്ശാസനാ, ഹാ! എന്റെ ഉത്സംഗത്തിൽ കിടന്നു വിഹരിച്ചവനെ, ഹാ! യുവരാജാ, ലോകത്തിൽ ഒരുത്തനും ഈമാതിരി ആപത്തു് കേട്ടിട്ടുകൂടിയില്ല. കഷ്ടം! നൂറു വീരന്മാരെ പ്രസവിച്ച ഭാഗ്യംകെട്ട ഗാന്ധാരി നൂറു ദുഃഖത്തെയാണു് ജനിപ്പിച്ചതു്; അല്ലാതെ നൂറു പുത്രന്മാരെയല്ല.

(എല്ലാവരും കരയുന്നു)

സഞ്ജയൻ—(കണ്ണുനീരു തുടച്ചുകളഞ്ഞിട്ടു്) താതാ അമ്മേ, നിങ്ങൾ മഹാരാജാവിനെ പ്രതിബോധിപ്പിക്കാനായിട്ടാണല്ലേ ഇവിടെ വന്നിരിക്കുന്നതു്. അതിനാൽ ആത്മാവിനേത്തന്നെയും അടക്കേണ്ടിയിരിക്കുന്നു.

ധൃതരാഷ്ട്രൻ—വത്സ ദുര്യോധനാ, ഈ വിധത്തിൽ ഭാഗ്യങ്ങരം മറിഞ്ഞിരിക്കുമ്പോരം നീയും ശത്രുക്കളിൽ സഹജമായ അഭിമാനത്തെ ഉപേക്ഷിക്കാതെയിരുന്നാൽ നീയൊരുവന്റെമാത്രം ജീവിതത്തെ ആശ്രയിച്ചുകൊണ്ടിരിക്കുന്ന തപസ്വിനിയായ ഈ ഗാന്ധാരിയും ഞാനും ആരേയാണ് ശരണം പ്രാപിക്കേണ്ടതു്?

ദുര്യോധനൻ—ഈ അവസരത്തിൽ എന്താണു ചെയ്യേണ്ടതെന്നു കേരംക്കുക.

സർവ്വംസാധിച്ചു, സൌഖ്യവ്രജവുമനുഭവി-
ച്ചുസ്സശത്രുക്കളായി,-
ട്ടുർവ്വീനാഥേന്ദ്രരെല്ലാമടിയിൽ മുടിപതി-
പ്പിച്ചു കൂപ്പീടുവോരായ്,
ഗർവ്വത്തോടാശു നേരിട്ടിടുമരികളെയും
കൊന്നൊരരങ്ങേസ്സുതന്മാർ
സർവ്വന്മാരും തുലഞ്ഞു, സഗരനുകിടയായു്
വാഴ്കമാതാവുമായി. 128

അല്ലെങ്കിൽ ഈ അധിപതി ക്ഷാത്രധർമ്മത്തെ ഉല്ലംഘിച്ചതായിവരും.

(അണിയറയിൽ വലുതായ കോലാഹലം)

ഗാന്ധാരി—(കേട്ടു ഭയത്തോടുകൂടി) മകനെ, എവിടെനിന്നാണ് ഹാഹാകാരത്തോടുകൂടിയ തൂര്യശബ്ദം കേരംക്കുന്നതു്?

സഞ്ജയൻ—അമ്മേ, ഈ ഭൂമി ഈ മാതിരിയുള്ള മഹാനിനാദങ്ങളെക്കൊണ്ടു് ഭീരുജനങ്ങരംക്കു് ഭയത്തെ ഉണ്ടാക്കുന്നതാണ്.

ധൃതരാഷ്ട്രൻ—വത്സാ സഞ്ജയ, പോയി അറിയുക. ഈ ഹാഹാരവം വളരെ ഭയങ്കരമായും മഹത്തായും ഇരിക്കുന്നല്ലോ, ഇതിനു തക്കതായ കാരണമുണ്ടായിരിക്കണം.

ദുര്യോധനൻ—അച്ഛാ; പ്രസാദിക്കണേ! ഞങ്ങരംക്കു ദൈവം വിപരീതമായിത്തീന്നിരിക്കുന്നു. ഇനിയും

വേറയൊരത്യാപത്തു് കോംക്കുന്നതിനു മുമ്പിൽതന്നെ എന്നെ യുദ്ധത്തിലേയ്ക്കു പുറപ്പെടുന്നതിനു അനുവദിക്കണം.

ഗാന്ധാരി—മകനേ, മുഹൂൎത്തനേരമെങ്കിലും മന്ദഭാഗ്യയായ എന്നേ സമാശ്വസിപ്പിക്കണേ.

ധൃതരാഷ്ട്രൻ—പുത്രാ, നീ യുദ്ധത്തിനായി തീൎച്ചപ്പെടുത്തിയിരിക്കുന്നു എങ്കിൽ ഗൂഢമായി ശത്രുക്കളേ നശിപ്പിക്കാനുള്ള ഉപായം ആലോചിക്കുക.

ദുര്യോധനൻ—

നേരേവെച്ചു സുഹൃദ്വിഘാതമരുളും
ശത്രുക്കളേക്കൊല്ലുവാൻ
പോരേ മദ്ഭുജ-മക്ഷൌഖലാരികരംവിധം
കാപട്യമെന്തിന്നുമേ?

ഗാന്ധാരി—പുത്രാ, നീ തനിച്ചേ ഉള്ളല്ലോ; ആരാണു നിന്നേ സഹായിക്കുക?

ദുര്യോധനൻ—

വീമൻ ഞാനൊരുവൻ, തവാത്മജവിപ-
ദ്ദാതാവു; ശത്രുക്കൾനി—
സ്സാരന്മാർ; ലഘുദൈവമെന്തിനു,—ധുനാ;
നിഷ്പ്രാൎത്ഥമിപ്പാൎത്ഥലം. 129

(അണിയറയിൽ കളകളശബ്ദത്തിൻെറശേഷം)

അല്ലയോ യോധന്മാരേ, ഈ വലുതായ സങ്കടം നേരിട്ടതിനേ നിങ്ങൾ കൌരവേശ്വരനേ ധരിപ്പിക്കണം. അപ്രിയം പറയുന്നതിൽ മടിച്ചിട്ടാവശ്യമില്ല. എന്തെന്നാൽ ഇനിയും കാലത്തിനനുസരിച്ചു പ്രവൎത്തിക്കണമല്ലോ, എങ്ങനെ എന്നാൽ,-

വെടിഞ്ഞു കടിഞാണ-മത്തനുവിലൎജ്ജുനാസ്ത്രങ്ങളേ-
റവുടൻ തനിയെ വാജിതൻ ഗതിപെടും വെറുംതേരുമായ്
പടൎന്ന മിഴിനീരിനാൽ സ്ഫുടമുരച്ചു കൎണ്ണാത്യയം,
പടക്കുടിയിലേയ്ക്കിതാ ബത! വരുന്നു മദ്രാധിപൻ. 130

ദുര്യോധനൻ— (കേട്ടിട്ടു് ശങ്കയോടുകൂടെ) എന്തു്! ആരാണിങ്ങനെ അസ്പഷ്ടമായി ഇടിത്തീ വീഴുന്നതുപോ

ലെ കഠോരമായിട്ടുള്ള വാക്യത്തെ ഉൽഘോഷിച്ചതു്? ആരവിടേ?

(പ്രവേശിച്ചു് സംഭ്രമത്തോടുകൂടെ)

സൂതൻ--കഷ്ടമേ! ഞങ്ങൾ ഹതന്മാരാകുന്നു—(എന്നു് താഴെ വീഴുന്നു.)

ദുര്യോധൻ—എടോ, പറയൂ.

ധൃതരാഷ്ട്രസഞ്ജയന്മാർ—പറയണം പറയണം.

സൂതൻ—ആയുഷ്മൻ, വേറിട്ടെന്താണു്!

മനോരഥത്തിൻ പടി ശൂന്യമായ
മനസ്വികർണ്ണന്റെ രഥത്തിലേറി
തനിച്ചണഞ്ഞീടിന ശല്യനിപ്പോൾ
ജനത്തിലും ശല്യമിയററിയേററം 1.1

ദുര്യോധനൻ—അയ്യോ! സ്നേഹിതനായ കർണ്ണാ;

(എന്നു മൂർഛിച്ചു വീഴുന്നു)

ഗാന്ധാരി—മകനേ സമാശ്വസിക്കു് സമാശ്വസിക്കു്

സഞ്ജയൻ-ദേവൻസമാശ്വസിക്കണംസമാശ്വസിക്കണം

ധൃതരാഷ്ട്രൻ-കഷ്ടം! കഷ്ടം!!

വീരൻ ഭീഷ്മൻ ദ്രോണനും ചത്തവാറി-
ങ്ങാരോ നമ്മൾക്കാശ്രയസ്ഥാനമായോൻ,
ശൂരൻ മൽപ്പുത്രുന്നുമേററം സുഹൃത്താ-
മാ രാധേയൻ കൂടിയാഹാ! മരിച്ചോ! 132

വത്സാ, സമാശ്വസിക്കുക സമാശ്വസിക്കുക. അല്ലയോ ഹതവിധേ;—

സുതശതമൃതിദുഃഖം, കണ്ണുകാണായ്ക, യീമ-
ട്ടതികഠനമിയന്നാപ്പത്തിയോടൊത്തൊമീ ഞാൻ,
ഹതസകലസുഹൃത്താമിബ്ഭുജംഗദ്ധ്വജൻതൻ
ഹിതമനല്പവിമാശിക്കേണ്ടെയെന്നാക്കിയല്ലോ 133

മകനേ സുയോധനാ; സമാശ്വസിക്കുക സമാശ്വസിക്കുക വ്യസനിച്ചിരിക്കുന്ന അമ്മയേയും സമാശ്വസിപ്പിക്കുക,

ദുര്യോധനൻ—(ബോധം പ്രാപിച്ചു്)

അയി കർണ്ണ, കർണ്ണസുഖമേകിടുന്നവാങ്-
മയമുഗ്ദ്ധമാദ്ധ്വിചെവിയിൽപ്പൊഴിക്ക നീ
പിഴചെററുമററ ചിരമിത്രമെന്നെയും
വൃഷസേനവത്സല, വെടിഞ്ഞുപോകയോ? 134

(പിന്നെയും മൂർച്ഛിക്കുന്നു)

(എല്ലാവരും സമാശ്വസിപ്പിക്കുന്നു)

ദുര്യോധനൻ—

ഗുണജലധി മദീയജീവനേക്കാം
പ്രണയമിയന്നൊരു കർണ്ണനും മരിക്കേ
ഘൃണ ജനക, വിമൂർച്ഛതന്നിലും വ-
ന്നണയുമെനിക്കു സമാശ്വസിക്കിലെന്താം? 135

അത്ര്യയുമല്ല:—

ഹാ! ദുഃഖത്തിനു ഹേതുവാകില്യ;-മരാ-
തിക്ലിഷ്ടനെൻ വത്സനാ-
മാത്ത്യശ്ശാസന, നാസ്സുഖാക്കളിവരിൽ
ത്താപം വഹിപ്പില്ല ഞാൻ;
ഖേദം ഹൃത്തിലുദിക്കുമാറു കദനം
കർണ്ണന്നുമാരേകിയോ,
ഖാദം വിട്ടവനുള്ള വംശവുമുടൻ
ഭസ്മീകരിച്ചീടുവൻ. 136

ഗാന്ധാരി—മകനേ, ക്ഷണനേരം ബാഷ്പമോചനം കുറയ്ക്കണേ.

ധൃതരാഷ്ട്രൻ—വത്സാ, അല്പനേരം അശ്രുക്കളെ അടക്കുക.

ദുര്യോധനൻ—

എന്നേക്കുറിച്ചു തനു തത്ര വെടിഞ്ഞ വീരൻ
തന്നേത്തടുപ്പതിനൊരുത്തരുമെത്തിയില്ല;
ഇന്നേരമായവനെയോർത്തു വിഷണ്ണനെന്നിൽ
വന്നേറുമക്ഷിസലിലം തടയുന്നതെന്തേ? 137

സൂതാ, ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതായും ഞങ്ങളുടെ വംശത്തിനു നാശകരമായുമുള്ള ഈ കൃത്യം ചെയ്തതാരാണ്?

സൂതൻ—ആയുഷ്മൻ, ഇങ്ങനെയാണ് ജനങ്ങൾ പറയുന്നതു്—

''കുരുവരസേനാന്തകന-
ഗ്ഗുരുബലവാനജ്ജുനൻ, ശരൌഘത്താൽ
വിരുതൊട്ട കണ്ണനെയത്തേ-
രുരുളിലയിൽത്താണിരിക്കെ നിഹനിച്ചു.'' 138

ദുര്യോധനൻ—

കണ്ണമുഖേന്ദുസ്മൃതിയാൽ
തിണ്ണെന്നിളകുന്ന ശോകവാരിധിയേ
ചണ്ഡൻ ബാഡവശിഖിപോൽ
ശുണ്ണം മൽക്രോധവഹ്നി തടയുന്നു. 139

അച്ഛാ, അമ്മേ, നിങ്ങൾ പ്രസാദിക്കണേ

സങ്കടവേമാം ദുസ്സഹ-
വൻകനലെങ്കിൽപ്പടന്നു കത്തുന്നു;
ശങ്ക കലത്തും രണമിതു
വൻകഥനാതന്നിൽ തന്നിതെമ്മട്ടം. 140

ധൃതരാഷ്ട്രൻ—(ദുര്യോധനനെ ആലിംഗനം ചെയ്തു കരഞ്ഞുകൊണ്ടു്)

ഉണ്ടായിട്ടും തനയ, ജയമീ-
സ്സാഹസംകൊണ്ടു; പക്ഷേ
രണ്ടായ് പൊട്ടുന്നിതു മമ മനം
ഭീമനേപ്പാത്തിടുമ്പോൾ,
കൊണ്ടാടുമ്മാറനീകൃതി പരം
മാനി നിൻ ചേഷ്ടിതം, ഹൃൽ-
ത്തണ്ടാടും വൻചതിയടരിൽ
പ്പാത്ഥ,—രീ ഞാൻ ഹതാശൻ 141

ഗാന്ധാരി—മകനേ; നൂറു പുത്രന്മാരെയും കൊന്നിരിക്കുന്ന ആ ഭീമനുമായിട്ടു തന്നെയാണോ നീ യുദ്ധത്തിനു പുറപ്പെടുന്നതു്?

ദുര്യോധനൻ—ഭീമൻ അവിടെ നില്ക്കട്ടെ:—
എൻമനസ്സിനു വരിഷ്ഠതുഷ്ടിയരുളീടുവോ,-നടലി
നൊക്കെയും

നന്മനോജ്ഞഘനവചന്ദനം, വിമലചന്ദ്രമസ്സമിഴികാംക്കമേ
അംബ, നിൻതനയനച്ഛനുള്ള നയശിഷ്യമൌലിമണി
കണ്ണനാ-
മമ്മഹാനെ നിഹനിച്ചൊരാക്ഖലനിലെൻ ശരങ്ങൾ
നിപതിച്ചിടും 142

സൂതാ, ഇനിയും താമസിക്കാൻ പാടില്ല. എൻെറ തേരു സജ്ജമാക്കിക്കൊണ്ടു വരൂ. പാണ്ഡവന്മാരെ ഭയമുള്ളപക്ഷം നീ അവിടെ നിന്നോ; ഗദമാത്രം എടുത്തുകൊണ്ടു യുദ്ധഭൂമിയിലേയ്ക്കു ഞാൻ പോകുന്നു.

സൂതൻ—മററു വിധത്തിൽ വിചാരിക്കേണ്ട. ഇതാ ഞാൻ വന്നു കഴിഞ്ഞു (എന്നു പോയി)

ധൃതരാഷ്ട്രൻ—വത്സ ദുര്യോധനാ; ഞങ്ങടെ മനസ്സ് ഉരുകുന്നതിനായിട്ടുള്ള ഈ നിൻെറ വ്യവസായം സ്ഥിരം തന്നേ എങ്കിൽ ഇവിടെ കൂടിയിട്ടുള്ള വീരന്മാരിൽ ഒരുവനെ സേനാപതിയാക്കി അഭിഷേകം ചെയ്യുക.

ദുര്യോധനൻ—അഭിഷേകം ചെയ്തുകഴിഞ്ഞിരിക്കുന്നു

ഗാന്ധാരി— മകനേ, ആരെയാണഭിഷേകം ചെയ്തതു്?

സഞ്ജയൻ—ഹാ ! കഷ്ടം !

ഭീഷ്മനും ദ്രോണനും പോയികർണ്ണനും മൃതിയേൽക്കവേ
ശല്യൻ പാൎത്ഥരെ വെന്നീടുമെന്നമോഹം മഹത്തു
താൻ 143

ദുര്യോധനൻ—ശല്യനെക്കൊണ്ടും അശ്വത്ഥാമാവിനേക്കൊണ്ടും എന്തു പ്രയോജനമാണു്?

കർണ്ണനേപ്പുണരുമൊന്നുകിൽ സ്വയം;
പാണ്ഡവർക്കു മൃതിചേർക്കുമന്യഥാ,
തൂർണ്ണമിങ്ങനെ നിനച്ചു മുന്നമേ
കണ്ണുനീരിലഭിഷിക്തനായി. ഞാൻ 144

(അണിയറയിൽ കളകള ശബ്ദം ചെയ്തിട്ടു്)

അല്ലയോ; കൌരവബലത്തിലേ പ്രധാനയോധന്മാരേ, ഞങ്ങളെക്കണ്ടു ഭയപ്പെട്ടു് അങ്ങുമിങ്ങുമോടിപ്പോകണ്ട, സുയോധനൻ എവിടെ നിൽക്കുന്നുവെന്നു പറയുവിൻ

(എല്ലാവരും പരിഭ്രമത്തോടുകൂടി കേറാക്കന്നു)

(സംഭ്രമത്തോടുകൂടി പ്രവേശിച്ച്)

സൂതൻ—ആയുഷ്മൻ,
തിരുമേനിയെയും തിരിഞ്ഞുകൊണ്ടി-
ട്ടൊരു തേരേറി വരുന്നു രണ്ടുപേരും;
എല്ലാവരും—ആരെല്ലാമാണ്?
സൂതൻ—
വിരുതേറിയ കർണ്ണമാഥിയും തൽ-
ക്കരുവിദ്വേഷി കഠോരവായുഭവും. 145

ഗാന്ധാരി—(പേടിച്ചുകൊണ്ട്) മകനേ ഇവിടെ ചെയ്യേണ്ടതെന്താണ്?

ദുര്യോധനൻ—ഈ ഗദ അടുത്തുതന്നെ ഇരിക്കുന്നു.

ഗാന്ധാരി—കഷ്ടമേ ! മന്ദഭാഗിനിയായ ഞാൻ നശിച്ചു.

ദുര്യോധനൻ—അമ്മേ, ഇപ്പോറം വ്യസനിക്കേണ്ടതില്ല. സഞ്ജയാ, അച്ഛനമ്മമാരെ തേരിൽ കയററി ശിബിരത്തിലേയ്ക്കു കൊണ്ടുപോകുക. നമ്മുടെ ശോകത്തെ കളയുന്ന ജനം അടുത്തുവന്നിരിക്കുന്നു,

ധൃതരാഷ്ട്രൻ—വത്സാ, ഒരു നിമിഷം അടങ്ങി നിൽക്കു, ഞാൻ ഇവരുടെ അഭിപ്രായമൊന്നറിയട്ടെ.

ദുര്യോധനൻ—അച്ഛാ, ആ അറിവുകൊണ്ടെന്താണു പ്രയോജനം ?

(അനന്തരം ഭീമാർജ്ജുനന്മാർ പ്രവേശിക്കുന്നു.)

ഭീമൻ—അല്ലയോ,സുയോധനപക്ഷക്കാരേ, നിങ്ങറം എന്തിനായി പരിഭ്രമിച്ച് അങ്ങുമിങ്ങും സഞ്ചരിക്കുന്നു ഞങ്ങറം വന്നിരിക്കുന്ന വിവരം കരുപതിയായ സ്വാമിയുടെ അടുക്കൽ പറയുക. ഞങ്ങളേ ശങ്കിച്ചിട്ടാവശ്യമില്ല

കള്ളച്ചൂതു കളിച്ചുമാജ്ജതുഗൃഹം തീ വെച്ചുമപ്പാർഷതി-
ക്കള്ളക്കേശവുമുത്തരീയവുമഴിച്ചാത്തും, പൃഥാപുത്രരേ
തള്ളിദ്ദാസ്യമണച്ചു; മാന്ന ശതസോദര്യർക്കമദ്ധ്യക്ഷനാം
ഭള്ളേറും പ്രഭുകർണ്ണമിത്രമെവിടെ്ക്കാണാനിവക്കാ
ഗ്രഹം 146

ധൃതരാഷ്ട്രൻ—സഞ്ജയാ, ഈ പാപിയുടെ ആക്ഷേപം ഭയങ്കരമായിരിക്കുന്നു.

സഞ്ജയൻ—താതാ, പ്രവൃത്തികൊണ്ടു സകലവിപ്രിയവും ചെയ്തിരിക്കുന്ന ഇവർ ഇപ്പോൾ വാക്കുകൊണ്ടും അതു തുടങ്ങിയിരിക്കുന്നു.

ദുര്യോധനൻ—സൂതാ, ഞാൻ ഇവിടെ നില്ക്കുന്നു എന്നു രണ്ടുപേരോടും ചെന്നു പറയൂ.

സൂതൻ—കല്പനപോലെ (അവരുടെ അടുത്തുചെന്നിട്ട്) അല്ലയോ, ഭീമാർജ്ജുനന്മാരേ, ആ മഹാരാജാവു താതനോടും അമ്മയോടുംകൂടി ആൽത്തറയിലിരിക്കുന്നു.

അർജ്ജുനൻ—ജ്യേഷ്ഠാ; പ്രസാദിക്കണേ, പുത്രശോകത്താൽ വ്യസനിച്ചിരിക്കുന്ന അച്ഛനമ്മമാരെ പിന്നെയും നമ്മൾ ചെന്നു ഭയപ്പെടുത്തുന്നതു ശരിയല്ല. അതിനാൽ നമുക്കു പോകാം.

ഭീമൻ—മൂഢാ, സദാചാരത്തെ ലംഘിക്കാമോ? ഗുരുക്കന്മാരെ അഭ്യവാദ്യം ചെയ്യാതെ പോകുന്നതു യുക്തമല്ല. (അടുത്തുചെന്നു) സഞ്ജയാ, അച്ഛനമ്മമാരെ വന്ദിക്കുന്നു എന്നു പറയൂ. അല്ലെങ്കിൽ നില്ക്കുക; ഞങ്ങൾതന്നെ നാമകർമ്മങ്ങൾ കേൾപ്പിച്ചു ഗുരുക്കന്മാരെ വന്ദിച്ചുകൊള്ളാം.

അർജ്ജുനൻ—(അടുത്തുചെന്നിട്ട്) അച്ഛാ, അമ്മേ,—

ആരിൽജ്ജയാശ ഭവദാത്മജർ വെച്ചു; ലോക-
മാരിൽപ്പെടും പടുതയാൽ തൃണമെന്നുമോർത്തു;
പോരിൽത്തദംഗപതിയേക്കൊലചെയ്ത പാർത്ഥൻ
നേരിട്ടു മാതൃപിതൃവന്ദനംചെയ്തിടുന്നു. 147

ഭീമൻ—പൊടിച്ചു കൗരവ്യരെയൊക്കെ; നന്നായ്
കുടിച്ചു ദുശ്ശാസനരക്തപൂരം.
ചൊടിച്ചു, ദുര്യോധനദുർഭഗോരു
പൊടിപ്പവൻ ഭീമനിതാ തൊഴുന്നേൻ 148

ധൃതരാഷ്ട്രർ—ദുഷ്ടവൃകോദരാ, നീ തന്നെയല്ല, ശത്രുക്കളെ കൊന്നിട്ടുള്ളതു്, ക്ഷത്രിയന്മാരെന്നുണ്ടായോ അന്നുമുതൽ സമരവിജയികളായ വീരന്മാർ ജയിക്കയും മരി

ക്കയും ചെയ്തിട്ടുണ്ട്; അതിനാൽ ഈ മാതിരി വികത്ഥനങ്ങളെക്കൊണ്ട് ഞങ്ങളെ എന്തിനു നീ ഭയപ്പെടുത്തുന്നു?

ഭീമൻ—അച്ഛാ, ദ്വേഷ്യപ്പെടേണ്ട:-

ഏതെല്ലാം നൃപർ നോക്കിനിൽക്കുമളവിൽ-
പ്പാഞ്ചാലി നിൻമുന്നിലായ്
ജാതക്ലേശമുഴന്നി,—തന്നൃപകുലം
പാർത്ഥോഗ്രകോപാഗ്നിയിൽ
ഭീ തട്ടിശ്ശലഭത്വമാർന്നു ബലദ-
ർപ്പംകൊണ്ടുചൊല്ലുന്നത-
ല്ലേതദ്ദുഷ്ക്രിയകൾക്കു സാക്ഷിതനയ-
ന്മാരൊത്തൊരങ്ങുന്നു താൻ. 149

ദുര്യോധനൻ—എടാ എടാ; കാററിന്റെ മകനേ, വൃദ്ധനായ രാജാവിന്റെ മുമ്പിൽവെച്ചു നിന്ദിക്കേണ്ടതായ തന്റെ പ്രവൃത്തിയെ എന്തിനിങ്ങനെ ശ്ലാഘിക്കുന്നു? അത്രയുമല്ല;—

തിങ്ങിബ്ഭൂപർ വസിച്ചോരാസ്സഭയിൽവ-
ച്ചേററം പശുപ്രായരാം
നിങ്ങൾക്കുള്ള വധൂടിതൻ പടമഴി-
ച്ചെന്നുള്ളതെൻ വാക്കിനാൽ
ഇങ്ങോർത്താലതിനെന്തുതെററു ഹതരാ-
മബ്ഭൂമിപർക്കുള്ളൂ? നീ
തുംഗോദ്യൽബ്ബലമാർന്നൊരെന്നെ വിജയി-
ച്ചീടാതെ ദർപ്പിക്കയോ? 150

ഭീമൻ—(ക്രോധം നടിക്കുന്നു)

അർജ്ജുനൻ—ആര്യാ, പ്രസാദിക്കണേ! ഇവിടെ എന്തിനു കോപിക്കുന്നു?

ഭ്രാതാക്കൾ നൂറും ഹതരാകുമീയാൾ
സ്ഥിതാർത്തിയായ് ദുർമ്മൊഴിതൂകിടുന്നു,
ഏതാനുമന്യത്തിനു ശക്തിയററി-
ട്ടോതാൻ തുടർന്നാലതിലെന്തുചേതം? 151

ഭീമൻ—എടാ എടാ, ഭരതകുലത്തിനു കളങ്കമായിത്തീർന്നോനേ,—

ഇപ്പോഴുംതന്നെ കടുപ്രലാപമിതുമ-
ട്ടോതുന്ന നിന്നേത്തട-
ഞ്ഞപ്പോരിൽ ഖലസോദരർക്കു തുണയായു്
തെക്കോട്ടയക്കില്ലയോ?
ഉത്ഭേദിച്ചു നഖങ്ങളസ്ഥികളിലായു്
തട്ടുമ്പോഴുൽപ്പന്നമാ-
മുച്ചധ്വാനമെഴുന്ന നിന്നുടൽ തട-
ഞ്ഞീടായ്കിലിന്നീഗ്ഗുരു. 152

അത്രയുമല്ല, മൂഢാ—

കക്ഷീർത്തുകിക്കമെനിക്കലവിധം സങ്കടം കൈവിടാനും,
ഖണ്ഡിച്ചേററം തകരുമനുജാതാംഗമീക്ഷിക്കുവാനും;
തിണ്ണെന്നേവം കുരുകുലസരഃകുംഭിയാം ഭീമനത്യ-
ച്ചണ്ഡം കോപിപ്പളവിലയി, നീ മൂഢ, ജീവി
ച്ചിരിപ്പൂ 153

ദുര്യോധനൻ—ദുരാത്മൻ, ഭരതകുലാധമനായ പാണ്ഡവപശോ. ഞാൻ നിന്നെപ്പോലെ ഭള്ളു പറയുന്നതിൽ സമർത്ഥനല്ല; എന്നാൽ—

കട്ടിക്കൂടുമൊരു മൽഗ്ഗദമാറിൽ-
ത്തട്ടിയെല്ലുകൾ പൊടിഞ്ഞുടൽതന്നിൽ
ഒട്ടിടയ്ക്കകമായേ, ശവമായു് നീ
പെട്ടിടുന്നതു സുഹൃത്തുക്കൾ കാണും. 154

ഭീമൻ—(ചിരിച്ചുംകൊണ്ടു്) ഇങ്ങനെയാണെങ്കിൽ അങ്ങേക്കുറിച്ചും ശ്രദ്ധിക്കേണ്ടതാണല്ലോ; എന്നാൽ അടുത്തുണ്ടാവാനിരിക്കുന്നതുതന്നെ പറയാം.

നാളെക്കാലത്തു കൈയിൽപ്പെടുമൊരുഗദയാ-
ലൂരുതട്ടിത്തകർത്തി-
ട്ടാളെല്ലാം നോക്കിനിൽക്കേ കഠിനത കലരും
നിൻശിരസ്സിൽച്ചവിട്ടി,
ചാലേ നീ മുമ്പരാകും സഹജരുടെ കടും—
ചോരയാം ചന്ദനത്താൽ
കോലം കാണാതെ കേശംമുതലടിവരെയും
ധാടിയിൽശ്രൂവൻ ഞാൻ, 154

(അണിയറയിൽ)

അല്ലയോ, ഭീമാജ്ജുനന്മാരെ, സകല വൈരികളെ യും ശമിപ്പിച്ചവനായി പരാക്രമിയായ പരശുരാമനേ പ്പോലെ മനോഹരയശസ്സോടുകൂടിയവനായി പ്രതാപ ത്താൽ താപിതമായ അശേഷലോകത്തിലും സ്വജനങ്ങ ളെ സ്ഥാപിപ്പിക്കുന്നവനായി ശ്രീമാനായിരിക്കുന്ന അ ജാതശത്രുവാകുന്ന യുധിഷ്ഠിരമഹാരാജാവു് ആജ്ഞാപി ക്കുന്നു:

രണ്ടുപേരും—ആര്യൻ എന്തരുളിച്ചെയ്യുന്നു.

(പിന്നെയും അണിയറയിൽ)

''പോരിൽച്ചത്തവർ തൻ വപുസ്സകം ദഹി-
പ്പിക്കട്ടെ, ബന്ധുക്കരം കൺ-
നീരോടൊത്തു തിലോദകം മൃതനര-
ക്കേകട്ടെ മിത്രങ്ങളും,
നേരേ പാത്തു തിരഞ്ഞിടട്ടേ കഴുകൻ
കൊത്തും സുഹൃത്തിൻകുലം;
സൂരൻമാഞ്ഞു രിപുക്കളൊത്തുടനട-
ക്കിടട്ടെ സൈന്യത്തെയും. 156

രണ്ടുപേരും—ആര്യൻെറ കല്പനപോലെ (എന്നു പോകുന്നു)

(അണിയറയിൽ)

എടാ എടാ, ഗാണ്ഡീവത്തെക്കുലച്ചതുകൊണ്ടു പരാ ക്രമശാലിയായ അജ്ജുനാ, അജ്ജുനാ; ഇപ്പോരം നീ എ വിടെപ്പോകുന്നു?

കോപം കണ്ണിനിൽ വാസ്സുയാലിതുവരര
കൈവിട്ടിതുൽകൃഷ്ടമെൻ
ചാപം, നിങ്ങരം മദിച്ചുപോയ് ബലികളി-
ല്ലാതുള്ള വൻപോരിതിൽ,
താപത്തോടു ധനസ്സുവിട്ടമരുമ-
ത്താതൻെറ കേശഗ്രഹാ-
ക്ഷേപത്താലണയുന്ന പാണ്ഡവചമൂ-
കാലാഗ്നിയാം ദ്രൗണി ഞാൻ 157

ധൃതരാഷ്ട്രൻ—(കേട്ടിട്ടു് സന്തോഷത്തോടെ)വത്സാ ദുര്യോധനാ, ദ്രോണവധത്താൽ വർദ്ധിച്ചിരിക്കുന്ന ക്രോ

ധവഹ്നിയോടുകൂടി അച്ഛനേക്കാൾ അധികബലവാനായി അഭ്യാസകുശലനായി അമരതുല്യനായ അശ്വത്ഥാമാവു വന്നിരിക്കുന്നു. അതിനാൽ ചെന്നു് എതിരേറ്റു് ആ വീരനെ ബഹുമാനിക്കണം.

ഗാന്ധാരി—മകനെ, ആ മഹാപുരുഷനെ ചെന്നെതിരേൽക്കുക.

ദുര്യോധനൻ—താതാ, അമ്മേ, കൃഷ്ണന്റെ വധം കാംക്ഷിച്ചിരിക്കുന്ന ഇവന്റെ വ്യർത്ഥമായിട്ടുള്ള യൌവനം കൊണ്ടും ശസ്ത്രബലംകൊണ്ടും എന്താണു പ്രയോജനമുള്ളതു്?

ധൃതരാഷ്ട്രൻ—വത്സാ, ഈ സമയത്തിൽ ഇതുപോലെയുള്ള പരാക്രമികൾക്കു് വാക്കുകൊണ്ടെങ്കിലും നീരസമുണ്ടാക്കുന്നതു ഭംഗിയല്ല.

(പ്രവേശിച്ചു്)

അശ്വത്ഥാമാവു്—കൌരവരാജാവു വിജയിക്കട്ടെ.

ദുര്യോധനൻ—(എഴുന്നേറ്റു്) ഗുരുപുത്രാ, അവിടെ ഇരിക്കാം.

(എന്നു് ഇരുത്തുന്നു)

അശ്വത്ഥാമാവു്—രാജൻ ദുര്യോധനാ,-

ശ്രുതിസുഖദമനേകം വാക്കുരച്ചുള്ള കൃഷ്ണൻ
ക്ഷിതിപ! സമരഭൂവിൽ പെട്ടുതീക്ഷിച്ചുവല്ലോ,
ധൃതിയൊടു സധനുസ്സീദ്രൌണി ശത്രുവ്രജത്തോ-
ടെതിരിടുവതിന്നെത്തീ; ചിന്തയൊക്കെ ത്യജി
ക്കാം. 158

ദുര്യോധനൻ—(അസൂയയോടുകൂടി) ആചാര്യപുത്രാ
മതി; കൃഷ്ണനണഞ്ഞതശേഷമേ നീ
ധൃതികൈക്കൊണ്ടടർ ചെയ്യുയുള്ളവല്ലോ;
മതി മന്ദ്യതിയും കഴിഞ്ഞിടട്ടേ;
മതിമൻ, ഞങ്ങളിലില്ല ഭേദമേതും 159

അശ്വത്ഥാമാവു്—(ഉള്ളിൽ വിചാരിക്കുന്നു) ഇപ്പോഴും ആ കൃഷ്ണന്റെ പേരിൽ തന്നെയോ പക്ഷപാതം; പരിഭവം ഞങ്ങളിലും. (നേരിട്ടു്) കൌരവശ്രേഷ്ഠാ, അങ്ങനെയാകട്ടെ.

(എന്നു പോയി)

ധൃതരാഷ്ട്രൻ—വത്സാ, നിനക്ക് ഇതെന്തു ഭ്രമമാണ്? ഈ കാലത്തിൽക്കൂടി ഇതുപോലെയുള്ള മഹാപുരുഷനാകുന്ന അശ്വത്ഥാമാവിനും പരുഷവാക്കുകൊണ്ടു നീരസമുണ്ടാക്കുന്നുവല്ലൊ.

ദുര്യോധനൻ—ഞാൻ അദ്ദേഹത്തിനോട് അപ്രിയമായിട്ടോ വ്യാജമായിട്ടോ വല്ലതും പറഞ്ഞോ? അല്ലെങ്കിൽ ഇതിൽ കോപിക്കാനുള്ളതല്ലയോ? നോക്കുക:—

വില്ലാളിശ്രേഷ്ഠരാകും നൃപതികളഖിലം
പാർത്തു വാഴ്ത്തീടുവോനായ്,
വല്ലാതേ കണ്ടു യുഷ്മദവിധിയുടെ പിഴയാൽ
പോരിലാപത്തുപററി,
പുല്ലായ് ജീവൻ വെടിഞ്ഞുള്ളൊരു സഖിമണിയാം
കർണ്ണനേക്കൊണ്ടുദോഷം
ചൊല്ലാനെൻ മുന്നിലോർക്കുന്നവനു വിജയനേ-
ക്കാളുമുണ്ടോ വിശേഷം? 160

ധൃതരാഷ്ട്രൻ— വത്സാ, ഇതിൽ നിനക്കെന്താണു ദോഷമുള്ളതു്? ഇപ്പോഴും ഭരതകുലത്തിന്റെ അവസാനമായി. സഞ്ജയാ ഭാഗ്യംകെട്ടവനായ ഞാൻ ഇപ്പോഴെന്താണു ചെയ്യേണ്ടതു്? (ആലോചിച്ചിട്ട്) ഇങ്ങനെയാകട്ടെ, സഞ്ജയാ, ഞാൻ പറഞ്ഞതായി ഭരദ്വാജനായ അശ്വത്ഥാമാവിനോടു പറയൂ.—

ഇയ്യാളോടൊരുമിച്ചു നമ്മുലപകു-
ത്തൊപ്പം കുടിച്ചുള്ളതും,
നീയെൻമുണ്ടിലണഞ്ഞുരുണ്ടുനിലയും,
ബാല്യത്തിലോർക്കുന്നുവോ?
സ്ഥായിക്കൊത്ത സഗർഭ്യർതൻ മൃതിവശാ-
ലുത്താപമാർന്നപ്രിയം
പ്രേയാനായ ഭവാനൊടിത്ഥമുരചെ-
യ്തെന്നോർത്തു കോപിക്കൊലാ. 161

സഞ്ജയൻ— താതന്റെ കല്പനപോലെചെയ്യാം.
(എന്നു എഴുന്നേൽക്കുന്നു)

ധൃതരാഷ്ട്രൻ — അത്രയുമല്ല; വേറൊന്നുകൂടി പറയേണ്ടതുണ്ട്;

ശസ്ത്രം താതൻ വെടിയുവതിനായ്
    കൈതവം ചൊന്നതു; ദു
ഷ്കൃത്യം ഹാ! ഹാ!! പിതൃവധമതേ-
    മട്ടിലൊപ്പിച്ചതും, നീ
ചിത്തം തന്നിൽക്കരുതി വിരുതോ-
    ടാത്മശക്തിക്കിണങ്ങും
യുദ്ധം നാഗദ്ധ്വജമൊഴി ഗണി-
    ക്കാതെ ചെയ്യേണമെന്നായ്. 162

സഞ്ജയൻ—താതാ, കല്പിക്കുന്നതുപോലെ, (എന്നു പോകുന്നു)

ദുര്യോധനൻ—സൂതാ, യുദ്ധത്തിലേയ്ക്കുള്ള എൻെറ തേരു ശരിയാക്കിക്കൊണ്ടുവരിക.

സൂതൻ—തിരുമനസ്സിലെ കല്പനപോലെ (എന്നു പോയി)

ധൃതരാഷ്ട്രൻ—ഗാന്ധാരി, നമുക്കും ഇവിടെനിന്നു മദ്രരാജാവായ ശല്യൻെറ ശിബിരത്തിലേയ്ക്കുതന്നെ പോകാം. വത്സാ, നീയും ഇപ്രകാരം ചെയ്യുക.

(എന്നു ചുററിനടന്നു്. എല്ലാവരുംപോയി

---

## ഏഴാമങ്കം

(അനന്തരം ഇരുന്നുകൊണ്ടു് യുധിഷ്ഠിരനും പാഞ്ചാലിയും പുരുഷനും ചേടിയും പ്രവേശിക്കുന്നു)

യുധിഷ്ഠിരൻ—(ആലോചിച്ചിട്ടു ദീർഘശ്വാസം വിട്ടുകൊണ്ടു്)

ഊക്കാളും ഭീഷ്മനാകുന്നൊരു കടൽ തരണം
    ചെയ്തു; വൻ ദ്രോണനാം തീ
നില്ക്കാതേ കെട്ടു; കർണ്ണോരഗപതി ഹതനായ്
    ശല്യരും പൂകി നാകം;

മുക്കാലും സിദ്ധമായി വിജയമിഹ മരുൽ-
സൂനുതൻ സാഹസത്താ;
ലിക്കാണും ഞങ്ങളെല്ലാവരുമിനിയുമഹോ!
സംശയത്തിങ്കലായി. 163

പാഞ്ചാലി— (കണ്ണുനീരോടുകൂടെ) മഹാരാജാവേ, പാഞ്ചാലിയാൽ എന്നു് എന്തുകൊണ്ടൊന്നു് പറയാത്തതു്?

യുധിഷ്ഠിരൻ—പാഞ്ചാലീ, എന്നാൽതന്നെ (പുരുഷനെ നോക്കീട്ടു്) ബുധകാ:-

പുരുഷൻ—തിരുമേനി കല്പിക്കണം.

യുധിഷ്ഠിരൻ—സഹദേവനോടു പറയണം—"ക്രുദ്ധനായ ഭീമൻെറ ഇന്നുതന്നെ നടത്തേണ്ടതായ പ്രതിജ്ഞയെ അറിഞ്ഞിട്ടു് ഒളിച്ചുപോയിരിക്കുന്ന അഭിമാനിയായ കൌരവനാഥൻെറ സ്ഥാനം കണ്ടുപിടിക്കുന്നതിനു് അതിസമർത്ഥന്മാരും പരമാർത്ഥവേദികളും ഭക്തിമാന്മാരുമായ ചാരന്മാരേയും സചിവന്മാരേയും, സുയോധനൻെറ വഴി അറിഞ്ഞുവരുന്നതായാൽ വലിയ സ്ഥാനവും ധനങ്ങളും തന്നുകൊള്ളാമെന്നു കരാറോടുകൂടി സമന്തപഞ്ചകത്തിൻെറ ചററും പെരുമ്പറയടിച്ചു ഘോഷിച്ചുകൊണ്ടു സഞ്ചരിക്കുന്നതിലേയ്ക്കു് ഏർപ്പാടു ചെയ്യണം" അത്രയുമല്ല,

ഇന്നു മുക്കവർ മണപ്പുറം ചളിക-
ളെന്ന ദിക്കുകളിലൊക്കയും
ചെന്നുനോക്കുക; തിരക്കിടട്ടെ തരു-
വല്ലരീപദവിഗോപരും;
പന്നിപാമ്പുകരം പെടുന്ന കാടുകളി-
ലൂടറിഞ്ഞവർ കിരാതഭൃ—
തന്നിലും; ചതുരചാരരാൻെറ തിരയട്ടെ
താപസഗൃഹത്തിലും. 164

പുരുഷൻ—കല്പനപോലെ ചെയ്യാം.

യുധിഷ്ഠിരൻ—നിൽക്കു്; ഇങ്ങനെക്കൂടി സഹദേവനോടു പറയണം:—

"അറിയണമൊളിവായിട്ടുങ്കകൈക്കൊണ്ടു ലോകം
പറയുവതു; മുറങ്ങിടുന്നവൻ—രോഗി.മത്തൻ

അരുളമൊരുവപസ്സും; ജന്തുസന്ത്രാസ—മൂർവീ—
വരന്റെ പദചിഹ്നം പക്ഷിഗീരെന്നി
തെല്ലാം'' 165

പുരുഷൻ—കല്പനപോലെ. (എന്നു പോയിട്ടു് പിന്നെയും തിരിച്ചുവന്നു സന്തോഷത്തോടെ) ദേവാ,പാഞ്ചാലകൻ വന്നിരിക്കുന്നു.

യുധിഷ്ഠിരൻ—വേഗത്തിൽ കൂട്ടികൊണ്ടുവരു.

പുരുഷൻ—[പോയി പാഞ്ചാലനോടുകൂടി പ്രവേശിച്ചു്] സ്വാമി ഇവിടെയാണു്; പാഞ്ചാലകാ അങ്ങടുത്തു ചെല്ലണം.

പാഞ്ചാലകൻ—സ്വാമി, ജയിക്കണം ജയിക്കണം. മഹാരാജാവിനും ദേവിക്കും ഞാൻ പ്രിയത്തെ അറിയിക്കുന്നു.

യുധിഷ്ഠിരൻ—പാഞ്ചാലകാ, ദുർബുദ്ധിയായ കൌരവാധമന്റെ സ്ഥാനം ഇന്നതെന്നു മനസ്സിലായോ ?

പാഞ്ചാലകൻ-കേവലം സ്ഥാനം തന്നേയല്ല; ദേവിയുടെ കേശപാശസ്പൃശമാകുന്ന പാതകത്തിനു പ്രധാന ഹേതുവായ ആ ദുർബുദ്ധിയെത്തന്നെ കണ്ടുകിട്ടി.

യുധിഷ്ഠിരൻ— നല്ലതു ഭദ്രാ, നീ പ്രിയമാണു് ധരിപ്പിച്ചതു്. ആഹാ ! അവനേ കണ്ടുകിട്ടിയോ ?

പാഞ്ചാലകൻ—യുദ്ധസ്ഥിതിയേക്കുറിച്ചു ചോദിക്കുക.

പാഞ്ചാലി—(ഭയത്തോടുകൂടി) എന്തു്! എന്റെ ഭർത്താവു് യുദ്ധത്തിലേർപ്പെട്ടു കഴിഞ്ഞോ ?

യുധിഷ്ഠിരൻ-(ശങ്കയോടുകൂടി)വാസ്തവമായി എന്റെ വത്സൻ അവനുമായിട്ടു യുദ്ധം തുടങ്ങിയോ ?

പാഞ്ചാലകൻ-വാസ്തവംതന്നെ; മഹാരാജാവിനോടു മററാരുവിധത്തിലറിയിക്കുമോ ?

യുധിഷ്ഠിരൻ—

വല്ലാതെ നല്ലൊരു വിവേകമാകുന്നു, ഹേതു—
വില്ലാതെയും മമ മനസ്സു ഭയന്നിടുന്നു;
കൊല്ലാന്ന വിക്രമി വൃകോദരനുള്ള വീര-
മെല്ലാം ധരിച്ചീടുകിലും ശരി;ശങ്ക വീണ്ടും. 166

[പാഞ്ചാലിയേനോക്കി] അയി സുക്ഷത്രിയേ,
ഗുരുക്കളുമസംഖ്യരാം ക്ഷിതിപരും സുഹൃത്സംഘവും
നിരക്കവെ നമുക്കു മുമ്പുദിതമായ മാനക്ഷയം
ഹരിക്കുമിഹ; രണ്ടിലൊന്നു, ടനിവക്കു്ഴം മൃത്യുവോ,
കുരുക്കളിലധീശനാം പശുവിനേശിടും നാശമോ? 167
അല്ലെങ്കിൽ സംശയിക്കേണ്ടതില്ല;

സത്യഭംഗഭയമാന്നിടാത്തൊരാ
സ്സത്യവീര്യനിധിമാരുതാത്മജൻ
അത്രപം വിനകൾ ചെയ്യുവോനെ വെന്ന—
ന്നത്ര നിൻ കചമതല്ലി കെട്ടിടും, 168

പാഞ്ചാലകാ, പറയുക പറയുക, ദുരാത്മാവായ അവൻ ഏതു ദേശത്തിലായിരുന്നു ? എങ്ങനെയാണു കണ്ടു കിട്ടിയതു് ? ഇപ്പോൾ എന്തു പ്രവത്തിക്കുന്നു ?

പാഞ്ചാലി—ഭദ്രാ, പറയുക പറയുക.

പാഞ്ചാലകൻ—ദേവനും ദേവിയും കേട്ടാലും, മദ്രാധിപതിയാകുന്ന ശല്യൻ സ്വാമിയാൽ ഹതനായതിന്റെ ശേഷം ഗാന്ധാരരാജകുലത്തിൽ ശലഭമാകുന്ന ശകുനി, സഹദേവന്റെ ശസ്ത്രാഗ്നിയിൽ പ്രവേശിച്ചു ഭസ്മമായപ്പോൾ സേനാപതിയുടെ നാശത്താൽ നഷ്ടശിഷ്ടന്മാരായ അല്പയോധന്മാർ ആക്രന്ദനം ചെയ്തുകൊണ്ടു് സമരഭൂമിയെ ഉപേക്ഷിച്ചതിൽ പിന്നീടു് ശത്രുസൈന്യങ്ങളുടെ പരാജയംകൊണ്ടു് മദിച്ചു പുളച്ചു പരാക്രമപ്പൌഢിയാൽ പരന്മാരെ നിശ്ശേഷം അടിച്ചോടിച്ചവരായ തിരുമനസ്സിലെ സൈന്യങ്ങൾ ധൃഷ്ടദ്യുമ്നനാൽഭരിക്കപ്പെട്ടിരിക്കവേ, കൃപകൃതവമ്മാ—ശ്വത്ഥാമാക്കളും എവിടേയോ ഓടിപ്പോയ സമയത്തിൽ, കുമാരഭീമസേനൻ ഇന്നുതന്നെ നടത്തുമെന്നതായിട്ടു് അപ്രകാരം ക്രൌര്യത്തോടുകൂടി ചെയ്തിരിക്കുന്ന പ്രതിജ്ഞയെ അറിഞ്ഞിട്ടു ദുരാത്മാവായ ആ കൌരവാധമൻ എവിടെയോപോയി ഒളിച്ചു. ആ സ്ഥലം അറിയാൻ പാടില്ലായിരുന്നു.

യുധിഷ്ഠിരൻ—പിന്നെ പിന്നെ—

ദ്രൌപതി—ശേഷം പറയുക.

പാഞ്ചാലകൻ—ദേവനും ദേവിയും മനസ്സിരുത്തി കേൾക്കുക, പിന്നീടു ഭഗവാൻ വാസുദേവൻ എഴുന്നുള്ളിയിരിക്കുന്ന ഒരു തേരിൽതന്നെ കുമാരഭീമാർജ്ജുനന്മാർ കയറി സമന്ത പഞ്ചകത്തിന്റെ ചുററും അന്വേഷിക്കാനായി തുടങ്ങി. അവനെ കണ്ടുകിട്ടിയതുമില്ല. പിന്നീട് എന്നെപ്പോലെയുള്ള ഭൃത്യജനങ്ങൾ ദൈവത്തെ അനുശോചിക്കയും കുമാരപാർത്ഥൻ ഉഷ്ണമായ ദീർഘശ്വാസം വിടുകയും വൃകോദരൻ വർഷകാലത്തെ രാത്രികളിൽസഞ്ചരിക്കുന്ന ഖദ്യോതങ്ങളെപ്പോലെ പിംഗളവർണ്ണങ്ങളായ നോട്ടങ്ങളെക്കൊണ്ടു് ഗദയെ ദീപിപ്പിക്കയും, ഭഗവാൻ നാരായണൻ വിധിയുടെ വല്ലതുമൊന്നു ചെയ്യുക എന്നുള്ളതിനെ അധിക്ഷേപിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, കാര്യത്തെ മനസ്സിലാക്കിക്കൊണ്ടു് ഒരു പുരുഷൻ മാംസഭാരത്തെ ദൂരെ വലിച്ചെറിഞ്ഞു പുത്തനായി കൊന്നിട്ടുള്ള മൃഗങ്ങളുടെ ചോരയാൽ ചുമന്നിരിക്കുന്ന വസ്ത്രപാദങ്ങളോടുകൂടെ പരിഭ്രമിച്ചു കുമാരഭീമസേനന്റെ അടുത്തു വന്നിട്ടു ശ്വാസവേഗത്താൽ കേൾക്കാൻ പാടില്ലാത്ത പകുതി അക്ഷരങ്ങളേയും ഊഹിച്ചറിയത്തക്കവിധത്തിൽ പറഞ്ഞു:- '' ഈ വലുതായ തടാകത്തിന്റെ കരയിൽ രണ്ടാളുകളുടെ കാൽച്ചുവടുകൾ വെള്ളത്തിലേയ്ക്കു ഇറങ്ങിയതായും അതിൽ ഒന്നു കരയ്ക്കു കയറിപ്പോയതായും കാണുന്നു, രണ്ടാമത്തേതു കാണാനില്ല. ശേഷം കുമാരൻതന്നെ തീർച്ചപ്പെടുത്തുക.'' അനന്തരം ഞങ്ങളെല്ലാവരും സംഭ്രമത്തോടുകൂടി പുറപ്പെട്ടു് അയാളേത്തന്നെ മുൻനിറുത്തിക്കൊണ്ടു് ആ സരസ്തീരത്തിൽ ചെന്നിട്ടു് ചുവടുകൾ പതിഞ്ഞുകിടക്കുന്ന മാർഗ്ഗത്തെ നോക്കി. അതു് സുയോധനന്റേതുതന്നെ എന്നു മനസ്സിലാക്കി ഭഗവാൻ വാസുദേവൻ ഇങ്ങനെ അരുളിച്ചെയ്തു.—അല്ലയോ വീരനായ വൃകോദരാ, സുയോധനൻ ജലസ്തംഭമുണ്ടാക്കുന്ന വിദ്യയെ അറിഞ്ഞിട്ടുള്ളവനാണു്. അതിനാൽ അവൻ നിശ്ചയമായിട്ടും നിന്നെ ഭയപ്പെട്ടു് ഈ സരസ്സിൽ കിടക്കുകയായിരിക്കണം. '' ഇങ്ങനെ ശ്രീകൃഷ്ണന്റെ വാക്കുകേട്ടിട്ടു് എല്ലാദിക്കിലുമുള്ള നികുഞ്ജങ്ങളിൽ കയറി തിങ്ങിപ്പൊങ്ങിയും ഉൽഭ്രമിച്ചിരി

ക്കുന്ന ജലചരപക്ഷികളുടെ കൂട്ടത്തോടുകൂടിയും ഭയപ്പെട്ടിട്ടുള്ള നക്രം തുടങ്ങിയ ജലജന്തുക്കളോടു ചേൎന്നും ഇരിക്കുന്ന സരസ്സലിലത്തെ കണ്ടിട്ട് ഭയങ്കരമാംവണ്ണം അട്ടഹസിച്ചുകൊണ്ടു് കുമാരവൃകോദരൻ ഇങ്ങനെ പറഞ്ഞു:—എടാ, എടാ, വെറുതെ പുകഴ്ത്തിപ്പറയുന്ന വ്യാജപൌരുഷത്താൽ ഞെളിയുന്നവനേ, പാഞ്ചാലിയുടെ കേശാംബരങ്ങളെ പിടിച്ചു വലിച്ച മഹാപാപീ,—

നന്നായ് നൈൎമ്മല്യമാളും വധുവിനുടെ കുലം
    തന്നിൽ നീ ജാതനല്ലേ ?
ചൊന്നാലും കൈയിലില്ലേ ഗദ ? സഹജനെഴും
    ചോര ഭക്ഷിച്ചോരീ ഞാൻ
മുന്നേ നിൻ വൈരിയല്ലേ ? മധുമഥനനൊടും
    നീ കയൎത്തിയില്ലേ ?
പെന്നേ ! പങ്കത്തിലിപ്പോഴം ചപല; രണതലം
    വിട്ടു പേടിച്ചൊളിച്ചോ ! 169

അത്ഭുതമല്ല; അല്ലയോ മൂഢാഭിമാനീ;
പാഞ്ചാലിക്കുള്ള കോപം ഹതദയിതകളാം
    കൌരവസ്ത്രീകൾതൻ നൽ—
പ്പൂഞ്ചായൽക്കെട്ടു പെട്ടെന്നഴിവതിനിവിടെച്ചേ-
    ൎത്തിട്ടു ഞാനെറട്ടൊതുക്കി;
ഞാൻ ചാടിച്ചെന്നു ദുശ്ശാസനരുധിരമശി—
    ക്കുന്നതും കണ്ടു കഷ്ടം !
വഞ്ചാപല്യത്തൊടെന്തേ തുടരുവതഭിമാ-
    നത്തെ നീ വിററുതിന്നോ ?" 170

പാഞ്ചാലി—നാഥാ, അങ്ങയേ ഒന്നുകൂടി കാണാനിടയായാൽ എന്റെ കോപമൊക്കെപ്പോയിക്കഴിഞ്ഞു.

യുധിഷ്ഠിരൻ—കൃഷ്ണേ, ഈ കാലത്തിൽ അമംഗളവാക്കുകളൊന്നും പറയരുതു്. ഭദ്രാ, പിന്നെ, പിന്നെ—

പാഞ്ചാലകൻ—അനന്തരം ഇങ്ങനെ പറഞ്ഞുകൊണ്ടു് വലിയ ഗദയും കൈയിലെടുത്തു് ഭീമസേനൻ ക്രോധത്തോടുകൂടി വേഗത്തിൽതന്നെ ചാടിയിറങ്ങി തീരത്തേയും തകൎത്തു്, നളിനീവനത്തേയും നശിപ്പിച്ചു്, മൂൎഛിച്ചു കിടക്കുന്ന നക്രങ്ങളേയും വലിച്ചെറിഞ്ഞു് മത്സ്യങ്ങളേ,

പക്ഷികഠം ഇവറെറയും സംഭ്രമിപ്പിച്ച് വാരിപൂരത്തേയും അതിഘോരശബ്ദത്തോടുകൂടി ഇളക്കിമറിച്ച് ആ വലിയ തടാകത്തേക്കൂടി ആകപ്പാടെ ഒന്നു കലുക്കി.

യുധിഷ്ഠിരൻ—എന്നിട്ടും അവൻ എഴുന്നേററു വന്നില്ലയോ ?

പാഞ്ചാലകൻ—ദേവാ,
ജലനിധിമഥനത്തിലുഗ്രഹാലാ—
ഹലമതുപോലെയിളക്കി ബാഹുമന്ഥം;
സലിലമുടനവൻ വെടിഞ്ഞു കോപ-
ജ്വലനവിഷങ്ങഠം വമിച്ചു തീരമാന്നാൻ. 171

യുധിഷ്ഠിരൻ—നല്ലതു, സുക്ഷത്രിയാ നല്ലതു്.
പാഞ്ചാലി—യുദ്ധം തുടങ്ങിയോ ?

പാഞ്ചാലകൻ—ആ തടാകത്തിൽനിന്നു കരക്കു കയറീട്ട് രണ്ടുകൈകളേക്കൊണ്ടും ഗദ പൊക്കിപ്പിടിച്ചുകൊണ്ടു ദുര്യോധനൻ ഇങ്ങനെ പറഞ്ഞു:—" എടാ എടാ, മാരുതേ, ദുര്യോധനൻ ഭയംകൊണ്ടുഒളിച്ചുകിടക്കുകയാണെന്നാണോ നീ വിചാരിക്കുന്നതു് ? മൂഢാ പാണ്ഡുപുത്രന്മാരെ കൊല്ലാഴ്കയാൽ വെളിക്കു വരുന്നതിനു ലജ്ജിച്ച് ഒന്നു വിശ്രമിക്കുന്നതിനു് പാതാളത്തിൽ പോയിരുന്നതാണ് " ഇത്രയും പറഞ്ഞപ്പോഠം വാസുദേവനും അജ്ജുനനും വെള്ളത്തിൽനിന്നു യുദ്ധംചെയ്വാൻ ഭാവിക്കുന്ന ആ രണ്ടുപേരേയും തടഞ്ഞു കരക്കു കയററി, കൌരവരാജനും ഗദയെ താഴെ വച്ചുകൊണ്ടു് നിലത്തുതന്നെ ഇരുന്നിട്ടു് അനേകം തേരുകഠം തകന്നു കിടക്കുന്നതായും; ചത്തുകിടക്കുന്ന കുരുക്കളുടെ അസംഖ്യം ഹസ്ത്യശ്വപദാതികളാകുന്ന ശവശരീരങ്ങഠം കൂടിക്കൂടിക്കിടക്കുന്നതിൽ ചാടിയെത്തുന്ന പരുന്തു്, കഴുകൻ, കാക്ക, കുറുക്കൻ തുടങ്ങിയ ജന്തുക്കളോടുകൂടിയതായും ഞങ്ങളുടെ വീരപുരുഷന്മാർ ചെയ്യുന്ന സിംഹനാദത്തോടു ചേന്നതായും, മിത്രബന്ധുക്കളോടും കൌരവന്മാരോടും കൂടാത്തതായും ഇരിക്കുന്ന രണസ്ഥാനത്തെ നോക്കി ഉഷ്ണമായിട്ടുള്ള ഒരു ദീഘശ്വാസത്തെ ചെയ്തു. ഉടനെ ഭീമസേനൻ ഇങ്ങനെ പറഞ്ഞു—" അല്ലയോ, കൌരവരാജാവേ,

ബന്ധുനാശത്തെ കണ്ടുകൊണ്ടു് പരിഭവിക്കേണ്ട; പാണ്ഡവന്മാർ അക്ഷതന്മാരായിരിക്കുന്നുവെന്നും യുദ്ധത്തിനു് ഞാൻ ഒരുത്തൻമാത്രമേ ഉള്ളു എന്നും അങ്ങു വിഷാദിക്കേണ്ട;

ഞങ്ങളഞ്ചുജനമുള്ളതിലാരോ
സംഗരത്തിനുതകുന്നവനെന്നായ്
മങ്ങൽവേണ്ട; ദൃഢമോർത്തവനോടൊ-
ത്തങ്ങുനേരിടുക ശസ്ത്രവുമേന്തി. 172

ഇങ്ങനെ കേട്ടിട്ടു് ദുര്യോധനൻ അസൂയയോടുകൂടിയ നോട്ടത്തെ കുമാരന്മാരിൽ ചേർത്തുകൊണ്ടു പറഞ്ഞു:-

'' സമർത്ഥദുശ്ശാസനകർണ്ണനിഗ്രഹം
നിമിത്തമായ് നിങ്ങളെനിക്കു തുല്യർതാൻ;
അമിത്രമാണെങ്കിലുമിഷ്ടസാഹസ-
പ്രമത്തനാം നിന്നോടുതന്നെ നേരിടാം '' 173

ഇങ്ങനെ പറഞ്ഞു് എഴുനേററിട്ടു് പരസ്പരം ക്രോധത്തോടുകൂടി അധിക്ഷേപിച്ചു് പരുഷമായ വാക്കുകളും ചെയ്തുകൊണ്ടു് ഘോരസമരത്തിനൊരുങ്ങിഭുജദണ്ഡങ്ങളാൽ പല വിധത്തിൽ ഭംഗിയോടുകൂടി ഗദയെ ചുഴററിക്കൊണ്ടു് ഭീമദുര്യോധനന്മാർ വട്ടം ചുററി നടന്നു വടങ്ങി, ചക്രപാണിയാകുന്ന ദേവൻ, തിരുമനസ്സിലെ അടുക്കൽ എന്നെയും പറഞ്ഞയച്ചു. ശ്രീ കൃഷ്ണസ്വാമി അരുളിചെയ്തതിങ്ങനെയാണു്:— ഭീമസേനൻ ഇന്നുതന്നെ കൊന്നുകളയാമെന്നു് പ്രതിജ്ഞചെയ്യുകയും കൌരവരാജൻ ഒളിച്ചു പോകയും ചെയ്തപ്പോറം നമുക്കു വലുതായ വിഷാദമുണ്ടായിരുന്നു. ഇപ്പോറം ഭീമസേനനോടുകൂടി സുയോധനൻ നേരിട്ടതിനാൽ ഭൂതലത്തെ ശത്രുക്കറം ഒഴിഞ്ഞതായിത്തന്നെ അവിടുന്നു വിചാരിക്കാം. അഭ്യുദയകാലത്തിൽ ഉചിതങ്ങളായ പ്രവൃത്തികളൊക്കെയും ആചരിച്ചു തുടങ്ങിക്കൊള്ളുക. സംശയിക്കേണ്ട,

പൊൻകുംഭത്തിൽ നിറച്ചിടട്ടെ സലിലം
രാജ്യാഭിഷേകത്തിനായ്,
പങ്കം പററിയഴിഞ്ഞ വാർമുടിയുടൻ
കെട്ടട്ടെ പാഞ്ചാലിയും,

തൻകൈകൊണ്ടു കഠാരമേന്തി നൃവര-
പ്രദ്വേഷിയാം രാമനും
വൻകോപത്തോടു ഭീമനും പടനിലം
പ്രാപിക്കിലാശങ്കയോ''? 174

പാഞ്ചാലി—(കണ്ണീരോടുകൂടി) ത്രിഭുവനനാഥനായ ദേവൻ പറയുന്നതു മററൊരുവിധത്തിൽ വരുന്നതല്ലല്ലോ

പാഞ്ചാലകൻ—ഇതു് ആശിസ്സുതന്നെയല്ലാ. അസുര വൈരിയുടെ ആദേശം കൂടിയാകുന്നു.

യുധിഷ്ഠിരൻ—ഭഗവാൻ കല്പിച്ചതു തെററിനടക്കുന്ന താരാണു്? ആരു്? ആരവിടെ?

(പ്രവേശിച്ചിട്ടു്)

കഞ്ചുകി—തിരുമനസ്സുകൊണ്ടു കല്പിക്കണം,

യുധിഷ്ഠിരൻ—ദേവകീനന്ദനനായ ഭഗവാൻെറ കല്പനയനുസരിച്ചു് എൻെറ വത്സൻെറ വിജയമംഗളത്തിനു വേണ്ടതായ ഒരുക്കങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു !

കഞ്ചുകി— കല്പനപോലെ. (എന്നു് ഉത്സാഹത്തോടുകൂടി ചുററിനടന്നിട്ടു്) അല്ലയോ പുരോഹിത പ്രമാണികളേ, അന്തസ്സിനനുസരിച്ചുള്ള അന്തഃപുരചാരികളേ, ദൌവാരികന്മാരേ, കൌവരവപരിഭവമാകുന്ന സാഗരത്തേ ഭുജബലത്താൽ നീന്തിക്കടന്നവനായും, ദുർവഹമായ പ്രതിജ്ഞാഭാരത്തെ നിവർത്തിച്ചവനായും; സുയോധനൻെറ നൂററനുജന്മാരേയും നശിപ്പിച്ചവനായും, ദുശ്ശാസനൻെറ മാറിടത്തെ കീറുന്നതിൽ നരസിംഹമായും; സുയോധനൻെറ ഊരുസ്തംഭഭംഗത്തിൽ വിനിശ്ചിതമായ വിജയത്തോടുകൂടിയവനായും പരാക്രമിയായും ഇരിക്കുന്ന വൃകോദരനിൽ സ്നേഹപക്ഷപാതത്തോടുകൂടെ മംഗളങ്ങളേ ചെയ്‌വാനായിക്കൊണ്ടു യുധിഷ്ഠിരനാകുന്ന മഹാരാജാവു കല്പിക്കുന്നു. (ആകാശത്തിൽ) നിങ്ങൾ എന്തു പറയുന്നു? ''എല്ലാദിക്കിലും കൂടതലായി പ്രവർത്തിച്ചിരിക്കുന്നതിനേ അങ്ങു് എന്തുകൊണ്ടു് കാണുന്നില്ല?'' എന്നോ? നല്ലതു് പുത്രകന്മാരേ നല്ലതു്. പറയാതെതന്നെ ഹിതത്തേ പ്രവർത്തിക്കുന്നതു് മനസ്സിലുള്ള സ്വാമിഭക്തിയെ പ്രകാശിപ്പിക്കയാണല്ലോ,

യുധിഷ്ഠിരൻ—ആര്യജയംധരാ.—

കഞ്ചുകി—തിരുമനസ്സുകൊണ്ടു കല്പിക്കണം.

യുധിഷ്ഠിരൻ—നീ പോയി പ്രിയത്തെ ധരിപ്പിച്ച പാഞ്ചാലകനെ സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിക്കുക.

കഞ്ചുകി—കല്പനപോലെ, (എന്നു് പാഞ്ചാലകനോടുകൂടിപോയി)

പാഞ്ചാലി—മഹാരാജാവേ, നാഥനാകുന്ന ഭീമസേനൻ ദുരാചാരനായ ദുര്യോധനനോടായി, ഞങ്ങൾ അഞ്ചാളുകളിൽ ആരോടെങ്കിലും ഇഷ്ടംപോലെ യുദ്ധം ചെയ്യാമെന്നു് എന്തിനായിട്ടാണു് പറഞ്ഞതു്? നകുലസഹദേവന്മാരിൽ ഒരാളോടു യുദ്ധത്തിനു് അവർ പ്രാർത്ഥിച്ചിരുന്നെങ്കിൽ വലിയ തെററായി തീരുമായിരുന്നല്ലോ.

യുധിഷ്ഠിരൻ—കൃഷ്ണേ, ജരാസന്ധഘാതിയായ ഭീമൻ സകല സുഹൃത്തുക്കളും ബന്ധുക്കളും വീരന്മാരായ അനുജന്മാരും രാജശ്രേഷ്ഠന്മാരും മരിച്ചു. പതിനൊന്നക്ഷൌഹിണി സൈന്യത്തിൽ കൃപൻ-കൃതവർമ്മാവു് അശ്വത്ഥാമാവു് ഇവർമാത്രം ശേഷിച്ചവനായ ആ ധാർത്തരാഷ്ട്രൻ ഒരുവേള നിജാഭിമാനത്തെ ഉപേക്ഷിച്ചു് ആയുധത്തേ വെടികയോ തപോവനത്തിലേയ്ക്കു പുറപ്പെട്ടുപോകയോ അച്ഛൻ മുഖാന്തിരം സന്ധിയേ യാചിക്കയോ ചെയ്യുമെന്നുവിചാരിച്ചിരിക്കണം. അങ്ങനെയാകുന്നപക്ഷം സകല രിപുക്കളേയും ജയിക്കാമെന്നുള്ള പ്രതിജ്ഞാരംഭം വളരെ ലഘുവായിട്ടുതീരുകയും ചെയ്യും പഞ്ചപാണ്ഡവന്മാരിൽ ഒരുത്തർക്കെങ്കിലും യുദ്ധം ചെയ്യുന്നതിനു് ദുര്യോധനൻ തക്കവനല്ല. ഇവനോടുകൂടിയ വൃകോദരൻതന്നെ ഗദായുദ്ധം ചെയ്യുന്നു എന്നാണു് ഞാൻ വിചാരിക്കുന്നതു്. അല്ലയോ സുക്ഷത്രിയേ, നോക്കു.

പോരിൽകോപിച്ച ഭീമൻ ഗുരുഗദയൊടണ—
ഞ്ഞീടിലാരുണ്ടെതിർപ്പാൻ?
സീരിക്കെന്നോണമിന്നാക്കുരുനരന ഗദാ-
ഭ്യാസസാമർത്ഥ്യമേറും,

പൂരിച്ചീടട്ടെ ഭവ്യം കുരുകുലനളിനി-
കുംഭിയാം മാരുതിക്കി:-
ന്നേരം ഞാനോർപ്പു സപ്പ്ദ്ധ്വജനൊടവനെതി-
ക്കുന്നു മററാരുമല്ല. 175

(അണിയറയിൽ)

എനിക്കു ദാഹിക്കുന്നു എനിക്കു ദാഹിക്കുന്നു. വെള്ളമോ തണുപ്പോ സ്ഥലമോ തന്നു് ആരെങ്കിലുമെന്നെ സഹായിക്കണേ.

യുധിഷ്ഠിരൻ—(കേട്ടിട്ടു്) ആരു്? ആരവിടെ?

(പ്രവേശിച്ചിട്ടു്)

കഞ്ചുകി—അവിടുന്നു കല്പിച്ചാലും

യുധിഷ്ഠിരൻ—ഇതെന്താണെന്നറിയുക.

കഞ്ചുകി—കല്പനപോലെ (എന്നു പോയി തിരികെ പ്രവേശിച്ചു്) ദേവ വിശപ്പുള്ള ഒരു വഴിപോക്കൻ വന്നു നിൽക്കുന്നു.

യുധിഷ്ഠിരൻ—വേഗത്തിൽ ഇങ്ങോട്ടേക്കയയ്ക്കുക.

കഞ്ചുകി—കല്പനപോലെ (എന്നു പോയി)

[അനന്തരം മാനുഷവേഷത്തെ ധരിച്ചുകൊണ്ടു് ചാർവാകൻ എന്നൊരു രാക്ഷസൻ പ്രവേശിക്കുന്നു ]

രാക്ഷസൻ—[ആത്മഗതം] സുയോധനന്റെ മിത്രമായ ചാർവാകരാക്ഷസനാകുന്ന ഈ ഞാൻ പാണ്ഡവന്മാരെ ചതിക്കുന്നതിനു് ചുററിത്തിരിയുകയാണു്.[പ്രകാശം] എനിക്കു ദാഹിക്കുന്നു. ആരെങ്കിലും വെള്ളമോ തണുപ്പുള്ള സ്ഥലമോ തന്നു് എന്നേ സഹായിക്കണേ. [എന്നു് രാജാവിന്റെ സമീപത്തേയ്ക്കു അടുത്തു ചെല്ലുന്നു.]

[എല്ലാവരും എഴുനേൽക്കുന്നു.]

യുധിഷ്ഠിരൻ—മുനേ, ഞാൻ വന്ദിക്കുന്നു.

രാക്ഷസൻ-ആചാരങ്ങൾ ചെയ്യുന്നതിനു് ഇതു് അവസരമല്ല. വെള്ളം തന്നു് എന്നേ സഹായിച്ചാൽ മതി.

യുധിഷ്ഠിരൻ—മുനേ, ഇതാ ആസനം; ഇവിടെ ഇരിക്കുക.

രാക്ഷസൻ—(ഇരുന്നിട്ട്) ആരു്? ആരവിടേ വെള്ളം കൊണ്ടുവരിക.

(സ്വർണ്ണക്കിണ്ടിയോടുകൂടി പ്രവേശിച്ചിട്ട്)

കഞ്ചുകി—[അടുത്തുചെന്നു്] മഹാരാജാവേ, തണുപ്പും സൌരഭ്യവുമുള്ള വെള്ളം ഈ കിണ്ടിയിൽനിറച്ചു കൊണ്ടു വന്നിരിക്കുന്നു.

യുധിഷ്ഠിരൻ—മുനേ, ദാഹശമനം വരുത്തുക.

രാക്ഷസൽ—(കാലുകഴുകി ആചമിച്ചു് അല്പം ആലോചിച്ചിട്ട്)

അല്ലയോ അങ്ങു് ക്ഷത്രിയനാണെന്നു ഞാൻ വിചാരിക്കുന്നു.

യുധിഷ്ഠിരൻ-ഭവാൻ വിചാരിക്കുന്നതു ശരിയാണു്.

രാക്ഷസൻ—യുദ്ധങ്ങളിൽ ദിവസംതോറും സ്വജന വിനാശം ധാരാളമായിട്ടുണ്ടാകുന്നതാണല്ലോ. അതിനാൽ ഭവാന്മാരിൽനിന്നു ജലം തുടങ്ങിയതു വാങ്ങാൻ പാടില്ല. ആകട്ടേ; ഈ നിഴലുള്ള സ്ഥലംകൊണ്ടും സരസ്വതീ നദിയിലെ തണുത്ത വെള്ളത്തുള്ളികളോടുകൂടിയ കാററുകൊണ്ടും ഞാൻ ക്ഷീണം തീർത്തുകൊള്ളാം.

പാഞ്ചാലി—ബുദ്ധിമതികേ, മഹർഷിയേ ഈ വിശറികൊണ്ടു വീശുക.

(ചേടി അപ്രകാരംചെയ്യുന്നു)

രാക്ഷസൻ—അല്ലയോ ഭവതി, ഞങ്ങളിൽ ഈ ഉപചാരം ആവശ്യമില്ലാത്തതാണു്.

യുധിഷ്ഠിരൻ—മുനേ, അങ്ങു് എന്തുകൊണ്ടാണു് ഇത്രയും ക്ഷീണിച്ചിരിക്കുന്നതു്? പറയുക.

രാക്ഷസൻ—മുനികൾക്കു സാധാരണയായി സംഭവിക്കാറുള്ള കൌതുകംകൊണ്ടു മഹാക്ഷത്രിയന്മാരുടെ ദ്വന്ദ്വയുദ്ധത്തേ കാണുന്നതിനായി സമന്തപഞ്ചകത്തിൽ ചുററി നടക്കുകയായിരുന്നു. ഇപ്പോഴാകട്ടേ ശരൽക്കാലത്തിലേ ആതപത്തിന്റെ കാഠിന്യംകൊണ്ടു പരവശനായ ഞാൻ തീരേ യോജിപ്പില്ലാത്തതായ അർജ്ജുനദുര്യോധനന്മാരുടെ ഗദായുദ്ധത്തേ കണ്ടുംവച്ചു വരികയാണു്.

(എല്ലവരും വിഷാദത്തെ നടിക്കുന്നു)

കഞ്ചുകി—മുനേ, ഇതങ്ങനെയല്ല; ഭീമസുയോധനന്മാരുടേ എന്നു പറയുക.

രാക്ഷസൻ -ആഹാ! കാര്യമറിയാതെതന്നേ നീ എന്താണു് എന്നെ ആക്ഷേപിക്കുന്നതു്?

യുധിഷ്ഠിരൻ—മഹർഷേ, പറയുക പറയുക.

രാക്ഷസൻ—ക്ഷണനേരം വിശ്രമിച്ചിട്ടു് സകലതും ഭവാനോടു പറയാം. അല്ലാതെ ഈ വൃദ്ധനോടു പറയാൻ പ്രയാസമാണു്.

യുധിഷ്ഠിരൻ—പറയുക, എന്തു്! അർജ്ജുനസുയോധനന്മാക്കെന്നോ?

രാക്ഷസൻ—അർജ്ജുനസുയോധനന്മാർ ഗദായുദ്ധം തുടങ്ങിയെന്നു മുമ്പിൽതന്നെ ഞാൻ പറഞ്ഞുല്ലോ?

യുധിഷ്ഠിരൻ—ഭീമസുയോധനന്മാർക്കല്ല എന്നോ?

രാക്ഷസൻ—അതു നടന്നു.

(യുധിഷ്ഠിരനും പഞ്ചാലിയും മൂർച്ഛിച്ചു വീഴുന്നു)

കഞ്ചുകി—(വെള്ളം തളിച്ചിട്ടു്) ദേവിയും ദേവനും സമാശ്വസിക്കണം.

ചേടി—ദേവീ, സമാശ്വസിക്കുക സമാശ്വസിക്കുക;

(രണ്ടുപേരും ബോധം പ്രാപിക്കുന്നു)

യുധിഷ്ഠിരൻ—മഹർഷേ, അങ്ങെന്താണു പറയുന്നതു്! ഭീമദുര്യോധനന്മാർക്കു ഗദായുദ്ധം നടന്നു എന്നോ?

ദ്രൌപദി—ഭഗവൻ. പറയുക; പറയുക എന്തു് നടന്നു എന്നോ?

രാക്ഷസൻ—കഞ്ചുകി, ഇവർ ആരാണു്?

കഞ്ചുകി— ഇദ്ദേഹം യുധിഷ്ഠിരമഹാരാജാവാണു്. ദേവി പാഞ്ചാലപുത്രിയുമാണു്.

രാക്ഷസൻ—കഷ്ടം! ഞാൻ പറഞ്ഞുതുടങ്ങിയതു കഠിനമായി.

ദ്രൌപദി—ഹാ! നാഥ ഭീമസേന, (എന്നു മൂർച്ഛിക്കുന്നു)

കഞ്ചുകി—എന്തു്! പറഞ്ഞു എന്നോ?

ചേടി—ദേവീ, സമാശ്വസിക്കുക സമാശ്വസിക്കുക;

യുധിഷ്ഠിരൻ—(കണ്ണുനീരോടുകൂടി) ബ്രഹ്മൻ-
ശങ്കചേന്ന മൊഴിതന്നെ നമുക്കാ-
തങ്കമേററരുളുന്നു മനസ്സിൽ;
എൻകുമാരനുടെ വസ്തുതബോധി-
ച്ചെങ്കിലിത്തനു വെടിഞ്ഞു സുഖിക്കാം. 176

രാക്ഷസൻ— (ആനന്ദത്തോടുകൂടി വിചാരിക്കുന്നു) ഇതിനു തന്നെയാണ് എന്റെ ശ്രമം. (പ്രകാശം) തീർച്ചയായും പറഞ്ഞേ കഴിയൂ എങ്കിൽ ചുരുക്കിപ്പറയാം. ബന്ധുവ്യസനത്തെ വിസ്തരിച്ചു പറയുന്നതു യുക്തമല്ലല്ലോ?

യുധിഷ്ഠിരൻ—(കണ്ണുനീരു പൊഴിച്ചുകൊണ്ടു്)
വാസ്തവം ചൊൽക ഹേ; ബ്രഹ്മൻ,
വിസ്തരിച്ചോ ചുരുക്കിയോ,
അത്രവത്സനിലാർന്നുള്ള
തത്വം കേൾപ്പാനൊരുങ്ങി ഞാൻ 177

രാക്ഷസൻ—കേട്ടാലും—
കൌരവേശ്വരനും വൃകോദരനുമായ്
ഘോരാജി ചെയ്യുംവിധൗ

പാഞ്ചാലി—(വേഗത്തിൽ എഴുന്നേററു്) പിന്നെ പിന്നെ—

രാക്ഷസൻ— (സ്വാഗതം) എങ്ങിനെയാണ് ഇവരുടെ ചൈതന്യത്തെ നശിപ്പിക്കേണ്ടതു്? (പ്രകാശം)
സീരം പൂണ്ടൊരു ദേവനെത്തിയവിടെ-
പ്പിന്നീടുമുണ്ടായ് രണം,
സ്വൈരം തൻ പ്രിയശിഷ്യനോടു ഹലിയും
സംസൂചനം ചെയ്കയാൽ
ക്രൂരൻ പന്നഗകേതു ചെയ്തു പകരം
ദുശ്ശാസനദ്വേഷിയിൽ. 178

യുധിഷ്ഠിരൻ-ഹാ! വത്സ വൃകോദരാ, (എന്നു മോഹിക്കുന്നു)

പാഞ്ചാലി—ഹാ! നാഥാ ഭീമസേന, ഹാ എന്റെ പരിഭവപ്രതീകാരത്തിനുവേണ്ടി ജീവനെ ഉപേക്ഷിച്ചവനേ, ജടാസുരൻ-ബകൻ-ഹിഡിംബൻ-കിർമ്മീരൻ-കീചകൻ ജരാസന്ധൻ ഇവരെ ഒക്കെയും നിഗ്രഹിച്ചവനേ,

കൽഹാരപുഷ്പാഹരണത്താൽ എൻെറ പ്രിയത്തെ അനുഷ്ഠിച്ചവനേ; എന്നോട്ട് ഉത്തരം പറയണമേ. (എന്ന മോഹിക്കുന്നു)

കഞ്ചുകി—(കണ്ണുനീരോടുകൂടെ) ഹാ! കുമാര ഭീമസേനാ, ധാർത്തരാഷ്ട്രവംശമാകുന്ന താമരപൊയ്കയ്ക്ക് ഹിമവർഷമായിത്തീൎന്നവനേ (സംഭ്രമത്തോടുകൂടി) മഹാരാജാവു സമാശ്വസിക്കണം. ഭദ്രേ, സ്വാമിനിയെ സമാശ്വസിപ്പിക്കുക മഹർഷേ, അങ്ങും രാജാവിനെ സമാശ്വസിപ്പിക്കണം.

രാക്ഷസൻ—(സ്വാഗതം) പ്രാണനെ ഉപേക്ഷിക്കുന്നതിനുവേണ്ടി ഇപ്പോഠം ആശ്വസിപ്പിക്കാം. (പ്രകാശം) അല്ലയോ, ഭീമാഗ്രജാ, ഒരു ക്ഷണംകൂടി ആശ്വസിച്ചിരിക്കുക. കുറച്ചുകൂടി പറയേണ്ടതുണ്ട്.

യുധിഷ്ഠിരൻ—(ആശ്വസിച്ചിട്ട്) കഥാശേഷംകൂടി ഉണ്ടോ?

പാഞ്ചാലി—(പ്രതിബുദ്ധിയായിട്ട്) ഭഗവാൻ, കഥാശേഷമെങ്ങനെയുള്ളതെന്നു പറയുക

കഞ്ചുകി—പറയുക പറയുക.

രാക്ഷസൻ—പിന്നീട് ഹതനായ ആ സുക്ഷത്രിയൻ വീരന്മാർക്കു സുലഭമായ സൽഗതിയേ പ്രാപിച്ചശേഷം ഭ്രാതൃവധശോകത്താൽ കൂടക്കൂടെ പ്രവഹിച്ചതായ കണ്ണുനീരിനെ മുഴക്കെത്തുടച്ചുകളഞ്ഞു് പുത്തനായ കൊഴുത്ത ചോര പററിയിരിക്കുന്ന ആ ഗദയേത്തന്നെ ഭ്രാതൃഹസ്തത്തിൽനിന്നു വലിച്ചെടുത്തു് സന്ധിചെയ്യുന്നതിനു താല്പര്യപ്പെട്ടു. വാസുദേവൻ തടഞ്ഞിട്ടുകൂടിയും വരിക വരിക എന്നു് ഉപഹാസത്തോടുകൂടി ഗദയെ ചുററിത്തിരിക്കുന്നതിനാലുള്ള ഝംകാരശബ്ദത്താൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഗംഭീരവചനധ്വനിയോടുകൂടിയ കൌരവരാജനാൽ ആഹൂതനായ നിൻെറ തൃതീയാനുജനാകുന്ന കിരീടി യുദ്ധത്തിനാരംഭിച്ചു. അസമർത്ഥനായ ബലനു് ഗദാഘാതത്താൽ മൃത്യുവിനെ ശങ്കിച്ചിട്ടുള്ളവനായ ബലഭദ്രൻ അർജ്ജുനപക്ഷപാതിയായ ശ്രീകൃഷ്ണനെ വളരെ പണിപ്പെട്ടു് തേരിൽ കയററി ദ്വാരകയിലേയ്ക്കു കൊണ്ടുപോയി.

യുധിഷ്ഠിരൻ—നന്നായി! അല്ലയോ അൎജ്ജുനാ ഗാണ്ഡീവത്തെ ഉപേക്ഷിച്ച നീ ആ വൃകോദരപദവിയെത്തന്നെ പിന്തുടൎന്നു. ഞാൻ ഇനിയും എന്തുപായം കൊണ്ടാണു് പ്രാണത്യാഗം ചെയ്തു് ഹൃദയത്തെ ഉത്സാഹിപ്പിക്കേണ്ടതു്

പാഞ്ചാലി—ഹാ! നാഥാ ഭീമസേനാ, ഗദയിൽ അഭ്യാസമില്ലാതെ ക്രൂരനായ ശത്രുവിന്റെ നേരിട്ടുചെല്ലുന്ന അങ്ങയുടെ അനുജഭ്രാതാവിനെ ഇപ്പോഠം ഉപേക്ഷിക്കുന്നതു യുക്തമല്ല. (എന്നു മോഹിക്കുന്നു)

രാക്ഷസൻ—പിന്നീടു് ഞാൻ—

യുധിഷ്ഠിരൻ—ഇരിക്കട്ടെ, മുനേ, ഇതിൽ കൂടുതൽ കേട്ടതുകൊണ്ടു് എന്തു പ്രയോജനമാണു്? ഹാ! വത്സ ഭീമസേനാ, വനത്തിൽവെച്ചു് വ്യസനിക്കുന്ന സമയം എനിക്കു സഹായമായിത്തീൎന്നവനേ, ഹാ! എന്റെ ശരീരസ്ഥിതിഭേദത്തിൽ സങ്കടപ്പെടുന്നവനേ, ജതുഗൃഹവിപത്തിയാകുന്ന സമുദ്രത്തെ തരണം ചെയ്യുന്നതിൽ കപ്പലായിട്ടു തീൎന്നവനേ, ഹാ! കിമ്മീരഹിഡിംബാസുര ജരാസന്ധവിജയമല്ലാ, ഹാ! കീചക-ദുശ്ശാസനന്മാരാകുന്ന കമലിനികാഠംക്കു് കുഞ്ജരമായിട്ടുള്ളവനേ,—

ചൂതാട്ടം മടിവിട്ടു ഞാൻതുടരവേ
    മത്ഭക്തികൈക്കൊണ്ടു നീ
മാതംഗായുതവീൎയ്യമേറുകിലുമ-
    ദ്ദാസത്വമാൎന്നില്ലയോ?
ഏതോ ഞാനിതിലപ്പുറം പിഴനിന-
    ക്കിന്നേകിയെന്നേസ്സുഹൃദ്-
വ്രാതത്തോടുമുടൻ വെടിഞ്ഞീതധുനാ
    തൽപ്രീതി പോയ്പോയിതോ? 179

പാഞ്ചാലി—(ബോധം പ്രാപിച്ചു എഴുന്നേററിട്ടു്) മഹാരാജാവേ, ഇതെന്തു വൎത്തമാനമാണു്?

യുധിഷ്ഠിരൻ—കൃഷ്ണേ, മറെറന്താകുന്നു.

വീരകീചകവിമാഥിയായു് ബക-ഹിഡിംബ-
    മുഖ്യമദമൎദ്ദിയായു്
ഘോരമാഗധമദാന്ധഹസ്തിയുടെ സന്ധി-
    പാനേ സമൎത്ഥനായു്

ഭാരമുള്ള ഗദ നീണ്ടുരുണ്ട ഭുജതല്ല-
ജത്തിന്ന വിഭൂഷയായ്
തീരുമെന്നനുജനജ്ജനന്റെ ഗുരു ചത്തു
പോലുമയി, നിൻപ്രിയൻ. 180

പാഞ്ചാലി — നാഥ ഭീമസേനാ, അങ്ങു എന്റെ തല മുടി കെട്ടിക്കേണ്ടതാണല്ലോ; വീരനായ ക്ഷത്രിയന്റെ പ്രതിജ്ഞയെ ലംഘിക്കുന്നതു യുക്തമല്ല. അതിനാൽ എന്നെ രക്ഷിക്കണം; ഞാൻ അടുത്തുവരുന്നു (എന്നു മോഹിച്ചുവീഴുന്നു)

യുധിഷ്ഠിരൻ — (ആകാശത്തിലേക്കായി) അല്ലയോ, കുന്തിയാകുന്ന മാതാവേ, പുത്രനാകുന്ന ഭീമന്റെ സ്ഥിതി കേട്ടിരിക്കുമല്ലോ. തനിയേ, അനാഥനായി വിലപിച്ചുകൊണ്ടിരിക്കുന്ന എന്നെ ഉപേക്ഷിച്ച് അയാൾ എവിടെയോ പോയി. അല്ലയോ ജരാസന്ധജേതാവേ, അല്പായുസ്സായിത്തീർന്ന നിങ്കൽ ഇക്കാലത്തിനിടയ്ക്ക് എപ്പോഴെല്ലിലും എന്തു തെററാണ് ജനങ്ങൾ കണ്ടുപിടിച്ചിട്ടുള്ളതു്? അല്ലെങ്കിൽ — ഞാൻതന്നെ വളരെ കണ്ടുപിടിച്ചിട്ടുണ്ട്.

രാജാക്കന്മാരെയെല്ലാം കരമിവന്നു തരാൻ
തക്കതായ് തീർത്തു നീ നി-
ർവ്യാജം ലജ്ജിപ്പു ചൂതിൽ പണയനിലയിലും
കോപമെന്യേ രസിപ്പൂ;
സൌജന്യത്താൽ വിരാടക്ഷിതിപതിപുരിയിൽ
സൂതനായ് വാണതും; സ-
ത്തേജസ്സാം വത്സ, നാശം തടവിയ തവ ചി-
ഹ്നങ്ങളായ് കണ്ടതത്രേ. 181

മുന്നേ, അങ്ങ് എന്തു പറയുന്നു? കൌരവേശ്വരനും വൃകോദരനുമായി ' എന്നോ?

രാക്ഷസൻ — ഇതു് അങ്ങിനെയാണ്.

യുധിഷ്ഠിരൻ — ഞങ്ങളുടെ ഭാഗ്യങ്ങളെ നിന്ദിക്കണം. ഭഗവൻ കാമപാലാ, കൃഷ്ണാഗ്രജനായ സുഭദ്രാഭ്രാതാവേ,
ജ്ഞാതി പ്രീതി ഗണിച്ചതില്ല; നൃപധ-
ർമ്മം തെല്ലുമോർത്തില്ല; നിൻ-

ഭ്രാതാവജ്ജ്ജുനനോടു ചേൎന്ന നിലയും
ചിന്തിച്ചതില്ലേതുമേ,
ഭേദംശിഷ്യരിലില്ല, തുല്യനിലയാ-
ണങ്ങെൎക്കുതാകട്ടെ നി-
ർവ്വാദം ഭാഗ്യമകന്നൊരെങ്കലവിടേ-
യ്ക്കുന്തേ വിരോധോദയം? 182

(പാഞ്ചാലിയുടെ അടുത്തു ചെന്നിട്ട്) അല്ലയോ പാഞ്ചാലീ, എഴുന്നേൽക്കു: നമ്മാം ഒരുപോലെ ദുഃഖമുള്ളവരാകുന്നുവല്ലോ. മൂർച്ഛകൊണ്ടു നീ എന്താണു് എന്നെ അതിക്രമിക്കുന്നതു്?

പാഞ്ചാലി—(ബോധം വന്നിട്ട്) നാഥൻ ദുഃര്യോധനന്റെ ചോരയാൽ നനഞ്ഞിരിക്കുന്ന കൈകൊണ്ടു് ദുശ്ശാസനൻ അഴിച്ചിട്ടിരിക്കുന്ന എൻെറ തലമുടി കെട്ടിക്കട്ടേ. എടീ ബുദ്ധിമതികേ.നിൻെറ മുമ്പിൽവച്ചല്ലയോ നാഥൻ പ്രതിജ്ഞ ചെയ്തിട്ടുള്ളതു്? (കഞ്ചുകിയുടെ അടുത്തു ചെന്നിട്ട്) ആര്യാ, ദേവകീനന്ദനനായ ഭഗവാൻ എൻെറ അടുക്കൽ എന്താണു സന്ദേശിച്ചിട്ടുള്ളതു്? പിന്നെയും കേശബന്ധത്തെ ആരംഭിക്കാമെന്നല്ലയോ? അതിനാൽ പൂമാലകാം കൊണ്ടുവരിക; നീ തലമുടി നന്നാക്കുക; ഭഗവാനായ നാരായണൻെറ വാക്കിനെയാണു് പ്രവൎത്തിക്കേണ്ടതു്. അദ്ദേഹം എനിക്കു വ്യാജത്തേ സന്ദേശിക്കയില്ല അല്ലെങ്കിൽ വ്യസനിച്ചുകൊണ്ടിരിക്കുന്ന ഞാൻ എന്താണു പറയുന്നതു്? ഇപ്പോാംതന്നെ മൃതനായ ആര്യപുത്രനെ ഞാൻ അനുഗമിക്കുന്നുണ്ടു്. (യുധിഷ്ഠിരൻെറ അടുത്തു ചെന്നിട്ട്) മഹാരാജാവേ പിതകൂട്ടുകതന്നെ. അങ്ങും ക്ഷാത്രധൎമ്മത്തെ അനുസരിച്ചുതന്നേ, നാഥൻെറ ജീവിതാപഹാരിയായ ശത്രുവിനോടെതിർക്കുക, അല്ലെങ്കിൽ അവിടത്തെ ഇഷ്ടംപോലെ ചെയ്യാം.

യുധിഷ്ഠിരൻ—പാഞ്ചാലി പറയുന്നതു ശരിയാണു്. കഞ്ചുകി, നീ ചിതയുണ്ടാക്കി തപസ്വിനിയായ ഇവളെ സഹ്യവേദനയാക്കിത്തീൎക്കണം. എൻെറ വില്ലിനേയും ശരിയാക്കിക്കൊണ്ടുവരു. അല്ലെങ്കിൽ വില്ലുവേണ്ട,

ആ വായുപുത്രനുടെ ഘോരപുരണ്ട ശോണ-
ശ്രീവാച്ചെ്ചാരഗ്ഗദയെടുത്തു വെടിഞ്ഞു പാപം
ഹാ! വാസവാത്മജനടുത്തടർ ചെയ്തപോലെ-
യാവാമെന്നിക്കമതുനന്നു, ജയേച്ഛയില്ല. 183

രാക്ഷസൻ—രാജൻ അങ്ങയുടെ മനസ്സിൽരിപുജയത്തിന്നു് താല്പര്യമില്ലെങ്കിൽ വല്ലദിക്കിലുംവെച്ചു് പ്രാണത്യാഗം ചെയ്കയാണു് നല്ലതു്. അവിടെ പോകുന്നതു വെറുതെയാണു്.

കഞ്ചുകി—മുനേ, ധിക്കരിക്കണം. അങ്ങേ മനസ്സു് രാക്ഷസന്മാരുടേതുപോലെ ഇരിക്കുന്നു.

രാക്ഷസൻ—(ഭയത്തോടുകൂടി വിചാരിക്കുന്നു) എന്തു് ഇയ്യാൾ എന്നെ മനസ്സിലാക്കിയോ? (പ്രകാശമായിട്ടു്) ഭോ, കഞ്ചുകീ; ആ ദുര്യോധനാർജ്ജുനന്മാർ ഗദകൊണ്ടാണല്ലോ യുദ്ധം തുടങ്ങിയിരിക്കുന്നതു്; അവർക്കു ഗദയിലുള്ള ഭുജപാടവം എനിക്കറിയാം. ദുഃഖിതയായ ഈ രാജ്ഞിക്കു പിന്നെയും വേറെയൊരനിഷ്ടത്തെ കേൾക്കുന്നതു പരിഹരിക്കണമെന്നുദ്ദേശിച്ചാണു ഞാനിങ്ങനെ പറഞ്ഞതു്.

യുധിഷ്ഠിരൻ—(കണ്ണുനീരു തുടച്ചുകൊണ്ടു്) നല്ലതു മഹർഷേ, നല്ലതു്. സ്നേഹത്തോടുകൂടിയാണു് അങ്ങു പറയുന്നതു്.

കഞ്ചുകി—മഹാരാജാവേ, ദേവതുല്യനായ അവിടന്നും പ്രാകൃതനെപ്പോലെ ശോകാന്ധതകൊണ്ടു ക്ഷാത്രധർമ്മത്തെ ഉപേക്ഷിക്കുന്നതെന്താണു്?

യുധിഷ്ഠിരൻ—ആര്യ ജയന്ധരാ,
തടിച്ചഭുജദണ്ഡമാന്നളകതന്നിലും നിർഭരം
പൊടിച്ചസുരപൂരിലും നിജബലങ്ങൾ കാണിച്ചവർ
പടക്കളം പവനാത്മജാർജ്ജുനരുടഞ്ഞു വീണുള്ളതും
കടപ്പമതിനാൽ പരോദയവുമിക്ഷചെയ്‌വാൻ
പണി. 184

അല്ലയോ പാഞ്ചാലീ, എന്റെ ദുർനയത്താൽ കഷ്ടത അനുഭവിക്കുന്നവളായ നിന്നോടുകൂടി ഒരുമിച്ചുതന്നെ കത്തിജ്വലിക്കുന്ന പാവകനിൽ ചാടി ബന്ധുജനത്തെ സംഭാവനം ചെയ്യുന്നുണ്ടു്.

പാഞ്ചാലി—ആര്യാ, വിറകുകൾ വെട്ടിക്കൂട്ടി ചിതയേ ജ്വലിപ്പിക്കട്ടെ. എന്റെ മനസ്സു നാഥനേ കാണുന്നതിനു ബദ്ധപ്പെടുന്നു (ചുററും നോക്കീട്ടു്) ഇതുഎന്താണു്! എന്റെ നാഥനില്ലാതെ ആയപ്പോൾ ഒരുത്തനും മഹാരാജാവു പറയുന്നതു കേൾക്കുന്നില്ലല്ലോ. ഹാ ! നാഥ ഭീമസേനാ, അങ്ങയോടുകൂടാതെ ഇരിക്കുന്ന ഈ രാജകുലത്തെത്തന്നെ ഇപ്പോൾ പരിജനവും വകവെയ്ക്കുന്നില്ല.

രാക്ഷസൻ—ഭരതകുലത്തിലുള്ള വധുക്കൾക്കു് പതിയോടുകൂടി മരിക്കുന്നതു യുക്തമായിട്ടുള്ളതുതന്നെ.

യുധിഷ്ഠിരൻ—മഹർഷേ, ഒരുത്തനും ഞങ്ങൾ പറയുന്നതു കേൾക്കുന്നില്ല. അതിനാൽ വിറകുകൾ തരുന്നതിനു അങ്ങു് പ്രസാദിച്ചാൽ കൊള്ളാം.

രാക്ഷസൻ-ഇതു് മുനിജനങ്ങൾക്കു ചേരാത്തതാണു്. (സ്വാഗതം) എന്റെ ആഗ്രഹം സഫലമായി. മറഞ്ഞുനിന്നു് ചിതയുണ്ടാക്കിക്കൊടുക്കാം. (പ്രകാശം) രാജൻ, ഞങ്ങൾക്കു് ഇവിടെത്തന്നെ നില്ക്കാൻ സാധിക്കയില്ല. (എന്നു പോകുന്നു)

യുധിഷ്ഠിരൻ—കൃഷ്ണേ, ഒരുത്തനും നമ്മൾ പറയുന്നതു കേൾക്കുന്നില്ലല്ലോ; ആകട്ടെ, ഞാൻ തന്നെ വിറകുകൾ കൊണ്ടുവന്നു കൂട്ടി ചിതയേ ഉണ്ടാക്കുന്നുണ്ടു്.

പാഞ്ചാലി—മഹാരാജാവേ, വേഗത്തിലാകട്ടെ വേഗത്തിലാകട്ടെ.

(അണിയറയിൽ കളകള ശബ്ദം കേൾക്കുന്നു.)

ദ്രൌപദി-(ഭയത്തോടുകൂടി കേട്ടിട്ടു്) മഹാരാജാവേ, ബലദൃപ്തനായ ആരുടേയോ വിഷമമായ ശംഖനിർഘോഷം കേൾക്കുന്നു. വേറെ ഒരപ്രിയംകൂടി കേൾക്കുന്നതിനു നിബ്ബന്ധമുള്ളപക്ഷം പതുക്കെ മതി.

യുധിഷ്ഠിരൻ—ഒട്ടും താമസിക്കുന്നില്ല. എഴുന്നേൽക്കുക.

[എന്നു് എല്ലാപേരും ചുററി നടക്കുന്നു)

യുധിഷ്ഠിരൻ—അല്ലയോ പാഞ്ചാലി, അമ്മയ്ക്കും സപത്നീജനത്തിനും എന്തെങ്കിലും സന്ദേശത്തെപ്പറഞ്ഞു കൊടുത്തു് പരിജനങ്ങളെ തിരിച്ചയയ്ക്കുക.

ദ്രൗപദി—മഹാരാജാവേ, അമ്മയ്ക്കു് ഇങ്ങിനെ സന്ദേശം പറഞ്ഞയയ്ക്കാം—'' ബകൻ, കിമ്മീരൻ, ജടാസുരൻ, ജരാസന്ധൻ ഇവരെയൊക്കെയും നിഷ്പ്രയാസം ജയിച്ചവനായ ദേവിയുടെ ആ മദ്ധ്യമപുത്രൻ ഹതാശയായിരിക്കുന്ന എൻെറ പേരിലുള്ള പക്ഷപാതംകൊണ്ടു പരലോകത്തിലേയ്ക്കു പോയി !" എന്നു്.

യുധിഷ്ഠിരൻ – ഭദ്രേ, ബുദ്ധിമതികേ, ഞാൻ പറഞ്ഞതായി അമ്മയോടു പറയണം;-

അരക്കില്ലം തീവെച്ചളവിലിവരെല്ലാമെവനെഴും
സ്ഫുരിക്കും വീര്യത്താലയി ജനനിജീവിച്ചു നിഭൃതം,
തെരിക്കെന്നാ വീരപ്രിയസുതനു നേരിട്ട മൃതി ഞാ–
നരയ്ക്കുന്നേൻ; ഹാ! ഹാ! ഭവതിയൊടിതാരോത്തുമ
പരൻ. 185

ആര്യ ജയന്ധരാ, നീ സഹദേവൻെറ അടുക്കൽ പോകണം; പൂജ്യനായ മാദ്രിയുടെ ഒടുവിലത്തെ പുത്രനോടു് ഇങ്ങനെ പറയുകയും ചെയ്യണം. ''സകല കുരുകുലമാകുന്ന കമലാകരത്തിനു് കാട്ടുതീയായിത്തീൎന്ന യുധിഷ്ഠിരൻ പരലോകത്തേയ്ക്കു പുറപ്പെടുവാനായിട്ടു് പ്രിയാനുജനായും, എല്ലായ്പ്പോഴും ആശംസിക്കത്തക്കവനായും, വ്യസനത്തിലും, അഭ്യുദയത്തിലും വ്യാമോഹമില്ലാത്തവനായുമിരിക്കുന്ന ഭവാനെ ദൃഢമായി ആലിംഗനം ചെയ്തു് ശിരസ്സിൽ ചുംബിക്കയും ചെയ്തിട്ടു് ഇങ്ങനെ പ്രാൎത്ഥിക്കുന്നു.

പ്രായംകൊണ്ടു പരം ചെറുപ്പ; മിഹമ–
ത്തുല്യൻ ശ്രുതത്താൽ ദൃഢം;
ജ്യായാൻ ബുദ്ധികൃപാദിയാ:–ലറിവുകൊ
ണ്ടോൎത്തീടിലങ്ങെൻ ഗുരു;
സ്വീയം പാണി ശിരസ്സിൽവെച്ചു ചിലത
ൎത്ഥിക്കുന്നിതക്കാരണാ,
ലീയെങ്കൽ പ്രിയമററിടാതെ പിതൃപി–
ണ്ഡാധായിയായ് വാഴ്ക നീ. 186

അത്യുമല്ല; വലിയ ആലോചനകൂടാതെ പ്രവൎത്തിക്കുന്നവരാണെങ്കിലും നിത്യാഭിമാനിയായി ഞങ്ങൾക്കു തുല്യമായ ഹൃദയസാരത്തോടുകൂടിയ നകുലൻെറ വാക്കും എൻെറ ആജ്ഞയേ അനുസരിച്ചു തെററിക്കാതെ നടക്കണം, ഞങ്ങളുടെ പ്രവൃത്തിയേ പിൻതുടരരുതു്. അല്ലയോ വത്സാ, നീയാകട്ടേ:—

സത്താം ശേമുഷികൊണ്ടു സാധുസഹജ—
ന്മാരൊത്തൊരീയെന്നെയി-
ന്നോൎത്തീടാതെ സബാഷ്പപിണ്ഡസലിലം
താതന്നു നൽകീടുവാൻ
മിത്രക്ഷ്മാപപുരത്തിലോ യദുവര—
ന്മാർക്കുള്ള സത്മത്തിലോ
വൎത്തിച്ചീടുക, വൻവനസ്ഥലിയിലോ,
സ്വാത്മാവു സൂക്ഷിക്കണേ'' 187

ജയന്ധരാ, നീ പോവുക, എൻെറ ശരീരത്തെ തൊട്ടു ഞാനാണയിടുന്നു. കാലമൊട്ടും കളയാതെ നിശ്ചയമായിട്ടും ഈ കാര്യം അറിയിക്കേണ്ടതാണു്.

പാഞ്ചാലി—എടി ബുദ്ധിമതികേ, ഞാൻ പറഞ്ഞതായിട്ടു് പ്രിയസഖിയായ സുഭദ്രയോടു നീ ചെന്നു പറയുക '' ഇപ്പോൾ വത്സയാകുന്ന ഉത്തരയ്ക്കു് നാലുമാസം ഗൎഭമായിരിക്കുന്നു. എല്ലാപ്രകാരത്തിലും അവളെ പിതൃകുലത്തിൽ കൊണ്ടുപോയി സൂക്ഷിക്കണം. ഇവിടെനിന്നു് പരലോകത്തിലേയ്ക്കു് പോയിരിക്കുന്ന ശ്വശുരകുലത്തിനും ഞങ്ങൾക്കും ഒരിക്കൽ സലിലദാനം ചെയ്യുന്നവൻ ഉണ്ടാകുമല്ലോ, '' എന്നു്

യുധിഷ്ഠിരൻ—(കണ്ണുനീരോടുകൂടി) അഹോ? കഷ്ടം!
വിതതവിടപിജാലം ഭംഗിയിൽത്തിങ്ങിയെങ്ങും
ചിതമൊടടിയുറച്ചുള്ളുകനൊ ശ്ലാഘ്യവൃക്ഷം
ഹതദവശിഖിതന്നിൽ ഭസ്മമായ്, തൽക്കുരുന്നിൽ
കൊതി ബത? തണലാശിച്ചീടുമീമൎത്ത്യരോപ്പു 188

നല്ലതു്. ഇപ്പോൾ തീൎച്ചപ്പെടുത്തിയിട്ടുള്ളതിനെ തന്നെ ചെയ്യണം. (കഞ്ചുകിയേ നോക്കി) ആൎയ്യ ജയ

ന്ധരാ എൻെറ ശരീരത്തേ ആണയിട്ടു ഞാൻ പറഞ്ഞതല്ലോ. എന്നിട്ടും നീ പോകുന്നില്ലയോ ?

കഞ്ചുകി—കഷ്ടം ! പാണ്ഡുമഹാരാജാവേ, അങ്ങേ പുത്രന്മാരാകുന്ന യുധിഷ്ഠിര ഭീമാർജ്ജുന-നകുല-സഹദേവന്മാർക്ക് ഇങ്ങിനെ ദാരുണമായ ഒരവസാനം വന്നുവല്ലൊ! ഹാ! ഭോജഭവനത്തിന്റെ ലക്ഷ്മിയായ ദേവി കുന്തി.

ഭ്രാതാവിൻ പുത്രനിന്ദ്രാവരജസഹജനാ—
ജ്ജിഷ്ണുവിൻ സ്യാലനായോൻ
ജേതാവായ് കൌരവാംഭോനിധിയുടെ മഥന—
ത്തിങ്കൽ മത്തേഭമായി
ശ്രീതാവും വാതജൻതൻ ഗുരു ഹലി വെളിവി-
ല്ലാതെ വല്ലാതെ മോഹാൽ
പെട്ടാനിബ്ഭൂകുളിർപ്പിപ്പൊരു തവ തനയ-
ന്മാർക്കു ഹാ! ഹാ!! വിനാശം. 189

(എന്നു കരഞ്ഞുംകൊണ്ടു പോയി)

യുധിഷ്ഠിരൻ—ജയന്ധരാ ജയന്ധരാ.

(പ്രവേശിച്ചിട്ട്)

കഞ്ചുകി—തിരുമനസ്സുകൊണ്ടു കല്പിക്കണം.

യുധിഷ്ഠിരൻ—പറയേണ്ടതാണെന്നു വിചാരിച്ച് ഞാൻ പറയുകയാണ്, അല്ലാതെ അത്രമാത്രം ഭാഗ്യം ഞങ്ങൾക്കില്ല, ഒരുപക്ഷേ വത്സനായ അർജ്ജുനൻ ജയിച്ചു എങ്കിൽ ഞാൻ പറഞ്ഞതായിട്ട് അങ്ങ് അയാളോട് ഇങ്ങനെ പറയണം.

വത്സൻ തൻെറ മൃതിക്കു ഹേതു പരമ—
ത്താലാങ്കനെന്നാകിലും
നിസ്സന്ദേഹമവൻ തവാത്മസഖനാം
ശൌരിക്കെഴും സോദരൻ;
ഭത്സിച്ചീടരുതാകയാൽ ചെറ്റുമേ
ജീവിക്കിൽ നീ പിന്നെയും;
നിസ്സംഗത്തൊടു കാട്ടിൽ വാഴ്കനൃപതി-
സ്ഥാനത്തിൽ വത്തിക്കൊലാ- 190

കഞ്ചുകി— അവിടത്തെ കല്പനപോലെ (എന്നു പോയി)

യുധിഷ്ഠിരൻ—(അഗ്നിയേ കണ്ടിട്ട് സന്തോഷത്തോടെ) കൃഷ്ണേ, ഉജ്ജ്വലിക്കുന്ന ജ്വാലകങ്ങളാകുന്ന കൈകളാൽ ഞങ്ങളെപ്പോലെയുള്ള വ്യസനിജനങ്ങളെ വിളിച്ചുകൊണ്ടിരിക്കുന്ന അഗ്നിഭഗവാൻ ഇതാ കത്തി പ്രകാശിക്കുന്നു. ഇതിൽ ആത്മാവിനെക്കൂടെ! ഇന്ധനമാക്കാം.

പാഞ്ചാലി—വാസ്തവമായ പ്രണയത്തോടുകൂടിയ മഹാരാജാവു പ്രസാദിക്കണേ ! പ്രസാദിക്കണേ ! ഞാൻ തന്നെ മുമ്പിൽ അഗ്നിപ്രവേശം ചെയ്യാം.

യുധിഷ്ഠിരൻ— നമുക്കു ഒരുമിച്ചുതന്നെ അഭ്യുദയത്തെ അനുഭവിക്കാം.

ചേടി—കഷ്ടം, ലോകപാലന്മാരായ ഭഗവാന്മാരേ, നിങ്ങൾ രക്ഷിക്കണേ. ഇദ്ദേഹം സോമവംശത്തിലെ രാജർഷിയും രാജസൂയത്താൽ അഗ്നിയെ തൃപ്തിപ്പെടുത്തിയവനും ഖാണ്ഡവദാഹംകൊണ്ട് കൃശാനുവിനു സംതൃപ്തിചേർത്തവനായ അർജ്ജുനൻെറ ജ്യേഷ്ഠഭ്രാതാവുംസുഗൃഹീതനാമത്തോടുകൂടിയവനുമായ യുധിഷ്ഠിര മഹാരാജാവാകുന്നുവല്ലോ. ഇദ്ദേവിയും പാഞ്ചാലരാജപുത്രിയായി വേദിമദ്ധ്യത്തിൽ നിന്നു സംഭവിച്ചവളായ യാജ്ഞസേനിയാകുന്നു. ഈ രണ്ടുപേരും നിഷ്കരുണനായ അഗ്നിയിൽ ചാടി ദഹിക്കാൻ തുടങ്ങുന്നു. അതിനാൽ നിങ്ങൾ രക്ഷിക്കണേ ! രക്ഷിക്കണേ ! എന്ത് ! ഒരുത്തരും രക്ഷിക്കാൻ പുറപ്പെടുന്നില്ലല്ലോ. (അവരുടെ മുമ്പിൽ കടന്നു ചെന്നിട്ട്) ദേവിയും ദേവനും എന്തുചെയ്യാനാണ് ഭാവിക്കുന്നത് ?

യുധിഷ്ഠിരൻ—അല്ലയോ ബുദ്ധിമതികേ, വത്സനായ പ്രിയാനുജനോടുകൂടാതെ ഇരുന്നാൽ എന്താണോ യുക്തമായിട്ടുള്ളത്, അതുതന്നെ. ഭദ്രേ വേഗത്തിൽപോയി വെള്ളം കൊണ്ടുവരിക.

(ചേടി അപ്രകാരം ചെയ്യുന്നു)

യുധിഷ്ഠിരൻ-(കാലകഴുകി ആചമിച്ചിട്ട്) ഇതാ ഉദകദപ്പണം ഗാംഗേയനായും ഭീഷ്മനായും ഗുരുവായും ശാന്തനുപുത്രനായും ഇരിക്കുന്ന പ്രപിതാമഹനായിക്കൊണ്ടാകുന്നു അതു് വിചിത്ര വീര്യനാകുന്ന പിതാമഹനു വേണ്ടിയ.

കുന്നു. (കണ്ണുനീരോടുകൂടി) ഇനി അച്ഛൻെറ അവസരമായല്ലോ; ഇതു സ്വർഗ്ഗസ്ഥിതനായി സുഗൃഹീതനാമാവായ പാണ്ഡുവാകുന്ന അച്ഛനായിക്കൊണ്ടാകുന്നു.

ഇന്നുതൊട്ടിനിയീവാരിയെന്നിൽ നിന്നതിദുർല്ലഭം;
മാദ്രിയാമമ്മയൊത്തച്ഛൻ മട്ടത്തമിതശിക്കുക. 191

ഇത്തർപ്പണാംബു നളിനേക്ഷണനായ വായു
പുത്രന്നു നൽകുവതിലർദ്ധമെനിക്കുമാട്ടേ;
അല്പം ക്ഷമിക്കുക പിപാസിതനെങ്കിലും നീ,
ഒപ്പം ഭുജിപ്പതിനു ഞാനുമിതാവരുന്നു. 192

അല്ലെങ്കിൽ സുക്ഷത്രിയന്മാരുടെ ഗതിയേ പ്രാപിച്ചിരിക്കുന്ന ആ വത്സനെ കാണുന്നതിനു ഞാൻ പോയാലും സാധിക്കുകയില്ല. വത്സ ഭീമസേനാ.

ഞാനാദ്യത്തിൽ കുടിക്കും:-ജനനിയുടെ മുല-
പ്പാലു പിന്നീടുതാൻ നീ;
നാനാഭോജ്യൌഘമെല്ലാം പ്രണയമൊടുമദ-
ച്ഛിഷ്ടമേ നീ ഭുജിക്കൂ;
ഈ നാം ചെയ്യുന്ന യാഗാദിയിലുമതു വിധം
തന്നെ വർത്തിച്ചു; പൂർവ്വ-
സ്ഥാനാവേശം നിവാപാംബുവിലിഹ പിടിപെ-
ട്ടെന്തു നീ ഹന്ത ! കാൺമൂ ? 193

കൃഷ്ണേ, നീയും തർപ്പണം ചെയ്യുക

ദ്രൌപദി—എടി ബുദ്ധിമതികേ എനിക്കു വെള്ളം കൊണ്ടുവരൂ.

[ചേടി അപ്രകാരം ചെയ്യുന്നു.]

ദ്രൌപദി—(അടുത്തുചെന്നു് കൈയിൽ വെള്ളം നിറച്ചിട്ടു്) മഹാരാജാവേ, ആൎക്കാണു് ഞാൻ വെള്ളം കൊടുക്കേണ്ടതു് ?

യുധിഷ്ഠിരൻ—

ആരോ ഗാന്ധാരിയമ്മയ്ക്കു മാരോദനമിയററിയോൻ
ആ വീരൻദ്യോവിലെത്തുന്നു; നീ വാരിയവനേകുക. 194

പാഞ്ചാലി--നാഥ ഭീമസേനാ, പരിജനത്താൽ ദത്തമായ ഈ ജലം സ്വർഗ്ഗത്തിലെത്തിയിരിക്കുന്ന അങ്ങേയ്ക്കു കാലുകഴുകുന്നതിനായി തീരട്ടേ.

യുധിഷ്ഠിരൻ—അർജ്ജുനാഗ്രജാ,
ഭവാൻ സത്യം നടത്താതെ ജവാൽ വാനാന്നു പോകിലും
തവാത്മപ്രിയനൽകുന്ന നിവാപം മുക്തകേശിയാം 195

പാഞ്ചാലി—മഹാരാജാവു എഴുന്നേൽക്കുക, അങ്ങേ ഭ്രാതാവു് ദൂരത്തിൽ കടന്നുപോയിരിക്കുന്നു.

യുധിഷ്ഠിരൻ—(വലത്തേക്കണ്ണു് ഇളകുന്നതായി നടിച്ചിട്ടു്) പാഞ്ചാലീ. നീ വൃകോദരനെ സംഭാവനംചെയ്യുമെന്നു നിമിത്തങ്ങരം പറയുന്നു.

പാഞ്ചാലി—നല്ല നിമിത്തമുണ്ടാകട്ടെ,

(അണിയറയിൽ കോലാഹലശബ്ദം)

(പ്രവേശിച്ചിട്ടു് സംഭ്രമത്തോടുകൂടി)

കഞ്ചുകി—മഹാരാജാവു രക്ഷിക്കണം, രക്ഷിക്കണം. ഈ ദുർബുദ്ധിയായ കൌരവാധമൻ രക്താഭിഷേകത്താൽ ചുകന്നിരിക്കുന്ന വസ്ത്രശരീരങ്ങളോടു കൂടിയവനായി ഭയങ്കരമായ വലിയ ഗദയുമെടുത്തുകൊണ്ടു കാലദണ്ഡത്തോടു കൂടിയ കൃതാന്തനേപ്പോലെ തത്ര ഭവതിയാകുന്ന പാഞ്ചാലരാജപുത്രിയെ അന്വേഷിച്ചുകൊണ്ടു് ഇവിടേയ്ക്കുതന്നെ വരുന്നു.

യുധിഷ്ഠിരൻ—കഷ്ടമേ! ഇപ്പോരം തീർച്ചയായി; ഗാണ്ഡീവധാരിൻ!—(എന്നു മോഹിക്കുന്നു)

ദ്രൌപദി—ഹാ! ആര്യപുത്രാ, ഹാ! എന്റെ സ്വയംവരത്തിനുവേണ്ടി താനേ പരാക്രമത്തേ പ്രവത്തിച്ചവനേ, അങ്ങും പ്രിയഭ്രാതാവിനെ അനുകരിച്ചല്ലോ. അല്ലാതെ മഹാരാജാവിനേയും ഈ ദാസജനത്തേയും അനുവത്തിച്ചില്ല. (എന്നു മൂർച്ഛിച്ചുവീഴുന്നു)

യുധിഷ്ഠിരൻ—ഹാ! വത്സ സവ്യസാചിൻ, ഹാ ത്രിലോചനന്റെ ദേഹത്തെക്കൂടി തകത്ത പരാക്രമശാലിൻ, ഹാ! നിവാതകവചന്മാരേ നിഗ്രഹിച്ചു് അമരലോകത്തെ നിഷ്കണ്ടകമാക്കിത്തീത്തവനേ! ഹാ! ബദര്യാശ്രമത്തിലെ രണ്ടാമത്തെ താപസനായുള്ളോവേ ഹാ! ദ്രോണാചാര്യപ്രിയശിഷ്യാ, ഹാ! അസ്ത്രശിക്ഷാബലംകൊണ്ടു് ഭീഷ്മനേക്കൂടി സന്തോഷിപ്പിച്ചവനേ, ഹാ! രാധേയ

കുലമാകുന്ന കമലിനിക്കു് പ്രാലേയവർഷമായിട്ടുള്ളവനേ ഹാ! ഗന്ധർവ്വനിൽനിന്നു ദുര്യോധനനെ വീണ്ടെടുത്തവനേ, ഹാ! പാണ്ഡവകുലമാകുന്ന നളിനിയിൽ രാജഹംസമായിത്തീന്നവനേ,

വന്ദിച്ചിടാതെ ജനയിത്രിയെയാത്തഹാർദ്ദ-
മെന്നെപ്പുണൎന്നു മദനുജ്ഞയുമാൎന്നിടാതെ
ഇന്നീ സ്വയംവര വധൂടിയെയും വെടിഞ്ഞു
തന്നിച്ചുപോലെയെങ്ങനെ നീ മറഞ്ഞു? 196

(മോഹിക്കുന്നു)

കഞ്ചുകി——(പേടിയോടായിട്ടു്) ഇപ്പോഴാണു വളരെ കഷ്ടമായിട്ടുതീൎന്നതു്. ഈ കൌരവാധമൻ ഇച്ഛപോലെ ഇവിടത്തന്നെ വൎത്തിക്കുന്നു. ഏതുവിധത്തിലും അവർ ഇവിടേയ്ക്കു വരേണ്ടതായ സമയമായി. പാഞ്ചാലപുത്രിയാകുന്ന തത്രഭവതിയെ ഞാൻ ചിതാസമീപത്തിലേയ്ക്കു കൊണ്ടുപോകാം. ഞാനും ആ പ്രവൃത്തിയേത്തന്നെ പിന്തുടരുന്നു. ഭദ്രേ നീയും ദേവിയുടെ ഭ്രാതാവായ ധൃഷ്ടദ്യുമ്നന്റേയോ നകുലസഹദേവന്മാരുടേയോ അടുത്തു ചെല്ലുക മഹാരാജാവു് ഈ നിലയിലായിരിക്കെ ഭീമാൎജ്ജുനന്മാരും അസ്തമിച്ചിരിക്കുമ്പോൾ പിന്നെ പരിത്രാണത്തിനുള്ള ആശ എവിടെയാണു് ?

ചേടി—ആൎയ്യന്മാരെ നിങ്ങൾ രക്ഷിക്കണേ രക്ഷിക്കണേ

(അണിയറയിൽ കളകളശബ്ദത്തിന്റെ ശേഷം)

അല്ലയോ സമന്തപഞ്ചകത്തിൽ സഞ്ചരിക്കുന്നവരായി രക്തമാംസങ്ങളെക്കൊണ്ടു മദിച്ചവരായ യക്ഷന്മാർ-രാക്ഷസന്മാർ.–പിശാചുക്കൾ--കഴുകൻ-കാകൻ--ക്രോഷ്ടാക്കൾ ഇവരെക്കൊണ്ടു നിറഞ്ഞതായ അല്പയോധഭടന്മാരെ പ്പോലും കൊണ്ടു ഭയപ്പെടേണ്ട പാഞ്ചാലി ഏതു സ്ഥലത്തിൽ സ്ഥിതിചെയ്യുന്നു എന്നു നിങ്ങൾ പറയുന്നു. അവൾ എങ്ങിനെയിരിക്കുന്നു എന്നും പറയുക.

ഉരുരസമൊടുകൈകൊണ്ടുരുവിൽ ക്കൊട്ടിവാഴും
കുരുപതിയുടെ മുന്നിൽത്തന്നെ ദുശ്ശാസനാഖ്യൻ

പുരികഴൽ പിടിച്ചുടിച്ചേല പിക്കെന്നെഴിച്ചു-
ള്ളൊരു കുലവധുവാമക്കൃഷ്ണനെഞ്ഞാണരപ്പിൻ 197

കഞ്ചുകി—ഹ! ദേവി—യജ്ഞവേദിയിൽ സംഭവിച്ച വളേ, ഇപ്പോഠം അനാഥയായിത്തീൎന്ന നീ കുരുകുലത്തിനു കളങ്കമായിട്ടുള്ളതിനാൽ പരിഭവിക്കപ്പെടുന്നല്ലോ!

യുധിഷ്ഠിരൻ:—(വേഗത്തിൽ എഴുന്നേററിട്ടു്) പാഞ്ചാലീ, ഭയപ്പെടേണ്ട. (സംഭ്രമത്തോടുകൂടി) ആരു് ആരവിടെ? ആവനാഴിയോടുകൂടി എന്റെ വില്ലുകൊണ്ടുവരട്ടെ ദുരാത്മാവായ ദുൎയ്യോധനഹതകം, വരിക വരിക, നിന്റെ ഗദാകൌശലം കൊണ്ടു സംഭരിച്ചിട്ടുള്ള ഭുജദൎപ്പത്തെ ഈ ഞാൻ ശരങ്ങളെക്കൊണ്ടു കളയുന്നുണ്ടു. അത്ഭുതമല്ല.

എടാ കുരുകുലാധമാ,

ഹിതമുടയ ജരാസന്ധാരിയേയും കിരാതാ-
കൃതിയൊടു കലഹിച്ചോൻ തന്നെയും കണ്ടിടാതെ
ക്ഷിതിയിലിവനു നിന്മട്ടാളുവാൻ ശേഷിപോരാ,
ഹതിതവ വിശിഖത്താൽ ചേൎക്കുവാൻ പോരുമീ ഞാൻ
198

(അനന്തരം ഗദാപാണിയായി സ്വാംഗത്തിലും ഘോരപുരണ്ടവനായ ഭീമസേനൻ പ്രവേശിക്കുന്നു)

ഭീമസേനൻ—അല്ലയോ സമന്തപഞ്ചകത്തിൽ സഞ്ചരിക്കുന്നവരേ

രക്ഷസ്സല്ല പിശാചുമല്ല രിപുര-
ക്തത്തിൽ കളിച്ചുറ്റുടൻ
രുക്ഷക്രോധമൊടും പ്രതിജ്ഞയെ നിവ-
ൎത്തിച്ചോരു ഞാൻ ക്ഷത്രിയൻ
ഉൽക്ഷോഭത്തോടു നഷ്ടശിഷ്ട നൃവര-
ന്മാർ നിങ്ങഠം പേടിച്ചുകൊ-
ണ്ടീക്ഷിച്ചെന്നെ മറഞ്ഞിടേണ്ട മൃതമ-
തംഗാശ്വപാൎശ്വങ്ങളിൽ. 199

നിങ്ങഠം പറയുക; ഏതു ദേശത്തിലാണു് പാഞ്ചാലി ഇരിക്കുന്നതു്?

പാഞ്ചാലി—(ബോധം വന്നവളായിട്ടു്) മഹാരാജാവു് രക്ഷിക്കണേ രക്ഷിക്കണേ,

കഞ്ചുകി—ദേവി പാണ്ഡുസ്നുഷേ, എഴുനേൽക്കുക എഴുനേൽക്കുക. ഇപ്പോൾ വേഗത്തിൽ അഗ്നിപ്രവേശം തന്നെയാണു ശ്രേയസ്സായിട്ടുള്ളതു്.

ദ്രൗപദി—(വേഗത്തിൽ എഴുന്നേററിട്ടു്) എന്തു്! ഇപ്പോഴും ഞാൻ ചിതാസമീപത്തിലല്ലയോ ?

യുധിഷ്ഠിരൻ—ആരു് അവിടെ? ആവനാഴിയോടുകൂടിയ വില്ലുകൊണ്ടുവരിക. പരിജനങ്ങളാരുമില്ലയോ? ഇരിക്കട്ടെ; ബാഹുയുദ്ധംകൊണ്ടു് ഇവനെ പരാജിതനാക്കി മുറുക്കെക്കടന്നുപിടിച്ചു തീയിലേയ്ക്കു കൊണ്ടു ചാടിക്കാം. (മുണ്ടും മററും മുറുകെ കെട്ടിയൊരുങ്ങുന്നു)

കഞ്ചുകി—ദേവി; പാണ്ഡുസ്നുഷേ, ഇപ്പോൾ നയനപഥത്തേതടയുന്നതായി ദുശ്ശാസനൻ അഴിച്ചിട്ടിരിക്കുന്ന തലമുടികൾ കൂട്ടിക്കെട്ടിയാലും, ഇപ്പോൾ പ്രതികാരബുദ്ധിയില്ലാതെയായല്ലൊ. വേഗത്തിൽ ചിതാസമീപത്തിലേയ്ക്കുതന്നെ അടുത്തുപോകുക

യുധിഷ്ഠിരൻ—കൃഷ്ണേ, ദുർബ്ബുദ്ധിയായ ആ ദുര്യോധനനെ കൊല്ലാതെ ഇരിക്കുമ്പോൾ തലമുടി കെട്ടിക്കൂടാത്തതാകുന്നു.

ഭീമൻ—പാഞ്ചാലി, ഞാൻ ജീവിച്ചിരിക്കുമ്പോൾ ദുശ്ശാസനൻ അഴിച്ചിട്ടിരിക്കുന്ന തലമുടി ആത്മപാണി കൊണ്ടു കെട്ടിക്കൂടാത്തതുതന്നെയാണു്. നിൽക്കുക ഞാൻ തന്നെ കെട്ടുന്നുണ്ടു്.

(പാഞ്ചാലി ഭയത്തോടുകൂടി പുറകോട്ടു മാറുന്നു)

ഭീമൻ—ഭീരു, നിൽക്കുക നിൽക്കുക. ഇപ്പോൾ എവിടേയ്ക്കു പോകുന്നു ? (എന്നു തലമുടികളിൻ പിടിക്കാനായി ഭാവിക്കുന്നു.)

യുധിഷ്ഠിരൻ—(വേഗത്തിൽ ഭീമനെ കടന്നുപിടിച്ചിട്ടു) ദുരാത്മൻ, ഭീമാർജ്ജുനശത്രുവായ ദുര്യോധനഹതകാ,

അനുദിനമപരാധം ശൈശവംതൊട്ടുചെയ്തെ-
ന്നനുജഹതി ബലത്താൽ മത്തനായ് ചെയ്തവൻ നീ;
കനമുടയൊരുമൽക്കൈ പഞ്ജരത്തിൽക്കുടുങ്ങി-
ട്ടിനിയുമൊരടി മാറിപ്പോയിടാ ജീവനോടും. 100

ഭീമൻ—ഇതെന്താണു് ആര്യൻ ദുര്യോധനനാണെന്നു ശങ്കിച്ചു് കോപത്തോടുകൂടെ എന്നെ നിർദ്ദയമായി കടന്നു പിടിച്ചിരിക്കുന്നല്ലോ. ദേവാ, ഭീമാർജ്ജുനഗുരുവായ അജാതശത്രോ, അങ്ങ് എങ്ങനെ ആജ്ഞാപിക്കുന്നുവോ ഇതു് അങ്ങനെയല്ല.

കഞ്ചുകി—(അടുത്തു ചെന്നിട്ടു് സന്തോഷത്തോടെ) മഹാരാജാവേ, അവിടുന്നു വർദ്ധിക്കുന്നു. ഇദ്ദേഹമാകട്ടെ ദുര്യോധനന്റെ രക്തത്താൽ ചുമന്നിരിക്കുന്ന സകലാംഗങ്ങളോടുകൂടിയവനാകയാൽ വ്യക്തി തിരിച്ചറിവാൻ പാടില്ലാത്തവനായി ആയുഷ്മാനായ ഭീമസേനനാകുന്നു. ഇപ്പോഴം സംശയിക്കേണ്ട.

ചേടി—ദേവീ, നിവൎത്തിക്കുക, നിവൎത്തിക്കുക. പ്രതിജ്ഞാഭാരത്തെ പൂരിപ്പിച്ചവനായ ഈ നാഥനാകട്ടെ ദേവിയുടെ വേണീസംഹാരത്തെ ചെയ്‌വാനായിട്ടു വേതിയെത്തന്നേ അന്വേഷിക്കുകയാണു്.

പഞ്ചാലി—എടീ, നീ എന്തിനാണു് വ്യാജവാക്കുകളെക്കൊണ്ടു എന്നെ ആശ്വസിപ്പിക്കുന്നതു് ?

യുധിഷ്ഠിരൻ—അങ്ങു് എന്താണു പറയുന്നതു് ? ഇവൻ അനുജദ്വേഷിയായ ദുര്യോധനഹതകനല്ലയോ ?

ഭീമൻ—ദേവാ അജാതശത്രോ, ഇപ്പോഴം ദുര്യോധനഹതകൻ എവിടെയാകുന്നു ? ഞാനാകട്ടെ ആ ദുർബുദ്ധിയുടേ:—

വാശിക്കാത്തലതാഴെ വീഴ്ത്തിയുടലിൽ-
    ത്തദ്രക്തമാം ചന്ദനം
പൂശീ; വാരിധി പൃഴ്മ മൂഴിയൊടുമാ
    ശ്രീയാര്യനിൽക്കൂടിനാം;
നാശം പൂണ്ടു സഭൃത്യമിത്രഭടരാം
    കൌരവ്യരെര്യാവരും
ഭോ, ശബ്ദിപ്പൊരുധാർത്തരാഷ്ട്രനുടെയ-
    പ്പേരൊന്നു താൻ ബാക്കിയായു്. 201

(യുധിഷ്ഠിരൻ സാവധാനമായി വിട്ടിട്ടു് ഭീമനെ നോക്കി കണ്ണീരു തുടയ്ക്കുന്നു.)

ഭീമസേനൻ—(പാദത്തിൽ നമസ്കരിച്ചിട്ട്) ആര്യൻ ജയിക്കുക.

യുധിഷ്ഠിരൻ—വത്സാ, കണ്ണുനീരുവന്നു തടയുന്നതുകൊണ്ടു നിന്റെ മുഖചന്ദ്രനെ കാണുന്നില്ല. പറയുക; ഭവാൻ അർജ്ജുനനോടുകൂടി ജീവിക്കുന്നോ?

ഭീമൻ—നരാധിപനായ ഭവാൻ സകല ശത്രുക്കളേയും ജയിച്ചവനായിരിക്കുമ്പോൾ ഭീമനും അർജ്ജുനനും ജീവിക്കുന്നു

യുധിഷ്ഠിരൻ—(പിന്നെയും ഗാഢമായിട്ട് ആലിംഗനം ചെയ്തുകൊണ്ട്) വത്സാ ഭീമാ,

അരിയുടെ ഹതി പോട്ടെ, നൂറുവട്ടം
പറയുക നാസ്തവമബ്ബകാരിയോ നീ?
ഭീമൻ—ജ്യേഷ്ഠ; അതേ ഞാൻതന്നെയാണ്,
യുധിഷ്ഠിരൻ!
പരമടരിലടുത്തു മാഗധക്ഷ്മാ-
വരനുടെ മാറുമഥിച്ചതങ്ങു താനോ? 201

ഭീമൻ—ജ്യേഷ്ഠാ ആ പ്രവൃത്തിചെയ്തവൻ ഞാൻതന്നെയാകുന്നു. അതിനാൽ ആര്യൻ ഒരു ക്ഷണം എന്നെ വിട്ടയക്കണം.

യുധിഷ്ഠിരൻ—ഇനിയും വല്ലതും പ്രവൃത്തിക്കേണ്ടതുണ്ടോ?

ഭീമൻ—വലുതായ കാര്യം ചെയ്യുണ്ടിയിരിക്കുന്നു. സുയോധനന്റെ രക്തത്താൽ നനഞ്ഞിരിക്കുന്ന ഈ കൈകൊണ്ടു ദുശ്ശാസനൻ പിടിച്ചുഴിച്ചിട്ടുള്ള തലമുടി കെട്ടിക്കേണ്ടതായിരിക്കുന്നു.

യുധിഷ്ഠിരൻ—അങ്ങുപോകുക. തപസ്വിനി വേണീസംഹാരത്തെ അനുഭവിക്കട്ടേ.

ഭീമസേനൻ—(പാഞ്ചാലിയുടെ അടുത്തുചെന്നിട്ട്) ദേവീ പഞ്ചാലരാജപുത്രി, ദൈവാധീനത്താൽ ശത്രുകുലം നശിച്ചതുകൊണ്ടു നീ വർദ്ധിക്കുന്നു. ഇങ്ങനെയിരിക്കുന്ന എന്നെ കണ്ടിട്ടും ഒട്ടും ഭയപ്പെടരുതു്.

ഭൂപന്മാർതൻ സദസ്സിൽ ഭവതിയുടെ കുപം
തച്ചുഴച്ചീടുവോനാം,

പാപൻ ദുശ്ശാസനൻ തൻ ചുടുനിണമശനം
ചെയ്തോരീക്കൈകൾ കാണുക,
കോപത്താലുരുപൊട്ടിച്ചൊരു കുരുപതിതൻ
ഘോരദേഹത്തിലെല്ലാം
ലോപം കൂടാതെ തേച്ചേൻ സതി, തവരിപുസ-
ന്താപശാന്തിക്കുവേണ്ടി. 203

ബുദ്ധിമതികേ, പാണ്ഡവദാരങ്ങളേ പരിഹസിച്ച ആ ഭാനുമതി എവിടെയാണ്? അല്ലയോ യാജ്ഞസേനീ

ദ്രൗപദി— നാഥൻ ആജ്ഞാപിച്ചാലും.

ഭീമസേനൻ— ഞാൻ പറഞ്ഞതു ഭവതി ഓർമ്മിക്കുന്നോ? (''തിരിച്ചു പലവട്ടവും ബലമിയന്ന ഭീമൻ'') എന്നുള്ള ശ്ലോകത്തേ പഠിക്കുന്നു.

ദ്രൗപദി— നാഥാ, കേവലം സ്മരിക്കയല്ല, നാഥൻെറ പ്രസാദംകൊണ്ടു അനുഭവിക്കുകയും ചെയ്യുന്നു.

ഭീമസേനൻ— (തലമുടി തട്ടിക്കുടഞ്ഞിട്ട്) ദുശ്ശാസനൻ അഴിച്ചിട്ടിരിക്കുന്ന ധാർത്തരാഷ്ട്രകുലത്തിനു കാളരാത്രിയാകുന്ന ഈ വേണി ഭവതി കെട്ടുക.

ദ്രൗപദി— നാഥാ, ഈ പ്രവൃത്തി ഞാൻ മറന്നുപോയിരിക്കുന്നു. നാഥൻെറ പ്രസാദത്താൽ ഇനിയും അഭ്യസിക്കാം.

(ഭീമസേനൻ തലമുടി കെട്ടിക്കുന്നു.)

(അണിയറയിൽ)

വലുതായ യുദ്ധാഗ്നിയിൽ ദഹിച്ചു ശേഷിച്ചിട്ടുള്ളതായ രാജശ്രേഷ്ഠകുലത്തിനു നല്ലതുവരട്ടെ.

ഏതുവാർമ്മുടിയഴിക്കയാൽ കുപിതപാർത്ഥർ
ചെയ്തു ബതപാർത്ഥിവ-
വ്രാതനാശമവനീശപത്നികളെ മുക്ത-
കേശകളുമാക്കിനാർ:
വാതസൂനുയമതുല്യനക്കുരുകുലാന്ത-
കാരി നിജപത്നിതൻ
സ്ഫീതമക്കചമതല്ലികെട്ടിയിനി നല്ല-
താക്കുമരചർക്കുമേ. 204

യുധിഷ്ഠിരൻ—ദേവി; ഭവതിയുടെ ഈ കേശബന്ധത്തെ ആകാശചാരികളായ സിദ്ധന്മാർകൂടി അഭിനന്ദിക്കുന്നു.

(അനന്തരം കൃഷ്ണാർജ്ജുനന്മാർ പ്രവേശിക്കുന്നു)

കൃഷ്ണൻ—(ധർമ്മപുത്രന്റെ അടുത്തു ചെന്നിട്ട്) സകലശത്രുക്കളേയും നിഗ്രഹിച്ചവനായി സാനുജനായ മഹാരാജാവു ജയിക്കട്ടേ.

അർജ്ജുനൻ—ആര്യൻ ജയിക്കട്ടേ,

യുധിഷ്ഠിരൻ—(നോക്കീട്ട്) അല്ലാ! പുണ്ഡരീകാക്ഷനാകുന്ന ഭഗവാനും വാത്സനാകുന്ന കിരീടിയുമോ? ഭഗവൻപുരാണ പുരുഷനായി നാരായണനാകുന്ന ഭവാൻ കൂടി മംഗളമാശംസിച്ചിരിക്കുന്നയാളിനു വിജയമല്ലാതെ മറെറന്താണുണ്ടാകുന്നതു്?

മഹൽസ്ഥൂലഭേദാദിസംലക്ഷ്യനായി-
ജ്ജഗൽ സൃഷ്ടിരക്ഷാന്തകൃത്താം ഭവാനേ
അജാനന്ത, ചിന്തിച്ചിരിപ്പോർക്കമാപ-
ത്തുദിക്കില്ല; ഹ! പിന്നെയെന്തീക്ഷചെയ്താൽ 205

(അർജ്ജുനനെ ആലിംഗനം ചെയ്തിട്ട്) വത്സാ നീ എന്നെ പരിഷ്വജിക്കുക.

കൃഷ്ണൻ—മഹാരാജാവു യുധിഷ്ഠിര,
ശിഷ്യൻ വ്യാസമഹർഷി, മററു മുനിമാർ,
വാല്മീകി, രാമാഖ്യരും,
ധൃഷ്ടദ്യുമ്നനു, മശ്വിനീതയയമോ-
ടൊത്തുള്ള സേനേശരും;
തുഷ്ട്യാമാഗധ-മത്സ്യ-യാദവരുമായ് വന്നെ-
ത്തി നൽത്തോയംകളിൽ
പൃഷ്ടാംഭഃകലശങ്ങളേന്തിയിഹ നിൻ-
രാജ്യാഭിഷേകത്തിനായ്. 206

ഞാനാകട്ടെ ചാർവാകനാകുന്ന രാക്ഷസൻ ഭവാനെ പരിഭ്രമിപ്പിച്ചു എന്നറിഞ്ഞു് അർജ്ജുനനോടുകൂടി വേഗത്തിൽ പുറപ്പെടുകയായിരുന്നു.

യുധിഷ്ഠിരൻ—ചാർവാകനാകുന്ന രാക്ഷസൻ ഞങ്ങളെ ഇങ്ങനെ ചതിക്കയായിരുന്നോ?

ഭീമസേനൻ—(കോപത്തോടെ)ആര്യന്ന വല്യതായ പരിഭ്രമത്തെ ഉണ്ടാക്കിയ ധാർത്തരാഷ്ട്രസഖനായ ആ രാക്ഷസാധമൻ എവിടെയാകുന്നു ?

കൃഷ്ണൻ—ദുർബുദ്ധിയായ അവനെ നകുലൻ നിഗ്രഹിച്ചുകഴിഞ്ഞു. അതിനാൽ മഹാരാജാവേ, അങ്ങു പറയുക; ഇതിൽ കൂടുതലായി എന്തിഷ്ടത്തേയാണു് ഞാൻ സമ്പാദിക്കേണ്ടതു്?

യുധിഷ്ഠിരൻ—ഭഗവാൻ പ്രസന്നനായാൽ ഒന്നിനേയും കൊടുക്കാതെയില്ല. ഞാനാകട്ടെ, മനുഷ്യസാധാരണമായ ബുദ്ധികൊണ്ടു സന്തോഷിക്കുന്നു. ഇതിൽ കൂടുതലായിട്ടു് അഭ്യർത്ഥിക്കുന്നതിന്നു ഞാൻ ശക്തനല്ല. ദേവൻ കണ്ടാലും:—

വൈരിവ്രാതമശേഷവും നിഹതമാ;
യീഞങ്ങളഞ്ചാളുമേ
പോരിൽത്തെററു ഭവിച്ചതില്ല; ഗതമായ്
പാഞ്ചാലിതൻ താപവും;
നേരിട്ടീശ്വരനാം ഭവാൻ കുശലവാ-
ക്കെന്നോടു ചെല്ലുന്നു; ഞാൻ
വേറിട്ടെന്തിനിയും പ്രസന്നനവിട-
ത്തോടിപ്പൊളർത്ഥിക്കണം? 207

ഭഗവാൻ വളരെ സന്തോഷിച്ചിരിക്കുന്നു എങ്കിൽ ഇതിരിക്കട്ടെ.

ദാരിദ്ര്യവ്യാധിബാധാരഹിതമിഹ ജനം
നൂറുവർഷം സഹർഷം
പാരിൽപ്പാർക്കട്ടെ; സാക്ഷാൽ മധുരിപുവിലുദി-
ക്കട്ടെയുൽകൃഷ്ടഭക്തി,
സൂരിശ്രേഷ്ഠർക്കഭീഷ്ടപ്രദനരിയഗുണൌ-
ഘങ്ങളിൽ തത്വവിത്തായ്
പൂരിപ്പിച്ചിഷ്ടമാർക്കും നൃപതി സുകൃതിയായ്
സന്തതം വാണിടട്ടേ 208

കൃഷ്ണൻ—ഇപ്രകാരം ഭവിക്കട്ടേ

(എന്നു് എല്ലാവരും പോയി)

**നാടകം —**

ധീരോദാത്തനതിപ്രതാപഗുണവാൻ
വിഖ്യാതവംശൻ ധരാ-
പാലൻ നായക, നഞ്ചുസന്ധിക, ളതി
ഖ്യാതം കഥാവസ്തുവും
നാലഞ്ചാളുകളങ്കമഞ്ചധികമോ,
ശൃംഗാരമോ വീരമോ,
മുഖ്യം നിർവ്വഹണത്തിലത്ഭുതരസം
നാഥോദയം നാടകം.

പ്രസിദ്ധങ്ങളായ പുരാണങ്ങളിൽനിന്നോ ഇതിഹാസങ്ങളിൽ നിന്നോ സ്വീകരിച്ചതായിരിക്കണം ഇതിവൃത്തം. ദിവ്യനും കുലീനനും പരാക്രമിയും ഗുണവാനും ധീരോദാത്തനുമായ രാജർഷിയായിരിക്കണം നായകൻ. അംഗിയായ രസം ശൃംഗാരമോ വീരമോആയിരിക്കണം. പ്രധാന രസത്തെ പോഷിപ്പിക്കത്തക്കവണ്ണം മററു രസങ്ങൾ അംഗമായിരിക്കാം. അങ്കം അഞ്ചുമുതൽ പത്തുവരെ ആകാം. അഞ്ചോ ആറോ പേരിൽ കൂടുതലാകരുത്, പ്രധാന കഥാപാത്രങ്ങൾ. നിർവ്വഹണസന്ധിയിൽ അത്ഭുതരസം പ്രദർശിപ്പിച്ചിരിക്കണം. നായകാഭ്യുദയവും ഇഷ്ടഫലപ്രാപ്തിയുമായിരിക്കണം.

**നാന്ദി**

ആശീർവചന രൂപത്തിൽ
ദേവതാസ്തുതി ചെയ്യുകിൽ
എന്നുമാനാടകമുഖം
യാന്ദീനാമകമായ്‌വരും
വ്യംഗ്യമായെങ്കിലും വേണ-
മതിൽ കാവ്യാർത്ഥസൂചനം.

ആശീർവാദരൂപത്തിലുള്ള ദേവതാസ്തുതിയായിരിക്കണം നാന്ദി. അതിൽ നാടകകഥ വ്യംഗ്യമായിട്ടെങ്കിലും സൂചിപ്പിച്ചിരിക്കണം.

പ്രസ്താവന

വിദൂഷകൻ നടിനടൻ
പാരിപാർശ്വികനെന്നിവർ
സ്വകാര്യപരമാലും
കഥാസൂചകമാംവിധം
സൂത്രധാരനുമായ് തമ്മിൽ
എന്തെങ്കിലുമുരസ്സുകിൽ
അതാണാമുഖ,മല്ലെങ്കിൽ
പ്രസ്താവന; ഇതാദ്യമാം.

ആമുഖവും പ്രസ്താവനയും ഒന്നുതന്നെ. എന്നാൽ കഥാരംഭത്തിൽ—ഒന്നാമങ്കത്തിൽ—കാണുന്നതിനെ പ്രസ്താവന എന്നും, മററങ്കങ്ങളുടെ ആദിയിലാണെങ്കിൽ ആമുഖം എന്നും പറയുന്നു.

വിഷ്ക്കംഭം—

ഭൂതഭാവികഥാംശങ്ങൾ വിവരിക്കുന്നമട്ടിലായ്
ചുരുക്കിയാദിയിൽ ചൊല്ലും ഭാഗം വിഷ്ക്കംഭമായിടും
രംഗത്തിൽ പ്രയോഗിക്കാൻ പാടില്ലാത്ത, കഴിഞ്ഞതും, നടക്കാൻ പോകുന്നതുമായ കഥാഭാഗങ്ങളെ സദസ്യർക്ക മനസ്സിലാകാൻവേണ്ടി ചുരുക്കി അങ്കാരംഭത്തിൽ പറയുന്നതു് വിഷ്ക്കംഭം.

വിഷ്ക്കംഭം രണ്ടുവിധം—1) ശുദ്ധം 1) മിശ്രം.
മദ്ധ്യപാത്രങ്ങളെക്കൊണ്ടുമാത്രമുള്ളതുശുദ്ധമാം,
നീചമദ്ധ്യങ്ങൾ ചേൎന്നായാൽ മിശ്രവിഷ്കംഭമായ്‌വരും.
(വേണീസംഹാരം രണ്ടാമങ്കത്തിൽ ശുദ്ധവിഷ്കംഭമാണു്.

പ്രവേശം—

രണ്ടാങ്കങ്ങൾക്ക നടുവേ
ചുരുക്കിക്കഥവേണ്ടപോൽ
നീചപാത്രങ്ങൾ, നീചോക്തി-
കൊണ്ടുചൊന്നാൽ പ്രവേശകം

അങ്കമുഖം —

ഏതെങ്കിലുമൊരങ്കത്തിൽ
ഭാവിയായ കഥാംശവും
ബീജവും ചൂണ്ടിയോതീടി-
ലതാണങ്കമുഖാഹ്വയം.

നാലാമങ്കം അവസാനത്തിൽ പ്രവേശിക്കുന്നതായി പറയുന്ന ധൃതരാഷ്ട്രർ, ഗാന്ധാരി, ദുര്യോധനൻ തുടങ്ങിയ പാത്രങ്ങൾതന്നെ അഞ്ചാം അങ്കത്തിലും പ്രവേശിച്ച് കഥ തുടരുന്നു.

അങ്കാവതാരം —

ഒരങ്കത്തിൻെറയൊടുവിൽ
കഥാപാത്രം കഥിച്ചപോൽ
അടുത്തങ്കം തുടങ്ങുന്ന
രീതി അങ്കാവതാരമാം.

നാലാം അങ്കം അങ്കാവതാരം കൊണ്ടാണാരംഭിക്കുന്നതു് ദുശ്ശാസനവധാനന്തരം അർജ്ജുനൻ കർണ്ണൻെറ പുത്രനെ വധിക്കുന്നതും കർണ്ണനു് ജീവിതനൈരാശ്യം നേരിടുന്നതും, ഇതറിഞ്ഞു് വന്നുചേർന്ന ഗാന്ധാരിയേയും ധൃതരാഷ്ട്രരേയും കാണുമ്പോൾ ദുര്യോധനൻ ദുഃഖിക്കുന്നതും മൂന്നാമങ്കത്തിൽ ഉള്ള കഥാപാത്രങ്ങളെക്കൊണ്ടുതന്നെ വർണ്ണിക്കുന്നു.

# വേണീസംഹാരം

## (നാടകം)

ശ്ലോ 1 ഈക്ഷാരസഫലം = ദർശനരസമാകുന്ന ഫലം. സഭയിൽ പ്രേക്ഷകൎക്കു ദർശനരസം ഉളവാകത്തക്കവണ്ണമുള്ള അഭിനയപാടവം ഞങ്ങൾക്കുണ്ടാകട്ടെ എന്നു പ്രാൎത്ഥന.

വൃത്തം—ശിഖരിണി.

യതിക്കാറിൽ തട്ടും യമനസഭലംഗം ശിഖരിണി.

ശ്ലോ. 2 സദ്രസഭരം = അനുരാഗാധിക്യം — പ്രണയകലഹം.

വൃത്തം—ശാർദ്ദൂലവിക്രീഡിതം

പന്ത്രണ്ടാൽ മസജം സതംതഗുരുവും ശാർദ്ദൂലവിക്രീഡിതം.

ശ്ലോകം, 3 നാന്ദി കാവ്യാൎത്ഥസൂചകം കൂടിയായിരിക്കണമെന്നുള്ള നാന്ദിലക്ഷണമനുസരിച്ച് കാവ്യാൎത്ഥം കൂടി സൂചിപ്പിക്കണം.

ഗൗരി = ഗൗരവൎണ്ണമുള്ള പാഞ്ചാലി. പ്രേമം = ക്രോധി ദൈത്യർ = കൗരവന്മാർ. ദൈത്യപ്രണയിനികൾ = കൗരവന്മാരുടെ സ്ത്രീകൾ. ശാന്തയോഗീശ്വരൻ = വ്യാസൻ തുടങ്ങിയ മഹൎഷീശ്വരന്മാർ. കരുണ = വംശനാശമുണ്ടാകുന്നതുകൊണ്ടുള്ള ദയ. കേശവൻ = ശ്രീകൃഷ്ണൻ. ഹാസം = തൻെറ അവതാരോദ്ദേശം സാധിക്കുന്നതിലുള്ള മന്ദഹാസം അസുരവരർ = യുദ്ധാനന്തരം അവശേഷിച്ച കൗരവന്മാർ. ദേവന്മാർ = പാണ്ഡവന്മാർ മോദം = തങ്ങളുടെ പ്രതിജ്ഞ നിൎവ്വഹിച്ചതിലുള്ള സന്തോഷം.

ത്രിപുരാന്തകനായ ശിവൻ പല രൂപത്തിൽ കാണപ്പെടുന്നതുകൊണ്ടു ഉല്ലേഖാലങ്കാരം—

ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ.

വൃത്തം സ്രഗ്ദ്ധര

ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം
സ്രഗ്ദ്ധാരം വൃത്തമാകും

ശ്ലോ. 4 ശസ്താശയൻ = പ്രശസ്തമായ ചിത്തവൃത്തിയോടു കൂടിയവൻ. അസ്താലൻ — പാപരഹിതൻ—പരിശുദ്ധൻ.

ശുകപിതാവ് = വേദവ്യാസൻ

വൃത്തം —വസന്തതിലകം

ചൊല്ലാം വസന്തതിലകം തഭജംജഗംഗം

ശ്ലോകം. 5 വേറെ ഒരു കാവ്യബന്ധം = മുമ്പഭിനയിച്ച തല്ലാത്ത മറെറാരു നാടകം

അലങ്കാരം — ഉപമ.

വൃത്തം—വസന്തതിലകം

ശ്ലോകം. 6 സൽപക്ഷം = നല്ല ചിറക് എന്നും, സത്തുക്കളായ സഹായികരം എന്നും ധാർത്തരാഷ്ട്രകൾ = ഹംസങ്ങരം എന്നും, ധൃതരാഷ്ട്രപുത്രനായ കൗരവന്മാർ എന്നും അത്ഥം

ശരൽക്കാലവൎണ്ണനയിൽ കഥാസന്ദർഭംകൂടി വിവരിച്ചിരിക്കുന്നതിനാൽ അലങ്കാരം-പ്രകൃതശ്ലേഷം

ശ്ലോ. 7 രക്താഞ്ചിതക്ഷിതികരം = അനുരാഗത്തോടേ അലങ്കരിക്കപ്പെട്ട ഭൂമിയോടുകൂടിയവർ. ക്ഷതവിഗ്രഹന്മാർ = വിരോധം അവസാനിച്ചവർ, മുറിവേററ ശരീരത്തോടുകൂടിയവർ എന്നു് ശ്ലേഷം,

വൃത്തം—വസന്തതിലകം.

ശ്ലോ, 8 ,. ശിഖരിണി

ശ്ലോ. 9 മനുജരാട്ട—രാജാവ്—ധമ്മപുത്രൻ.

വൃത്തം — ദ്രുതവിളംബിതം

ദ്രുതവിളംബിതമാം നഭവുംഭരം

ശ്ലോ. 10 മഗധസുതൻ — ജരാസന്ധൻ. വൃത്തം—
സ്രഗ്ദ്ധര,

ശ്ലോ. 11 ദൗസ്ഥ്യം — ദുസ്ഥിതി. തലമുടികൾ പിടിക്കപ്പെട്ടു് വസ്ത്രാക്ഷേപത്തിനു വിധേയയായി ദുഃഖിക്കുന്ന അവസ്ഥ. വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ. 12 ശാർദ്ദൂലവിക്രീഡിതം (വൃത്തം)

ശ്ലോ. 13 രാട്ടിനു് = രാജാവിന്റെ — ധർമ്മപുത്രരുടെ. അത്യുഗ്രമാകും ക്ഷാത്രതേജസ്സ് = അത്യുഗ്രമായ ക്ഷത്രിയ വീര്യം

ശ്ലോ. 14 വർഷാമതല്ലി = വർഷപാതം. ഇടിത്തീയ് വർഷകാലത്തു് വർദ്ധിക്കുന്നതുപോലെ പാഞ്ചാലീദർശനം ഭീമകോപത്തെജ്വലിപ്പിക്കും എന്നു് ഉപമ. വൃത്തം— ഭുജംഗപ്രയാതം യകാരങ്ങൾ നാലോ ഭുജംഗപ്രയാതം.

ശ്ലോ. 15 ചോദ്യരൂപത്തിലുള്ള 'കാകു' അർത്ഥദാർഢ്യത്തെ കുറിക്കുന്നു വൃത്തം സ്രഗ്ദ്ധര

ശ്ലോ. 16 മൂലശ്ലോകം—ഇന്ദ്രപ്രസ്ഥം വൃകപ്രസ്ഥം ജയന്തം വാരണാവതം പ്രയഛ ചതുരോ ഗ്രാമാൻ കഞ്ചിദേവതുപഞ്ചമം.

ശ്ലോ. 17 ആത്മവധൂകചപത്തിന്നാകർഷണം = സ്വന്തം ഭാര്യയുടെ തലമുടികൾ ചുററിപ്പിടിക്കുക എന്ന പ്രവൃത്തി; ത്രപ = ലജ്ജ. വൃത്തം—വസന്തതിലകം.

ശ്ലോ. 18 ആവിഗ്ന = ദുഃഖിത. കചമകല്ലിക = ശ്രേഷ്ഠമായ തലമുടി. വൃത്തം —വസന്തതിലകം

ശ്ലോ. 19 കെട്ടാന്ന-കെട്ടിയിട്ടില്ലാത്ത, വേണി = തലമുടി വൃത്തം—വസന്തതിലകം

ശ്ലോ. 20 സഹവാസംകൊണ്ടു് തരുണീഹൃദയം ഭർത്തൃതുല്യമാകും. വിഷവൃക്ഷത്തിൽ ചുററിപ്പടന്ന നല്ല ലത പോലും ദുഃഖദായിനിയായിത്തീരുന്നു. എന്നു് ഉപമാനോപമേയങ്ങളെ ബിംബങ്ങളായി പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടു് ദൃഷ്ടാന്താലങ്കാരം. ദൃഷ്ടാന്തമതിനെ ബിംബ, പ്രതിബിംബങ്ങളാക്കുകിൽ എന്നു് ലക്ഷണം വൃത്തം— വസന്തമാലിക:—വിഷമേ സംസാജം ഗഗം, സമത്തിൽ

സഭരേഫം യ വസന്തമാലികയ്ക്കു്

ശ്ലോ. 21 ശോണിതം = രക്തം: സുതനു = സുന്ദരി (സംബോധന) കച = തലമുടി വൃത്തം—പൃഥ്വി

ജസജംസയലങ്ങളും ഗുരുവുമെട്ടിനാൽ പൃഥ്വിയാം.

ശ്ലോ. 22 ക്ഷീരാംബോധി = പാല്ക്കടൽ മന്ഥാദ്രി = മന്ഥപവ്വതം, ഘോരാരാവം = ഗംഭീരശബ്ദം, ഉൽക്കടസ്തനിതം = വലിയ ഇടിമുഴക്കം. തൂര്യൗഘനിസ്വനം = പെരുംപറമുഴക്കം, നിഭം = തുല്യം കൃഷ്ണാതികോപോക്തി = പാഞ്ചാലിയുടെ ഉഗ്രകോപത്തോടുകൂടിയ വാക്കു്. ദുർവ്വാദം = കൊടുംകാററു് വൃത്തം—ശാർദ്ദൂലവിക്രീഡിതം,

ശ്ലോ 23—24 സ്രഗ്ദ്ധര.

ശ്ലോ 25—ഞങ്ങൾ = ഭീമാർജ്ജുനനകുലസഹദേവന്മാർ, ഋത്വിക്കുകൾ = യാഗം ചെയ്യുന്നവർ. കർമ്മോപദേഷ്ടാവു് = ഗുരു. മുരഹരൻ = മുരാരി—ശ്രീകൃഷ്ണൻ ഭൂപാലൻ = ധർമ്മപുത്രർ. സംഗരയജ്ഞം = യുദ്ധമാകുന്ന യാഗം. തത്പത്നീ = പാഞ്ചാലി. യജ്ഞപശുക്കൾ = യാഗത്തിലേക്കുള്ള പശുക്കൾ വധൂക്ലേശോപനാശം = ഭാര്യയായ പാഞ്ചാലിയുടെ ദുഃഖശമനം. ഭൂലോകേശനിമന്ത്രണത്തിനു് = രാജാക്കന്മാരെക്ഷണിക്കുന്നതിനു്

വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 7—ശിവകൾ = പെൺകുറുനരികൾ. വൃത്തം—സ്രഗ്ദ്ധര.

ശ്ലോ 28—ആത്മാധികാരാങ്കിതം = സ്വന്തം അധികാരത്തിന്റെ അടയാളമായി. വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 29—കൃതി = സുകൃതി. രിപുശരങ്ങൾ = ശത്രുക്കളുടെ ശസ്ത്രങ്ങൾ അടർ = യുദ്ധം. വിഗതചാപൻ = വില്ലില്ലാത്തവൻ. മഹീശൻ = രാജാവു് (ദുര്യോധനൻ)

വൃത്തം—കുസുമമഞ്ജരി.

'രംനരം നരനരം നിരന്നുവരുമെങ്കിലോകുസുമമഞ്ജരി.

പരശുരാമനെ ഭീഷ്മർ ജയിച്ചകഥ:—

കാശിരാജാവിന്റെ പുത്രിമാരാണു് അംബ, അംബിക, അംബാലിക. പിതാവു് ഇവരെ വിവാഹം കഴിച്ചു കൊടുക്കാൻ നിശ്ചയിച്ചു. ഭീഷ്മർ ഈ വാത്തകേട്ടു് കാശിരാജ്യത്തു ചെല്ലുകയും വിവാഹേച്ഛുക്കളായി വന്നുചേന്ന രാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചു് കന്യകമാരെ വിചിത്രവീരനു് വിവാഹം കഴിച്ചുകൊടുക്കാൻ തീർച്ച

പ്പെടുത്തുകയും ചെയ്തു. അപ്പോൾ മൂത്തവളായ അംബ "തന്നെ സ്യാലനു വിവാഹം കഴിച്ചുകൊടുക്കാൻ പിതാവും, തന്നെത്തന്നെ വേൽക്കണമെന്നു് സാല്വനും; അദ്ദേഹത്തെത്തന്നെ വരിക്കണമെന്നു് താനും നിശ്ചയിച്ചിരുന്നു. ഇനിവേറൊരാളെ വരിക്കുന്നതു് ദോഷമാണു്" എന്നു പറയുകയും അവളെ ഭീഷ്മർ വിട്ടയയ്ക്കുകയും ചെയ്തു. ഇളയവരായ അംബികയേയും അംബാലികയേയും വിചിത്രവീരനെക്കൊണ്ടു് വിവാഹം ചെയ്യിച്ചു. അംബയാകട്ടെ സാല്വനെ പ്രാപിച്ചു എങ്കിലും നിരാകൃതയാകുകയാണുണ്ടായതു്. അവൾ ദുഃഖിതയായി ഭീഷ്മരെ പ്രാപിച്ചു. അദ്ദേഹത്തിൽനിന്നും യാതൊരുവിധമായ ആനുകൂല്യവും സിദ്ധിക്കാതെ നിരാശയായി ഹിമാലയപർവ്വതത്തിലുള്ള ബാഹുദാ നദീതീരത്തിൽചെന്നു് നിരാഹാരയായി ഒരു വ്യാഴവട്ടക്കാലം തപസ്സുചെയ്തു. അതിൽ സംപ്രീതനായ സുബ്രഹ്മണ്യൻ അവൾക്കു് ഒരുമാല സമ്മാനിച്ചിട്ടു് ഇപ്രകാരം പറഞ്ഞു:—" ഈ മാല ധരിച്ചുകൊണ്ടു യുദ്ധത്തിനിറങ്ങുന്ന ക്ഷത്രിയൻ ഭീഷ്മരെ വധിക്കും" അംബ ഈ മാലയുമായി അഞ്ചുകാലം സഞ്ചരിച്ചിട്ടും ഭീഷ്മരെ ഭയന്നു് ആരുമീമാല സ്വീകരിച്ചിട്ടില്ല. ഒടുവിൽ പാഞ്ചാലരാജ്യത്തു ചെന്നു് രാജാവായ യജ്ഞസേനനോടു പറഞ്ഞിട്ടും നിരസിക്കയാണുണ്ടായതു്. അംബ ആ മാല അവിടെ വച്ചിട്ടുപോയി. യജ്ഞസേനൻ അതിനെ എടുത്തു ആദരവോടെ പൂജിച്ചു. പാഞ്ചാലൻെറ മകൾ പിതാവറിയാതെ ആ മാല എടുത്തു ധരിച്ചു. അവൾ ഋചീകൻ എന്ന ബ്രാഹ്മണനെ ആശ്രയിച്ചു. അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു് അവൾ ഗംഗാദ്വാരത്തിൻ ചെല്ലുകയും അവിടെ കിടന്ന രണ്ടു ഗന്ധർവ്വന്മാരെ കാണുകയും അതിലൊരുത്തൻെറ അഭിമതാനുസാരം ലിംഗവിനിമയം ചെയ്തു് ആ ഗന്ധർവ്വനിൽ നിന്നുതന്നെ ആയുധവിദ്യ അഭ്യസിക്കുകയും ചെയ്തു. തിരിച്ചു പിതൃസവിധത്തിൽ എത്തി പരശുരാമനെ സേവിച്ചു. പരശുരാമൻ 23 ദിവസം തുടർച്ചയായി ഭീഷ്മരോടു യുദ്ധംചെയ്തു. ഒടുവിൽ ഭീഷ്മരെ കീഴടക്കാൻ സാധിക്കുകയില്ലെന്നു, അദ്ദേഹവു

മായുള്ള വിവാഹാഭിലാഷം സാദ്ധ്യമല്ലെന്നും പരശുരാമൻ പറയുകയും അദ്ദേഹത്തിന്റെ അനുഗ്രഹംവാങ്ങി അവരം കാലഗതിയെ പ്രാപിക്കുകയും ചെയ്തു.

ശ്ലോ 30 വൃത്തം—ദ്രുതവിളംബിതം.

ശ്ലോ. 31 ശിഖണ്ഡിയെ മുമ്പിൽ നിത്തിവൃദ്ധനായ ഭീഷ്മനെ നിഗ്രഹിച്ച് വിജയിയായ അജ്ജുനനുണ്ടായ കീത്തി. ബാലനും നിരായുധനുമായ അഭിമന്യുവിനെ വധിച്ചതുകൊണ്ടു് നമുക്കുമുണ്ടാകും. വൃത്തം—വംശസ്ഥം, ജതങ്ങൾ വംശസ്ഥമതാംജരങ്ങളും

ശ്ലോ 32—33 വൃത്തം—രഥോദ്ധത.

രാനരംലഗുരുവും രഥോദ്ധത,

ശ്ലോ 34 ദ്യുമണി=സൂര്യൻ രാത്രി വികസിച്ച് ഹിമജലംകലർന്ന തേൻനിറത്തിലുള്ള പൂക്കളോടുകൂടിയ വണ്ടുകളും സൂര്യകിരണമേററു് വികസിച്ച് സുഗന്ധം പരത്തികൊണ്ടു നിൽക്കുന്ന താമരപ്പൂക്കളെ പ്രാപിക്കുന്നു എന്നു് സഹോക്തി—അലങ്കാരം

ഒന്നോടുകൂടി മറെറാന്നു
ക്രിയചെയ്താൽ സഹോക്തിയാം

രാത്രി വികസിച്ച പൂക്കൾ പ്രഭാതമാകുമ്പോൾ പൊഴിയുന്നു. വണ്ടുകൾ പ്രഭാതസമയത്തു് വികസിച്ച താമരപ്പൂക്കളെ പ്രാപിക്കുന്നു എന്നു് സാരം

രാത്രിവികസിച്ച പൂക്കളിൽ കഴിഞ്ഞുകൂടിയ വണ്ടു് പ്രഭാതമായപ്പോൾ വികസിച്ച താമരപ്പൂക്കളെ പ്രാപിച്ചു എന്നു് ഒന്നു് ഒന്നുവിട്ടു് മറെറാന്നിനെ പ്രാപിച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ പര്യായാലങ്കാരം.

"പര്യായമൊന്നു പലതിൽ
മുറയ്ക്കുപലതൊന്നിലും"

ഇവരിൽ വിടന്നിട്ടുള്ള സുമങ്ങൾ=അജ്ഞതാന്ധകാരത്തിൽ പരിലസിക്കുന്ന കൗരവന്മാർ. അതിനെ ആശ്രയിച്ചിരുന്ന വണ്ടിൻകുലം=ചഞ്ചലസ്വഭാവമായ സത്തു്. ദ്യുമണിയുടെകരത്താൽ ഭിന്നമായ് ഗന്ധമാളും=ഭഗവാൻ പ്രസാദത്താൽ വിജയശ്രീലളിതരായി യശസ്വികളായിത്തീരുന്നു. കമലനിരയിലൊന്നിടുന്നു=താമരപ്പൂ

ക്കാംപോലെ ലോകത്തെ ആനന്ദിപ്പിക്കുന്ന പാണ്ഡവന്മാരിൽ ചെന്നുചേരുന്നു എന്നു്. പ്രസ്തുതമായ പ്രഭാതവർണ്ണനം അപ്രസ്തുതാർത്ഥത്തേകൂടി സ്ഫുരിപ്പിക്കുന്നതിനാൽ സമാസോക്ത്യാലങ്കാരം.

''വിശേഷണത്തിൽ സാമ്യത്താൽ
വർണ്ണ്യപ്രസ്തുതധർമ്മിയിൽ
അവർണ്ണ്യവൃത്താന്തംരോപം
സമാസോക്തിയലംകൃതി ''

വൃത്തം—മാലിനി

നനമയയയുഗമൊട്ടിൽത്തട്ടണം മാലിനിക്കു.

ശ്ലോ 35 അലങ്കാരം—ശ്ലേഷോപമ വൃത്തം—പൃഥ്വി

ശ്ലോ 36 സ്രഗ്ദ്ധരാവൃത്തം

ശ്ലോ 37 വൃത്തം—വസന്തമാലിക

ശ്ലോ 38 ശാർദ്ദൂലവിക്രീഡിതം—വൃത്തം

ശ്ലോ 39 പൃഥ്വീവൃത്തം

ശ്ലോ 40 ശാർദ്ദൂലവിക്രീഡിതം

ശ്ലോ 41-42 വൃത്തം—ഭുജംഗപ്രയാതം

ശ്ലോ 43 സ്രഗ്ദ്ധര

ശ്ലോ 44 സഗർഭ്യൻ=സഹോദരൻ പന്നഗകേതു=നാഗകേതനൻ (ദുര്യോധനൻ) വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 45 അലങ്കാരം സ്വഭാവോക്തി വൃത്തം—സ്രഗ്ദ്ധര

ശ്ലോ 46 സുദതി=സുന്ദരി, വൃത്തം—കുസുമമഞ്ജരി

ശ്ലോ 47 വൃത്തം—സ്രഗ്ദ്ധര

ശ്ലോ 48 വൃത്തം—ഭുജംഗപ്രയാതം

ശ്ലോ 49 ,, —സ്രഗ്ദ്ധര

ശ്ലോ 50 വാസസ്സ്—വസ്ത്രം വൃത്തം—ഭുജംഗപ്രയാതം

ശ്ലോ 51 ഭീമനാംവാതം=കൊടുങ്കാററു് (ഭീമനാകുന്ന കാററു്) രഥകേതനം=തേർക്കൊടി

ശ്ലോ 52 സ്രഗ്ദ്ധര

ശ്ലോ 53 വൃത്തം—വസന്തതിലകം, അലങ്കാരം—അർത്ഥാപത്തി

അർത്ഥാപത്തിയതോപിന്നെ
ചൊല്ലനില്ലെന്നയുക്തിയാം

,, 54 അരിക്ഷ്മാപർ = ശത്രുരാജാക്കന്മാർ സിതനമാലസമാനാതപത്രം = വെൺകൊററക്കുട, മിഹിരൻ = സൂര്യൻ; അടരാടുക = യുദ്ധംചെയ്യുക വൃത്തം—സ്റഗ്ദ്ധര

ശ്ലോ 55 പാൎത്ഥർ = പാണ്ഡവന്മാർ മദ്ഭുജയുഗ്മം = എന്റെ തുടകാം രണ്ടും, ഈവധം = ജയദ്രഥവധം വൃത്തം—ഉപേന്ദ്രവജ്രയ്ക്കു ജതംജഗംഗം

ശ്ലോ 57 വൃത്തം—വസന്തമാലിക

,, 58 ,, —വസന്തതിലകം

,, 59 ,, —വംശസ്ഥം

,, 60 ,, അംബുദപാളി = മേഘനിര കമ്പിപ്പിച്ചു = വിറപ്പിച്ചു ജന്യാബ്ധി = യുദ്ധസമുദ്രം, അലങ്കാരം—രൂപകം വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 61 വൃത്തം—സ്റഗ്ദ്ധര

,, 62 ,, —മാലിനി

''നനമയയുഗമെട്ടിൽത്തട്ടണം മാലിനിക്കു''

,, 63 ഹാർദ്ദിക്യൻ = കൃതവൎമ്മൻ, രിപുസലിലനിധികളുള്ളിലൗർവ്വാഗ്നി = ശത്രുക്കളാകുന്ന സമുദ്രത്തെ ശോഷിപ്പിക്കുന്ന ബഡവാഗ്നി, ബലാദ്ധ്യക്ഷൻ = സൈന്യാധിപൻ, ഭീ = ഭയം വൃത്തം—സ്റഗ്ദ്ധര

അലങ്കാരം കാവ്യലിംഗം ''ഹേതുവാക്യപദാൎത്ഥങ്ങളാവുകിൽ കാവ്യലിംഗമാം

ഭീതിയില്ലാതായിത്തീരുന്നതിനു കാരണമായി ജനകൻ ബലാദ്ധ്യക്ഷനായി നിൽക്കുന്നു, എന്നവസാനിക്കുന്നതിനാൽ കാവ്യലിംഗം

ശ്ലോ 64 പ്രളയകാലത്തുദിക്കുന്ന ദ്വാദശാദിത്യന്മാർ:—

ഇന്ദ്രോധാതാ ഭഗഃ പൂഷാമിത്രോഽഥ വരുണോഽഥവാ

അർചിവ്വിവസ്വാൻസ്വഷ്ടാച സവിതാവിഷ്ണുരേവച

പുഷ്കലം ആവൎത്തകം തുടങ്ങിയ ഏഴുമഹാമേഘങ്ങൾ ആകാശതലത്തെ ആക്രമിച്ചില്ല.

പ്രളയം ലോകത്തെ നശിപ്പിക്കുമ്പോൾ മാത്രമേ ദ്രോണർ നശിക്കുകയുള്ളു. ലോകനാശകമായ പ്രളയമുണ്ടാകാതെ ദ്രോണർ മരിച്ചുവെന്നു് കാരണംകൂടാതെ കാര്യമുണ്ടായി എന്നു പറയുന്നതിനാൽ വിഭാവനാലങ്കാരം.

ലക്ഷണം—കാര്യം കാരണമെന്യേതാൻ വരുന്നതു വിഭാവന. വൃത്തം—സ്റഗ്ദ്ധര

ശ്ലോ 65—വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 66—ശാത്രവൻ = ശത്രു ഭവൻ = ശിവൻ (സംഹാരരുദ്രൻ) വൃത്തം—മാലിനി

ശ്ലോ 67—ധർമ്മാത്മജജന്മം = ധർമ്മപുത്രൻ, ഉച്ചൈഃ = ഉറക്കെ ദ്രോണൻ ബാഷ്പത്തോടൊപ്പം ശസ്ത്രം ഉപേക്ഷിച്ചു. എന്നു പറഞ്ഞിരിക്കുന്നതിനാൽ അലങ്കാരം സഹോക്തി.

''ഒന്നോടുകൂടി മറ്റൊന്നു
ക്രിയചെയ്താൽ സഹോക്തിയാം''

വൃത്തം മന്ദാക്രാന്താ,

മന്ദാക്രാന്താമഭനതതഗം നാലുമാറേഴുമായ്ഗം.

ശ്ലോ. 68 ഞാൻ ജീവിച്ചിരിക്കവേ മരിച്ചുവെന്ന് ആരോ പറഞ്ഞുകേട്ട് അങ്ങ് സ്വന്തം ജീവൻ ഉപേക്ഷിച്ചു എന്നാൽ യഥാർത്ഥമായി അങ്ങു മരിച്ചു എന്നറിഞ്ഞിട്ടും ഞാനിതാ ജീവിച്ചിരിക്കുന്നു.

അസു = പ്രാണൻ വൃത്തം—ഹരിണി

''നസമഹരിണിക്കാറും പത്തും മുറിഞ്ഞുരസംലഗം''

ശ്ലോ. 69 വിഗർഹിക്കുക = നിന്ദിക്കുക പാർഷതീ = പാഞ്ചാലി, കചാകൃഷ്ടി = കേശഗ്രഹണം. പടങ്ങാംവിധം = ചിത്രത്തിൽ, എഴുതപ്പെട്ടവർ എന്നപോലെ

വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ. 70 ഏകകചഗ്രഹം = പാഞ്ചാലിയുടെകേശഗ്രഹണം രണ്ടാമതീമട്ടുഭവിച്ചതു് = ദ്രോണാചാര്യരുടെ വധം നടന്നതു്. പ്രജൗഘം = ജനസമൂഹം.

വൃത്തം—ഇന്ദ്രവജ്ര ''കേളീന്ദ്രവജ്രയ്ക്കുതതംജഗംഗം''

ശ്ലോ. 71 വൃത്തം – വസന്തതിലകം

ശ്ലോ. 72 ജന്യാഗ്രം = യുദ്ധരംഗത്തിന്റെ മുന്നണി. നർമ്മവചസ്സ് = വിനോദഭാഷണം ത്വത്ഭഗിനി = നിന്റെസഹോദരി. വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ. 73 അവിഷഹ്യം = അസഹനീയം

വൃത്തം—മഞ്ജുഭാഷിണി

''സജസം കഴിഞ്ഞു ജഗമഞ്ജുഭാഷിണി

ശ്ലോ. 74 തൽഗൃഹവിനിർമ്മിതി പൊല്പ്പാന്നപിണ്ഡദാനം =വീട്ടിൽവച്ചു ചെയ്യുന്ന പ്രസിദ്ധമായ ശ്രാദ്ധകർമ്മം.

വൃത്തം--വസന്തതിലകം

ശ്ലോ. 75 ശസ്ത്രമേ, നീ അച്ഛന്ന് ശത്രുസംഹാരത്തിന്നുപകരിച്ചെങ്കിലും നിനക്ക് എല്ലായിടത്തും വിജയമുണ്ടായതു് അദ്ദേഹം നിന്നെ വഹിച്ചതുകൊണ്ടാണു്. ആ പിതാവു് പുത്രദുഃഖം കൊണ്ടാണു് നിന്നെ ഉപേക്ഷിച്ചതു്. അല്ലാതെ ഭയംകൊണ്ടല്ല; ഇതാ ഈ ഞാനും നിന്നെ ഉപേക്ഷിക്കുന്നു. നിനക്കു മേലിൽ സുഖമുണ്ടാകും.

വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 76 ദ്രുപദരജസ്സൂനു=ധൃഷ്ടദ്യുമ്നൻ അത്രപം=ലജ്ജയില്ലാതെ വൃത്തം—കുസുമമഞ്ജരി

ശ്ലോ 77 —വസന്തതിലകം

" 78 ദ്രവിണം=ധനം: വൃത്തം സ്റഗ്ദ്ധര

" 79 പാഞ്ചാലപുത്രൻ=ധൃഷ്ടദ്യുമ്നൻ. അത്രസ്തൻ=ഭയരഹിതൻ ചാപഭൃത്തു്=വില്ലുധരിച്ചവൻ

" —സ്റഗ്ദ്ധര

ശ്ലോ 80 ചെയ്തോരും=ചെയ്ത ആളുകൾ

വൃത്തം—സ്റഗ്ദ്ധര

ശ്ലോ 81 കഠാരമാന്മുനി=പരശുരാമൻ, ശോണിതപ്രാതാസാരം=രക്തമഴ

പരശുരാമന്റെ പിതാവായ ജമദഗ്നിയെ നിഗ്രഹിച്ച കാർത്തവീര്യാർജ്ജുനന്റെ വംശച്ഛേദം വരുത്തിയ പരശുരാമന്റെ കൃത്യം നിങ്ങൾ ഓർക്കുന്നില്ലേ

വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 82 വൃത്തം— മാലിനി

നാലേഴായ്മം ശാലിനീതം തഗംഗം

ശ്ലോ 83 സ്വജനവധവിഷാദം—ബന്ധുവധം കൊണ്ടുണ്ടായ ദുഃഖം (ദുഃഖസംഗരം) അസ്ത്രവത്താം ഭുജതരി=ആയുധത്തോടുകൂടിയ ബാഹുവാകുന്നവള്ളം. ധൃതിമാൻ=ധീരൻ. ഉദ്യദ്രുജയെഴും, വർദ്ധിച്ചുവരുന്ന ദുഃഖത്തോടുകൂടിയ

വൃത്തം—പുഷ്പിതാഗ്ര

നനരയവിഷമത്തിലും; സമത്തിൽ

പുനരിഹനനം ജജരംഗപുഷ്പികതോഗ്ര
അലങ്കാരം — രൂപകം

ശ്ലോ 84 സിന്ധുഭൂക്ഷിത്ത്=സിന്ധുരാജാവ് (ജയദ്രഥൻ)
കിരീടി = അൎജ്ജുനൻ വൃത്തം—വസന്തതിലകം

ശ്ലോ 85—86 മന്ദാക്രാന്താ—വൃത്തം

ശ്ലോ 87 വൃത്തം—ഇന്ദ്രവജ്ര

ശ്ലോ 88 വൃത്തം—സ്റഗ്ദ്ധര

,, 89— പരശുരാമൻ ജളന്മാരായ ശത്രുരാജാക്കന്മാരുടെ രക്തംകൊണ്ടു് കയമുണ്ടാക്കിയ ഈ സ്ഥലത്തു വച്ചുതന്നെയാണു്. ക്ഷത്രിയരാജാക്കന്മാരിൽനിന്നും എൻെറ പിതാവിനും മരണമുണ്ടായതു്. അതുപോലെ മൂർച്ഛയേറിയ എൻെറ ശസ്ത്രം ഇവിടെ പരശുരാമകൃത്യം അനുഷ്ഠിക്കുകതന്നെചെയ്യും (പരശുരാമൻ ക്ഷത്രിയനിഗ്രഹം നടത്തിയ സ്ഥലം കുരുക്ഷേത്രമാണു്) വൃത്തം— പൃഥ്വി.

ശ്ലോ 90—സോമകൻ = ധൃഷ്ടദ്യുമ്നൻ;പൃഥാസൂനുക്കൾ=പാണ്ഡവന്മാർ സമരോദ്യോഗം = യുദ്ധശ്രമം. ബലി = ബലവാൻ. ഗോത്രാധീശൻ=രാജാവു്.

സ്തുതിപാഠകന്മാരുടെ സ്തുതിവചനംകേട്ടു് ഉണരത്തക്കവണ്ണം ഇന്നുരാത്രി സുഖമായി ഉറങ്ങണം (യുദ്ധചിന്തകൊണ്ടു് കുറേകാലമായി ഉറക്കമില്ലാതെ കഴിയുകയാണു്). ഭൂമി രാജാക്കന്മാരാകുന്ന കാടിൻെറ ഭാരം ഒഴിഞ്ഞതായിത്തീരട്ടെ. വൃത്തം—ശാർദ്ദൂലവിക്രീഡിതം.

,, 91—ഗുരു ശപിച്ചുള്ള നിൻേറതുപോലല്ല = കർണ്ണൻ വിദഗ്ദ്ധയോദ്ധാവാണെങ്കിലും ഗുരുശാപംകൊണ്ടു് വേണ്ടസമയത്തു് വേണ്ടതു തോന്നുകയില്ല എന്നു അധിക്ഷേപം.

കർണ്ണൻെറ ശാപം.

---

മുമ്പു് അംബയുടെ പ്രാർത്ഥനയനുസരിച്ചു് പരശുരാമൻ ശിഷ്യനായ ഭീഷ്മനോടെതിരിട്ടു്പരാജിതനായി. അന്നദ്ദേഹം ശപഥം ചെയ്തു:—ഇനിമേൽ ക്ഷത്രിയനു വിദ്യോപദേശം ചെയ്യില്ലെന്നു്. കർണ്ണനാകട്ടെ ബ്രഹ്മചാരിയായി ആയുധാഭ്യാസം ചെയ്യുന്നതിനു് പരശുരാമനെ പ്രാപിച്ചു കർണ്ണൻ ഇങ്ങനെ വിദ്യാഭ്യാസം പൂർത്തിയാക്കുക

യാണെങ്കിൽ ദുർജ്ജയയായിത്തീരുമെന്നും അതു് തന്റെ പുത്രനായ അർജ്ജുനനു ദോഷമായി പരിണമിക്കുമെന്നും കരുതി ദേവേന്ദ്രൻ ഒരു വണ്ടായിത്തീന്നു. ശിഷ്യന്റെ മടിയിൽ തലയും വച്ചു് പരശുരാമൻ സുഖമായുറങ്ങുമ്പോൾ ഈ വണ്ടു് വന്നു് കർണ്ണന്റെ തുടയെ തുളച്ചു രക്തംപ്രവഹിപ്പിച്ചു. താൻ അനങ്ങിയാൽ ഗുരുവിന്റെ ഗാഢനിദ്രയ്ക്കു ഭംഗംവരുമെന്നു കരുതി കർണ്ണൻ ആ തീവ്രവേദനസഹിച്ചു കൊണ്ടു അനങ്ങാതെയിരുന്നു. ഉറക്കത്തിൽനിന്നും ഉണന്ന പരശുരാമൻ യാഥാത്ഥ്യം മനസ്സിലാക്കി തന്നെ കബളിപ്പിച്ചതിൽ കുപിതനായി പ്രയോഗാവസരത്തിൽ നിനക്കൊന്നും തോന്നാതെ പോകട്ടെ എന്നു ശപിച്ചു.

വൃത്തം — സ്രഗ്ദ്ധര

ശ്ലോ 92 ,, —വസന്തതിലകം

,, 94 ,, —ശാർദ്ദൂലവിക്രീഡിതം.

,, 95 ,, —പൃഥ്വീ.

,, 96 ,, — ബ്രഹ്മബന്ധു = ബ്രാഹ്മണാചാരവിഹീനനും സദ്വൃത്തരായ ബ്രാഹ്മണരെ തന്റെ ബന്ധുക്കളാണെന്നു പറഞ്ഞുനടക്കുന്നവനും (അധിക്ഷേപം) വൃത്തം = ശിഖരിണി

,, 97 നിന്റെ ജാതിയെ വിചാരിക്കുമ്പോൾ നീ വദ്ധ്യനല്ല ''ബ്രാഹ്മണോ നഹന്തവ്യഃ'' എന്നു ശ്രുതി. വൃത്തം —രഥോദ്ധത.

,, 99 ,,—വസന്തതിലകം

,, 100 ,,—മാലിനി.

,, 101 ഭൂപൻ = രാജാവു് [ദുര്യോധനൻ] സഖബലം = സ്നേഹിതനായ കർണ്ണന്റെ ശക്തി. വൃത്തം — മന്ദാക്രന്ത.

,, 112 വസന്തതിലകം

,, 113 ശാർദ്ദൂലവിക്രീഡിതം.

,, 114 ഇന്ദ്രവജ്റ

,, 115 ഉപേന്ദ്രവജ്റ

,, 116 ധാർത്തരാഷ്ട്രശിതാവു് = കൗരവരാജാവു് (ദുര്യോധനൻ) ദംഭം = അഹങ്കാരം. വൃത്തം—സ്റഗ്ദ്ധര.

,, 117 സിന്ധുക്ഷിതീന്ദ്രൻ സിന്ധുരാജാവു് (ജയദ്രഥൻ
വൃത്തം—സ്ഗ്ദ്ധര.

,, 118 അലങ്കാരം—ഉപമ വൃത്തം—ഹരിണി
നസമഹരിണിക്കാറും പത്തും രസംലഗം.

,, 119 ധൃതിമാൻ = ധൈര്യവാൻ. വൃത്തം—മഞ്ജു ഭാഷിണി.

,, 110 വൃത്തം—കുസുമഞ്ജരി.

,, 111 ജ്യേഷ്ഠപ്പേരും വെറുതേപൂണ്ടു = ജ്യേഷ്ഠനാണെന്നുള്ള പേരും വെറുതെ വഹിച്ചുകൊണ്ടു് വൃത്തം—മന്ദാക്രാന്തം

'' 112 വൃത്തം—വന്തതിലകം

'' 113 ശാർദ്ദൂലവിക്രീഡിതം

'' 114 മതിയൊളിരുപിപൂണ്ടു = ചന്ദ്രികയുടെ കാന്തിയോടുകൂടി വൃത്തം—പുഷ്പിതാഗ്ര

'' 115 വൃത്തം വസന്തതിലകം

'' 116 ,, ശാർദ്ദൂലവിക്രീഡിതം

'' 118 ,, സ്ഗ്ദ്ധര

'' 119 ,, വസന്തതിലകം

'' 120 ,, മന്ദാക്രാന്ത

'' 121 ,, —കങ്കം = ചവണ

കവചം അഴിച്ചു് ശരീരത്തിൽ തറച്ചിരിക്കുന്ന ബാണങ്ങളെ ചവണകൊണ്ടു് ഊരിക്കളഞ്ഞു്, വലിയ മുറിവുകളോടുകൂടി ചെവിയിൽ കയ്യുംവച്ചു്, പരാജിതരായ ശത്രുരാജാക്കന്മാരെ സാന്ത്വനപ്പെടുത്തിക്കൊണ്ടു നിൽക്കുമ്പോഴം ഉണ്ടാകുന്ന വേദന സഹിക്കത്തക്കതാണു് എന്നു് ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ.

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

,, 122 ,,—മാലിനി

,, 123 ,,—മന്ദാക്രാന്തം

അലങ്കാരം—വിഷമം.

വിഷമം ചേർച്ചയില്ലാത്ത
രണ്ടിനെച്ചേർത്തുചൊല്ലുകിൽ.

,, 124 ഉപേന്ദ്രവജ്ര

,, 125 അലങ്കാരം — കാവ്യലിംഗം
'' ഹേതുവാക്യപദാർത്ഥങ്ങ-
ളാവുകിൽ കാവ്യലിംഗമാം

വൃത്തം—സ്റഗ്ദ്ധര.

,, 128 അലങ്കാരം—ഉപമ. വൃത്തം—സ്റഗ്ദ്ധര.

,, 129 വീരൻ ഞാനൊരുവൻ തവാത്മജവിപദ്ദാതാവ് = അമ്മയുടെ അനേകം പുത്രന്മാരെ നശിപ്പിച്ച വീരനാണ് ഞാനൊരുത്തൻ. ശത്രുക്കരം (കേവലം അഞ്ചുപേർ) എനിക്കു നിസ്സാരരാണ്. അടുത്തതായി മൂലഗ്രന്ഥത്തിൽ ''സാഹ്യം കേവലം ഏതു ദൈവം''(ദൈവംമാത്രം സഹായിക്കട്ടേ.) എന്ന ഭാഗത്തെ ഇവിടെ '' ലഘുദൈവമെന്തിനു് എന്നാണു് ഭാഷാന്തരപ്പെട്ടത്തിയിരിക്കുന്നതു്. അസ്പഷ്ടാർത്ഥമായി തോന്നുന്നു.

ഞാൻ വീരനാണ്. ശത്രുക്കരം നിസ്സാരരാണ്. ഭൂമി പാണ്ഡവരഹിതമായിത്തീരും എന്നു് ഗുണക്രിയകളെ ഒന്നിച്ചു പറഞ്ഞിരിക്കുന്നതിനാൽ സമുച്ചയം അലങ്കാരം ലക്ഷണം;

ഗുണക്രിയകളൊന്നിച്ചാൽ
സമുച്ചയമലംകൃതി.

വൃത്തം—ശാർദ്ദൂലവിക്രീഡിതം

ശ്ലോ 130 മദ്രാധിപൻ = ശല്യർ വൃത്തം = പൃഥ്വി

ശല്യരുടെ വരവിനെ അതുപോലെ വർണ്ണിച്ചിരിക്കുന്നതിനാൽ അലങ്കാരം—സ്വഭാവോക്തി.

സൂക്ഷ്മസ്വഭാവം വർണ്ണിച്ചാൽ
സ്വഭാവോക്തിയതായതു്.

131 ശൂന്യമായിത്തീർന്ന അഭിലാഷം എന്നപോലെ ശൂന്യമായിത്തീന്ന കർണ്ണന്റെ രഥത്തിൽ കയറി തനിയേ തിരിച്ചുവന്ന ശല്യർ (കർണ്ണന്റെ തേരാളി) ജനഹൃദയത്തിലും ശല്യമുളവാക്കി.

വൃത്തം—ഉപേന്ദ്രവജ്ര

,, 132 രാധേയൻ—കർണ്ണൻ.

വൃത്തം—ശാലിനി.

,, 133 വൃത്തം—മന്ദാക്രാന്ത.

,, 134 വൃത്തം—മഞ്ജുഭാഷിണി. അലങ്കാരംരൂപകം
,, 135 കർണ്ണൻ മരിച്ചാൽ എനിക്കു മോഹാലസ്യമുണ്ടാകുന്നതുതന്നെ (ഞാനും മരിക്കാതിരിക്കുന്നതു്) ലജ്ജാകരമാണെന്നു് വിചാരിക്കുന്ന ഞാൻ സമാശ്വസിക്കണമെന്നുപറയുന്നതു് ഒരിക്കലും ശരിയല്ല.

മോഹാലസ്യം പ്രാപിക്കുന്നതുതന്നെ ലജ്ജാകരമായിക്കരുതുന്ന ഞാൻ സമാശ്വസിക്കുന്നതിൽ എന്തുണ്ടാകും എന്നു പറയുന്നതുകൊണ്ടു അർത്ഥാപത്തി അലങ്കാരം.

അർത്ഥാപത്തിയതോ പിന്നെ
ച്ചൊല്ലാനില്ലെന്നയുക്തിയാം.

വൃത്തം—പുഷ്പിതാഗ്ര,

നനരയവിഷമത്തിലും, സമത്തിൽ
പുനരിഹനം ജജരംഗം പുഷ്പിതാഗ്ര,

,, 136 വൃത്തം—സ്റഗ്ദ്ധര
,, —വസന്തതിലകം
,, 139 —കണ്ണമുഖേന്ദു; ശോകവാരിധി എന്നു് രൂപകം ചന്ദ്രോദയത്തിൽ ഇളകുന്ന സമുദ്രത്തെ ബഡവാഗ്നി തട്ടുക്കുന്നതുപോലെ കണ്ണവധശ്രവണത്താൽ ഉണ്ടായ എൻേറ ദുഃഖത്തെ എൻെറ കോപം തട്ടുത്തുകളയുന്നു. എന്നു് ഉപമാലങ്കാരം.
,, 140 രൂപകാലങ്കാരം
,, 141 അനികൃതി = നിഷ്കപടത, വൃത്തം-മന്ദാക്രാന്ത
,, 142 വൃത്തം—കുസുമഞ്ജരി
,, 144 വൃത്തം—രഥോദ്ധത
,, 145 വസന്തമാലിക, കണ്ണമാഥി = കണ്ണനെ നിഗ്രഹിച്ചവൻ
,, 148 വൃത്തം—ശാർദ്ദൂലവിക്രീഡിതം
,, 147 —വസന്തതിലകം
,, 148 ഉപേന്ദ്രവജ്ര
,, 149-150—ശാർദ്ദൂലവിക്രീഡിതം
,, 151 വൃത്തം—ഇന്ദ്രവജ്ര
,, 152 ശാർദ്ദൂലവിക്രീഡിതം

,, 153 അനുജതാംഗം = അനുജന്റെ ശരീരം, കുരുകുല സരഃകഃഭി = കൗരവവംശമാകുന്ന സരസ്സിനു് ആനയായിട്ടുള്ളവൻ. വൃത്തം മന്ദാക്രാന്ത

,, 154 വൃത്തം—സ്വാഗതം സ്വാഗതസ്സുരനഭം ഗുരുരണ്ടും

,, 155-156 വൃത്തം സ്റഗ്ദ്ധര

,, 157 ദ്രൗണി = ദ്രോണപുത്രൻ (അശ്വത്ഥാമാവു്)

,, 158 വൃത്തം—മാലിനി

,, 159 വൃത്തം—വസന്തമാലിക

,, 160 വൃത്തം സ്റഗ്ദ്ധര

,, 161 സഗർഭ്യർ = സഹോദരൻ ഉത്താപം = ഉദ്ഗതമായ ദുഃഖം, വർദ്ധിച്ചുവരുന്ന ദുഃഖം

,, 162 വൃത്തം—ശാർദ്ദൂലവിക്രീഡിതം

,, 163 രൂപകാലങ്കാരം, വൃത്തം—സ്റഗ്ദ്ധര

,, 164 തരുവല്ലരീപഥവി = വൃക്ഷലതകളുള്ള കുററിക്കാടു് വൃത്തം—കുസുമമഞ്ജരി

,, 165 ജന്തുസന്ത്രാസം = ജന്തുക്കളുടെ ഭയം ഉർവീവരനുടെ പദചിഹ്നം = രാജലക്ഷണമായ ശംഖം ചക്രം മുതലായ അടയാളങ്ങളുള്ള ചുവട്ടടി.

ചിലപ്പോൾ നമ്മുടെ ശത്രു വേഷം മാറി ഉറങ്ങുന്നവനായും, രോഗിയായും, ഭ്രാന്തനായും അഭിനയിക്കും. അങ്ങനെ കാണുന്നവനേയും പ്രത്യേകം ശ്രദ്ധിക്കണം. ജന്തുക്കൾ ഭയചകിതരായിക്കാണുമെന്നെങ്കിൽ അപരിചിതരുടെ പ്രവേശം ഊഹിക്കാം. വൃത്തം—മാലിനി

,, 166 വിക്രമിയായ വൃകോദരന്റെ വീര്യത്തെപ്പററി അറിവുള്ളപ്പോൾ യാതൊരു വിധമായ ആശങ്കയ്ക്കു അവകാശമില്ലെങ്കിലും മനസ്സു് ആശങ്കിക്കുന്നു എന്നു് കാരണമില്ലാതെതന്നെ കാര്യം ഉണ്ടായി എന്നു പറയുന്നതിനാൽ അലങ്കാരം വിഭാവന.

കാര്യം കാരണമെന്യേതാൻ
വരുന്നതു വിഭാവന. വൃത്തം—വസന്തതിലകം

,, 167 വൃത്തം—പൃഥ്വി

,, 168 അത്രപം = ലജ്ജയില്ലാതെ കുചമതല്ലി = ശ്രേ

ഷ്ടമായ തലമുടി. വൃത്തം—രഥോദ്ധതഃ "രംനര നഗ്ഗുരുവ്വം രഥോദ്ധത"

,, 169-170 വൃത്തം—സ്രഗ്ദ്ധര

,, 171 ബാഹുമന്ഥം = കയ്യാകുന്ന മന്ഥരപർവ്വതം അലങ്കാരം—ഉപമ വൃത്തം—പുഷ്പിതാഗ്ര

,, 172 വൃത്തം—സ്വാഗത

,, 173 വൃത്തം—വംശസ്ഥം

,, 174 ദ്വാരികൻ = ദ്വാരപാലകൻ.

"തൻകൈകൊണ്ടു....രാമനും" എന്നു് പൂർവ്വകഥയെ സൂചിപ്പിച്ചിരിക്കുന്നതിനാൽ (പരശുരാമകഥ) അലങ്കാരം ഉദാത്ത് "പുരാവൃത്തപരാമർശം
ഉദാത്തം ശ്രീ സമൃദ്ധിയാം."

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

ശ്ലോ 175 സീരി = ബലഭദ്രൻ. ഭവ്യം = മംഗളം സർപദ്ധ്വജൻ = ദുഃര്യോധനൻ. വൃത്തം—സ്രഗ്ദ്ധര

ശ്ലോ 176 വൃത്തം—സ്വാഗതം

,, 178 ആജി = യുദ്ധം. വൃത്തം = സ്രഗ്ദ്ധര.

,, 179 മാതാംഗയുത വീര്യം = പതിനായിരം ആനകളുടേ ബലം സുഹൃത്വ്രാത് = സ്നേഹിതസമൂഹം വൃത്തം—ശാർദ്ദൂലവിക്രീഡിതം

,, 180 വൃത്തം—കുസുമമഞ്ജരി

,, 181 ,, —സ്രഗ്ദ്ധര.

,, 182 ,, —ശാർദ്ദൂലവിക്രീഡിതം,

,, 183 ,, —വസന്തതിലകം

,, 184 ,, —പൃഥ്വി

,, 185 ,, —ശിഖരിണി

,, 186 പ്രായംകൊണ്ടു് തന്നെക്കാൾ ചെറുപ്പവും, ശസ്ത്രാഭ്യാസം കൊണ്ടു് എനിക്കുള്ള തുല്യനും, ബുദ്ധി,കൃപ തുടങ്ങിയ ഗുണങ്ങളാൽ എനിക്കു ജ്യേഷ്ഠനും, ജ്ഞാനംകൊണ്ടു് എൻെറ ഗുരുവുമായ നിന്നോടു് ഞാൻ തലയിൽ കൈവച്ചുകൊണ്ടു അപേക്ഷിക്കുന്നു; എന്നാൽ സ്നേഹത്തോ

ട്ടക്കൂടി പിതൃക്കാംക്ക ബലി അർപ്പിച്ചുകൊണ്ടു നീ കഴിഞ്ഞു കൂടണം നീയും എന്നോടൊത്തു ജീവത്യാഗം ചെയ്താൽ ശ്രാദ്ധം നടത്താനാളില്ലാതെ വംശനാശത്തിനിടയാകും.

വൃത്തം — ശാർദ്ദൂലവിക്രീഡിതം.

,, 188 പടന്നശാഖകൾ തിങ്ങിവളന്നിട്ടുള്ളതും, നല്ലവണ്ണം വേരുറച്ചുനിന്നതുമായ വൃക്ഷം കാട്ടുതീയാൽ ഭസ്മമായി. ആ വൃക്ഷം വീണ്ടും മുളച്ച് വളന്നു അതിന്റെ തണലിൽ ജീവിക്കാമെന്ന് ഇവർ ആശിക്കുന്നു. എന്ന അപ്രസ്തുതം കൊണ്ട് നശിച്ചു കഴിഞ്ഞ ശക്തമായ പാണ്ഡവവംശത്തെ ഗർഭസ്ഥനായ അഭിമന്യു പുത്രൻ നിവാപാംബു നൽകി നിലനിത്തും എന്ന പ്രസ്തുതത്തേ സൂചിപ്പിക്കുന്നതിനാൽ അലങ്കാരം—

അപ്രസ്തുത പ്രശംസ ലക്ഷണം: —

അപ്രസ്തുത പ്രശംസാഖ്യം

അപ്രസ്തുത മുരസ്തുതാൻ

വൃത്തം — മാലിനി ,, 189 ,, — സ്റഗ്ദ്ധര

,, 190 താലാങ്കൻ = ബലഭദ്രൻ. തവാത്മസഖൻ = നിന്റെ (അജ്ജുനന്റെ) ആത്മസുഹൃത്ത്, വൃത്തം — ശാർദ്ദൂലവിക്രീഡിതം.

,, 102 ,, — വസന്തതിലകം.

,, 193 ,, — സ്റഗ്ദ്ധര

,, 194 ,, — വസന്തതിലകം.

,, 196 ,, — മാലിനി

,, 199 മൃതമാതംഗാപാർശ്വം = മരിച്ച ആനകളുടെയും കുതിരകളുടെയും വശം വൃത്തം — ശർദ്ദൂലവിക്രീഡിതം

,, 200 ,, മാലിനി

,, 201 ,, ശാർദ്ദൂലവിക്രീഡിതം

,, 203 ,, സ്റഗ്ദ്ധര.

,, 204 ,, — കുസുമമഞ്ജരി

,, 205 ഈശ്വരനെ ചിന്തിച്ചുകൊണ്ടിരിക്കുന്ന നിനക്കു പോലുമാപത്തുണ്ടാകുകയില്ല. പ്രത്യക്ഷദർശനമുണ്ടായാലുള്ള അവസ്ഥ എന്തായിരിക്കും. അലങ്കാരം—അർത്ഥപത്തി. വൃത്തം—ഭുജംഗപ്രയാതം

,, 206-07 ,, — ശാർദ്ദൂലവിക്രീഡിതം.

,, 208 ,, സ്രഗ്ദ്ധര.

R. M. PRESS, TVM.